# ആമുഖം

ഈ മാന്വൽ താങ്കളുടെ വാഹനത്തിന്റെ പ്രധാനമായ ഭാഗമാണ്. വാഹനം വിൽക്കുകയോ മറ്റൊരു ഉടമസ്ഥന് അല്ലെങ്കിൽ ഡ്രൈവർക്ക് മറ്റേതെങ്കിലും വിധത്തിൽ കൈമാറുകയോ ചെയ്യുമ്പോൾ ഇത് വാഹനത്തിൽ തന്നെ ഉണ്ടായിരിക്കണം. താങ്കളുടെ മാരുതി സുസുക്കി ഉപയോഗിച്ചു തുടങ്ങും മുൻപ് ഈ മാനുവൽ ശ്രദ്ധാപൂർവ്വം വായിക്കുക. പിന്നീട് സമയാസമയങ്ങളിൽ പുനരവലോകനം ചെയ്യുക. ഇതിൽ സുരക്ഷാ, പ്രവർത്തന രീതി, മെയിന്റനൻസ് എന്നിവയെ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ അടങ്ങിയിരിക്കുന്നു. ഈ മാന്വലിൽ സൂചിപ്പിച്ച പ്രകാരമുള്ള നാല് സൌജന്യ പരിശോധനാ സർവീസ് പ്രയോജനപ്പെടുത്താൻ താങ്കളെ ക്ഷണിക്കുന്നു. സൌജന്യ പരിശോധനാ കൂപ്പണുകൾ ഈ മാന്വലിനോടൊപ്പം ചേർത്തിട്ടുണ്ട്. താങ്കളുടെ മാരുതി സുസുക്കി സർവീസിനു കൊണ്ടുപോകുമ്പോൾ ദയവായി ഈ മാന്വൽ ഡീലറെ കാണിക്കുക.

താങ്കളുടെ വാഹനത്തിന്റെ ആയുസ്സ് വർദ്ധിപ്പിക്കാനും മെയിന്റനൻസ് ചെലവ് കുറയ്ക്കാനും ഈ മാന്വലിലെ “പരിശോധനയും മെയിന്റനൻസും” എന്ന സെക്ഷനിൽ ഉള്ള “സമയാനുസൃത മെയിന്റനൻസ് പട്ടിക” അനുസരിച്ച് സമയാനുസൃത മെയിന്റനൻസ് പ്രവൃത്തികൾ നടത്തുക. പ്രശ്നങ്ങൾ, ആക്സിഡെന്റ് എന്നിവ ഉണ്ടാകാതിരിക്കാൻ താങ്കളുടെ സംതൃപ്തിയും സുരക്ഷയും ഉറപ്പാക്കേണ്ടത് പ്രധാനമാണ്.

വാഹനത്തിന്റെ ആയുസ്സ് വർദ്ധിപ്പിക്കാനും ഡ്രൈവിംഗ് സുരക്ഷിതമാക്കാനും ഈ മാന്വലിലെ “പരിശോധനയും മെയിന്റനൻസും” എന്ന സെക്ഷനിൽ പറയുന്ന “ദൈനംദിന പരിശോധനാ ചെക്ക് ലിസ്റ്റ്” പ്രകാരം ദിവസവും പരിശോധനയും പരിപാലനവും ചെയ്യുന്നത് സർവ്വ പ്രധാനമാണ്.

ഈ ഭൂമിയിലെ പ്രകൃതി വിഭവങ്ങൾ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് മാരുതി സുസുക്കി ഇന്ത്യാ ലിമിറ്റഡ് കരുതുന്നു.

ആ ലക്ഷ്യം നേടാനായി, ഉപയോഗിച്ച എഞ്ചിൻ ഓയിൽ, കൂളന്റ്, മറ്റു ഫ്ലൂയിഡുകൾ, ബാറ്ററികൾ, ടയറുകൾ മുതലായവ റീ സൈക്കിൾ ചെയ്യുക, ട്രേഡ് ഇൻ ചെയ്യുക അല്ലെങ്കിൽ ഉചിതമായ രീതിയിൽ നശിപ്പിച്ച് കളയാൻ വാഹന ഉടമകളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

**മാരുതി സുസുക്കി ഇന്ത്യാ ലിമിറ്റഡ്**

**ഈ മാന്വലിൽ ഉള്ള വിവരങ്ങൾ ഇത് പ്രസിദ്ധീകരിക്കുന്ന സമയത്ത് ഉൽപന്നത്തെ സംബന്ധിച്ച് ലഭ്യമായ ഏറ്റവും പുതിയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. പരിഷ്കരണങ്ങളോ മറ്റു മാറ്റങ്ങളോ കാരണമായി ഈ മാന്വലിൽ കൊടുക്കുന്ന വിവരങ്ങളും താങ്കളുടെ വാഹനവും തമ്മിൽ വ്യത്യാസം ഉണ്ടായേക്കാം. അറിയിപ്പില്ലാതെയും, സമാനമായ മാറ്റങ്ങൾ മുൻപ് നിർമ്മിക്കുകയോ വിൽപന നടത്തുകയോ ചെയ്ത വാഹനങ്ങളിൽ ചെയ്തു കൊടുക്കാമെന്ന യാതൊരു ബാദ്ധ്യതയും ഇല്ലാതെയും ഉൽപന്നങ്ങളിൽ ആവശ്യമായ മാറ്റം വരുത്താനുള്ള അവകാശം മാരുതി സുസുക്കി ഇന്ത്യാ ലിമിറ്റഡിൽ നിക്ഷിപ്തമാണ്.**

**ഈ വാഹനം മറ്റു രാജ്യങ്ങളിലെ ഗുണ നിലവാര മാനദണ്ഡങ്ങളോ ചട്ടങ്ങളോ പാലിക്കുന്നവ ആകണമെന്നില്ല. മറ്റേതെങ്കിലും രാജ്യത്ത് ഈ വാഹനം രജിസ്റ്റർ ചെയ്യാൻ ശ്രമിക്കും മുൻപ് ബാധകമായ എല്ലാ നിയമങ്ങളും പരിശോധിച്ച് ആവശ്യമായ നവീകരണങ്ങൾ വരുത്തുക.**

77PH0-74E

## സുപ്രധാനം

**⚠ അപായ സൂചന / ⚠ മുന്നറിയിപ്പ് /** ***അറിയിപ്പ് / കുറിപ്പ്***

ദയവായി ഈ മാനുവൽ വായിച്ച് അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പിന്തുടരുക. സവിശേഷമായ വിവരങ്ങൾക്ക് ഊന്നൽ നൽകാനായി ⚠ ചിഹ്നവും, പ്രത്യേക അർത്ഥം ഉള്ള **അപായ സൂചന**, **മുന്നറിയിപ്പ്**, ***അറിയിപ്പ്***, *കുറിപ്പ് എന്നീ*വാക്കുകളും ഉപയോഗിക്കുന്നു. ഈ സൂചനാ പദങ്ങൾ സഹിതം എടുത്തു കാണിക്കുന്ന സന്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:

**⚠ അപായ സൂചന**

**മരണമോ ഗുരുതരമായ പരിക്കോ ഉണ്ടാകാൻ കാരണമായേക്കാവുന്ന അപായ സാദ്ധ്യതകളെ സൂചിപ്പിക്കുന്നു.**

**⚠ മുന്നറിയിപ്പ്**

**ലഘുവായ അല്ലെങ്കിൽ ഇടത്തരമായ പരിക്കുകൾ ഉണ്ടാകാൻ കാരണമായേക്കാവുന്ന അപായ സാദ്ധ്യതകളെ സൂചിപ്പിക്കുന്നു.**

***അറിയിപ്പ്***

**വാഹനത്തിന് കേടുപാടുകൾ ഉണ്ടാകാൻ കാരണമായേക്കാവുന്ന അപായ സാദ്ധ്യതകളെ സൂചിപ്പിക്കുന്നു.**

*കുറിപ്പ്:*

*മെയിന്റനൻസ് എളുപ്പമാക്കാനും നിർദ്ദേശങ്ങൾ കൂടുതൽ വ്യക്തമാക്കാനും വേണ്ടിയുള്ള പ്രത്യേക വിവരങ്ങളെ സൂചിപ്പിക്കുന്നു.*



75F135

**നടുവിൽ ഒരു സ്ലാഷ് ഉള്ള വൃത്തം കണ്ടാൽ "ഇത് ചെയ്യരുത്" അല്ലെങ്കിൽ "ഇത് സംഭവിക്കാൻ അനുവദിക്കരുത്" എന്നാണ് അർത്ഥം.**

## ഭേദഗതി അപായ സൂചന

**⚠ അപായ സൂചന**

**താങ്കളുടെ വാഹനം ഭേദഗതി ചെയ്യരുത്. ഭേദഗതി ചെയ്യുന്നത് സുരക്ഷ, കൈകാര്യം ചെയ്യൽ, പ്രകടനം, അല്ലെങ്കിൽ ഈടു നിൽപ്പ് എന്നിവയെ ദോഷകരമായി ബാധി ചെക്കാം. അവ ഗവർമെന്റ് നിബന്ധകളുടെ ലംഘന വും മാകാം. കൂടാതെ, ഭേദഗതി ചെയ്യുന്നത് മൂലം ഉണ്ടാവുന്ന കേടുപാടുകൾ, പ്രവർത്തന പ്രശ്നങ്ങൾ എന്നിവക്ക് വാറണ്ടി ബാധകമാവില്ലെന്ന് വരാം.**

***അറിയിപ്പ്***

**സെല്ലുലാർ ഫോൺ അല്ലെങ്കിൽ സിബി (സിറ്റിസൺ ബാൻഡ്) തുടങ്ങിയ മൊബൈൽ അആശായ വിനിമയ ഉപകരണങ്ങൾ തെറ്റായ രീതിയിൽ ഘടിപ്പിച്ചാൽ വാഹനത്തിന്റെ ഇഗ്നീഷൻ സിസ്റ്റത്തിൽ ഇലക്ട്രോണിക് ഇന്റർഫറൻസ് ഉണ്ടാകാനും വാഹനത്തിൽ പ്രവർത്തന പ്രശ്നങ്ങൾ വരാനും കാരണമാകാം. മൊബൈൽ കമ്യൂണിക്കേഷൻ ഉപകരണങ്ങൾ ഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾക്ക് മാരുതി സുസുക്കി ഇന്ത്യാ ലിമിറ്റഡ് അംഗീകൃത ഡീലറെ സമീപിക്കുക.**

***അറിയിപ്പ്***

**മാരുതി സുസുക്കി നിർദ്ദേശിച്ചിട്ടില്ലാത്ത ഗുണ നിലവാരം കുറഞ്ഞ ഇന്ധനം അല്ലെങ്കിൽ/ കൂടാതെ ല്യൂബ്രിക്കന്റ് ഉപയോഗിച്ചാൽ ഗുരുതരമായ കേടുപാടുകൾ ഉണ്ടായേക്കാം.**

# വാറണ്ടി നയം

മാരുതി സുസുക്കി ഇൻഡ്യയിൽ വിതരണം ചെയ്യുന്നതും ഒരു അംഗീകൃത മാരുതി സുസുക്കി ഡീലർ വിൽപന നടത്തുന്നതും ആയ ഓരോ പുതിയ മാരുതി സുസുക്കി വാഹനവും, സാധാരണ ഉപയോഗ, സർവീസ് സാഹചര്യങ്ങളിൽ നിർമ്മാണ വസ്തുക്കളിലോ, നിർമ്മാണ സമയത്തെ ജോലി വൈദഗ്ദ്ധ്യത്തിലോ യാതൊരു ന്യൂനതകളും ഇല്ലാത്തതായിരിക്കും എന്ന് മാരുതി സുസുക്കി ഇന്ത്യാ ലിമിറ്റഡ് (മേലിൽ "മാരുതി സുസുക്കി" എന്ന് പറയപ്പെടും) താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി വാറണ്ടി നൽകുന്നു:

### (1) അർഹത:

ഈ വാറണ്ടിക്ക് അർഹത നേടാൻ മാരുതി സുസുക്കി വാഹനം മാരുതി സുസുക്കി അംഗീകൃത ഡീലർ ഡെലിവറി നൽകിയതും മാരുതി സുസുക്കി അംഗീകൃത വർക്ക് ഷോപ്പിൽ സെറ്റ്-അപ്പ്, സർവീസ് ചെയ്യുന്നതും ആവണം.

### (2) കാലാവധി:

**ഈ വാറണ്ടിയുടെ കാലാവധി, വാഹനം ആദ്യ ഉടമസ്ഥനു ഡെലിവറി നൽകുന്ന നാൾ മുതൽ ഇരുപത്തി നാലു (24) മാസം അല്ലെങ്കിൽ 72,000 കി.മീ, (ഏത് ആദ്യം വരുന്നുവോ അത്) വരെ ആയിരിക്കും.**

### (3) മാരുതി സുസുക്കി വാറണ്ടി ബാദ്ധ്യതകൾ:

മേൽ ഉടമ്പടി ചെയ്ത കാലാവധിക്കുള്ളിൽ മാരുതി സുസുക്കി വാഹനത്തിൽ എന്തെങ്കിലും ന്യൂനത(കൾ) കണ്ടാൽ, നിർമ്മാണ വസ്തുക്കളിലോ, നിർമ്മാണ സമയത്തെ ജോലി വൈദഗ്ദ്ധ്യത്തിലോ ഉള്ള കുഴപ്പം മൂലമാണെന്ന് മാരുതി സുസുക്കി എൽക്കുന്ന പക്ഷം, ആ ന്യൂനത കാണുന്ന ഏതൊരു പാർട്ടും ഉടമസ്ഥനിൽ നിന്ന് യാതൊരു ചിലവും, പാർട്ടുകളുടെ വിലയായോ, പണിക്കൂലിയോ ഈടാക്കാതെ റിപ്പയർ ചെയ്യുക അല്ലെങ്കിൽ മാറ്റി പുതിയതോ, തത്തുല്യമായതോ ആയ പാർട്ട് ഘടിപ്പിച്ച് നൽകുക എന്നത് മാത്രമാണ് മാരുതി സുസുക്കിയുടെ ഏക ബാദ്ധ്യത. പകരം പുതിയത് ഘടിപ്പിച്ചു നൽകിയാൽ, അത്തരത്തിൽ കേടുള്ള പാർട്ടുകൾ മാരുതി സുസുക്കിയുടെ സ്വത്തായി മാറും.
ഈ വാറണ്ടിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏത് റിപ്പയർ അല്ലെങ്കിൽ പാർട്ട് മാറ്റൽ ചിലവുകൾക്കും ഉടമസ്ഥൻ ഉത്തരവാദി ആയിരിക്കും. മാരുതി സുസുക്കിയുടെ തീരുമാനം അന്തിമവും ബാദ്ധ്യസ്ഥതയുള്ളതും ആയിരിക്കും.

### (4) പരിമിതികൾ:

താഴെ പറയുന്നവയ്ക്ക് വാറണ്ടി ബാധകമാവുകയില്ല:

a) നാല് സൌജന്യ സർവീസുകൾ ഒഴികെ ആവശ്യമായി വരുന്ന സാധാരണ മെയിന്റനൻസ് സർവീസുകൾ, പരിമിതി ഇല്ലാതെ ഓയിൽ. ഫ്ലൂയിഡ് മാറ്റൽ, ഉപയോഗിച്ച് തീരുന്ന വസ്തുക്കൾ ഹെഡ് ലൈറ്റ് എയിമിംഗ്,. ഫാസനർ വീണ്ടും ടൈറ്റ് ചെയ്യൽ, വീൽ ബാലൻസിങ്ങ്, വീൽ അലൈൻമെന്റ്, ടയർ റൊട്ടേഷൻ, ഇഞ്ചക്റ്റർ ക്ലീനിംഗ്, കർബുറേറ്റർ ക്രമീകരണം, ഇഗ്നീഷൻ ടൈമിംഗ്, ക്ലച്ച്, വാൽവ് ക്ലിയറൻസ് എന്നിവ ഉൾപ്പെടെ.

b) ബൾബ്, ടയർ, ട്യൂബ്, സ്പാർക്ക് പ്ലഗ്, ബെൽറ്റ്, ഹോസ്, ഫിൾട്ടർ, വൈപ്പർ ബ്ലേഡ്, ബ്രഷ്, കോണ്ടാക്റ്റ് പോയിന്റ്, ഫ്യൂസ്, ക്ലച്ച് ഡിസ്ക്, ബ്രേക്ക് ഷൂസ്, ബ്രേക്ക് പാഡ്, കേബിൾ, എല്ലാ റബ്ബർ പാർട്ടുകളും (ഓയിൽ സീൽ, ഗ്ലാസ് റൺ എന്നിവ ഒഴികെ) ഉൾപ്പെടെ പരിമിതിയില്ലാതെ സാധാരണ തേയ്മാനം വരുന്ന പാർട്ടുകൾ.

c) മൽസരങ്ങൾ, റാലികൾ, പന്തയ ഓട്ടങ്ങൾ എന്നിവയ്ക്കു ഉപയോഗിച്ച ഏതു വാഹനവും.

d) ആക്സിഡന്റ് അല്ലെങ്കിൽ കൂട്ടിയിടിയുടെ ഫലമായി വേണ്ടി വരുന്ന റിപ്പയർ അഥവാ മാറ്റൽ.

e) ദുരുപയോഗം, ശ്രദ്ധക്കുറവ്, അസാധാരണ ഉപയോഗം, അപര്യാപ്തമായ പരിചരണം, വിധ്വംസക പ്രവൃത്തികൾ, മോഷണം, കലാപം, അഗ്നിബാധ, വെള്ളപ്പൊക്കം - എഞ്ചിൻ സീഷർ, ഹൈഡ്രോസ്റ്റാറ്റിക് ലോക്ക് മുതലായവ സംഭവിക്കാൻ കാരണമാകും വിധം ഘടകങ്ങളിൽ വെള്ളം കയറുന്നത്, അല്ലെങ്കിൽ ബോഡി/ ഘടകങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന ബാഹ്യമായ കേടുപാടുകൾ എന്നിവയിൽ പരിമിതപ്പെടുത്താതെ, സംഭവിക്കുന്ന ഏതു ന്യൂനതയും കേടുപാടുകളും.

f) മായം ചേർത്ത ഇന്ധനം / ല്യൂബ്രിക്കന്റ്/ ഓയിൽ/കൂളന്റ്/ഫ്ലൂയിഡ് / പോളിഷിങ്ങ് ഉൽപന്നങ്ങൾ കൂടാതെ ഓണേഴ്സ് മാന്വലിൽ നിർദ്ദേശിച്ചതിൽ നിന്നു വ്യത്യസ്ഥമായ ഇന്ധനം / ല്യൂബ്രിക്കന്റ് / ഓയിൽ/കൂളന്റ് / ഫ്ലൂയിഡ് എന്നിവ ഉപയോഗിക്കുന്നത് മൂലം സംഭവിക്കുന്ന കേടുപാടുകൾ.

g) പരിഷ്കരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്ത വാഹനങ്ങൾ, പ്രകടനം മെച്ചപ്പെടുത്താനുള്ള അനുബന്ധങ്ങൾ ഉൾപ്പെടെ എന്നാൽ അവയിൽ പരിമിതപ്പെടുത്താതെ, ലൈറ്റുകൾ വലുതാക്കൽ കൂടാതെ ബാഹ്യമായ / പരിണിത ഫലമായ മറ്റു കാരണങ്ങൾ.

h) മാരുതി സുസുക്കി അംഗീകരിക്കാത്ത പാർട്ടുകൾ, അനുബന്ധങ്ങൾ (നോൺ - എം എസ് ജി എ), നോൺ - എം എസ് ജി പി) എന്നിവ ഉപയോഗിക്കുന്ന വാഹാനങ്ങൾ.

i) മാരുതി സുസുക്കി ഓണേഴ്സ് മാന്വലിൽ പറയുന്ന പ്രവർത്തന നിർദ്ദേശങ്ങൾക്ക് അനുസൃതമാല്ലാതെ പ്രവർത്തിപ്പിച്ച വാഹനങ്ങൾ.

j) മാരുതി സുസുക്കി ഓണേഴ്സ് മാന്വൽ, സർവീസ് ബുക്ക് ലെറ്റ് എന്നിവയിൽ നിർദ്ദേശിച്ച സർവീസ് പരിശോധനകൾ ചെയ്തിട്ടില്ലാത്ത വാഹനങ്ങൾ.

k) മാരുതി സുസുക്കി അംഗീകൃത വർക്ക് ഷോപ്പ് അല്ലാത്ത ഇടത്ത് സംയോജിപ്പിക്കൽ, വേർപിരിക്കൽ, ക്രമീകരണം, റിപ്പയർ എന്നിവ ചെയ്ത വാഹനങ്ങൾ.

l) അത് രൂപകൽപന ചെയ്ത ആവശ്യത്തിനല്ലാതെ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിച്ച വാഹനങ്ങൾ.

m) വായുവിലൂടെയുള്ള അണുപ്രസരണം, വ്യാവസായിക അണുപ്രസരണം, ആസിഡ് മഴ, ആലിപ്പഴം, കൊടുങ്കാറ്റ്, ഇടിമിന്നൽ, പക്ഷി വിസർജ്ജ്യങ്ങൾ, കാർന്ന് തിന്നുന്ന ജീവികൾ / എലി എന്നിവയുടെ കടി, അതുപോലെ വാഹനത്തിന് കേടുണ്ടാക്കുന്ന മറ്റു കാര്യങ്ങൾ എന്നിവ മൂലം സംഭവിക്കുന്ന കേടുപാടുകളും ദൂഷണങ്ങളും.

n) ശബ്ദം, വിറയൽ, ഫ്ലൂയിഡ് ഉറ്റൽ എന്നിവ ഉൾപ്പെടെ വാഹനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത നിസ്സാര പ്രശ്നങ്ങൾ.

o) കാലപ്പഴക്കം, തേയ്മാനം, അല്ലെങ്കിൽ നിറം നഷ്ടപ്പെടൽ, മങ്ങൽ, രൂപം നഷ്ടപ്പെടൽ, കളങ്കം, തുണി നിറം പോകൽ എന്നീ ദൂഷണങ്ങൾ ഉൾപ്പെടെ എന്നാൽ അവയിൽ പരിമിതപ്പെടുത്താതെ സ്വാഭാവിക തേയ്മാനനങ്ങൾ

p) ഗാർഹിക എൽ.പി.ജി ഗ്യാസ് / എൽ.പി.ജി സിലിണ്ടർ ഘടിപ്പിച്ച വാഹനങ്ങൾ.

q) V-ബെൽറ്റ്, ഹോസ്, ഗ്യാസ് ലീക്ക് (മാരുതി സുസുക്കി എ/സി വാഹനങ്ങൾക്ക്).

r) എൽ.പി.ജി/സി.എൻ.ജി കിറ്റ് ഘടിപ്പിച്ച വാഹനങ്ങൾ.

s) പാച്ച് വർക്ക്, ബോഡി വർക്ക്, മോൾഡിങ്, ഇന്റീരിയർ ട്രിം ഉൾപ്പെടെ പെയിന്റിങ്ങ്.

t) ദ്രവിക്കൽ, ബോഡി പാർട്ടുകൾ / ഘടകങ്ങൾ തുരുമ്പിക്കൽ.

u) അനധികൃതമായി ഒഡോമീറ്റർ മാറ്റൽ, ഒഡോമീറ്റർ റീഡിങ്ങിൽ മാറ്റൽ / കൈകാര്യം ചെയ്യൽ നടത്തൽ അല്ലെങ്കിൽ സർവീസ് രേഖകളുമായി പൊരുത്തപ്പെടാതിരിക്കൽ എന്നിവ ചെയ്ത വാഹനങ്ങൾ.

v) ന്യൂനത ഉണ്ടെന്ന് ഉടമസ്ഥൻ / ഉപയോഗിക്കുന്ന ആൾക്ക് അറിവുണ്ടായിട്ടും വേണ്ടത് ചെയ്യാതെ അവഗണിച്ചതു മൂലം വാഹനത്തിന് സംഭവിക്കുന്ന കേടുപാടുകൾ.

w) വാഹനം പ്രവർത്തന രഹിതമായി ദീർഘകാലം പാർക്ക് ചെയ്തു നിർത്തുന്നതു മൂലം ബാറ്ററി / ടയർ എന്നിവയുൾപ്പെടെ വാഹനത്തിനു സംഭവിക്കുന്ന കേടുപാടുകൾ.

## (5) വാറണ്ടി ദീർഘിപ്പിക്കൽ:

മാരുതി സുസുക്കി വാഹനങ്ങൾക്ക് മാരുതി സുസുക്കി നൽകുന്ന സംപൂർണ്ണമായ രേഖാമൂലമുള്ള വാറണ്ടിയാണ് ഇത്. ഏതെങ്കിലും ഡീലർ അല്ലെങ്കിൽ അതിന്റെ / അയാളുടെ ഏജന്റ് / ജീവനക്കാർ എന്നിവരെ ഈ വാറണ്ടി ദീർഘിപ്പിക്കാനോ വിപുലീകരിക്കാനോ അധികാരപ്പെടുത്തിയിട്ടില്ല. ഏതെങ്കിലും ഡീലർ അല്ലെങ്കിൽ അതിന്റെ / അയാളുടെ ഏജന്റ് / ജീവനക്കാർ എന്നിവരെ മാരുതി സുസുക്കിയുടെ പേരിൽ വാക്കാൽ വാറണ്ടി, പ്രതിനിധീകരണം, അല്ലെങ്കിൽ വാഗ്ദാനം നൽകാൻ അധികാരപ്പെടുത്തിയിട്ടില്ല.

മുൻപ് വിൽപന നടത്തിയ വാഹനങ്ങളിൽ അതെ മാറ്റങ്ങൾ വരുത്തി കൊടുക്കാം എന്ന ബാദ്ധ്യത ഇല്ലാതെ ഏത് മോഡലിലും ഏത് സമയത്തും പരിഷ്കരണങ്ങളോ മാറ്റങ്ങളോ വരുത്താനുള്ള പൂർണ്ണ അവകാശം മാരുതി സുസുക്കിയിൽ നിക്ഷിപ്തമാണ്.

## (6) വാറണ്ടി സർവീസ്:

വാറണ്ടി സേവനങ്ങൾ ലഭിക്കാൻ വാഹനം മുഴുവനായി, ഉടമസ്ഥന്റെ ചെലവിൽ അംഗീകൃത മാരുതി സുസുക്കി അംഗീകൃത വർക്ക് ഷോപ്പിൽ ഏൽപ്പിക്കേണ്ടതാണ്.

സർവീസിനായി വാഹനം ഏൽപ്പിക്കുന്ന സമയത്ത് വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള അനുബന്ധങ്ങൾക്കും സ്വന്തം സാധനങ്ങൾക്കും ഉപഭോക്താവ് ഉത്തരവാദി ആയിരിക്കണം. ഏതു സാഹചര്യത്തിലും അവ സംബന്ധിച്ച് യാതൊരു വിധ അവകാശ വാദങ്ങളും അംഗീകരിക്കുന്നതല്ല.

## (7) ഉടമസ്ഥന് വാറണ്ടിയിൽ ഉള്ള ചുമതല:

താഴെ പറയുന്നവ ഓരോ ഉടമസ്ഥന്റെയും ചുമതലയാണ്:

- സ്വന്തം ചെലവിൽ മാരുതി സുസുക്കി അംഗീകൃത ഡീലർ / സർവീസ് സ്റ്റേഷനിൽ മാരുതി സുസുക്കി ഓണേഴ്സ് മാന്വൽ ആൻഡ് സർവീസ് ബുക്ക് ലെറ്റ് നിർദ്ദേശിക്കുന്ന എല്ലാ സർവീസ് പരിശോധനകളും നടത്തുകയും അത്തരം സർവീസ് പരിശോധനകൾ നടത്തിയത്തിന് പര്യാപ്തമായ രേഖകൾ സൂക്ഷിക്കുകയും ചെയ്യണം.
- മാരുതി സുസുക്കി അംഗീകൃത വർക്ക് ഷോപ്പിൽ സർവീസ് പരിശോധനകൾ, അല്ലെങ്കിൽ വാറണ്ടി സർവീസ് ചെയ്യുമ്പോളെല്ലാം അത് ഓണേഴ്സ് മാന്വൽ ആൻഡ് സർവീസ് ബുക്ക് ലെറ്റിലെ കസ്റ്റമർ സർവീസ് മെയിന്റനൻസ് റെക്കോർഡ് പേജിൽ പുതുക്കി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

- സർവീസ് പരിശോധന അല്ലെങ്കിൽ വാറണ്ടി സർവീസ് ആവശ്യപ്പെടുന്ന സമയത്ത് മാരുതി സുസുക്കി അംഗീകൃത വർക്ക് ഷോപ്പിൽ ഓണേഴ്സ് മാനുൽ ആൻഡ് സർവീസ് ബുക്ക് ലെറ്റ് നൽകുക

ഓണേഴ്സ് മാനുൽ ആൻഡ് സർവീസ് ബുക്ക് ലെറ്റ് നഷ്ടപ്പെടുകയോ നശിച്ചു പോവുകയോ ചെയ്താൽ “ഓണേഴ്സ് മാനുൽ ആൻഡ് സർവീസ് ബുക്ക് ലെറ്റ്” പകരം ലഭിക്കുന്നതിനെ കുറിച്ച് നിർദേശങ്ങൾക്ക് വാഹനം വാങ്ങിയ മാരുതി സുസുക്കി അംഗീകൃത ഡീലറെ സമീപിക്കണം.

### (8) പരോക്ഷ ഫലമായ കേടുപാടുകൾ സംബന്ധിച്ചബാദ്ധ്യതാ നിഷേധം:

ഈ വാറണ്ടിയിൽ ഉൾപ്പെട്ട ഏതെങ്കിലും ന്യൂനത മൂലം ഉടമസ്ഥനു വാഹനം ലഭ്യമല്ലാതെ വരുന്നത് മൂലം പരോക്ഷ ഫലമായി ഉണ്ടാവുന്ന വാഹനം നഷ്ടപ്പെടൽ, സമയ നഷ്ടം, അസൌകര്യം മുതലായവയ്ക്ക് മാരുതി സുസുക്കി യാതൊരു ഉത്തരവാദിത്വവും ഏൽക്കുന്നില്ല.

### (9) ഉടമസ്ഥ മാറ്റം

വാഹനത്തിന്റെ ഉടമസ്ഥത മാറിയാലും ശേഷിക്കുന്ന വാറണ്ടി കാലാവധി പുതിയ ഉടമസ്ഥനു ലഭ്യമാകും.

# പ്രസാരണ വാറണ്ടി നയം

ജൂലൈ 1, 2001 മുതൽ നാല് മെട്രോ നഗരങ്ങളിൽ (ന്യൂ ദൽഹി, കൊൽക്കത്ത, മുംബൈ, ചെന്നൈ) മാരുതി സുസുക്കി എല്ലാ മാരുതി സുസുക്കി വാഹനങ്ങൾക്കും പ്രസാരണ വാറണ്ടി നൽകുന്നു. (ഇത് സാധാരണ വാറണ്ടിക്ക് പുറമേ, അതിനു സമാന്തരമായി നില നിൽക്കുന്നു).

## വ്യവസ്ഥകൾ:

പ്രസാരണ വാറണ്ടി ആദ്യ ഉടമസ്ഥനു ഡെലിവറി നൽകുന്ന നാൾ മുതൽ 80,000 കിമീ അല്ലെങ്കിൽ 3 വർഷം (ഏതാണോ ആദ്യം അത് വരെ) നില നിൽക്കും. വാഹനത്തിന്റെ ഉടമസ്ഥത മാറിയാലും സാധുതയുള്ള രേഖകൾ നൽകിയാൽ ശേഷിക്കുന്ന വാറണ്ടി കാലാവധി പുതിയ ഉടമസ്ഥനു ലഭ്യമാകും.

## നിബന്ധനകൾ:

1. പ്രസാരണ വാറണ്ടി പ്രകാരം, വാഹനം കേന്ദ്ര മോട്ടോർ വെഹിക്കിൾ റൂൾസ് (സി.എം.വി.ആർ.) 1989, റൂൾ 115, സബ് റൂൾ (2) നിർദ്ദേശിക്കുന്ന പ്രസാരണ മാനദണ്ഡം പാലിക്കുന്നില്ല എന്ന് കണ്ടാൽ പ്രഥമ ദൃഷ്ട്യാ പരിശോധനക്കായി ക്ലെയിം സ്വീകരിക്കും.
2. മാരുതി സുസുക്കി അല്ലെങ്കിൽ അംഗീകൃത ഡീലർ പരിശോധന നടത്തി താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യമായാൽ മാത്രമേ വാറണ്ടി ക്ലെയിം സ്വീകരിക്കുകയുള്ളൂ.
   a) ഒറിജിനൽ സെറ്റിംഗ്സ് ഒരു കാരണവശാലും കൈകാര്യം ചെയ്ത് കേടാക്കിയിട്ടില്ല,
   b) പാർട്ട് (അനുബന്ധം - (എ) യിൽ കൊടുത്ത വിധം) നിർമ്മാണ പിഴവ് ഉള്ളതാണ്.
   c) ഓണേഴ്സ് മാന്വൽ ആൻഡ് സർവീസ് ബുക്ക്ലെറ്റ് നിർദ്ദേശിക്കുന്ന രീതിയിൽ വാഹനം ഉപയോഗിക്കുകയും പരിപാലിക്കുകയും ചെയ്യുകയും, ഇന്ധനം, വിവിധ ഓയിലുകൾ (എഞ്ചിൻ ഓയിൽ, ട്രാൻസ്മിഷൻ ഓയിൽ, ബ്രേക്ക് ഓയിൽ മുതലായവ) എല്ലാം നിർദ്ദിഷ്ട മാനദണ്ഡം അനുസരിച്ചുള്ള ഉപയോഗിക്കുകയും ചെയ്തിട്ടും വാഹനം പ്രസാരണ മാനദണ്ഡങ്ങൾ (1 ഇൽ കൊടുത്ത പ്രകാരം) പാലിക്കുന്നില്ല.
3. വാറണ്ടിയിൽ തീരുമാനം എടുക്കാൻ വേണ്ടി നടത്തുന്ന പരിശോധനയുടെ രീതി പൂർണ്ണമായും മാരുതി സുസുക്കി, അതിന്റെ ഡീലർ എന്നിവരുടെ വിവേചനം അനുസരിച്ച് ആയിരിക്കും. ഈ പരിശോധനയുടെ ഫലം അന്തിമവും ബാദ്ധ്യതപ്പെട്ടതും ആയിരിക്കും. പരിശോധനക്ക് ശേഷം വാറണ്ടി നൽകാവുന്ന അവസ്ഥ സ്ഥാപിക്കാൻ ആയില്ലെങ്കിൽ മാരുതി സുസുക്കി, അതിന്റെ ഡീലർ എന്നിവർക്ക് ആ പരിശോധനയുടെ ചെലവ് പൂർണ്ണമായോ ഭാഗികമായോ ഈടാക്കാൻ അവകാശമുണ്ട്.
4. പ്രസരണ വാറണ്ടി പ്രകാരം പാർട്ട് (അനുബന്ധം - (എ) യിൽ കൊടുത്ത വിധം) സൌജന്യമായി നൽകും, പക്ഷെ ഉപയോഗിച്ച് തീർന്ന വസ്തുക്കൾക്ക് യഥാർത്ഥ വില ഈടാക്കും.
5. പ്രസരണ വാറണ്ടി പ്രകാരം സംരക്ഷിതമായ പാർട്ട് അല്ലെങ്കിൽ അതിന്റെ ബന്ധപ്പെട്ട പാർട്ട്, ഒരു പൂർണ്ണ അസംബ്ലിയുടെ അവിഭാജ്യ ഭാഗമായതിനാൽ തനിച്ച് മാറ്റാൻ കഴിയാത്തത് ആണെങ്കിൽ, മാരുതി സുസുക്കി, അതിന്റെ ഡീലർ എന്നിവർക്ക് അസംബ്ലി പൂർണ്ണമായി മാറ്റാനോ, സിസ്റ്റത്തിലെ ചില ഭാഗങ്ങൾ അനുയോജ്യമായ റിപ്പയർ അല്ലെങ്കിൽ നവീകരണം ചെയ്ത് ഉപയോഗിക്കാനോ വിവേചന പൂർവ്വം തീരുമാനം എടുക്കാൻ അവകാശമുണ്ട്.
6. പ്രസരണ വാറണ്ടി അനുവർത്തിക്കുവാൻ പരോക്ഷ ഫലമായി എന്തെങ്കിലും റിപ്പയർ അല്ലെങ്കിൽ മാറ്റി വെക്കൽ ആവശ്യമായി വന്നാൽ അവ ഉൽപന്ന വാറണ്ടിയിൽ ഉൾപ്പെടുന്നതല്ല എങ്കിൽ ഈ വാറണ്ടിയിൽ ഉൾപ്പെട്ടതായി പരിഗണിക്കില്ല. അത്തരം റിപ്പയർ അല്ലെങ്കിൽ മാറ്റൽ ഉണ്ടായാൽ ഉപഭോക്താവിൽ നിന്ന് യഥാർത്ഥ വില ഈടാക്കും.
7. വാഹനം മാരുതി സുസുക്കി വർക്ക് ഷോപ്പിൽ എത്തിക്കുവാൻ ആവശ്യമായ ഗതാഗത ചെലവ്, വാറണ്ടി ക്ലെയിം കൊടുത്തത് മുതൽ മാരുതി സുസുക്കി ഡീലർ പരിശോധനയും, റിപ്പയർ പണികളും ചെയ്യുന്നത് വരെ വാഹനം ലഭ്യമല്ലാത്തതിനാൽ ഉണ്ടാവുന്ന നഷ്ടങ്ങൾ എന്നിവയ്ക്ക് മാരുതി സുസുക്കി ഉത്തരവാദി ആകുന്നതല്ല.
8. പ്രസരണ നിലവാരം പാലിക്കാത്തത് മൂലം നിയമ പരമായ അധികാരികൾ ചാർജ് ചെയ്യുന്ന പിഴയ്ക്ക് മാരുതി സുസുക്കി ഉത്തരവാദി ആകുന്നതല്ല.
9. രേഖകൾ എല്ലാം ലഭ്യമാണെങ്കിൽ വാഹനത്തിന്റെ ഉടമസ്ഥത മാറുന്നത് പ്രസരണ വാറണ്ടിയെ ബാധിക്കില്ല.

10. എല്ലാ മെയിന്റനൻസ് പ്രവൃത്തികളും (ഓണേഴ്സ് മാന്വൽ ആൻഡ് സർവീസ് ബുക്ക്ലെറ്റിൽ നിർദ്ദേശിച്ച പ്രകാരം) പിൻ തുടരുകയും അവ പ്രസരണ വാറണ്ടിയുടെ മാന്വലിൽ രേഖപ്പെടുത്തുകയും ചെയ്യണം.

11. പരിശോധനയ്ക്ക് മുൻപ് തകരാർ കണ്ടു പിടിച്ച സമയത്ത് സാധുത ഉണ്ടായിരുന്ന പി.യു.സി (പൊല്യൂഷൻ അണ്ടർ കണ്ട്രോൾ) സർട്ടിഫിക്കറ്റ് കസ്റ്റമർ നൽകേണ്ടതുണ്ട്. (വാഹനം ആദ്യം വാങ്ങിയ തിയതി മുതൽ വാഹനത്തിന്റെ മെയിന്റനൻസ് ഓണേഴ്സ് മാന്വൽ ആൻഡ് സർവീസ് ബുക്ക്ലെറ്റ് നിർദ്ദേശിക്കുന്ന പ്രകാരം നടത്തിയതിന്റെ) റസീറ്റുകളും ആവശ്യമാണ്.

## പ്രസരണ വാറണ്ടി ബാധകമാവാത്ത സാഹചര്യങ്ങൾ

1 സാധുതയുള്ള പി.യു.സി (പൊല്യൂഷൻ അണ്ടർ കണ്ട്രോൾ) സർട്ടിഫിക്കറ്റ് ഇല്ലാതെ വന്നാൽ.

2 ഓണേഴ്സ് മാന്വൽ ആൻഡ് സർവീസ് ബുക്ക്ലെറ്റ് നിർദ്ദേശിക്കുന്ന പ്രകാരം മാരുതി സുസുക്കി അംഗീകൃത വർക്ക് ഷോപ്പിൽ മെയിന്റനൻസ് ചെയ്തിട്ടില്ല.

3 വാഹനം സാധാരണമല്ലാത്ത രീതിയിലുള്ള ഉപയോഗത്തിന് വിധേയമാക്കി (ആക്സിഡന്റ്, പന്തയ ഓട്ടം, റാലി, അല്ലെങ്കിൽ റെക്കോർഡ് സ്ഥാപിക്കാൻ വേണ്ടിയുള്ള ഉപയോഗം).

4 നോൺ എം.ജി.പി (മാരുതി ജനുവിൻ പാർട്ട്) ഉപയോഗം

5 അനധികൃതമായ രീതിയിൽ വാഹനം കൈകാര്യം ചെയ്തു.

6 യഥാർത്ഥ ഓഡോ മീറ്റർ റീഡിംഗ് അറിയാതിരിക്കാൻ ഓഡോ മീറ്റർ കൃത്രിമം ചെയ്യൽ.

7 മായം ചേർത്ത ഇന്ധനം, കൂടാതെ / അല്ലെങ്കിൽ നിർദ്ദേശിച്ചത് അല്ലാത്ത ഓയിൽ ഉപയോഗം (എഞ്ചിൻ ഓയിൽ, ട്രാൻസ്മിഷൻ ഓയിൽ, ബ്രേക്ക് ഓയിൽ മുതലായവ).

## അനുബന്ധം - (എ)

പ്രസരണ വാറണ്ടി ബാധകമായ പാർട്ടുകൾ

1. ഫ്യൂവൽ ഇൻജക്ഷൻ അസംബ്ലി, പ്രഷർ റെഗുലേറ്റർ, ത്രോട്ടിൽ ബോഡി അസംബ്ലി
2. ഇലക്ട്രോണിക് കണ്ട്രോൾ മോഡ്യൂൾ (ഇ.സി.എം)
3. ഇൻടേക്ക് മാനിഫോൾഡ്
4. ഇ.ജി.ആർ വാൽവ്
5. ഡിസ്ട്രിബ്യൂട്ടർ, ഇൻടേണൽ പാർട്ടുകൾ
6. ഇഗ്നീഷൻ കോയിൽ
7. കാനിസ്റ്റർ അസംബ്ലി
8. വേപ്പർ ലിക്വിഡ് സെപ്പറേറ്റർ
9. ഫ്യൂവൽ ടാങ്കും ഫില്ലർ കാപ്പും
10. പി.സി.വി (പോസിറ്റീവ് ക്രാങ്ക് വെന്റിലേഷൻ) വാൽവ്
11. ഓയിൽ ഫില്ലർ കാപ്പ്
12. കാറ്റാലിറ്റിക്ക് കൺവേർട്ടർ
13. എക്സോസ്റ്റ് മാനിഫോൾഡ്
14. ഫ്യൂവൽ ഇൻജക്ഷൻ സിസ്റ്റം സംബന്ധിച്ച എല്ലാ സെൻസറുകളും
15. ഹൈ പ്രഷർ ഫ്യൂവൽ പമ്പ്
16. ഗ്ലോ പ്ലഗ്
17. ഗ്ലോ പ്ലഗ് കണ്ട്രോളർ
18. മാനിവേർറ്റർ

# ഉള്ളടക്കം പട്ടിക


| | |
|---|---|
| ഇന്ധനം ശുപാർശ | 1 |
| ഡ്രൈവ് ചെയ്യും മുൻപ് | 2 |
| താങ്കളുടെ വാഹനം ഉപയോഗിക്കേണ്ട വിധം | 3 |
| ഡ്രൈവ് ചെയ്യാനുള്ള നിർദ്ദേശങ്ങൾ | 4 |
| മറ്റു കണ്ട്രോളുകളും ഉപകരണങ്ങളും | 5 |
| വാഹനം ലോഡ് ചെയ്യലും ടോ ചെയ്യലും | 6 |
| പരിശോധനയും മെയിന്റനൻസും | 7 |
| എമർജൻസി സർവീസ് | 8 |
| ബാഹ്യ രൂപം പരിചരണം | 9 |
| പൊതു വിവരങ്ങൾ | 10 |
| വിവരണങ്ങൾ | 11 |
| ബോഡി ഫാബ്രിക്കേഷൻ ചെയ്യാനുള്ള നിർദ്ദേശങ്ങൾ (ചാസ്സി വേരിയന്റിന്) | 12 |

# ഇന്ധനം ശുപാർശ



ഇന്ധനം ശുപാർശ ........................................................................................ 1-1

## ഇന്ധനം ശുപാര്

### (പെട്രോ ഒപ്പം ബൈ-ഫ്യൂവല് ള്എഞ്ചിന്മോഡലുകള്ക്ക്)
### പെട്രോള്

ഒക്ടേയിന്നമ്പര് (RON) 91

അല്ലെങ്കില്അതില്കൂടുതല്ഉള്ള അണ്ലെഡഡ് പെട്രോള് ഉപയോഗിക്കുക.

- **പെട്രോള്/എഥനോള്മിശ്രിതങ്ങള്**
  ഗ്യാസോഹോള്എന്നറിയപ്പെടുന്ന അണ്ലെഡഡ് പെട്രോള്, എഥനോള്(ഗ്രേയിന്ആല്ക്കഹോള്) എന്നിവയുടെ മിശ്രിതങ്ങള്വിപണിയില്ലഭ്യമാണ്. ഇത്തരം മിശ്രിതങ്ങള്അവയിലെ എഥനോള് അംശം 10% ഇല്കൂടുതല്അല്ലെങ്കില്നിങ്ങളുടെ വാഹനത്തില്ഉപയോഗിക്കാം. ഈ പെട്രോള്/ എഥനോള്മിശ്രിതങ്ങള്ഒക്ടേയിന് റേറ്റിംഗില്പെട്രോളിനായി ശുപാര്ശ ചെയ്തിട്ടുള്ളതില്കുറവല്ല എന്ന് ഉറപ്പാക്കുക.

- **പെട്രോള്/മെഥനോള്മിശ്രിതങ്ങള്**
  അണ്ലെഡഡ് പെട്രോള്/മെഥനോള്എന്നിവയുടെ മിശ്രിതങ്ങള് ചിലയിടങ്ങളില്ലഭ്യമാണ്. ഏത് സാഹചര്യത്തിലും 5% ഇല്കൂടുതല്മെഥനോള്അടങ്ങിയ മുശ്രിതം ഉപയോഗിക്കരുത്. ഇത്തരം മിശ്രിതങ്ങള്ഉപയോഗിക്കുന്നത് മൂലം ഉണ്ടാവുന്ന ഫ്യൂവല്സിസ്റ്റം തകരാറുകള്, വാഹനത്തിന്റെ പ്രകടനത്തില്ഉണ്ടാവുന്ന പ്രശ്നങ്ങള്എന്നിവയ്ക്കു മാരുതി സുസുക്കി ഉത്തരവാദിയാകുന്നതല്ല. അവ പുതിയ വാഹനത്തിന്റെ വാറണ്ടിയില്ഉള്പ്പെടുകയില്ല. 5% അല്ലെങ്കില്അതില്താഴെ മെഥനോള് അടങ്ങിയ ഇന്ധനങ്ങള്അവയില്കോ സോള്വെന്റുകള്ദ്രവിക്കല്പ്രതിരോധ വസ്തുക്കള്എന്നിവ അടങ്ങിയിട്ടുണ്ടെങ്കില്നിങ്ങളുടെ വാഹനത്തില്ഉപയോഗിക്കാം.

*കുറിപ്പ്:*
*പെട്രോള്/ ആല്ക്കഹോള് മിശ്രിതം ഉപയോഗിക്കുമ്പോള്ഇന്ധന ക്ഷമത, വാഹനത്തിന്റെ ഡ്രൈവിംഗ് സൌകര്യം എന്നിവയില്നിങ്ങള്ക്ക് തൃപ്തി തോന്നുന്നില്ലെങ്കില്ആല്ക്കഹോള് അടങ്ങിയിട്ടില്ലാത്ത അണ്ലെഡഡ് പെട്രോള്തന്നെ വീണ്ടും ഉപയോഗിക്കുക.*

> *അറിയിപ്പ്*
>
> **ചൂട് കാലാവസ്ഥയില്ഇന്ധനം വികസിക്കാന്സൌകര്യപ്പെടുത്തുന്നതിനായി ഇന്ധന ടാങ്കില്ഒരു എയര്സ്പേസ് ഉണ്ട്. ഇന്ധനം നിറയ്ക്കുന്ന നോസില്സ്വമേധയാ നിലക്കുകയോ പ്രാധമികമായി ബ്ലോ ബാക്ക് സംഭവിക്കുകയോ ചെയ്തതിന് ശേഷവും ഇന്ധനം തുടര്ന്ന് നിറച്ചാല്ഈ എയര്ചേംബര്നിറഞ്ഞു പോകും. ഇത്തരത്തില്പൂര്ണ്ണമായി നിറഞ്ഞാല്ചൂടേറ്റ് ഇന്ധനം വികസിക്കുമ്പോള്ലീക്ക് ഉണ്ടാകും. ഈ ഇന്ധന ലീക്ക് തടയുവാന്ഇന്ധനം നിറയ്ക്കുന്ന നോസില്സ്വമേധയാ നിലക്കുകയോ നോണ്ഓട്ടോമാറ്റിക് സംവിധാനത്തില്ആണെങ്കില്പ്രാധമികമായി ബ്ലോ ബാക്ക് സംഭവിക്കുകയോ ചെയ്താല്ഇന്ധനം നിറയ്ക്കുന്നത് നിര്ത്തുക.**

> *അറിയിപ്പ്*
>
> **ഇന്ധനം നിറക്കുമ്പോള്ആല്ക്കഹോള് അടങ്ങിയ ഇന്ധനം തുളുമ്പി പോകാതെ സൂക്ഷിക്കുക. വാഹന ബോഡിയില്ഇന്ധനം തുളുമ്പിയാല്ഉടന്തന്നെ തുടച്ചു കളയുക. ആല്ക്കഹോള് അടങ്ങിയ ഇന്ധനം പെയിന്റ് കേടാക്കാന്ഇടയുണ്ട്. അത് പുതിയ വാഹനത്തിന്റെ വാറണ്ടിയില്ഉള്പ്പെടുകയില്ല.**

### (ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)
### സി എന് ജി

സി എന്ജി(കംപ്രസ്സ്ഡ് നാച്ചുറല്ഗ്യാസ്) എന്നതില് പ്രധാനമായും മീതേയ്ന്ആണ് അടങ്ങിയിരിക്കുന്നത്. സി എന്ജിഒരു ശുദ്ധമായ ജ്വലന ഇന്ധനമായി കരുതപ്പെടുന്നു. സി എന്ജി യുടെ സാന്ദ്രത കുറവായതിനാല്വാഹനത്തിലെ സംഭരണ ശേഷി വര്ദ്ധിപ്പിക്കാനായി അതിനെ ഏകദേശം 200 ബാര്പ്രഷറില്കമ്പ്രസ്സ് ചെയ്യുന്നു.

**മുന്നറിയിപ്പ്**

**സി എന്ജിലീക്ക് അല്ലെങ്കിലപാത്യകം പുറത്തു വരുന്ന ശബ്ദം അല്ലെങ്കില്സി എന്ജി പൈപ്പുകളില്ബാഹ്യമായ കേടുപാടുകള്എന്നിവയുടെ ലക്ഷണങ്ങള്കണ്ടാല്പരിഭ്രാന്തരാകരുത്.**

- **വാഹനം നിര്ത്തി എഞ്ചിന്സ്വിച്ച് ഓഫ് ചെയ്യുക. ജനലുകള്താഴ്ത്തുക. വാതിലുകള്തുറന്നിടുക.**
- **മാന്വല്ഷട്ട് ഓഫ് വാല്വ് അടച്ചു എന്നു ഉറപ്പാക്കുക.**
- **കൂടുതല്സഹായത്തിനായി ഉടന്തന്നെ അംഗീകൃത മാരുതി സുസുക്കി കമേര്ഷ്യലര്ക്ക് ഷോപ്പുമായി ബന്ധപ്പെടുക.**

### (ഡീസല്എഞ്ചിന്മോഡലുകള്ക്ക്)

സീറ്റേയിന്നംബര് 51 ഇല്കൂടുതലുള്ളതും സള്ഫര്50 പി.പി.എമ്മില്(പാര്ട്ട്സ് പേര്മില്ലിയന്) കുറവ് അടങ്ങിയതും ആയ ഡീസല്ഇന്ധനം ഉപയോഗിക്കുക. മാരുതി സുസുക്കി ശുപാര്ശ ചെയ്യുന്നത് EN590 നിലവാരം പാലിക്കുന്ന ഡീസല്ഇന്ധനം ആണ്. മറൈന്ഡീസല്, ഹീറ്റിംഗ് ഓയില്മുതലായവ ഉപയോഗിക്കരുത്.

*അറിയിപ്പ്*

**ചൂട് കാലാവസ്ഥയില്ഇന്ധനം വികസിക്കാന്സൌകര്യപ്പെടുത്തുന്നതിനായി ഇന്ധന ടാങ്കില്ഒരു എയര്സ്പേസ് ഉണ്ട്. ഇന്ധനം നിറയ്ക്കുന്ന നോസില്സ്വമേധയാ നിലക്കുകയോ പ്രാധമികമായി ബ്ലോ ബാക്ക് സംഭവിക്കുകയോ ചെയ്തതിന് ശേഷവും ഇന്ധനം തുടര്ന്ന് നിറച്ചാല്ഈ എയര്ചേംബര്നിറഞ്ഞു പോകും. ഇത്തരത്തില്പൂര്ണ്ണമായി നിറഞ്ഞാല്ചൂടേറ്റ് ഇന്ധനം വികസിക്കുമ്പോള്ലീക്ക് ഉണ്ടാകും. ഈ ഇന്ധന ലീക്ക് തടയുവാന്ഇന്ധനം നിറയ്ക്കുന്ന നോസില്സ്വമേധയാ നിലക്കുകയോ നോണ്ഓട്ടോമാറ്റിക് സംവിധാനത്തില്ആണെങ്കില്പ്രാധമികമായി ബ്ലോ ബാക്ക് സംഭവിക്കുകയോ ചെയ്താല്ഇന്ധനം നിറയ്ക്കുന്നത് നിര്ത്തുക.**

*അറിയിപ്പ്*

**ഇന്ധനം നിറക്കുമ്പോള്ആല്ക്കഹോള് അടങ്ങിയ ഇന്ധനം തുളുമ്പി പോകാതെ സൂക്ഷിക്കുക. വാഹന ബോഡിയില്ഇന്ധനം തുളുമ്പിയാല്ഉടന്തന്നെ തുടച്ചു കളയുക. ആല്ക്കഹോള് അടങ്ങിയ ഇന്ധനം പെയിന്റ് കേടാക്കാന്ഇടയുണ്ട്. അത് പുതിയ വാഹനത്തിന്റെ വാറണ്ടിയില്ഉള്പ്പെടുകയില്ല.**

# ഡ്രൈവ് ചെയ്യും മുൻപ്


ചാവികൾ .................................................. 2-1
ഡോർ ലോക്ക് .................................................. 2-1
ടെയിൽ ഗേറ്റ് .................................................. 2-1
വിൻഡോകൾ .................................................. 2-3
മിററുകൾ .................................................. 2-3
സീറ്റുകൾ .................................................. 2-3
സീറ്റ് ബെൽറ്റ് .................................................. 2-4
ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ .................................................. 2-9
സ്പീഡോ മീറ്റർ .................................................. 2-10
ഫ്യൂവൽ ഗേജ് .................................................. 2-10
ഇൻഫർമേഷൻ ഡിസ്പ്ലേ .................................................. 2-11
വാണിംഗ്, ഇൻഡിക്കേറ്റർ ലൈറ്റുകൾ .................................................. 2-15
ലൈറ്റിംഗ് കണ്ട്രോൾ ലിവർ .................................................. 2-18
ഹെഡ് ലൈറ്റ് ലെവലിംഗ് സ്വിച്ച് .................................................. 2-19
ടേൺ സിഗ്നൽ കണ്ട്രോൾ ലിവർ .................................................. 2-20
ഹസാർഡ് വാണിംഗ് സ്വിച്ച് .................................................. 2-20
വിൻഡ് ഷീൽഡ് വൈപ്പർ വാഷർ ലെവൽ .................................................. 2-21
ഹോൺ .................................................. 2-22
സി എന്ജിസിലിണ്ടരവാണിംഗ് ലേബല് (ഘടിപ്പിച്ചിട്ടുണ്ടെങ്കില്) ....... 2-22
സി എൻ ജി വാണിംഗ് ലേബൽ (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ) .................... 2-23
സി എൻ ജി മാന്വൽ ഷട്ട് ഓഫ് വാല്വ് (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ) ......... 2-23


2

# ചാവികൾ




51KM024

താങ്കളുടെ വാഹനത്തോടോപ്പം ഒരേ പോലുള്ള രണ്ടു ചാവികൾ ലഭിക്കും. സ്പെയർ ചാവി സുരക്ഷിതമായ ഒരു സ്ഥലത്ത് സൂക്ഷിക്കുക. ഒരു ചാവി കൊണ്ട് തന്നെ വാഹനത്തിലെ എല്ലാ ലോക്കുകളും തുറക്കാൻ കഴിയും.

തിരിച്ചറിയൽ നമ്പർ ചാവിയോടൊപ്പം ഉള്ള മെറ്റൽ ടാഗിൽ അല്ലെങ്കിൽ ചാവിയിൽ മുദ്രണം ചെയ്തിരിക്കും. ടാഗ് (ഉണ്ടെങ്കിൽ) സുരക്ഷിതമായ ഒരു സ്ഥലത്ത് സൂക്ഷിക്കുക. ചാവി നഷ്ടപ്പെട്ടാൽ പുതിയ ചാവി ലഭിക്കാൻ ഈ നമ്പർ ആവശ്യമാണ്. ഭാവി ഉപയോഗത്തിനായി നമ്പർ താഴെ എഴുതി വെക്കുക.

| ചാവി നമ്പർ: |
| --- |
| |

# ഡോർ ലോക്ക്

## സൈഡ് ഡോർ ലോക്ക്

### ഡ്രൈവർ ഡോർ




76MH0A001

(1) ലോക്ക്
(2) അൺ ലോക്ക്
(3) ഫ്രണ്ട്
(4) റിയർ

വാഹനത്തിന് പുറത്ത് നിന്ന് ഡ്രൈവർ ഡോർ ലോക്ക് ചെയ്യാൻ:

- ചാവി ഇൻസർട്ട് ചെയ്യുക. ചാവിയുടെ മുകൾ ഭാഗം വാഹനത്തിന്റെ മുൻ വശത്തേക്കുള്ള ദിശയിൽ തിരിക്കുക, അല്ലെങ്കിൽ.
- ലോക്ക് നോബ് താഴോട്ട് അമർത്തുക. ഹാൻഡിൽ വലിച്ചു പിടിച്ചു കൊണ്ട് ഡോർ അടയ്ക്കുക.

വാഹനത്തിന് പുറത്ത് നിന്ന് ഡ്രൈവർ ഡോർ അൺ ലോക്ക് ചെയ്യാൻ ചാവി ഇൻസർട്ട് ചെയ്യുക. ചാവിയുടെ മുകൾ ഭാഗം വാഹനത്തിന്റെ പിൻ വശത്തേക്കുള്ള ദിശയിൽ തിരിക്കുക.

വാഹനത്തിന് പുറത്ത് നിന്ന് ഡ്രൈവർ ഡോർ ലോക്ക് ചെയ്യാൻ ലോക്ക് നോബ് താഴോട്ട്, അമർത്തുക. ഹാൻഡിൽ വലിച്ചു പിടിച്ചു കൊണ്ട് ഡോർ അടയ്ക്കുക.




54G005

(1) ലോക്ക്
(2) അൺ ലോക്ക്

# ടെയിൽ ഗേറ്റ്




77PH025

ലോക്ക് ഹാൻഡിൽ (1) വലിച്ച് ടെയിൽ ഗേറ്റ് തുറക്കാം. അടയ്ക്കുമ്പോൾ ഭദ്രമായി ലോക്ക് ചെയ്യുക.



77PM201

ടെയിൽ ഗേറ്റ് ചെയിൻ (2) ഉപയോഗിച്ച് ടെയിൽ ഗേറ്റ് ഇടയിൽ ഉള്ള സ്ഥാനത്തും ലോക്ക് ചെയ്യാൻ കഴിയും

*നോട്ടീസ്*

**ഉപയോഗിക്കാത്ത സമയത്ത് ടെയിൽ ഗേറ്റ് ചെയിൻ (2) പിൻ (3) കൊണ്ട് ലോക്ക് ചെയ്തു വെക്കുക.**

**⚠ അപായ സൂചന**

- **ടെയിൽ ഗേറ്റ് തുറന്ന / ഇടയിൽ ഉള്ള സ്ഥാനത്ത് വെച്ച് ഡ്രൈവ് ചെയ്താൽ ടെയിൽ ഗേറ്റ് ആടുകയും മറ്റുള്ളവരുടെ ദേഹത്ത് അടിച്ച് പരിക്ക് പറ്റാനും മരണം പോലും സംഭവിക്കുകയും ചെയ്യാൻ ഇടയുണ്ട്.**
- **ടെയിൽ ഗേറ്റ് തുറന്ന / ഇടയിൽ ഉള്ള സ്ഥാനത്ത് ഇരുന്നാൽ മറ്റു ഡ്രൈവർമാർക്ക് ടെയിൽ ഗേറ്റ് കാണാൻ കഴിയാതെ വരുകയും ആക്സിഡന്റ് സംഭവിക്കാൻ ഇടയാകും. ഡ്രൈവ് ചെയ്യും മുൻപ് ടെയിൽ ഗേറ്റ് ഭദ്രമായി അടച്ച് ലോക്ക് ചെയ്തു എന്ന് ഉറപ്പാക്കുക.**
- **ആക്സിഡന്റ് ഉണ്ടായാൽ സാധനങ്ങൾ പുറത്തേക്ക് തെറിച്ചു പോവാതിരിക്കാൻ ടെയിൽ ഗേറ്റ് ഭദ്രമായി അടച്ച് ലോക്ക് ചെയ്തു എന്ന് ഉറപ്പാക്കുക.**
- **ടെയിൽ ഗേറ്റ് ഇടയിൽ ഉള്ള സ്ഥാനത്ത് ലോക്ക് ആയിരിക്കുമ്പോൾ അതിനടുത്ത് നിൽക്കുകയോ, ലോഡ് അല്ലെങ്കിൽ കാർഗോ സാധനങ്ങൾ അകത്ത് കയറ്റുകയോ ചെയ്യരുത്.**
- **ടെയിൽ ഗേറ്റ് പൂർണ്ണമായി തുറന്നിരിക്കുന്ന അവസ്ഥയിൽ പൊസിഷൻ ലാമ്പ്, ടേൺ സിഗ്നൽ ഇൻഡിക്കേറ്റർ, സ്റ്റോപ് ലാമ്പ് തുടങ്ങിയവ മറഞ്ഞ് കാണാൻ കഴിയാത്ത വിധം ആകും.**



77PM202

**⚠ അപായ സൂചന**

- **ടെയിൽ ഗേറ്റ് (1) പൂർണ്ണമായി തുറന്നിരിക്കുന്ന അവസ്ഥയിൽ ലോഡിംഗ്, അൺ ലോഡിംഗ് ചെയ്യുകയാണെങ്കിൽ, വാഹനം നിൽക്കുന്നു എന്ന് പുറകിൽ വരുന്ന ഡ്രൈവർമാർക്ക് (2) സൂചന നൽകാനായി ഒരു വാണിംഗ് ട്രയാംഗിൾ റോഡിൽ വ്യക്തമായി കാണാവുന്ന വിധത്തിൽ വെക്കണം.**

## വിൻഡോകൾ

### മാന്വൽ വിൻഡോ കണ്ട്രോൾ




60G010

ഡോർ പാനലിൽ ഉള്ള ഹാൻഡിൽ തിരിച്ച് ഡോർ വിൻഡോ ഉയർത്തുകയും താഴ്ത്തുകയും ചെയ്യാം.

### റിയർ വിൻഡോ




77PH073

വിൻഡോ തുറക്കാൻ, ലോക്ക് (1) അമർത്തി വിൻഡോ സ്ലൈഡ് ചെയ്യുക.

## മിററുകൾ

### ഇൻ സൈഡ് റിയർ വ്യൂ മിറർ

മിററിൽ വാഹനത്തിന്റെ പിൻ വശം കാണാൻ കഴിയുന്ന വിധത്തിൽ കൈകൊണ്ട് ഇൻ സൈഡ് റിയർ വ്യൂ മിറർ ക്രമീകരിക്കാം.




74LHT0235

### ഔട്ട് സൈഡ് റിയർ വ്യൂ മിറർ (മിററുകൾ)

മിററിൽ വാഹനത്തിന്റെ സൈഡ് ഭാഗം കാണാൻ കഴിയുന്ന വിധത്തിൽ ഔട്ട് സൈഡ് റിയർ വ്യൂ മിററുകൾ ക്രമീകരിക്കുക.

**⚠ അപായ സൂചന**

**സൈഡ് കോൺവെക്സ് മിററിൽ കാണുന്ന വാഹനത്തിന്റെ വലിപ്പം അല്ലെങ്കിൽ ദൂരം ശ്രദ്ധാപൂർവ്വം വിലയിരുത്തുക. വസ്തുക്കൾ പരന്ന മിററിൽ കാണുന്നതിനേക്കാൾ ചെറുതായും അകലെയായും തോന്നും എന്ന കാര്യം ഓർക്കുക.**




64P0190

## സീറ്റുകൾ

### സീറ്റ് ക്രമീകരണം (ഡ്രൈവർ സീറ്റ്)

**⚠ അപായ സൂചന**

**ഒരിക്കലും ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡ്രൈവർ സീറ്റ് ക്രമീകരിക്കാൻ ശ്രമിക്കരുത്. സീറ്റ് അപ്രതീക്ഷിതമായി നീങ്ങുകയും നിയന്ത്രണം നഷ്ടപ്പെട്ടു പോവുകയും ചെയ്യും. ഡ്രൈവ് ചെയ്യാൻ തുടങ്ങും മുൻപ് ഡ്രൈവർ സീറ്റ് ശരിയായി ക്രമീകരിച്ചു എന്ന് ഉറപ്പാക്കുക.**

**⚠ അപായ സൂചന**

**സുരക്ഷാ സംവിധാനം എന്ന നിലയിൽ സീറ്റ് ബെൽറ്റിന്റെ പ്രയോജനം നഷ്ടപ്പെടുത്തുന്ന അമിത സീറ്റ് ബെൽറ്റ് സ്ലാക്ക് ഒഴിവാക്കാൻ, സീറ്റ് ബെൽറ്റ് ബന്ധിക്കും മുൻപ് സീറ്റ് ശരിയായി ക്രമീകരിച്ചു എന്ന് ഉറപ്പാക്കുക.**




77PH087

**സീറ്റ് സ്ഥാന ക്രമീകരണ ലിവർ (1)**
ലിവർ മേലോട്ട് വലിച്ച് സീറ്റ് സ്ലൈഡ് ചെയ്യുക.

ക്രമീകരിച്ച ശേഷം സീറ്റ് ഭദ്രമായി ലാച്ച് ചെയ്തു എന്ന് ഉറപ്പാക്കാനായി സീറ്റ് മുന്നോട്ടും പുറകോട്ടും നീക്കി നോക്കുക.

**⚠ മുന്നറിയിപ്പ്**

**സീറ്റ് ക്രമീകരിക്കുമ്പോൾ സീറ്റിൽ കൈ ഇറുകിപ്പോവുകയോ അത് ശരീരത്തിൽ അടിക്കുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.**

## സീറ്റ് ബെൽറ്റ്




65D231S

**⚠ അപായ സൂചന**

**എപ്പോഴും സീറ്റ് ബെൽറ്റ് ധരിക്കുക.**

**⚠ അപായ സൂചന**

**കൂട്ടിയിടി ഉണ്ടായാൽ ഗുരുതരമായ പരിക്കോ മരണമോ സംഭവിക്കാനുള്ള സാദ്ധ്യത കുറയ്ക്കാനായി, സീറ്റിംഗ് സ്ഥാനത്ത് എയർ ബാഗ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഡ്രൈവറും പാസഞ്ചറും സീറ്റ് ബെൽറ്റ് ധരിച്ച് ശരിയായി സംരക്ഷിതരായിരിക്കണം.**




65D606

**⚠ അപായ സൂചന**

- **വാഹനത്തിൽ കാർഗോ സ്ഥലത്ത് ഇരുന്നു യാത്ര ചെയ്യാൻ ആരെയും അനുവദിക്കരുത്. ആക്സിഡന്റ് ഉണ്ടായാൽ, സീറ്റിൽ ഇരുന്ന് ശരിയായ് രീതിയിൽ ബെൽറ്റ് ധരിച്ച് അല്ലാതെ യാത്ര ചെയ്യുന്ന ആൾക്ക് പരിക്ക് പറ്റാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.**
- **സീറ്റുകൾ എപ്പോഴും താഴെ പറയുന്ന പ്രകാരം ക്രമീകരിക്കണം.**
  - **ബെൽറ്റിന്റെ ലാപ് ഭാഗം ഇടുപ്പിനു കുറുകെയാണ്, അരക്കെട്ടിന് കുറുകെ അല്ല ധരിക്കേണ്ടത്.**
  - **ഷോൾഡർ സ്ട്രാപ് തോളിനു മേലെയാണ്, കൈക്ക് അടിയിൽ അല്ല ധരിക്കേണ്ടത്.**
  - **ഷോൾഡർ സ്ട്രാപ് താങ്കളുടെ മുഖം, കഴുത്ത് എന്നവയിൽ നിന്ന് അകലെ ആവണം പക്ഷെ തോളിൽ നിന്ന് വീണു പോകരുത്.**

(തുടരും..)



65D201



65D199

**⚠ അപായ സൂചന**

(തുടരും)

- **സ്ട്രാപ്പുകൾ ടിസ്റ്റ് ആയി വെച്ച് സീറ്റ് ബെൽറ്റ് ധരിക്കരുത്. അവ രൂപകൽപന ചെയ്തിരിക്കുന്ന വിധത്തിൽ സുരക്ഷ ലഭിക്കണമെങ്കിൽ അത് അസുഖകരമാകാതെ എത്ര ടൈറ്റ് ചെയ്യാമോ അത്രയും ടൈറ്റ് ചെയ്യണം. ശരിയായി ചേർന്നിരിക്കുന്ന ബെൽറ്റ് നൽകുന്നത്ര സംരക്ഷണം നൽകാൻ അയഞ്ഞിരിക്കുന്ന ബെൽറ്റിന് കഴിയില്ല.**
- **സീറ്റ് ബെൽറ്റ് ബക്കിൾ ഓരോന്നും ശരിയായ ബക്കിൾ കാച്ചിൽ ഇൻസർട്ട് ചെയ്തു എന്ന് ഉറപ്പാക്കുക.**

(തുടരും..)

**⚠ അപായ സൂചന**

(തുടരും)

- **ഗർഭിണികളായ സ്ത്രീകൾ സീറ്റ് ബെൽറ്റ് ധരിക്കണം. ഗർഭിണിയുടെ ഡോക്ടറോട് ഡ്രൈവ് ചെയ്യേണ്ട രീതിയെ കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ തേടണം. ബെൽറ്റിന്റെ ലാപ് ഭാഗം, ചിത്രത്തിൽ കാണിച്ച വിധത്തിൽ, ഇടുപ്പിനു കുറുകെ കഴിയുന്നത്ര താഴ്ത്തി ധരിക്കണം.**
- **താങ്കളുടെ പോക്കറ്റിലോ വസ്ത്രത്തിലോ ഉള്ള ഘരമായ വസ്തുക്കൾക്ക് മീതെ കൂടി സീറ്റ് ബെൽറ്റ് ധരിക്കരുത്. ആക്സിഡന്റ് ഉണ്ടായാൽ, സീറ്റ് ബെൽറ്റിന് താഴെ ചില്ല്, പേന തുടങ്ങിയവ ഉണ്ടെങ്കിൽ പരിക്ക് പറ്റാനുള്ള സാദ്ധ്യതയുണ്ട്.**

(തുടരും..)

**⚠ അപായ സൂചന**

(തുടരും)

- **ഒന്നിൽ കൂടുതൽ ആളുകൾ ഒരേ സീറ്റ് ബെൽറ്റ് ധരിക്കരുത്. മടിയിൽ ഇരിക്കുന്ന കുഞ്ഞിന്റെ മേലെ കൂടി സീറ്റ് ബെൽറ്റ് ധരിക്കരുത്. ഇങ്ങനെയുള്ള രീതിയിൽ സീറ്റ് ബെൽറ്റ് ഉപയോഗിക്കുന്നത് ആക്സിഡന്റ് ഉണ്ടായാൽ പരിക്ക് പറ്റാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.**
- **സീറ്റ് ബെൽറ്റ് അസംബ്ലിയിൽ അമിതമായ തേയ്മാനം, കേടുപാടുകൾ മുതലായവ സമയാനുസൃതമായി പരിശോധിക്കുക. വെബ്ബിംഗ് പിഞ്ഞിപ്പോവുകയോ, അഴുക്ക് കയറുകയോ, മറ്റേതെങ്കിലും വിധത്തിൽ കേടാവുകയോ ചെയ്താൽ സീറ്റ് ബെൽറ്റ് മാറ്റുക. ഒരു കടുത്ത ആഘാതം സംഭവിച്ചപ്പോൾ ധരിച്ച സീറ്റ് ബെൽറ്റിൽ പ്രകടമായ കേടുപാടുകൾ കാണുന്നില്ല എങ്കിൽ പോലും സീറ്റ് ബെൽറ്റ് അസംബ്ലി മുഴുവനായി മാറ്റണം.**
- **ശിശുക്കളെയും കുട്ടികളെയും, ശരിയായ വിധത്തിൽ ബന്ധിപ്പിക്കാതെ വാഹനത്തിൽ കൊണ്ടു പോകരുത്.**
- **കുട്ടികൾക്ക്, ഷോൾഡർ ബെൽറ്റ് കഴുത്തിലോ മുഖത്തോ അസ്വസ്ഥത ഉണ്ടാക്കുന്നുവെങ്കിൽ കുട്ടിയെ വാഹനത്തിന്റെ മദ്ധ്യ ഭാഗത്തേക്ക് നീക്കുക.**
- **സീറ്റ് ബെൽറ്റ് വെബ്ബിങ്ങിൽ പോളിഷ്, ഓയിൽ, രാസ വസ്തുക്കൾ, വിശേഷിച്ച് ബാറ്ററി ആസിഡ് എന്നിവ ആവുന്നത് ഒഴിവാക്കുക. കടുപ്പം കുറഞ്ഞ സോപ്പും വെള്ളവും ഉപയോഗിച്ച് സുരക്ഷിതമായി ക്ലീൻ ചെയ്യാം.**

(തുടരും..)

**⚠ അപായ സൂചന**

(തുടരും)

- **സീറ്റ് ബെൽറ്റ് ബക്കിളിൽ നാണയം, ക്ലിപ്പ് മുതലായവ ഇടരുത്. ഈ ഭാഗത്ത് ദ്രാവകങ്ങൾ തുളുമ്പി പോക്കാതിരിക്കാൻ ശ്രദ്ധിക്കുക. സീറ്റ് ബെൽറ്റ് ബക്കിളിൽ അന്യ വസ്തുക്കൾ കടന്നാൽ സീറ്റ് ബെൽറ്റ് ശരിയായി പ്രവർത്തിക്കില്ല.**

## ലാപ് - ഷോൾഡർ ബെൽറ്റ്

### എമർജൻസി ലോക്കിംഗ് റിട്രാക്റ്റർ (ഇ.എൽ.ആർ.)

സീറ്റ് ബെൽറ്റിൽ, പെട്ടെന്നുള്ള നിരത്തൽ അല്ലെങ്കിൽ ആഘാതം ഉണ്ടായാൽ മാത്രം സീറ്റ് ബെൽറ്റ് ലോക്ക് ആവുന്നതിനു വേണ്ടി രൂപ കൽപന ചെയ്ത എമർജൻസി ലോക്കിംഗ് റിട്രാക്റ്റർ (ഇ.എൽ.ആർ.) ഉണ്ട്. താങ്കൾ ശരീരത്തിനു കുറുകെ വേഗത്തിൽ ബെൽറ്റ് വലിച്ചാലും ഇത് ലോക്ക് ആവും. ഇങ്ങനെ സംഭവിച്ചാൽ, അൺ ലോക്ക് ചെയ്യാനായി അതിനെ പുറകോട്ടു തിരികെ വിടുക. പിന്നീട് ശരീരത്തിനു കുറുകെ അൽപം മെല്ലെ വലിക്കുക.

### സുരക്ഷാ ഓർമ്മപ്പെടുത്തൽ




60A038




60A040

കൂട്ടിയിടി ഉണ്ടായാൽ ബെൽറ്റിന് അടിയിൽ കൂടി വഴുതി പോകുന്ന അപകട സാദ്ധ്യത കുറയ്ക്കാൻ ബെൽറ്റിന്റെ ലാപ് ഭാഗം അരക്കെട്ടിന് കുറുകെ കഴിയുന്നത്ര താഴെ ആക്കുക. ബെൽറ്റിന്റെ ഷോൾഡർ ഭാഗം ലാച്ച് പ്ലേറ്റ് വഴി മേലോട്ട് വലിച്ച്, ശരീരത്തിൽ പാകത്തിന് ചേർന്ന് പിടിച്ച് ഇരിക്കുന്ന വിധത്തിൽ ക്രമീകരിക്കുക. സ്വതന്ത്രമായ ചലനം സാദ്ധ്യമാക്കുന്ന വിധത്തിൽ ഷോൾഡർ സ്ട്രാപ് നീളം സ്വയം ക്രമീകരിക്കപ്പെടും.




60A036

സീറ്റ് ബെൽറ്റ് ബന്ധിക്കുവാൻ, സീറ്റിൽ നേരെ നിവർന്ന് പുറകോട്ട് മുഴുവനായി നീങ്ങി ഇരിക്കുക. സീറ്റ് ബെൽറ്റിൽ ഉള്ള ലാച്ച് പ്ലേറ്റ് ശരീരത്തിനു കുറുകെ വലിക്കുക. അത് നേരെ ബക്കിളിൽ കടത്തി ക്ലിക്ക് ശബ്ദം കേൾക്കും വരെ അമർത്തുക.




60A039

സീറ്റ് ബെൽറ്റ് അഴിക്കാൻ, ബക്കിളിൽ ഉള്ള ബട്ടൺ അമർത്തുക. ബെൽറ്റ്/ലാച്ച് പ്ലേറ്റിൽ

കൈ വെച്ചു കൊണ്ട് മെല്ല  പുറേകാട്ടു വിടുക.
**(ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ)**

**ഘ്രൈഡവര്സീറ്റ് ബെല്റ്റ് വാണിംങ്ങ് ലറ്റ്/ ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് വാണിംങ്ങ്ലൈറ്റ്**

ഉദാഹരണം



77PM02017

(1)ഡ്രൈവര്സീറ്റ് ബെല്റ്റ് റിമൈന്ഡര് ലൈറ്റ് / ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡലൈറ്റ്.

ഡ്രൈവര്കൂടാതെ/അല്ലെങ്കില്ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് ധരിക്കുകയോ / ധരിക്കാതിരിക്കുകയോ ചെയ്താല് സീറ്റ് ബെല്റ്റ് റിമൈന്ഡലൈറ്റ് തിളങ്ങും അല്ലെങ്കില്ബ്ലിങ്ക് ചെയ്യും. സീറ്റ് ബെല്റ്റ് ധരിക്കണമെന്ന് ഓര്മ്മിപ്പിക്കാണായി ഒരു ബസര്ശബ്ദിക്കും. കൂടുതല്വിവരങ്ങള്ക്ക് താഴെ കൊടുക്കുന്ന വിശദീകരണം നോക്കുക.

**⚠ അപായ സൂചന**

**ഡ്രൈവറും പാസഞ്ചറും എല്ലായ്പ്പോഴും സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം എന്നത് അത്യന്താപേക്ഷിതമാണ്. ആക്സിഡന്റ് സംഭവിച്ചാൽ സീറ്റ് ബെൽറ്റ് ധരിക്കാത്ത ആളുകൾക്ക് പരിക്ക് പറ്റാനുള്ള സാദ്ധ്യത കൂടുതലാണ്. ഇഗ്നീഷൻ സ്വിച്ചിൽ ചാവി ഇടുന്നതിന് മുൻപ് സീറ്റ് ബെൽറ്റ് ബക്കിൾ ചെയ്യുക എന്നത് ഒരു ശീലമാക്കുക.**

*കുറിപ്പ് :*
*ഡ്രൈവര്സീറ്റ് ബെല്റ്റ് റിമൈന്ഡര് ലൈറ്റ്/ ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര് ലൈറ്റ് ഡ്രൈവര്ക്കും പാസഞ്ചര്ക്കും വേണ്ടിയുള്ളതാണ്.*

**ഡ്രൈവര്സീറ്റ് ബെല്റ്റ് റിമൈന്ഡര്**

ഇഗ്നീഷന്സ്വിച്ച് “ON” (ഓണ്) സ്ഥാനത്ത് ആയിരിക്കുമ്പോള്അല്ലെങ്കില്ഇഗ്നീഷന്മോഡ് “ON” (ഓണ്) ആയിരിക്കുമ്പോള് ഡ്രൈവര്സീറ്റ് ബെല്റ്റ് ലോക്ക് ബക്കിള്ചെയ്തിട്ടില്ലെങ്കില് റിമൈന്ഡര്താഴെ പറയുന്ന വിധം പ്രവര്ത്തിക്കുന്നു.

1) ഡ്രൈവര്സീറ്റ് ബെല്റ്റ് റിമൈന്ഡര് ലൈറ്റ് ഓണ്ആവും.
2) വാഹന സ്പീഡ് 15 km/h ആയാല്ഡ്രൈവര്സീറ്റ് ബെല്റ്റ് റിമൈന്ഡര് ലൈറ്റ് ബ്ലിങ്ക് ചെയ്യുകയും ഒരു ബസര്ഏകദേശം 95 സെക്കണ്ട് സമയം ശബ്ദിക്കുകയും ചെയ്യും.
3) ഡ്രൈവര്സീറ്റ് ബെല്റ്റ് ബക്കിള്ചെയ്യുന്നത് വരെ ലൈറ്റ് ഓണ്ആയിരിക്കും.

ഡ്രൈവര്ആദ്യം സീറ്റ് ബെല്റ്റ് ബക്കിള്ചെയ്യുകയും പിന്നീട് അത് ബക്കിള്അഴിക്കുകയും ചെയ്താല്വാഹനത്തിന്റെ സ്പീഡ് അനുസരിച്ചു റിമൈന്ഡര്സിസ്റ്റം സ്റ്റെപ്പ് 1) അല്ലെങ്കില്സ്റ്റെപ്പ് 2) മുതല്വീണ്ടും സജീവമാകും. വാഹന സ്പീഡ് 15 km/h ഇല്കുറവാണെങ്കില്സ്റ്റെപ്പ് 1) ഇല്നിന്നാരംഭിക്കും. 15 km/h ഇല്കൂടുതല്ആണെങ്കില്സ്റ്റെപ്പ് 2) ഇല്നിന്നാരംഭിക്കും.
ഡ്രൈവര്സീറ്റ് ബെല്റ്റ് ബക്കിള് ചെയ്യുകയോ ഇഗ്നീഷന്സ്വിച്ച് ഓഫ് ആവുകയോ ഇഗ്നീഷന്മോഡ് “OFF” (ഓഫ്) ആവുകയോ ചെയ്താല്റിമൈന്ഡര്സ്വയം കാന്സല്ആവും.

**ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര്**

ഇഗ്നീഷന്സ്വിച്ച് “ON” (ഓണ്) സ്ഥാനത്ത് ആയിരിക്കുമ്പോള്അല്ലെങ്കില്ഇഗ്നീഷന്മോഡ് “ON” (ഓണ്) ആയിരിക്കുമ്പോള് ഫ്രണ്ട് പാസഞ്ചര്സീറ്റില്ഇരിക്കുന്ന യാത്രക്കാരന്സീറ്റ് ബെല്റ്റ് ബക്കിള്ചെയ്യാതിരുന്നാല്ഫ്രണ്ട് പാസഞ്ചര് സീറ്റ് ബെല്റ്റ് റിമൈന്ഡര് സജീവമാവും.

ഉദാഹരണം



69RH203

(2)ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര് സെന്സര്.

സീറ്റ് ബെല്റ്റ് റിമൈന്ഡര് സെന്സര്(2) പാസഞ്ചര്സീറ്റില്ആള്ഇരിക്കുന്നുണ്ടോ എന്നു

മനസ്സിലാക്കും. ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര്സീറ്റ് കുഷനില്ആണ് ഘടിപ്പിച്ചിരിക്കുന്നത്.
ഡ്രൈവര്സീറ്റ് ബെല്റ്റ് റിമൈന്ഡര്പ്രവര്ത്തിക്കുന്ന അതേ രീതിയില്ത്തന്നെയാണ് ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര് പ്രവര്ത്തിക്കുന്നത്.

*നോട്ടീസ്*

- **ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര് സെന്സര്ഘടിപ്പിച്ചിരിക്കുന്നത് സീറ്റ് കുഷനിലാണ് ഭാരിച്ചതോ കൂര്ത്തതോ ആയ വസ്തുക്കള്ഫ്രണ്ട് പാസഞ്ചര്സീറ്റിലിടക്കുകയോ, ഫ്രണ്ട് പാസഞ്ചര്സീറ്റ് നീക്കം ചെയ്യുകയോ ഭേദഗതി വരുത്തുകയോ ഉണ്ടായാല്സെന്സര്ശരിയായി പ്രവര്ത്തിക്കാതാവുകയോ കേടാവുകയോ ചെയ്യാം. ഭാരിച്ചതോ കൂര്ത്തതോ ആയ വസ്തുക്കള്ഫ്രണ്ട് പാസഞ്ചര്സീറ്റിലിടക്കരുത്. പാസഞ്ചര്സീറ്റ് നീക്കം ചെയ്യുയ്കയോ അഴിച്ചെടുക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യരുത്.**
- **സീറ്റ് കവരവ്യത്യാസം അനുസരിച്ചു സെന്സര്പ്രവര്ത്തനം ദോഷകരമായി ബാധിക്കപ്പെടാം. ഈ വാഹനത്തില്മാരുതി സുസുക്കി ജനുവിന്സീറ്റ് കവര്മാത്രം ഉപയോഗിക്കണം എന്നു മാരുതി സുസുക്കി ശക്തമായി ശുപാര്ശ ചെയ്യുന്നു.**
- **ഫ്രണ്ട് പാസഞ്ചര്സീറ്റില്സുഗന്ധ ദ്രാവകങ്ങള്, പാനീയങ്ങള്ജ്യൂസ് മുതലായവ തുളുമ്പി പോയാല്സീറ്റ് കുഷനില്ഘടിപ്പിച്ചിരിക്കുന്ന ഫ്രണ്ട് പാസഞ്ചര്സീറ്റ് ബെല്റ്റ് റിമൈന്ഡര് കേടാകാനിടയുണ്ട്. ഉടന്തന്നെ മൃദുവായ തുണി കൊണ്ട് തുടച്ചു കളയുക.**

(തുടർച്ച)

*നോട്ടീസ്*

(തുടർച്ച)

- **സീറ്റ് ബെല്റ്റ് റിമൈന്ഡര്ശരിയായി പ്രവര്ത്തിക്കണമെങ്കില്ഫ്രണ്ട് പാസഞ്ചര്സീറ്റില് ഇരിക്കുമ്പോള്ബാക്ക് റെസ്റ്റില് ചാരി, സീറ്റ് കുഷനില്മദ്ധ്യത്തിലായി നിവര്ന്ന് ഇരിക്കണം. തെറ്റായ രീതിയില്(കൂനിയോ, വശം തിരിഞ്ഞോ, മുന്നോട്ടോ വശങ്ങളിലേക്കൊ ചരിഞ്ഞോ ഇരിക്കുന്നത് മൂലം ആല്ഇരിക്കുന്നത് തിരിച്ചരിയാന് കഴിയാതെ ഈ സിസ്റ്റം പ്രവര്ത്തനം തടസ്സപ്പെടാന്ഇടയുണ്ട്.**

*കുറിപ്പ് :*

- *ഫ്രണ്ട് പാസഞ്ചര്സീറ്റില്എന്തെങ്കിലും സാധനം വെച്ചാല്സാധനത്തിന്റെ ഭാരം സെന്സര്പരിഗണിക്കുന്നതിനാല് സീറ്റ് ബെല്റ്റ് റിമൈന്ഡലൈറ്റ് തെളിയുകയും അകത്തെ ബസര്ബീഫ് ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യാന്ഇടയുണ്ട്.*
- *ഒരു കുട്ടിയോ അല്ലെങ്കിലലെ്ല ചെറിയ ഒരു ആളോ ഫ്രണ്ട് പാസഞ്ചര്സീറ്റില്ഇരുന്നാലോ സീറ്റില്കുഷന്ഇട്ടാലോ സെന്സറിന് ഭാരം ശരിയായി ഗ്രഹിക്കാന്കഴിയാത്തെ വരുന്നതിനാല്ബസര്ശബ്ദിക്കാതിരിക്കാം.*

*കുറിപ്പ് :*

*മാരുതി സുസുക്കി ജനുവിന്സീറ്റ് കവര്മാത്രം ഉപയോഗിക്കണം എന്നു മാരുതി സുസുക്കി ശക്തമായി ശുപാര്ശ ചെയ്യുന്നു.*

## സീറ്റ് ബെൽറ്റ് പരിശോധന

ഉദാഹരണം



65D209S

സീറ്റ് ബെൽറ്റ് കേടില്ലാതെ ശരിയായി പ്രവർത്തിക്കുന്നു എന്ന് സമയാനുസൃതമായി പരിശോധിക്കുക. വെബ്ബിംഗ്, ബക്കിൾ, ലാച്ച് പ്ലേറ്റ്, റിട്രാക്റ്റർ, ആങ്കറേജ്, ഗൈഡ് ലൂപ്പ്, എന്നിവ പരിശോധിക്കുക. ശരിയായി പ്രവർത്തിക്കാത്ത, കേടുള്ള സീറ്റ് ബെൽറ്റ് മാറ്റി പുതിയത് ഘടിപ്പിക്കുക.

**⚠ അപായ സൂചന**

**കൂട്ടിയിടി ഉണ്ടായാൽ അതിനു ശേഷം എല്ലാ സീറ്റ് ബെൽറ്റ് അസംബ്ലികളും ഉറപ്പായും പരിശോധിക്കുക. ഒരു കൂട്ടിയിടി (വളരെ നിസ്സാരമായവ ഒഴികെ) സംഭവിക്കുമ്പോൾ ഉപയോഗിച്ചിരുന്ന സീറ്റ് ബെൽറ്റ് അസംബ്ലിയിൽ പ്രകടമായ കേടുപാടുകൾ കാണുന്നില്ല എങ്കിൽ പോലും സീറ്റ് ബെൽറ്റ് അസംബ്ലി മുഴുവനായി മാറ്റണം. ശരിയായി പ്രവർത്തിക്കാത്തതോ, കേടുള്ളതോ ആയ സീറ്റ് ബെൽറ്റ് അസംബ്ലി ഒരു കൂട്ടിയിടി സംഭവിക്കുമ്പോൾ ഉപയോഗിച്ചിരുന്നി-ല്ലെങ്കിലും മാറ്റി പുതിയത് ഘടിപ്പിക്കുക.**

## ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ

1. സ്പീഡോ മീറ്റർ
2. ഇൻഫർമേഷൻ ഡിസ്പ്ലേ
3. ട്രിപ്പ് മീറ്റർ സെലക്ടർ നോബ്
4. വാണിംഗ്, ഇൻഡിക്കേറ്റർ ലൈറ്റുകൾ




77PM02001

## സ്പീഡോ മീറ്റർ

സ്പീഡോ മീറ്റർ വാഹനത്തിന്റെ സ്പീഡ് കാണിക്കുന്നു.

### സ്പീഡ് അലര്ട്ട് സിസ്റ്റം

വാഹനം അമിത വേഗമായാല്സ്പീഡ് അലര്ട്ട് സിസ്റ്റം ശബ്ദം കൊണ്ട് ഡ്രൈവര്ക്ക് മുന്നറിയിപ്പ് നല്കുന്നു. വാഹന സ്പീഡ് 80 km/h ഇല് അധികമായാല്ഓരോ മിനിറ്റിലും രണ്ട് ബീപ്പ് ശബ്ദം പ്രാഥമിക മുന്നറിയിപ്പായി വരും. സ്പീഡ് 120 km/h ഇല്കൂടുതലായാല്രണ്ടാം ഘട്ട മുന്നറിയിപ്പായി തുടര്ച്ചയാ ബീപ്പ് ശബ്ദം വരും. സ്പീഡ് 118 km/h ആയി കുറഞ്ഞാല്പ്രാഥമിക മുന്നറിയിപ്പ് തുടരും. വാഹനത്തിന്റെ സ്പീസ് 78 കി.മീ./മണിക്കൂർ ആയാല്മുന്നറിയിപ്പ് ശബ്ദം നിലയ്ക്കും. ഈ ബസരവാഹനത്തിലെ പ്രവര്ത്തന തകരാറുകള്സൂചിപ്പിക്കുകയില്ല.

## ഫ്യൂവൽ ഗേജ്

### (പെട്രോ ഒപ്പം ബൈ-ഫ്യൂവല് ള്എഞ്ചിന്മോഡലുകള്ക്ക്)

#### പെട്രോള്




77PM07020

### (ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)

#### സി എന് ജി




77PM07019

### (പെട്രോള്എഞ്ചിന്മോഡലുകള്ക്ക്)




77PH006

ഇഗ്നീഷൻ സ്വിച്ച് “ON” (ഓൺ) സ്ഥാനത്ത് ആയിരിക്കുമ്പോൾ ഈ ഗേജ് ഫ്യൂവൽ ടാങ്കിൽ ശേഷിക്കുന്ന ഇന്ധനത്തിന്റെ ഏകദേശ സൂചന നൽകുന്നു. “F” എന്നത് ഫുൾ എന്ന് സൂചിപ്പിക്കുന്നു. “E” എന്നത് കാലി എന്ന് സൂചിപ്പിക്കുന്നു.

ഫ്യൂവൽ മീറ്റർ ഇൻഡിക്കേറ്റർ “E” യിലേക്ക് ഒരു സെഗ്മെന്റ് മാത്രം കാണിക്കുകയാണെങ്കിൽ കഴിയുന്നത്ര വേഗം ഇന്ധനം നിറയ്ക്കുക.

*കുറിപ്പ്:*
*അവസാന സെഗ്മെന്റ് ബ്ളിങ്ക് ചെയ്യുകയാണെങ്കിൽ ഇന്ധനം ഏകദേശം കഴിഞ്ഞു എന്നാണ് അർത്ഥം.*

ഇന്ധനം നിറയ്ക്കാനുള്ള ഡോർ വാഹനത്തിന്റെ വലത് വശത്ത് ആണുള്ളത് എന്ന് അടയാളം (1) സൂചിപ്പിക്കുന്നു.

# ഇൻഫർമേഷൻ ഡിസ്പ്ലേ

### (പെട്രോ ഒപ്പം ബൈ-ഫ്യൂവല് ള്എഞ്ചിന്മോഡലുകള്ക്ക്)




77PM07029

* ബൈ-ഫ്യൂവൽ എഞ്ചിൻമോഡലുകൾക്ക് ബാധകം.

**(ഡീസൽ എഞ്ചിൻ മോഡലുകൾക്കായി)**




77PH109

(1) ട്രിപ്പ് മീറ്റർ സെലക്ടർ നോബ്

(2) ഇൻഫർമേഷൻ ഡിസ്പ്ലേ

ഇഗ്നീഷൻ സ്വിച്ച് “ON” (ഓൺ) സ്ഥാനത്ത് ആയിരിക്കുമ്പോൾ ഇൻഫർമേഷൻ ഡിസ്പ്ലേയിൽ താഴെ പറയുന്ന വിവരങ്ങൾ കാണാം.

**ഡിസ്പ്ലേ (A)**
ഫ്യൂവൽ ഗേജ്

**ഡിസ്പ്ലേ (B)**
ഓഡോ മീറ്റർ / ട്രിപ്പ് മീറ്റർ / ക്ലോക്ക് / ബ്രൈറ്റ്നെസ്സ് കണ്ട്രോൾ

**ഡിസ്പ്ലേ (C)**
ഫ്യൂവല്മോഡുകള്(ഘടിപ്പിച്ചിട്ടുണ്ടെങ്കില്)

### ഫ്യൂവൽ ഗേജ്

ഇഗ്നീഷൻ സ്വിച്ച് “ON” (ഓൺ) സ്ഥാനത്ത് ആയിരിക്കുമ്പോൾ, ഡിസ്പ്ലേ (A) യിൽ ഫ്യൂവൽ ഗേജ് കാണും.

ഈ സെക്ഷനിലെ “ഫ്യൂവൽ ഗേജ്” നോക്കുക.

### ഓഡോ മീറ്റർ / ട്രിപ്പ് മീറ്റർ / ക്ലോക്ക് / ബ്രൈറ്റ്നെസ്സ് കണ്ട്രോൾ

ഇഗ്നീഷൻ സ്വിച്ച് “ON” (ഓൺ) സ്ഥാനത്ത് ആയിരിക്കുമ്പോൾ, ഡിസ്പ്ലേ (B) യിൽ താഴെ പറയുന്ന വിവരങ്ങൾ കാണാം. ഓഡോ മീറ്റർ, ട്രിപ്പ് മീറ്റർ A, ട്രിപ്പ് മീറ്റർ B അല്ലെങ്കിൽ ക്ലോക്ക്

ഡിസ്പ്ലേ ഇൻഡിക്കേഷൻ (B) മാറ്റുവാൻ, ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) വേഗത്തിൽ അമർത്തുക.

### (പെട്രോ ഒപ്പം ബൈ-ഫ്യൂവല് ള്എഞ്ചിന്മോഡലുകള്ക്ക്)




77PH007

### (ഡീസൽ എഞ്ചിൻ മോഡലിന്)




77PH007

(a) ഓഡോ മീറ്റർ
(b) ട്രിപ്പ് മീറ്റർ A
(c) ട്രിപ്പ് മീറ്റർ B
(d) ക്ലോക്ക്
(e) ബ്രൈറ്റ്നെസ്സ് കണ്ട്രോൾ*

* പൊസിഷൻ ലൈറ്റ് കൂടാതെ / അല്ലെങ്കിൽ ഹെഡ് ലൈറ്റ് ഓൺ ആണെങ്കിൽ ബ്രൈറ്റ്നെസ്സ് കണ്ട്രോൾ കാണാൻ കഴിയും.

**⚠ അപായ സൂചന**

**ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡിസ്പ്ലേ ക്രമീകരിക്കാൻ ശ്രമിച്ചാൽ, വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു പോകും.**

**ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡിസ്പ്ലേ ക്രമീകരിക്കാൻ ശ്രമിക്കരുത്.**

*കുറിപ്പ്:*
*നോബ് അമർത്തി ഉടൻ തന്നെ വിട്ടാൽ ഇൻഡിക്കേഷൻ മാറും.*

**ഓഡോ മീറ്റർ**
വാഹനം ഓടിയ ആകെ ദൂരം ഓഡോ മീറ്റർ രേഖപ്പെടുത്തുന്നു.

***നോട്ടീസ്***

**ഓഡോ മീറ്റർ റീഡിംഗ് പതിവായി നിരീക്ഷിക്കുക. ആവശ്യമായ സർവീസുകൾ ചെയ്യാൻ മെയിന്റനൻസ് പട്ടിക പതിവായി നോക്കുക.**
**കൃത്യമായ മൈലേജ് ഇടവേളകളിൽ ആവശ്യമായ മെയിന്റനൻസ് നടത്താതിരുന്നാൽ അത് ചില പാർട്ടുകൾക്ക് അമിതമായ തേയ്മാനവും കേടുപാടുകളും ഉണ്ടാകാൻ ഇടയാക്കും.**

**ട്രിപ്പ് മീറ്റർ**
ഇന്ധനം നിറയ്ക്കുന്നതിനു നിർത്തുന്നതിന് ഇടയിൽ സഞ്ചരിക്കുന്ന ചെറിയ ദൂരങ്ങൾ അളക്കാൻ ട്രിപ്പ് മീറ്റർ പ്രയോജനപ്പെടുന്നു. ട്രിപ്പ് മീറ്റർ A, ട്രിപ്പ് മീറ്റർ B എന്നിവയിൽ ഏതു വേണമെങ്കിലും സ്വതന്ത്രമായി ഉപയോഗിക്കാം.

ട്രിപ്പ് മീറ്റർ സീറോ സെറ്റ് ചെയ്യാൻ, ഡിസ്‌പ്ലേയിൽ ട്രിപ്പ് മീറ്റർ കാണിക്കുന്ന സമയത്ത് ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) അമർത്തി അൽപ നേരം ആ നിലയിൽ പിടിക്കുക.

*കുറിപ്പ്:*
*ട്രിപ്പ് മീറ്ററിൽ കാണിക്കാൻ കഴിയുന്ന പരമാവധി വാല്യൂ 9999.9 ആണ്. പരമാവധി വാല്യൂ കടന്നു പോയാൽ വാല്യൂ 0.0 ആകും.*

**ക്ലോക്ക്**
ഡിസ്‌പ്ലേയിൽ സമയം കാണിക്കും.
സമയം കാണിക്കുന്നത് മാറ്റം വരുത്താൻ:

1) ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) അമർത്തി മിനിറ്റ് കാണിക്കുന്നത് ബ്ളിങ്ക് ആകുന്നതു വരെ ആ നിലയിൽ പിടിക്കുക.
2) മിനിറ്റ് ഇൻഡിക്കേഷൻ മാറ്റുവാൻ മിനിറ്റ് ഇൻഡിക്കേഷൻ ബ്ളിങ്ക് ആകുമ്പോൾ ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) ആവർത്തിച്ച് അമർത്തുക. മിനിറ്റ് ഇൻഡിക്കേഷൻ വേഗത്തിൽ മാറ്റുവാൻ മിനിറ്റ് കാണിക്കുന്നത് ബ്ലിൻക് ആകുമ്പോൾ ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) അമർത്തി അൽപ നേരം ആ നിലയിൽ പിടിക്കുക. മിനിറ്റ് ഇൻഡിക്കേഷൻ സെറ്റ് ചെയ്യാൻ മണിക്കൂർ ഇൻഡിക്കേഷൻ ബ്ലിൻക് ആകുന്നതു വരെ ഏകദേശം 5 സെക്കന്റ് കാത്തു നിൽക്കുക.
3) മണിക്കൂർ ഇൻഡിക്കേഷൻ മാറ്റുവാൻ മിനിറ്റ് ഇൻഡിക്കേഷൻ ബ്ലിൻക് ആകുന്നത് വരെ ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) ആവർത്തിച്ച് അമർത്തുക. ഏകദേശം 5 സെക്കന്റ് കാത്തു നിൽക്കുക. മണിക്കൂർ ഇൻഡിക്കേഷൻ ബ്ലിൻക് ആകും. മണിക്കൂർ ഇൻഡിക്കേഷൻ വേഗത്തിൽ മാറ്റുവാൻ ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) വേഗത്തിൽ അമർത്തി അൽപ സമയം ആ നിലയിൽ പിടിക്കുക. മണിക്കൂർ ഇൻഡിക്കേഷൻ സെറ്റ് ചെയ്യാൻ ഏകദേശം 5 സെക്കണ്ട് കാത്തു നിൽക്കുക.

**⚠ അപായ സൂചന**

**ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡിസ്‌പ്ലേ ക്രമീകരിക്കാൻ ശ്രമിച്ചാൽ, വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു പോകും.**

**ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡിസ്‌പ്ലേ ക്രമീകരിക്കാൻ ശ്രമിക്കരുത്.**

*കുറിപ്പ്:*
*ബാറ്ററിയിൽ നെഗറ്റീവ് (-) ടെർമിനൽ വീണ്ടും കണക്റ്റ് ചെയ്താൽ ക്ലോക്ക് ഇൻഡിക്കേഷൻ വീണ്ടും സജീവമാകും. ഇഷ്ടത്തിന് അനുസരിച്ച് വീണ്ടും ഇൻഡിക്കേഷൻ മാറ്റുക.*

**ബ്രൈറ്റ്നെസ്സ് കണ്ട്രോൾ**
പൊസിഷൻ ലൈറ്റ് കൂടാതെ / അല്ലെങ്കിൽ ഹെഡ് ലൈറ്റ് ഓൺ ആണെങ്കിൽ താങ്കൾക്ക് മീറ്റർ തിളങ്ങുന്ന തീവ്രത നിയന്ത്രിക്കാം.

ഇൻസ്ട്രുമെന്റ് പാനൽ ലൈറ്റ് ബ്രൈറ്റ്നെസ്സ് മാറ്റം വരുത്താൻ ട്രിപ്പ് മീറ്റർ സെലക്ടർ നോബ് (1) അമർത്തി അൽപ സമയം ആ നിലയിൽ പിടിക്കുക.

**⚠ അപായ സൂചന**

**ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡിസ്‌പ്ലേ ക്രമീകരിക്കാൻ ശ്രമിച്ചാൽ, വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു പോകും.**

**ഡ്രൈവ് ചെയ്യുന്ന സമയത്ത് ഡിസ്‌പ്ലേ ക്രമീകരിക്കാൻ ശ്രമിക്കരുത്.**

*കുറിപ്പ്:*
- *ബ്രൈറ്റ്നെസ്സ് കണ്ട്രോൾ ഡിസ്‌പ്ലേ ആക്റ്റീവ് ആയി 10 സെക്കന്റിനകം ട്രിപ്പ് മീറ്റർ സെലക്ടർ നോബ് അമർത്തിയില്ലെങ്കിൽ ബ്രൈറ്റ്നെസ്സ് കണ്ട്രോൾ ഡിസ്‌പ്ലേ സ്വയം കാൻസൽ ആവും.*
- *ബാറ്ററി വീണ്ടും കണക്റ്റ് ചെയ്താൽ ഇൻസ്ട്രുമെന്റ് പാനൽ ബ്രൈറ്റ്നെസ്സ് വീണ്ടും സജീവമാകും. ഇഷ്ടത്തിന് അനുസരിച്ച് ബ്രൈറ്റ്നെസ്സ് മാറ്റുക.*

## ഫ്യൂവല്‍മോഡുകള്‍ (ഘടിപ്പിച്ചിട്ടുണ്ടെങ്കില്‍)

വാഹനത്തില്‍പെട്രോള്‍, ഓട്ടോ, ഫോഴ്സ്ഡ് സി എന്‍ജി എനീ മോഡുകള്‍ഉണ്ട്. ഇവ ഡാഷ് ബോര്‍ഡില്‍സ്റ്റിയറിംഗ് വീലിന്റെ വലതു ഭാഗത്തായി ഘടിപ്പിച്ചിരിക്കുന്ന സെലക്റ്റര്‍സ്വിച്ച് (1) ഉപയോഗിച്ച് സെലക്റ്റ് ചെയ്യാം.

ഉദാഹരണം



77PM02005

### പെട്രോള്മോഡ്

ഉദാഹരണം




77PM02002

- എല്ലായ്പ്പോഴും സീറ്റ് ബെൽറ്റ് ധരിക്കുക. ഡ്രൈവറും, പാസഞ്ചറും, വാഹനത്തിൽ ഉള്ള സീറ്റ് ബെൽറ്റ് ഉപയോഗിച്ച് ശരിയായ രീതിയിൽ ചലനം നിയന്ത്രിതരായി ഇരിക്കണം. സീറ്റ് ബെൽറ്റ് ശരിയായ രീതിയിലുള്ള ഉപയോഗത്തെ കുറിച്ച് നിർദ്ദേശങ്ങൾക്ക് “സീറ്റ് ബെൽറ്റ്” ഭാഗം നോക്കുക.
- മദ്യം, മയക്കു മരുന്നുകൾ എന്നിവ ഉപയോഗിച്ച അവസ്ഥയിൽ ഡ്രൈവ് ചെയ്യരുത്. മദ്യം, മയക്കു മരുന്നുകൾ എന്നിവ സുരക്ഷിതമായി ഡ്രൈവ് ചെയ്യാനുള്ള താങ്കളുടെ കഴിവിനെ ദോഷകരമായി ബാധിക്കും. ഇത് മൂലം താങ്കൾക്കും മറ്റുള്ളവർക്കും അപകടം സംഭവിക്കാൻ സാദ്ധ്യത വർദ്ധിക്കുന്നു. ക്ഷീണം, അസുഖം, അസ്വസ്ഥത, മാനസിക സംഘർഷം എന്നീ അവസ്ഥകളിലും ഡ്രൈവ് ചെയ്യുന്നത് ഒഴിവാക്കുക.

## റണ്ണിംഗ്-ഇന്

*നോട്ടീസ്*

എഞ്ചിന്റെ ഭാവിയിൽ ഉള്ള പ്രകടന മികവും വിശ്വാസ്യതയും അതിന്റെ ആദ്യ നാളുകളിൽ താങ്കൾ നൽകുന്ന പരിചരണത്തെയും സംയമനത്തെയും ആശ്രയിച്ചിരിക്കുന്നു. വാഹനത്തിന്റെ പ്രവർത്തനത്തിലെ ആദ്യ 960 കി.മീ വരെ താഴെ പറയുന്ന മുൻ കരുതലുകൾ എടുക്കേണ്ടത് വളരെ പ്രധാനമാണ്.

- സ്റ്റാർട്ട് ചെയ്തു കഴിഞ്ഞാൽ എഞ്ചിൻ റേസ് ചെയ്യരുത്. അത് മെല്ലെ മെല്ലെ വാം അപ് ആവണം.
- സ്ഥിരമായ സ്പീഡിൽ ദീർഘ നേരം പ്രവർത്തിക്കുന്നത് ഒഴിവാക്കുക. സ്പീഡ് മാറിക്കൊണ്ടിരുന്നാല് ചലിക്കുന്ന യന്ത്ര ഭാഗങ്ങൾ കൂടുതൽ നന്നായി ബ്രേക്ക് - ഇൻ ആവും.
- നിൽക്കുന്ന നിലയിൽ നിന്ന് മെല്ലെ പുറപ്പെടുക. ഫുൾ ത്രോട്ടിൽ സ്റ്റാർട്ട് ഒഴിവാക്കുക.
- കടുത്ത ബ്രേക്കിംഗ്, വിശേഷിച്ച് ആദ്യ 320 കി.മീ. ഡ്രൈവിങ്ങിൽ, ഒഴിവാക്കുക.
- ട്രാൻസ്മിഷൻ ഉയർന്ന ഗിയറിൽ ആയിരിക്കുമ്പോൾ കുറഞ്ഞ വേഗതയിൽ ഡ്രൈവ് ചെയ്യരുത്.
- മിതമായ എഞ്ചിൻ സ്പീഡിൽ ഡ്രൈവ് ചെയ്യുക.
- ട്രെയിലർ ടോ ചെയ്തു കൊണ്ട് പോകരുത്.

## കാറ്റാലിറ്റിക്ക് കൺവേർട്ടർ

ഉദാഹരണം



77PH201

വാഹനത്തിന്റെ എക്സോസ്റ്റിൽ ഉള്ള ദോഷകരമായ വസ്തുക്കളുടെ അളവ് കുറയ്ക്കുവാൻ വേണ്ടി ഉള്ളതാണ് കാറ്റാലിറ്റിക്ക് കൺവേർട്ടർ. കാറ്റാലിറ്റിക്ക് കൺവേർട്ടർ ഉള്ള വാഹനങ്ങളിൽ ലെഡ് ചേർത്ത ഇന്ധനം ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു. കാരണം ദോഷകരമായ വസ്തുക്കൾ കുറയ്ക്കാനായി കാറ്റാലിറ്റിക്ക് സിസ്റ്റത്തിൽ ഉള്ള ഘടകങ്ങളെ ലെഡ് നിർവീര്യമാക്കും.

ലെഡ് ഇല്ലാത്ത ഇന്ധനമുപയോഗിച്ച് സാധാരണ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ വാഹനത്തിന്റെ ആയുഷ്കാലം മുഴുവൻ നിലനിൽക്കുന്ന വിധത്തിലാണ് കാറ്റാലിറ്റിക്ക് കൺവേർട്ടർ രൂപകൽപന ചെയ്തിരിക്കുന്നത്. കൺവേർട്ടറിന് പ്രത്യേക മെയിന്റനൻസ് ആവശ്യമില്ല. പക്ഷെ, എഞ്ചിൻ ശരിയായി ട്യൂൺ ചെയ്ത് വെക്കുക എന്നത് വളരെ പ്രധാനമാണ്. എഞ്ചിൻ ശരിയായി ട്യൂൺ ചെയ്യാത്തത് മൂലം എഞ്ചിൻ മിസ് ഫയറിംഗ് ഉണ്ടായാൽ കാറ്റാലിസ്റ്റ് അമിതമായി ചൂടാകും.

ഈ ചൂട് മൂലം കാറ്റാലിസ്റ്റിനും, വാഹനത്തിലെ മറ്റു ഭാഗങ്ങൾക്കും സ്ഥിരമായ കേട് ഉണ്ടാകാൻ കാരണമാകും.

*നോട്ടീസ്*

കാറ്റാലിസ്റ്റിനും, വാഹനത്തിലെ മറ്റു ഭാഗങ്ങൾക്കും കേട് സംഭവിക്കാതിരിക്കാൻ:

- എഞ്ചിൻ ശരിയായ പ്രവർത്തന സ്ഥിതിയിൽ നിലനിർത്തുക.
- എഞ്ചിൻ പ്രവർത്തന തകരാർ, പ്രത്യേകിച്ച് എഞ്ചിൻ മിസ് ഫയറിംഗ് അല്ലെങ്കിൽ മറ്റു വിധത്തിൽ പ്രകടമായ പ്രവർത്തന ശേഷിക്കുറവ്, ഉണ്ടായാൽ വാഹനം ശരിയായി സർവീസ് ചെയ്യിക്കുക.
- ട്രാൻസ്മിഷൻ ഗിയറിൽ ആയിരിക്കുകയും വാഹനം നീങ്ങിക്കൊണ്ട് ഇരിക്കുകയും ചെയ്യുമ്പോൾ എഞ്ചിൻ ഓഫ് ആകുകയോ ഇഗ്നീഷൻ തടസ്സപ്പെടുത്തുകയോ ചെയ്യരുത്.
- വാഹനം തള്ളിയോ, കെട്ടി വലിച്ചോ, ഇറക്കത്തിൽ ഉരുട്ടി വിട്ടോ സ്റ്റാർട്ട് ചെയ്യാൻ ശ്രമിക്കരുത്.
- ഐഡിലിംഗ് സുഗമമല്ലാതെ തോന്നുകയോ മറ്റെന്തെങ്കിലും പ്രവർത്തന പ്രശ്നങ്ങൾ കാണുകയോ ആണെങ്കിൽ വാഹനം അധിക നേരം ഐഡിൽ ചെയ്യരുത്.
- ഐഡില്ചെയ്യുന്നത് സുഗമമല്ലാതെ തോന്നുകയോ മറ്റെന്തെകിലും പ്രവര്ത്തന തകരാര്കാണുകയോ ചെയ്താല്നീണ്ട സമയം ഐഡില്ചെയ്യരുത്.
- ഫ്യൂവൽ ടാങ്ക് കാലി ലെവൽ വരെ എത്താൻ അനുവദിക്കരുത്.
- അമിതമായ എഞ്ചിൻ സ്പീഡിൽ വാഹനം ഓടിക്കുന്നത് ഒഴിവാക്കുക.

**⚠ അപായ സൂചന**

**വാഹനം പാർക്ക് ചെയ്യുന്നതും ഡ്രൈവ് ചെയ്യുന്നതും ആയ പ്രദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. കാറ്റാലിറ്റിക്ക് കൺവേർട്ടറും മറ്റു എക്സോസ്റ്റ് ഘടകങ്ങളും വളരെ ചൂടായിരിക്കും. മറ്റേതൊരു വാഹനവും പോലെ, ഈ വാഹനവും, ഉണങ്ങിയ പുല്ലും ഇലകളും എക്സോസ്റ്റ് സിസ്റ്റവുമായി സമ്പർക്കം ഉണ്ടാവാൻ ഇടയുള്ള സ്ഥലങ്ങളിൽ വാഹനം പ്രവർത്തിപ്പിക്കുകയോ പാർക്ക് ചെയ്യുകയോ അരുത്.**

ഉദാഹരണം



82DY05

## ഇന്ധന ക്ഷമത മെച്ചപ്പെടുത്താന്

താഴെ പറയുന്ന നിർദ്ദേശങ്ങൾ ഇന്ധന ക്ഷമത മെച്ചപ്പെടുത്താൻ സഹായകമാവും.

**അമിതമായ ഐഡിലിംഗ് ഒഴിവാക്കുക**

പാർക്ക് ചെയ്യുന്ന സമയത്ത്, ഒരു മിനിറ്റിൽ കൂടുതൽ സമയം കാത്തു നിൽക്കേണ്ട ആവശ്യമുണ്ടെങ്കിൽ എഞ്ചിൻ ഓഫ് ചെയ്ത് പിന്നീട് സ്റ്റാർട്ട് ചെയ്യുക. തണുത്ത എഞ്ചിൻ വാം അപ് ചെയ്യുമ്പോൾ എഞ്ചിൻ സാദരം പ്രവർത്തന താപം എത്തുന്നത് വരെ എഞ്ചിൻ ഐഡിൽ ചെയ്യാൻ വിടുകയോ, ഫുൾ ത്രോട്ടിൽ പ്രയോഗിക്കുകയോ ചെയ്യരുത്. ഡ്രൈവ് ചെയ്യുന്ന സമയത്ത് എഞ്ചിൻ വാം അപ് ആക്കുക.

**പെട്ടെന്നുള്ള ആക്സിലറേഷൻ ഒഴിവാക്കുക**

നിൽക്കുന്ന അവസ്ഥയിൽ നിന്നോ ഓടിക്കൊണ്ട് ഇരിക്കുമ്പോഴോ പെട്ടെന്നുള്ള ആക്സിലറേഷൻ മൂലം അനാവശ്യമായി ഇന്ധനം ചെലവാകും. എഞ്ചിൻ ആയുസ്സ് കുറയും. മെല്ല സ്റ്റാർട്ട് ഓഫ് ചെയ്യുക.

**അനാവശ്യമായ നിർത്തൽ ഒഴിവാക്കുക**

അനാവശ്യമായ വേഗത കുറയ്ക്കലും നിർത്തലും ഒഴിവാക്കുക. കഴിയുന്നിടത്തെല്ലാം സ്ഥിരമായ കുറഞ്ഞ സ്പീഡ് നില നിർത്തുക. സ്പീഡ് കുറയ്ക്കലും വീണ്ടും കൂട്ടലും മൂലം കൂടുതൽ ഇന്ധനം ചെലവാകും.

**സ്ഥിരമായ ക്രൂസിംഗ് സ്പീഡ് പാലിക്കുക**

റോഡും ട്രാഫിക് സാഹചര്യങ്ങളും അനുവദിക്കുന്നതിന് അനുസൃതമായ സ്ഥിരമായ സ്പീഡ് പാലിക്കുക.

### എയർ ക്ലീനർ വൃത്തിയായി സൂക്ഷിക്കുക

ഉദാഹരണം



60A183S

എയർ ക്ലീനർ പൊടി പിടിച്ച് അടഞ്ഞാൽ, ഇൻടേക്ക് റെസിസ്റ്റൻസ് കൂടുതൽ ആവും. പവർ ഔട്ട് പുട്ട് കുറയുകയും ഇന്ധന ചെലവ് കൂടുകയും ചെയ്യും.

### പരമാവധി കുറഞ്ഞ ഭാരം എടുക്കുക

ലോഡ് ഭാരം കൂടും തോറും വാഹനം കൂടുതൽ ഇന്ധനം ഉപയോഗിക്കും. ആവശ്യമില്ലാത്ത ലഗേജ്, കാർഗോ എടുത്തു മാറ്റുക.

### ശരിയായ ടയർ പ്രഷർ നില നിർത്തുക

കുറഞ്ഞ ഇൻഫ്ലേഷൻ ആയാൽ ടയറുകളുടെ റണ്ണിംഗ് റെസിസ്റ്റൻസ് വർദ്ധിക്കുന്നത് മൂലം ഇന്ധനം പാഴാകും. താങ്കളുടെ ടയറുകൾ വാഹനത്തിന്റെ ഡോർ ലോക്ക് പില്ലറിലുള്ള ലേബലിൽ കാണിക്കുന്ന ശരിയായ പ്രഷറിൽ വായു നിറച്ചു സൂക്ഷിക്കുക.

## ഹൈ വേയിൽ ഡ്രൈവ് ചെയ്യല്

ഹൈ വേ സ്പീഡിൽ ഡ്രൈവ് ചെയ്യുമ്പോൾ താഴെ പറയുന്നവാ ശ്രദ്ധിക്കുക.

- വാഹന സ്പീഡ് കൂടുന്നത് അനുസരിച്ച് നിർത്താൻ ആവശ്യമായ അകലവും കൂടും. വർദ്ധിച്ച സ്റ്റോപ്പിംഗ് അകലം കണക്കിലെടുത്ത് ആവശ്യമുള്ളാ കലത്ത്തിൽ നിന്ന് തന്നെ ബ്രേക്ക് പ്രയോഗിക്കുക.
- മഴയുള്ള ദിവസങ്ങളിൽ ഹൈഡ്രോ പ്ലേനിംഗ് സംഭവിക്കാം. വെള്ളത്തിന്റെ നേരിയ ഫിലിം റോഡ് പ്രതലത്തിനും ടയറിനും ഇടയിൽ ഉണ്ടാകുന്നത് മൂലം അവ നേരിട്ടുള്ള സമ്പർക്കം നഷ്ടപ്പെടുന്നതാണ് ഹൈഡ്രോ പ്ലേനിംഗ്. ഹൈഡ്രോ പ്ലേനിംഗ് ഉള്ളപ്പോൾ വാഹനം തിരിക്കുന്നതും ബ്രേക്ക് ചെയ്യുന്നതും വളരെ പ്രയാസകരമാണ്. റോഡ് പ്രതലം നനഞ്ഞിരിക്കുമ്പോൾ കുറഞ്ഞ സ്പീഡിൽ ഡ്രൈവ് ചെയ്യുക.
- സ്പീഡ് കൂടിയാൽ, വശങ്ങളിൽ നിന്നുള്ള കാറ്റ് വാഹനത്തിന്റെ നിയന്ത്രണത്തെ ബാധിക്കും. അതിനാൽ, സ്പീഡ് കുറയ്ക്കുക. തുരങ്കത്തിൽ നിന്ന് പുറത്ത് വരുമ്പോഴും, മലയിടുക്കിൽ കൂടി പോകുമ്പോഴും, വലിയ വാഹനങ്ങൾ കടന്നു പോകുമ്പോഴും ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ ചാഞ്ചാട്ടം നേരിടാൻ തയ്യാറായിരിക്കുക.

## മലകളിൽ ഡ്രൈവ് ചെയ്യുമ്പോള്

- കുത്തനെയുള്ള മല കയറുമ്പോൾ, വാഹനം സ്പീഡ് കുറയുകയും പവർ കുറഞ്ഞതായി അനുഭവപ്പെടുകയും ചെയ്യും. ഇങ്ങനെ സംഭവിച്ചാൽ, എഞ്ചിൻ വീണ്ടും സാധാരണ പ്രവർത്തന പവറിലേക്ക് വരാനായി താഴ്ന്ന ഗിയറിലേക്ക് ഡൌൺ ഷിഫ്റ്റ് ചെയ്യുക. വാഹനത്തിന്റെ മുന്നോട്ടുള്ള ആക്കം നഷ്ടപ്പെടാതിരിക്കാൻ പെട്ടെന്ന് ഗിയർ മാറ്റുക.
- മല ഇറക്കത്തിൽ ഡ്രൈവ് ചെയ്യുമ്പോൾ, താഴ്ന്ന ഗിയറിലേക്ക് ഡൌൺ ഷിഫ്റ്റ് ചെയ്ത് ബ്രേക്കിങ്ങിനായി എഞ്ചിൻ ഉപയോഗപ്പെടുത്തുക.

ഉദാഹരണം




77PH003

**⚠ അപായ സൂചന**

**കുത്തനെയുള്ള, ദൂരം കൂടിയ ഇറക്കം ഇറങ്ങുമ്പോൾ ബ്രേക്ക് പെഡൽ അധിക സമയത്തേക്ക്, അല്ലെങ്കിൽ അമർത്തി പിടിക്കരുത്. ഇത് ബ്രേക്ക് അമിതമായി ചൂടാകാനും ബ്രേക്കിംഗ് കാര്യക്ഷമത കുറയാനും കാരണമാകും. മുൻ കരുതൽ എടുക്കാതിരുന്നാൽ വാഹനം നിയന്ത്രണം വിട്ടു പോകും.**

### നിശ്ചലമായി നിൽക്കുന്ന അവസ്ഥയിൽ നിന്ന് മല / കയറ്റം കയറുമ്പോൾ

- വാഹനം പുറകോട്ടു ഉരുണ്ട് പോകാതിരിക്കാൻ പാർക്കിംഗ് ബ്രേക്ക് പൂർണ്ണമായി പ്രയോഗിക്കുക.
- ക്ലച്ച് പെഡൽ അമർത്തി ഗിയർ 1st സ്ഥാനത്തേക്ക് ഷിഫ്റ്റ് ചെയ്യുക.
- ക്ലച്ച് സ്ലിപ് ആകരുത്.
- സ്റ്റാർട്ട് ചെയ്യാൻ തയ്യാറായാൽ, ആക്സിലറേറ്റർ പെഡൽ അമർത്തുന്നതോടൊപ്പം തന്നെ ക്ലച്ച് മെല്ലെ റിലീസ് ചെയ്യുക. വാഹനം നീങ്ങി തുടങ്ങിയാൽ ക്രമേണയായി പാർക്കിംഗ് ബ്രേക്ക് റിലീസ് ചെയ്യുക.

**നോട്ടീസ്**

**മല ഇറങ്ങുമ്പോൾ, ഇഗ്നീഷൻ ചാവി ഒരിക്കലും "LOCK" (ലോക്ക്) സ്ഥാനത്തേക്ക് തിരിക്കരുത്. അത് എമിഷൻ കണ്ട്രോൾ സിസ്റ്റത്തെ ബാധിക്കും.**

## വഴുതൽ ഉള്ള റോഡിൽ ഡ്രൈവ് ചെയ്യല്



ഉദാഹരണം

82DY06

ബ്രേക്ക് ചെയ്യുമ്പോൾ ടയർ വഴുതിപ്പോകും എന്നതിനാൽ നനവുള്ള റോഡ് സാഹചര്യങ്ങളിൽ ഉണക്കമുള്ള റോഡിനെ അപേക്ഷിച്ച് കുറഞ്ഞ സ്പീഡിൽ ഡ്രൈവ് ചെയ്യുക. മഞ്ഞ് നിറഞ്ഞ, ചേറ് ഉള്ള റോഡില് ഡ്രൈവ് ചെയ്യുമ്പോള് സ്പീഡ് കുറയ്ക്കുക. പെട്ടെന്നുള്ള ആക്സിലറേഷന്, പെട്ടെന്നുള്ള സ്റ്റിയറിംഗ് ചലനം എന്നിവ ഒഴിവാക്കുക.

### വാഹനം സ്റ്റക് ആയാൽ

മഞ്ഞ്, ചേറ്, മണൽ മുതലായവയിൽ വാഹനം സ്റ്റക് ആയാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പിൻ തുടരുക.

1) ട്രാന്സ്മിംഷൻ ഫസ്റ്റും റിവേർസും ഗിയറിനിടയിൽ മുന്നോട്ടും പുറകോട്ടും മാറ്റുക. ഇങ്ങനെ ചെയ്താലുണ്ടാകുന്ന റോക്കിംഗ് (ആടൽ) ചലനം കൊണ്ട് വാഹനത്തെ സ്വതന്ത്രമാക്കാനുള്ള ആക്കം ലഭിക്കും. വീലുകൾ കുറഞ്ഞ rpm (ആർ.പി.എം) ഇൽ കറങ്ങിക്കൊണ്ടിരിക്കാൻ ആക്സിലറേറ്റർ മെല്ലെ അമർത്തുക. ഗിയർ ഷിഫ്റ്റ് ചെയ്യുമ്പോൾ ആക്സിലറേറ്ററിൽ നിന്ന് കാലെടുക്കുക.
   എഞ്ചിൻ റേസ് ചെയ്യരുത്. വീലുകൾ അധികം വേഗത്തിൽ കറങ്ങിയാൽ ടയറുകൾ കൂടുതൽ താഴോട്ട് പോകും. വാഹനം സ്വതന്ത്രമാകാൻ കൂടുതൽ പ്രയാസം നേരിടും.
2) ഏതാനും മിനിറ്റ് ഇപ്രകാരം ചെയ്ത ശേഷവും വാഹനം സ്റ്റക് ആയി നിന്നാൽ വലിച്ചു കയറ്റാനായി മറ്റൊരു വാഹനം കൊണ്ട് വരുക.

**⚠ അപായ സൂചന**

**വാഹനം റോക്കിംഗ് ചെയ്യുമ്പോൾ ആരും വാഹനത്തിന് അടുത്ത് നിൽക്കാൻ അനുവദിക്കരുത്. സ്പീഡോ മീറ്ററിൽ 40 കി.മീ. സൂചിപ്പിക്കുന്ന വേഗത്തിൽ കൂടുതലായ വേഗത്തിൽ വീലുകൾ കറങ്ങരുത് അതിലും വേഗത്തിൽ കറങ്ങിയാൽ ആളപായം / കൂടാതെ / അല്ലെങ്കിൽ വാഹനത്തിന് കേട് സംഭവിക്കാൻ ഇടയുണ്ട്.**

**നോട്ടീസ്**

**ഏതാനും മിനിറ്റിൽ കൂടുതൽ വാഹനം റോക്കിംഗ് ചെയ്യരുത്. ദീർഘ നേരം റോക്കിംഗ് ചെയ്താൽ എഞ്ചിൻ അമിതമായി ചൂടാവുകയും ട്രാൻസ്മിഷൻ കേടാവുകയും ചെയ്യും.**

## നനഞ്ഞ റോഡിൽ ഡ്രൈവ് ചെയ്യല്

**നോട്ടീസ്**

- **നനഞ്ഞ റോഡിൽ ഡ്രൈവ് ചെയ്യുമ്പോൾ റോഡിൽ വലിയ അളവിൽ കെട്ടി നിൽക്കുന്ന വെള്ളത്തിലൂടെ ഡ്രൈവ് ചെയ്യുന്നത് ഒഴിവാക്കുക. എഞ്ചിൻ കമ്പാർട്ട്മെന്റിൽ അമിതമായ അളവിൽ വെള്ളം കടന്നാൽ എഞ്ചിനും ഇലക്ട്രിക്കൽ ഘടകങ്ങളും കേടാവും.**
- **ആഴത്തിൽ കെട്ടി നിൽക്കുന്ന വെള്ളത്തിൽ സ്റ്റക്ക് ആയാൽ വെള്ളത്തിന്റെ ലെവൽ താഴുന്നത് വരെ സ്റ്റാർട്ട് ചെയ്യരുത്.**
- **വെള്ളം കംപ്രസ് ചെയ്യാനാവാത്ത വസ്തുവാണ്. എഞ്ചിന് അകത്ത് വെള്ളം കടക്കുന്നത് എഞ്ചിന് ദോഷകരമാണ്.**

ഉദാഹരണം



82DY07

**⚠ അപായ സൂചന**

ഈ സെക്ഷനില് പറഞ്ഞ ഡ്രൈവിംഗ് ഉപദേശങ്ങൾ പിൻ തുടരുന്നതിന് പുറമേ, താഴെ പറയുന്ന മുൻ കരുതലുകൾ എടുക്കേണ്ടത് പ്രധാനമാണ്.

- ടയറുകൾ നല്ല നിലയിൽ ആണ് എന്ന് ഉറപ്പാക്കുക. എപ്പോഴും നിർദ്ദിഷ്ട ടയർ പ്രഷർ നില നിർത്തുക. വിശദാംശങ്ങൾക്ക് “ഇൻസ്പെക്ഷൻ ആൻഡ് മെയിന്റനൻസ്” സെക്ഷനിൽ “ടയർ” ഭാഗം നോക്കുക.
- മാരുതി സുസുക്കി നിർദ്ദേശിച്ചതല്ലാത്ത ടയർ ഉപയോഗിക്കരുത്. ഫ്രണ്ട്, റിയർ വീലുകളിൽ വ്യത്യസ്ത സൈസ്, ഇനം ടയർ ഉപയോഗിക്കരുത്. നിർദ്ദിഷ്ട ടയർ സംബന്ധിച്ച വിവരങ്ങൾക്ക് ഡ്രൈവർ ഡോർ ലോക്ക് പില്ലറിലുള്ള ലേബലിൽ കൊടുത്ത വിവരങ്ങൾ നോക്കുക.
- വാഹനത്തിന്റെ ഉയരം കൂട്ടാനായി (ജാക്ക് അപ്പ്) കൂടിയ സൈസ് ടയർ, പ്രത്യേക ഷോക്ക് അബ്സോർബർ മുതലായവ ഉപയോഗിക്കരുത്. അത് വാഹനത്തിന്റെ കൈകാര്യ രീതികളിൽ മാറ്റമുണ്ടാക്കും. കൂടിയ സൈസ് ടയറുകൾ ബംപുകൾ കടക്കുമ്പോൾ ബോഡിയിൽ ഉരസുകയും, വാഹനം കേടാകാനും ടയർ പൊട്ടാനും ഇടയാക്കും.
- വെള്ളത്തിൽ കൂടി ഡ്രൈവ് ചെയ്താൽ, കുറഞ്ഞ സ്പീഡിൽ ഡ്രൈവ് ചെയ്ത് ബ്രേക്കുകൾ സാധാരണ നിലയിലുള്ള പോലെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ടെസ്റ്റ് ചെയ്യുക. അവ സാധാരണ പോലെ ഫലപ്രദമാകുന്നില്ലെങ്കിൽ ബ്രേക്കുകൾ ഉണങ്ങി, സാധാരണ പ്രവർത്തന ശേഷി വീണ്ടെടുക്കുന്നത് വരെ കുറഞ്ഞ സ്പീഡിൽ ഡ്രൈവ് ചെയ്തു കൊണ്ട് ബ്രേക്ക് ആവർത്തിച്ച് പ്രയോഗിക്കുക.

## സുരക്ഷിതമായ ഡ്രൈവിങ്ങിന് ‘ചെയ്യേണ്ടതും’ ‘ചെയ്യരുതാത്തതും’

വാഹനം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുക. സ്വന്തം സുരക്ഷ മാത്രമല്ല, റോഡിൽ യാത്ര ചെയ്യുന്ന മറ്റുള്ളവരുടെയും സുരക്ഷയെ കുറിച്ച് ഓർക്കുക. ഏറ്റവും മികച്ച സുഖകരമായ ഡ്രൈവിംഗ് അനുഭവം ആസ്വദിക്കുക.

സുരക്ഷിതമായ ഡ്രൈവിങ്ങിനുള്ള പ്രാഥമിക നിയമങ്ങൾ താഴെ കൊടുക്കുന്നു. സുരക്ഷിതവും സന്തോഷകരവും ആയ യാത്ര ആസ്വദിക്കാൻ ഇവ ശ്രദ്ധാപൂർവ്വം വായിച്ച് ഉള്ളടക്കം മനസ്സിലാക്കുക.

### സ്റ്റാർട്ട് ചെയ്യൽ

1) സൌകര്യപ്രദമായ അംഗവിന്യാസം ലഭിക്കാൻ പറ്റിയ വിധത്തിൽ ഡ്രൈവർ സീറ്റ് ക്രമീകരിക്കുക.
2) സാദ്ധ്യമായ ഏറ്റവും നല്ല പിൻ കാഴ്ച ലഭിക്കുന്ന വിധത്തിൽ റിയർ വ്യൂ മിറർ ക്രമീകരിക്കുക.

ഉദാഹരണം




83K-04-008

3) നീങ്ങിത്തുടങ്ങും മുൻപ് സുരക്ഷ ഉറപ്പാക്കാനായി ചുറ്റും നോക്കുക.
4) പെട്ടെന്ന് ആക്സിലറേറ്റ് ചെയ്യരുത്. അത് അപായകാരവും ഇന്ധനം പാഴാക്കുന്നതും ആണ്.

### പൊതുവായ ഡ്രൈവിംഗ്

1) സ്റ്റോപ്പ് ലൈറ്റ്, അല്ലെങ്കിൽ സ്റ്റോപ്പ് ചിഹ്നം കണ്ടാൽ തീർച്ചയായും നിർത്തുക. ട്രാഫിക് ലൈറ്റ്, സിഗ്നൽ എന്നിവ ഇല്ലാത്ത കവലയിലേക്ക് കടക്കുമ്പോൾ സുരക്ഷ ഉറപ്പാക്കാനായി മെല്ലെ ഡ്രൈവ് ചെയ്യുക.
2) മുന്നിലുള്ള വാഹനം പെട്ടെന്ന് നിർത്തിയാൽ കൂട്ടിയിടി സംഭവിക്കാതിരിക്കാൻ മുന്നിലുള്ള വാഹനത്തിൽ നിന്ന് സുരക്ഷിതമായ അകലം പാലിക്കുക.
3) തിരിയുന്നതിന് മുൻപ് കുറഞ്ഞത് 30 മീറ്റർ മുൻപെങ്കിലും ടേൺ സിഗ്നൽ “ON” (ഓൺ) ചെയ്യുക.
4) മൂലകളിൽ പ്രവേശിക്കുമ്പോൾ സുരക്ഷിതമായ സ്പീഡ് ആക്കി കുറയ്ക്കുക. വളവു തിരിയുമ്പോൾ ബ്രേക്ക് പ്രയോഗിക്കരുത്. തെന്നിപ്പോകാൻ സാദ്ധ്യതയുണ്ട്.
5) മറ്റു വാഹനങ്ങളെ ഓവർ ടേക്ക് ചെയ്യുമ്പോൾ എതിരെ വരുന്ന വാഹനങ്ങൾ ശ്രദ്ധിക്കുക. സുരക്ഷിതത്വം ഉറപ്പാക്കുക.
6) സിഗ് സാഗ് രീതിയിൽ ഡ്രൈവ് ചെയ്യരുത്. നിയന്ത്രണം നഷ്ടപ്പെട്ട് അപകടം ഉണ്ടാവാൻ സാദ്ധ്യതയുണ്ട്.
7) സാഹസികമായ അതിവേഗ ഡ്രൈവിംഗ് ഒഴിവാക്കുക. റോഡ് സാഹചര്യങ്ങൾക്ക് യോജിച്ച വിധത്തിൽ സ്ഥിരമായ സ്പീഡ് നില നിർത്തിക്കൊണ്ട് ഡ്രൈവ് ചെയ്യുക.
8) സ്പീഡ് കൂടും തോറും ഡ്രൈവറുടെ കാഴ്ചാ പരിധി ചുരുങ്ങിവരും. അങ്ങനെയുള്ള അവസ്ഥയിൽ, തടസ്സങ്ങൾ മുൻ കൂട്ടി പ്രതീക്ഷിക്കാൻ കഴിയാതെ വരും. ഡ്രൈവർക്ക് ക്ഷീണം അനിഭാവപ്പെടും.

**ഉദാഹരണം**




77PM04001

9) അതി വേഗത്തിൽ ഡ്രൈവ് ചെയ്യുമ്പോൾ തീവ്രമായ രീതിയിൽ വാഹനം കൈകാര്യം ചെയ്യാൻ ശ്രമിക്കരുത്. വാഹനത്തിന്മേലുള്ള നിയന്ത്രണം നഷ്ടപ്പെടും

10) അതി വേഗത്തിൽ പോകുന്ന സമയത്ത് ഓവർ ടേക്ക് ചെയ്യുമ്പോൾ അല്ലെങ്കിൽ ലെയിൻ മാറുമ്പോൾ വാഹനങ്ങൾ തമ്മിൽ മതിയായ അകലം പാലിക്കുക.

### ബ്രേക്കിംഗ്

1) വാഹനം പാർക്ക് ചെയ്യുമ്പോൾ പാർക്കിംഗ് ബ്രേക്ക് പ്രയോഗിക്കുക. കൂടുതൽ സുരക്ഷയ്ക്കായി ഗിയർ ഷിഫ്റ്റ് ലിവർ 1st ഗിയർ അല്ലെങ്കിൽ റിവേർസ് സ്ഥാനത്ത് ആക്കുക.
2) ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ അല്ലാതെ ഹാൻഡ് ബ്രേക്ക് ഉപയോഗിക്കരുത്. വാഹനം തെന്നിപ്പോയി കൂട്ടിയിടി സംഭവിക്കാം. പ്രത്യേകിച്ച് ടയറുകൾ തേയ്മാനം വന്നവ ആണെങ്കിൽ കൂടുതൽ തെന്നിപ്പോകും.

ഫുട്ട് ബ്രേക്ക് മൂന്നു ഘട്ടങ്ങളായി ഉപയോഗിക്കുക.

1. പുറകെ വരുന്ന വാഹനത്തിന് മുന്നറിയിപ്പ് നൽകുക.
2. ക്രമേണയായി ബ്രേക്ക് പ്രയോഗിക്കുക.
3. വാഹനം നിശ്ചലാവസ്ഥയിലേക്ക് കൊണ്ട് വരുക.

3) മല ഇറങ്ങുമ്പോൾ, ബ്രേക്ക് പ്രയോഗിക്കാതെ എഞ്ചിൻ ബ്രേക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുക. ഫുട്ട് ബ്രേക്ക് അമിതമായി ഉപയോഗിച്ചാൽ അതിന്റെ കാര്യക്ഷമത കുറയും.

### ദീർഘ ദൂര ഡ്രൈവിംഗ്

1) യാത്ര തുടങ്ങും മുൻപ് സുരക്ഷാ പരിശോധനകൾ ചെയ്യുക.
2) ഉറക്കം അല്ലെങ്കിൽ ക്ഷീണം മൂലം അപകടം സംഭവിക്കുന്നത് തടയാൻ ഇടവേളകൾ എടുത്ത് വിശ്രമിക്കുക.

### രാത്രി കാല ഡ്രൈവിംഗ്

1) രാത്രിയിൽ കാഴ്ചാ പരിധി കുറവായിരിക്കും എന്നതിനാൽ പകൽ ചെയ്യുന്നതിനേക്കാൾ കുറഞ്ഞ സ്പീഡിൽ മാത്രം രാത്രി ഡ്രൈവ് ചെയ്യുക.
2) രാത്രിയിൽ മറ്റു വാഹനങ്ങളെ ഓവർ ടേക്ക് ചെയ്യുന്നത് ഒഴിവാക്കുക. ഇരുട്ടിൽ താങ്കളുടെ വേഗത്തെ കുറിച്ചുള്ള വിവേചനവും വാഹനങ്ങൾ തമ്മിൽ ഉള്ള ദൂരം വിലയിരുത്താനുള്ള കഴിവും കുറവായിരിക്കും.
3) അനിവാര്യമാണെങ്കിൽ മാത്രം ഹെഡ് ലൈറ്റ് ഹൈ ബീമിൽ ഉപയോഗിക്കുക. അത് എതിരെ വരുന്ന വാഹനത്തിലെ ഡ്രൈവറുടെ കാഴ്ച്ചയെ ദോഷകരമായി ബാധിക്കും. അതു മൂലം അപകടം സംഭവിക്കാൻ സാദ്ധ്യതയുണ്ട്.
4) വിൻഡോ ഗ്ലാസുകൾ വൃത്തിയായി സൂക്ഷിക്കുക. വിൻഡ് ഷീൽഡ് ഗ്ലാസ്സിലെ നനവില്ലാത്ത സമയത്ത് വൈപ്പർ ഉപയോഗിക്കരുത്, ബ്ലേഡും ഗ്ലാസും കേടാകും.

## സുരക്ഷാ മാർജിന്

മറ്റു ഡ്രൈവർമാർ തെറ്റായോ അപ്രതീക്ഷിതമായ രീതിയിലോ ഡ്രൈവ് ചെയ്യുന്നത് മൂലം ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നേരിടാൻ ഡ്രൈവ് ചെയ്യുമ്പോൾ സുരക്ഷക്കായി ഒരു മാർജിൻ നൽകേണ്ടതാണ്. അതിനായി താഴെ പറയുന്ന കാര്യങ്ങൾ പാലിക്കുക.

- സുരക്ഷിതമായ സ്പീഡിൽ ഡ്രൈവ് ചെയ്യുക
- മുന്നിലുള്ള വാഹനവുമായി മതിയായ അകലം പാലിക്കുക.
- മറ്റു വാഹനങ്ങളെ ഓവർ ടേക്ക് ചെയ്യാൻ സ്വയം നിർബന്ധിക്കരുത്.
- പെട്ടെന്ന് ആക്സിലറേറ്റ് ചെയ്യുകയോ, രൂക്ഷമായി തിരിക്കുകയോ, പെട്ടെന്ന് നിർത്തുകയോ ചെയ്യരുത്.
- ഡ്രൈവിംഗ് പരിപാടി നിശ്ചയിക്കുമ്പോൾ മതിയായ ഇടവേള നൽകുക.
- ട്രാഫിക് നിയമങ്ങളും നിബന്ധനകളും പാലിക്കുക.

### ഉപസംഹാരം

എല്ലാം തികഞ്ഞ ഡ്രൈവർ എന്ന ഒന്നില്ല ഓരോ മോട്ടോറിസ്റ്റിന്റെയും പരിശ്രമം പൂർണ്ണത നേടാൻ പ്രയത്നിക്കുക എന്നതാവണം. സുരക്ഷാ അവബോധം താങ്കളുടെയും മറ്റുള്ള റോഡ് ഉപയോക്താക്കളുടെയും സുരക്ഷ ഉറപ്പാക്കുന്നു എന്ന് മാത്രമല്ല അത് വാഹനത്തിന്റെ തേയ്മാനം കുറയ്ക്കാനും ആയുസ്സ് വർദ്ധിപ്പിക്കാനും, മെച്ചപ്പെട്ട ഇന്ധന ക്ഷമതയും സുഖകരമായ ഡ്രൈവിംഗ് അനുഭവവും നൽകാനും പ്രയോജനപ്പെടുന്നു.

**'ചെയ്യേണ്ടതും' 'ചെയ്യരുതാത്തതും' പട്ടിക പിൻ തുടരുക. ഡ്രൈവിംഗ് എന്നത് ഇൻ ഒരിക്കലും പഴയ പോലാവില്ല.**

# മറ്റു കണ്ട്രോളുകളും ഉപകരണങ്ങളും


പെട്രോള്‍ഫില്ലിംഗ് കാപ്പ് (പെട്രോള്‍എഞ്ചിന്മോഡലുകള്‍ക്ക്) .............5-1

എഞ്ചിൻ കമ്പാർട്ട്മെന്റ് .............5-1

സൺ വൈസർ .............5-3

ഇന്റീരിയർ ലൈറ്റ് .............5-3

ആക്സസ്സറി സോക്കറ്റ് .............5-4

ഗ്ലൌ ബോക്സ് .............5-4

സ്റ്റോറേജ് ഏരിയ .............5-5

എയർ വെന്റ് .............5-5

ഫ്രെയിം ഹുക്ക് .............5-5

അസിസ്റ്റ് ഗ്രിപ്പ് .............5-6

# ഫ്യൂവല് ഫില്ലിംഗ്

## പെട്രോള് ഒപ്പം ബൈ-ഫ്യൂവല്എഞ്ചിന്മോഡലുകള്ക്ക്

## സി എൻ ജി ഫില്ലര്വാല് (ബൈ-ഫ്യൂവല് എഞ്ചിന് മോഡലുകള്ക്ക്)



ഉദാഹരണം

77PM05003

സി എന്ജി ഫില്ലര്വാല് വാഹനത്തിന്റെ വലത് വശത്ത് ഘടിപ്പിച്ചിരിക്കുന്നു




ഉദാഹരണം

77PM05001

സി എന്ജി ഫില്ലര്ഡോര്(1) അണ്ലോക്ക് ചെയ്യാന് ചാവി ഇന്സര്ട്ട് ചെയ്തു ചാവിയുടെ മുകള് വശം എഞ്ചിന്റെ മുന്വശത്തിന് നേരെ തിരിക്കുക.




ഉദാഹരണം

77PH05005

സി എന്ജി ഫില്ലര്വാല് കവര്നീക്കം ചെയ്യാന്:

1) സി എന്ജി ഫില്ലര്ഡോര്(1) തുറക്കുക.
2) സി എന്ജി ഫില്ലര്വാല് കവര്(2) വിപരീത ഘടികാര ദിശയില്തിരിച്ച് നീക്കം ചെയ്യുക.




ഉദാഹരണം

77PM05006

*കുറിപ്പ്:*

ഫ്യൂവല്ഫില്ലര്ഡോറില്കാപ് ഹോള്ഡര്(3) ഘടിപ്പിച്ചിട്ടുണ്ടെങ്കില്ഫ്യൂവല്നിറക്കുന്ന സമയത്ത് ഫ്യൂവല്ഫില്ലര്കാപ്പ് സൂക്ഷിക്കുവാന്കാപ്പ് ഹോള്ഡര്ഉപയോഗിക്കുക.

സിലിണ്ടര്പ്രഷര്ഡിസ്പെന്സര്പ്രഷറിന് സമമായാല്നിറയ്ക്കല്തനിയെ നിര്ത്തലാകും.

സി എന്ജി ഫില്ലര്വാല് കവര്വീണ്ടും ഘടിപ്പിക്കാന്

1) സി എന്ജി ഫില്ലര്വാല് കവര്(2) പൂര്ണ്ണമായി അടയുന്നത് വരെ വിപരീത ഘടികാര ദിശയില്തിരിക്കുക
2) സി എന്ജി ഫില്ലര്ഡോര്അടയ്ക്കുക

*കുറിപ്പ്:*

- സി എന്ജി ഫില്ലര്കവര് (2) ശരിയായി അടച്ചില്ലെങ്കിലാഹനം സ്റ്റാര്ട്ട് ചെയ്യാന്കഴിയില്ല.
- വാഹനം നിശ്ചലമായി നില്ക്കുമ്പോള്സി എന്ജി ഫില്ലര്കവര് മു (2) തുറന്നാല്എഞ്ചിന്പ്രവര്ത്തനം നിലയ്ക്കും.

*കുറിപ്പ്:*

വാഹനം പ്രവര്ത്തിക്കുന്ന സമയത്ത് മണ്തരികള്സി എന്ജി ഫില്ലര്ബോക്സില്കടക്കാന്ഇടയുണ്ട്. ശ്രദ്ദ്യില്പെട്ടാല്നീക്കം ചെയ്യുക.

## പെട്രോള്ഫില്ലിംഗ് കാപ്പ് (പെട്രോള്എഞ്ചിന്മോഡലുകള്ക്ക്)




77PH031

ഫ്യൂവല്ഫില്ലര്കാപ്പ് വാഹനത്തിന്റെ വലതു വശത്ത് ഘടിപ്പിച്ചിരിക്കുന്നു.




68KN048

ഫ്യൂവല്ഫില്ലര്കാപ്പ് നീക്കം ചെയ്യാന്വിപരീത ഘടികാര ദിശയില്തിരിക്കുക. ഫ്യൂവല്ഫില്ലര്കാപ്പ് തിരികെ ഘടിപ്പിക്കാന്ഘടികാര ദിശയില്കുഎ കില്ക്ക് ശബ്ദം കേള്ക്കുന്നതു വരെ തിരിക്കുക.

**⚠ മുന്നറിയിപ്പ്**

**ഫ്യൂവല്ഫില്ലര്കാപ്പ് മെല്ലെ നീക്കം ചെയ്യുക. ഇന്ധനം പോരാശരില്ആയിരിക്കും. അത് പുറത്തേക്ക് സ്പ്രേ ആയി അപകടം സംഭവിക്കാന്ഇടയുണ്ട്.**

**⚠ അപായ സൂചന**

**ഇന്ദനം അതി ജ്വലന സ്വഭാവമുള്ളതാണ്. ഇന്ദനം നിറക്കുമ്പോള്പുക വലിക്കരുത്. സമീപത്ത് തുറന്ന തീ ജ്വാലയഒ തീപ്പൊരിയോ ഇല്ല എന്നു ഉറപ്പാക്കുക.**

**⚠ അപായ സൂചന**

**ഫ്യൂവല്ഫില്ലര്കാപ്പ് മാറ്റണമെങ്കില്മാരുതി ജനുവിന്കാപ്പ് ഉപയോഗിക്കുക. ശ്രീയല്ലാത്ത ഫ്യൂവല്ഫില്ലര്കാപ്പ് ഉപയോഗിച്ചാല്ഫ്യൂവല്സിസ്റ്റം , എമിഷന്കണ്ട്രോള്സിസ്റ്റം എന്നിവയില്തകരാര്ഉണ്ടാവാനിടയുണ്ട്.**

## (ഡീസൽ എഞ്ചിൻ മോഡലിന്) ഡീസല് ള്ഫില്ലിംഗ് കാപ്പ്




77PH031

ഫ്യൂവല്ഫില്ലര്കാപ്പ് വാഹനത്തിന്റെ വലതു വശത്ത് ഘടിപ്പിച്ചിരിക്കുന്നു.



68KN048

ഫ്യൂവല്ഫില്ലര്കാപ്പ് നീക്കം ചെയ്യാനപ്രിപരീത ഘടികാര ദിശയില്തിരിക്കുക.
ഫ്യൂവല്ഫില്ലര്കാപ്പ് തിരികെ ഘടിപ്പിക്കാന്ഘടികാര ദിശയില്കുഎ കില്ക്ക് ശബ്ദം കേള്ക്കുന്നതു വരെ തിരിക്കുക.

**⚠ മുന്നറിയിപ്പ്**

**ഫ്യൂവല്ഫില്ലര്കാപ്പ് മെല്ലെ നീക്കം ചെയ്യുക. ഇന്ധനം പോരാശരില്ആയിരിക്കും. അത് പുറത്തേക്ക് സ്പ്രേ ആയി അപകടം സംഭവിക്കാന്ഇടയുണ്ട്.**

**⚠ അപായ സൂചന**

**ഇന്ദനം അതി ജ്വലന സ്വഭാവമുള്ളതാണ്. ഇന്ദനം നിറക്കുമ്പോള്പുക വലിക്കരുത്. സമീപത്ത് തുറന്ന തീ ജ്വാലയഒ തീപ്പൊരിയോ ഇല്ല എന്നു ഉറപ്പാക്കുക.**

**⚠ അപായ സൂചന**

**ഫ്യൂവല്ഫില്ലര്കാപ്പ് മാറ്റണമെങ്കില്മാരുതി ജനുവിന്കാപ്പ് ഉപയോഗിക്കുക. ശ്രീയല്ലാത്ത ഫ്യൂവല്ഫില്ലര്കാപ്പ് ഉപയോഗിച്ചാല്ഫ്യൂവല്സിസ്റ്റം , എമിഷന്കണ്ട്രോള്സിസ്റ്റം എന്നിവയില്തകരാര്ഉണ്ടാവാനിടയുണ്ട്.**

## എഞ്ചിൻ കമ്പാർട്ട്മെന്റ്



77PH094

എഞ്ചിൻ കമ്പാർട്ട്മെന്റ് തുറക്കുന്നതിന്:

1) ഡ്രൈവറുടെ സീറ്റ് ബെൽറ്റിന്റെ ബക്ക്ൾ (1), സീറ്റ് ബാക്ക് പൊസിഷനിലേക്ക് ഉയർത്തുക. യാത്രക്കാരന്റെ സീറ്റ് ബെൽറ്റ് ബക്ക്ൾ (2) എടുത്തുവെക്കുക.
2) ഡ്രൈവറുടെ സീറ്റ് അങ്ങേയറ്റം പുറകിലേക്ക് തെന്നിനീക്കുക.

**⚠ മുന്നറിയിപ്പ്**

**ഡ്രൈവറുടെ സീറ്റ് നിങ്ങൾ പുറകോട്ട് നീക്കുമ്പോൾ സീറ്റിന്റെ പിൻവശം തള്ളുക. സീറ്റിന്റെ പിൻവശത്ത് മുകളിലാണ് നിങ്ങൾ പിടിക്കുന്നതെങ്കിൽ, നിങ്ങളുടെ കൈ സീറ്റിന്റെ പിൻഭാഗത്തിനും കാബിനുപുറകിലെ പാനലിനുമിടയിൽ ഞെരിഞ്ഞ് പരിക്ക് സംഭവിച്ചേക്കാം.**



77PH093

3) ഡ്രൈവറുടെ സീറ്റിന്റെ പിൻവശം മുമ്പോട്ട് മടക്കുന്നതിന്, ലോക്ക് ലിവർ (3) വലിക്കുക.

*കുറിപ്പ്:*
*സ്റ്റിയറിംങ്ങ് വീലുമായി സമ്പർക്കത്തിലാകുന്ന നില വരെ മാത്രമേ സീറ്റിന്റെ പിൻഭാഗം മടക്കാൻ കഴിയുകയുള്ളൂ.*

4) ഓരോ സീറ്റിന്റെയും മുന്നറ്റത്തുള്ള ലോക്ക് ഹാൻഡിലുകൾ (4) അഴിക്കുക.

ഉദാഹരണം




77PH081

- ലോക്ക് ഹാൻഡിൽ അഴിക്കുവാൻ, "PULL" (പുൾ) ഭാഗം (5) വലിച്ച് ഹൂക്കിൽ (8) നിന്ന് റിംങ്ങ് (7) അഴിക്കുക.
- ലോക്ക് ഹാൻഡിൽ ലോക്ക് ചെയ്യാൻ, ഹൂക്കിൽ (8) റിംങ്ങ് (7) വെച്ച് "PUSH" (പുഷ്) (6) ഭാഗം തള്ളുക.

**ഡ്രൈവറുടെ ഭാഗം**

ഉദാഹരണം




77PH102

**യാത്രക്കാരന്റെ ഭാഗം**

ഉദാഹരണം




77PH103

*കുറിപ്പ്:*
*യാത്രക്കാരന്റേ സീറ്റിന്റെ പിൻവശത്ത് സ്ട്രാപ്പുകളുണ്ട് (11).*

5) സീറ്റ് ഉയർത്തി സ്ട്രാപിനെ (11) ഹുക്കിലേക്ക് (9) കൊളുത്തുക. സീറ്റ് സ്ട്രാപ് ബന്ധിക്കുവാനായി ഹുക്ക് (10) ഉപയോഗിക്കാറില്ല.

| *നോട്ടീസ്* |
|---|
| **ഡ്രൈവറുടെ സീറ്റ് പൊസിഷൻ ക്രമീകരണ ലിവറിലേക്ക് സ്ട്രാപ് കൊളുത്തുകയോ, അല്ലെങ്കിൽ സ്ട്രാപ്പുകൾ ഉപയോഗിച്ച് കൊളുത്തുന്ന വേളയിൽ സീറ്റുകളിൽ ക്രമാതീതമായ ശക്തി പ്രയോഗിക്കുകയോ അരുത്. അപ്രകാരം ചെയ്യുന്നത് സ്ട്രാപ്പുകൾ, ഹൂക്കുകൾ കൂടാതെ/അല്ലെങ്കിൽ ഡ്രൈവറുടെ സീറ്റ് പൊസിഷൻ ക്രമീകരണ ലിവർ പൊട്ടിപ്പോകാൻ ഇടയാക്കിയേക്കാം.** |

- എഞ്ചിൻ കമ്പാർട്ട്മെന്റ് അടയ്ക്കാൻ, തുറക്കുന്നതിന് നിങ്ങൾ അനുവർത്തിച്ച നടപടികൾ നേർ വിപരീതത്തിൽ ചെയ്താൽ മതിയാകും.
- അടച്ചശേഷം, സീറ്റുകൾ സുരക്ഷിതമായി ബന്ധിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ അവ ഇളക്കുന്നതിന് ശ്രമിച്ചുനോക്കുക.
- സ്ട്രാപ്പുകൾ ചിത്രത്തിൽ കാണിച്ചിട്ടുള്ളത്പോലെ യാത്രക്കാരന്റെ സീറ്റിനുപുറകിൽ സൂക്ഷിക്കുക.

ഉദാഹരണം



77PH097

**⚠ അപായ സൂചന**

**സ്ട്രാപ്പുകൾ യാത്രക്കാരന്റെ സീറ്റിനുപുറകിലെ സ്ഥലത്ത് സൂക്ഷിക്കുക. ആരുടെയെങ്കിലും ശരീരം സ്ട്രാപ്പുകൾക്കിടയിൽ കുടുങ്ങിയാൽ, ശ്വാസതടസ്സം പോലെ ഗുരുതരമായ പരിക്ക് സംഭവിക്കാനുള്ള അപായസാദ്ധ്യതയുണ്ട്. ഇത് സംഭവിക്കുകയാണെങ്കിൽ, കത്രിക ഉപയോഗിച്ച് സ്ട്രാപ്പുകൾ മുറിക്കുക.**

**⚠ മുന്നറിയിപ്പ്**

**എഞ്ചിൻ കമ്പാർട്ട്മെന്റ് അടയ്ക്കുമ്പോൾ, സീറ്റുകൾ നിങ്ങളുടെ കൈകളെ അല്ലെങ്കിൽ ഡ്രൈവറുടെ സീറ്റ് ബെൽറ്റിന്റെ ബക്ക്ൾ ഞെരിക്കാതിരിക്കാൻ, അതല്ലെങ്കിൽ നിങ്ങളുടെ ദേഹത്ത് തട്ടാതിരിക്കാൻ ശ്രദ്ധിക്കുക.**

## സൺ വൈസർ



77PH004

വാഹനത്തിൽ ഡ്രൈവറുടെ ഭാഗത്താണ് സൺ വൈസർ ഉള്ളത്. വിൻഡ്ഷീൽഡിലൂടെ വരുന്ന വെയിലിനെ തടയാൻ സൺ വൈസർ വലിച്ച് താഴ്ത്താവുന്നതാണ്, അതല്ലെങ്കിൽ ഡ്രൈവറുടെ പാർശ്വത്തിലുള്ള ജനലിലൂടെ വരുന്ന വെയിൽ പ്രതിരോധിക്കാനായി കൊളുത്തിൽനിന്ന് അഴിച്ച് സൈഡിൽ വെക്കാവുന്നതാണ്.

***നോട്ടീസ്***

**സൺ വൈസർ കൊളുത്തുമ്പോഴും അഴിക്കുമ്പോഴും ചിത്രത്തിൽ കാണിച്ചിട്ടുള്ളത് പോലെ അതിന്റെ വശങ്ങളിലാണ് പിടിക്കേണ്ടത് അല്ലാത്തപക്ഷം സൺ വൈസറിന് കേട് സംഭവിച്ചേക്കാം.**

## ഇന്റീരിയർ ലൈറ്റ്



77PH074

ഈ ലൈറ്റിന്റെ സ്വിച്ചിന് രണ്ട് സ്ഥിതികളുണ്ട്. നോബ് (3) ഉപയോഗിച്ച് ഈ സ്ഥിതികൾ തിരഞ്ഞെടുക്കാവുന്നതാണ്. ഈ രണ്ട് സ്ഥിതികളുടെ പ്രവർത്തനങ്ങൾ ഇവയാണ്:

**ഓൺ (1)**
വെളിച്ചം വരികയും നിൽക്കുകയും ചെയ്യുന്നു.

**ഓഫ് (2)**
വെളിച്ചം ഇല്ലാതാകുന്നു.

## ആക്സസ്സറി സോക്കറ്റ്



77PH044

ഇഗ്നീഷ്യൻ സ്വിച്ച് “ACC” അല്ലെങ്കിൽ “ON” അവസ്ഥയിൽ ആയിരിക്കുമ്പോൾ ആക്സസ്സറി സോക്കറ്റ് പ്രവർത്തിക്കുന്നതാണ്. വൈദ്യുത സാമഗ്രികൾക്ക് 12 വോൾട്ട് / 120 വാട്ട് പവർ നൽകാൻ ഈ സോക്കറ്റ് ഉപയോഗിക്കാവുന്നതാണ്.

*നോട്ടീസ്*

അനുയോജ്യമല്ലാത്ത വൈദ്യുത സാമഗ്രികളുടെ ഉപയോഗം നിങ്ങളുടെ വാഹനത്തിന്റെ വൈദ്യുത വ്യവസ്ഥ താറുമാറാക്കിയേക്കാം. നിങ്ങൾ ഉപയോഗിക്കുന്ന ഏത് വൈദ്യുത സാമഗ്രികളും ഇത്തരത്തിലുള്ള സോക്കറ്റിലേക്ക് പ്ലഗ്ഗ് ഇൻ ചെയ്യാവുന്ന വിധത്തിൽ രൂപകൽപന ചെയ്തിട്ടുള്ള താണെന്ന് ഉറപ്പ് വരുത്തുക.

## ഗ്ലൗ ബോക്സ്



77PH045

ഗ്ലൗ ബോക്സ് തുറക്കാൻ, വിപരീത ഘടികാര ദിശയിൽ തിരിക്കുക. അത് അടയ്ക്കാൻ, മൂടി സുരക്ഷിതമായി അടയുന്നതുവരെ തള്ളുക. ഗ്ലൗ ബോക്സ് ലോക്ക് ചെയ്യാൻ, നോബിലേക്ക് താക്കോൽ കടത്തി ഘടികാര ദിശയിൽ കറക്കുക. ഗ്ലൗ ബോക്സിന്റെ ലോക്ക് തുറക്കാൻ, നോബിലേക്ക് താക്കോൽ കടത്തി ഘടികാര ദിശയ്ക്ക് വിപരീതമായി കറക്കുക

**⚠ അപായ സൂചന**

ഗ്ലൗ ബോക്സിന്റെ മൂടി തുറന്നിരിക്കുന്ന അവസ്ഥയിൽ ഒരിയ്ക്കലും ഡ്രൈവ് ചെയ്യരുത്. ഒരു അപകടം ഉണ്ടാവുകയാണെങ്കിൽ പരിക്ക് സംഭവിക്കാൻ അത് ഇടയാക്കും.

## സ്റ്റോറേജ് ഏരിയ



77PH104

(1) ഇൻസ്ട്രുമെന്റ് പാനൽ പോക്കറ്റ് (ഡ്രൈവറുടെ ഭാഗത്ത്)
(2) ഇൻസ്ട്രുമെന്റ് പാനൽ ട്രേ (മദ്ധ്യത്തിൽ) / ഇൻസ്ട്രുമെന്റ് പാനൽ പോക്കറ്റ് (മദ്ധ്യത്തിൽ)
(3) ഇൻസ്ട്രുമെന്റ് പാനൽ ട്രേ (യാത്രക്കാരന്റെ ഭാഗത്ത്)
(4) സെന്റർ പോക്കറ്റ്

### ഇൻസ്ട്രുമെന്റ് പാനൽ പോക്കറ്റ് (1)/(2) / ഇൻസ്ട്രുമെന്റ് പാനൽ ട്രേ (2)/(3) / സെന്റർ പോക്കറ്റ് (4)

**⚠ അപായ സൂചന**

വാഹനം നീങ്ങുമ്പോൾ പോക്കറ്റിൽനിന്ന് / ട്രേയിൽനിന്ന് താഴേക്ക് പതിച്ചേക്കാവുന്ന ഒരു സാധനവും വെക്കരുത്.
മുൻകരുതൽ കൈക്കൊള്ളുന്നതിൽ വീഴ്ച സംഭവിച്ചാൽ പെഡലുകളുള്ള എന്തെങ്കിലും സാധനം തടസ്സം സൃഷ്ടിക്കാൻ ഇടയാകുകയും വാഹനത്തിന്റെ നിയന്ത്രണം നഷ്ടമാകുകയോ അപകടം സംഭവിക്കുകയോ ചെയ്തേക്കാം.

## എയർ വെന്റ്



77PM502

വാഹനത്തിൽ ഡ്രൈവറുടെ ഭാഗത്തും യാത്രക്കാരന്റെ ഭാഗത്തും എയർ വെന്റുകൾ സ്ഥിതിചെയ്യുന്നുണ്ട്. എയർ വെന്റ് തുറക്കുകയോ അടയ്ക്കുകയോ ചെയ്യുന്നതിന്,

നോബ് (1) ലംബരൂപത്തിൽ നീക്കി ഫ്ലാപ് (2) തുറക്കുകയോ അടക്കുകയോ ചെയ്യുക. “ഓപൺ” അവസ്ഥയിൽ ആയിരിക്കുമ്പോൾ ശുദ്ധവായു കാബിനിന്റെ അകത്തേക്ക് പ്രവേശിക്കുന്നു.

## ഫ്രെയിം ഹുക്ക്

### മുമ്പിൽ




77PH035

അടിയന്തിര സാഹചര്യങ്ങളിലും ഷിപ്പിംങ്ങ് ആവശ്യങ്ങൾക്കുംവേണ്ടി മാത്രമായി വാഹനത്തിന്റെ മുൻവശത്ത് ഫ്രെയിം ഹുക്ക് (1) ഘടിപ്പിച്ചിരിക്കുന്നു.

റോഡിൽ അഥവാ ഹൈവേയിൽ നിങ്ങളുടെ വാഹനം കെട്ടിവലിക്കാൻ, “എമർജൻസി സർവീസ്” വിഭാഗത്തിൽ പരാമർശിച്ചിട്ടുള്ള “ടോവിംങ്ങ്” നിർദ്ദേശങ്ങൾ പിന്തുടരുക.

**⚠ അപായ സൂചന**

**റോഡിലോ ഹൈവേയിലോ മറ്റൊരു വാഹനം കെട്ടിവലിക്കാൻ അല്ലെങ്കിൽ നിങ്ങളുടെ വാഹനത്തെ കെട്ടിവലിക്കാൻ ഫ്രെയിം ഹുക്ക് ഉപയോഗിക്കരുത്.**
**അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടി മാത്രം രൂപകൽപന ചെയ്തിട്ടുള്ളവയാണ് (hook) ഹുക്ക് (1). ഉദാഹരണത്തിന്, നിങ്ങളുടെ വാഹനമോ അല്ലെങ്കിൽ മറ്റൊരു വാഹനമോ ആഴമുള്ള ചെളിയിൽ അല്ലെങ്കിൽ മഞ്ഞിൽ കുടുങ്ങുന്നു.**

***നോട്ടീസ്***

**നിങ്ങൾ ഫ്രെയിം (hook) ഹുക്ക് (1) ഉപയോഗിക്കുമ്പോൾ, ഹുക്കിന് വ്യക്തമായ ആഘാതം ഉണ്ടാകുന്ന വിധത്തിൽ ഡ്രൈവ് ചെയ്യരുത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഹുക്കിനോ വാഹനോപരിതലത്തിനോ കേടുപാട് ഉണ്ടാക്കിയേക്കാം.**

**വാഹന വേഗത പെട്ടെന്ന് വർദ്ധിപ്പിക്കരുത്.**

## അസിസ്റ്റ് ഗ്രിപ്




77PM501

അസിസ്റ്റ് ഗ്രിപ്പുകൾ (1) വാഹനത്തിലെ ഡ്രൈവർഭാഗത്തും യാത്രക്കാരുടെ ഭാഗത്തുമുണ്ട്. ഡ്രൈവർക്ക്/യാത്രക്കാരന് വാഹനത്തിലേക്ക് അനായാസം കയറുവാനും ഇറങ്ങുവാനും ഉദ്ദേശിച്ചുള്ളതാണ് അസിസ്റ്റ് ഗ്രിപ്പുകൾ.

# വാഹനം ലോഡ് ചെയ്യലും കെട്ടിവലിക്കലും

വാഹനം ലോഡ് ചെയ്യൽ ........................................................................ 6-1
ട്രെയിലർ കെട്ടിവലിക്കൽ ...................................................................... 6-1

6

## വാഹനം ലോഡ് ചെയ്യൽ

നിർദ്ദിഷ്ട ഭാരം വഹിക്കാനുള്ള ശേഷികൾക്ക് അനുസൃതമായാണ് നിങ്ങളുടെ വാഹനം രൂപകൽപന ചെയ്തിട്ടുള്ളത്. ഭാരം വഹിക്കാനുള്ള നിങ്ങളുടെ വാഹനത്തിന്റെ ശേഷി സൂചിപ്പിക്കപ്പെടുന്നത് ഗ്രോസ് വെഹിക്കിൾ വെയിറ്റ് റേറ്റിംങ്ങ് (ജി.വി.ഡബ്ല്യൂ.ആർ), പെർമിസിബ്ൾ മാക്സിമം ആക്സിൽ വെയിറ്റ് (പി.എ.ഡബ്ല്യൂ), മുമ്പിലും പുറകിലും) എന്നിങ്ങനെയാണ്. "സ്പെസിഫിക്കേഷൻസ്" വിഭാഗത്തിൽ ജി.വി.ഡബ്ല്യൂ.ആര് ഉം പി.എ.ഡബ്ല്യൂ ഉം (മുമ്പിലും പുറകിലും) പട്ടികയാക്കിയിട്ടുണ്ട്.

ജി.വി.ഡബ്ല്യൂ.ആര് - പൂർണ്ണമായും ലോഡ് ചെയ്ത വാഹനത്തിന് അനുവദനീയമായ പരമാവധി മൊത്ത ഭാരം (അതിൽ ഉള്ള ആളുകൾ, സാമഗ്രികൾ, കാർഗോ കൂടാതെ ഒരു ട്രെയിലർ കെട്ടിവലിക്കുകയാണെങ്കിൽ ട്രെയിലർ നോസിന്റെ ഭാരം എന്നിവ ഉൾപ്പെടെ).
പി.എ.ഡബ്ല്യൂ - (മുമ്പിലും പുറകിലും) ഒരൊറ്റ ആക്സിലിൽ അനുവദനീയമായ പരമാവധി ഭാരം.

ലോഡ് ചെയ്ത വാഹനത്തിന്റെ യഥാർത്ഥ ഭാരവും മുമ്പിലെയും പുറകിലെയും ആക്സിലുകളിൽ ചെലുത്തപ്പെടുന്ന യഥാർത്ഥ ഭാരവും നിശ്ചയിക്കുന്നത് വാഹനത്തിന്റെ ഭാരം നിർണ്ണയിച്ചുകൊണ്ടാണ്. ഈ ഭാരങ്ങൾ ജി.വി.ഡബ്ല്യൂ.ആര്, പി.എ.ഡബ്ല്യൂ (മുമ്പിലും പുറകിലും) എന്നിവയുമായി ഒത്തുനോക്കുക. മൊത്തം വാഹനത്തിന്റെ ഭാരം അല്ലെങ്കിൽ ഏതെങ്കിലും ആക്സിലിൽ ചെലുത്തപ്പെടുന്ന ഭാരം ഈ നിരക്കുകളേക്കാൾ കൂടുതലാണെങ്കിൽ, അധികഭാരം നീക്കംചെയ്ത് അനുവദനീയമായ ലോഡ് ശേഷി ഉറപ്പാക്കണം.

**⚠ അപായ സൂചന**

**നിങ്ങളുടെ വാഹനം ഓവർലോഡ് ചെയ്യരുത്. വാഹനത്തിന്റെ മൊത്ത ഭാരം (വാഹനത്തിന്റെ ഭാരങ്ങളുടെ തുക, അതിലെ ആകെ ആളുകൾ, സാമഗ്രികൾ, കാർഗോ കൂടാതെ ഒരു ട്രെയിലർ കെട്ടിവലിക്കുകയാണെങ്കിൽ ട്രെയിലർ നോസിന്റെ ഭാരം എന്നിവ ഉൾപ്പെടെ) ഗ്രോസ് വെഹിക്കിൾ വെയിറ്റ് റേറ്റിംങ്ങിനേക്കാൾ (ജി.വി.ഡബ്ല്യൂ.ആര്) അധികമാകരുത്. ഇതിനുപുറമെ, മുമ്പിലെയോ പുറകിലെയോ ഏതെങ്കിലും ഒരു ആക്സിലിൽ പെർമിസിബ്ൾ മാക്സിമം ആക്സിൽ വെയിറ്റിനേക്കാൾ (പി.എ.ഡബ്ല്യൂ) കൂടുതൽ ഭാരം വരത്തക്കവിധം ഒരിയ്ക്കലും ലോഡ് ചെയ്യരുത്.**

**⚠ അപായ സൂചന**

**കാർഗോ നിരപ്പായി ലോഡ് ചെയ്യണം. വാഹനം പെട്ടെന്ന് നീങ്ങുമ്പോൾ ചലിക്കാത്തവിധം കാർഗോ സുരക്ഷിതമാക്കി, വ്യക്തിപരമായി പരിക്ക് സംഭവിക്കുന്നത് അല്ലെങ്കിൽ വാഹനത്തിന് തകരാറ് സംഭവിക്കുന്നത് ഒഴിവാക്കുക. ഭാരംകൂടിയ സാധനങ്ങൾ തറയിൽ വെച്ച് കാർഗോ ഏരിയയിലേക്ക് പരമാവധി നീക്കുക. സീറ്റുകളുടെ പിൻഭാഗത്തെ ഉച്ചിയേക്കാൾ ഉയരത്തിൽ കാർഗോ കൂമ്പാരം കൂട്ടരുത്.**

## ട്രെയിലർ കെട്ടിവലിക്കൽ

ഒരു ഡ്രൈവർ, ഒരു യാത്രക്കാരൻ, ഒരു നിശ്ചിത അളവിൽ കാർഗോ എന്നിവ വഹിക്കാനാണ് പ്രാഥമികമായി നിങ്ങളുടെ വാഹനം രൂപകൽപന ചെയ്തിരിക്കുന്നത്, അല്ലാതെ ഒരു ട്രെയിലർ കെട്ടിവലിക്കാനല്ല. ഒരു ട്രെയിലർ കെട്ടിവലിക്കുന്നതിന് നിങ്ങളുടെ വാഹനം ഉപയോഗിക്കുവാൻ മാരുതി സുസുക്കി നിങ്ങളോട് ശുപാർശ ചെയ്യുന്നില്ല. ഒരു ട്രെയിലർ കെട്ടിവലിക്കുന്നത് വാഹനത്തിന്റെ കൈകാര്യം, ഈട്, സൂക്ഷ്മത എന്നിവയെ പ്രതികൂലമായി ബാധിക്കും.

# പരിശോധനയും മെയിന്റനൻസും


മെയിന്റനൻസ് സമയക്രമം ....... 7-1
കാലാനുസൃത മെയിന്റനൻസ് സമയക്രമം ....... 7-2
കസ്റ്റമർ ചെയ്യേണ്ട പരിശോധന, മെയിന്റനൻസ് പ്രവൃത്തികൾ ....... 7-6
ഡ്രൈവ് ബെൽറ്റ് ....... 7-8
എഞ്ചിൻ ഓയിലും ഫിൽട്ടറും ....... 7-8
എഞ്ചിൻ കൂളന്റ് ....... 7-12
എയർ ക്ലീനർ ....... 7-14
ഗിയർ ഓയിൽ ....... 7-15
ക്ലച്ച് പെഡൽ ....... 7-16
ഫ്യൂവൽ ഫിൽട്ടർ ....... 7-17
ബ്രേക്ക് ....... 7-17
സ്റ്റിയറിംഗ് ....... 7-19
പ്രൊപ്പല്ലർ ഷാഫ്റ്റ് യൂണിവേർസൽ ജോയിന്റ് ....... 7-19
ടയറുകൾ ....... 7-20
ബാറ്ററി ....... 7-22
ബൾബ് മാറ്റൽ ....... 7-23
ഫ്യൂസ് ....... 7-24
വൈപ്പർ ബ്ലേഡ് ....... 7-27
വിൻഡ് ഷീൽഡ് വാഷർ ഫ്ലൂയിഡ് (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ) ....... 7-29


7

ഉദാഹരണം



77PM07008

**⚠ അപായ സൂചന**

വാഹനത്തിന്മേൽ ജോലി ചെയ്യുമ്പോൾ അപകടം മൂലം പരിക്ക് പറ്റാതിരിക്കാൻ വളരെ ശ്രദ്ധിക്കുക. താങ്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില മുൻ കരുതലുകൾ താഴെ പറയുന്നു.

- ഗാരേജ് അല്ലെങ്കിൽ അടഞ്ഞ സ്ഥലങ്ങളിൽ എഞ്ചിൻ പ്രവർത്തിച്ചു കൊണ്ട് നിൽക്കാൻ അനുവദിക്കരുത്.
- എഞ്ചിൻ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ കൈകൾ, വസ്ത്രങ്ങൾ, ടൂളുകൾ, മറ്റു വസ്തുക്കൾ എന്നിവ ഫാൻ, ഡ്രൈവ് ബെൽറ്റ് എന്നിവയ്ക്ക് അടുത്ത് വരാതെ സൂക്ഷിക്കുക. ഫാൻ ചലിക്കുന്നില്ല എങ്കിൽ പോലും അത് മുന്നറിയിപ്പില്ലാതെ തനിയെ കറങ്ങി തുടങ്ങാൻ സാദ്ധ്യതയുണ്ട്.

(തുടരും..)

**⚠ അപായ സൂചന**

(തുടരും)

- എഞ്ചിൻ പ്രവർത്തിപ്പിച്ചു കൊണ്ടുള്ള സർവീസ് പണി ചെയ്യേണ്ട ആവശ്യം വന്നാൽ പാർക്കിംഗ് ബ്രേക്ക് പൂർണ്ണമായി സെറ്റ് ചെയ്തു, ട്രാൻസ്മിഷൻ ന്യൂട്രൽ ആക്കി എന്ന് ഉറപ്പാക്കുക.
- എഞ്ചിൻ സ്റ്റാർട്ട് ചെയ്യുമ്പോഴോ എഞ്ചിൻ പ്രവർത്തിച്ച് കൊണ്ടിരിക്കുമ്പോഴോ ഇഗ്നീഷൻ വയർ, മറ്റു ഇഗ്നീഷൻസിസ്റ്റം പാർട്ടുകൾ എന്നിവ തൊടരുത്. ഇലക്ട്രിക് ഷോക്ക് അടിക്കാൻ സാദ്ധ്യതയുണ്ട്.
- ചൂടായ എഞ്ചിൻ, എക്സോസ്റ്റ് മാനിഫോൾഡും പൈപ്പും, മഫ്ലർ, റേഡിയേറ്റർ, വാട്ടർ ഹോസ് എന്നിവ തൊടാതിരിക്കാൻ ശ്രദ്ധിക്കുക.
- ഇന്ധനം, ബാറ്ററി എന്നിവയ്ക്ക് അരികിൽ പുകവലി, തീപ്പൊരി, ജ്വാല എന്നിവ വരാൻ അനുവദിക്കരുത്. ജ്വലന ശേഷിയുള്ള വാതകങ്ങൾ ഉണ്ട്.
- വാഹനത്തിൽ ഉള്ള പോർട്ടബിൾ ജാക്ക് കൊണ്ട് മാത്രം സപ്പോർട്ട് ചെയ്തിരിക്കുന്ന വാഹനത്തിന് അടിയിൽ പോകരുത്.
- ബാറ്ററി പോസിറ്റീവ്,നെഗറ്റീവ് ടെർമിനലുകൾ തമ്മിൽ യാദൃച്ചികമായി ഷോർട്ട് സർക്യൂട്ട് ആവാതിരിക്കാൻ ശ്രദ്ധിക്കുക.
- ഉപയോഗിച്ച ഓയിൽ, കൂളന്റ് മുതലായ ഫ്ലൂയിഡുകൾ കുട്ടികൾക്കും വളർത്തു മൃഗങ്ങൾക്കും എത്താത്ത വിധം സൂക്ഷിക്കുക. ഉപയോഗിച്ച ഫ്ലൂയിഡുകൾ ശരിയായ രീതിയിൽ കളയുക. തറയിലോ അഴുക്കു ചാലിലോ ഒഴുക്കരുത്.

## മെയിന്റനൻസ് സമയക്രമം

താങ്കളുടെ വാഹനത്തിന് പതിവ് മെയിന്റനൻസ് പണികൾ ചെയ്യേണ്ട സമയം എപ്പോൾ ആണെന്ന് താഴെ കൊടുക്കുന്ന പട്ടികയിൽ കാണാം. പരിശോധനകൾ, ക്രമീകരണങ്ങൾ, ല്യൂബ്രിക്കേഷൻ, മറ്റു സർവീസുകൾ എന്നിവ ചെയ്യേണ്ട സമയം കിലോ മീറ്റർ കണക്കിലും മാസ കണക്കിലും കാണിക്കും.

**⚠ അപായ സൂചന**

താങ്കളുടെ വാഹനത്തിന്റെ മെയിന്റനൻസ് പണികൾ അംഗീകൃത മാരുതി സുസുക്കി വർക്ക് ഷോപ്പിൽ തന്നെ ചെയ്യിക്കണം എന്ന് മാരുതി സുസുക്കി ശുപാർശ ചെയ്യുന്നു.

*നോട്ടീസ്*

താങ്കളുടെ വാഹനത്തിൽ പാർട്ട് മാറ്റേണ്ട ആവശ്യം വന്നാൽ, യഥാർത്ഥ മാരുതി പാർട്ടുകൾ അല്ലെങ്കിൽ തത്തുല്യമായവ ഉപയോഗിക്കാൻ ശുപാർശ ചെയ്യുന്നു.

## കാലാനുസൃത മെയിന്റനൻസ് സമയക്രമം

“A” : അഡ്ജസ്റ്റ് ചെയ്യുക

“C”: ക്ലീൻ ചെയ്യുക

“R”: മാറ്റി പുതിയത് ഘടിപ്പിക്കുക അല്ലെങ്കിൽ മാറ്റുക

“I”: ആവശ്യാനുസരണം പരിശോധിക്കുക, ക്ലീൻ ചെയ്യുക, ല്യൂബ്രിക്കേറ്റ് ചെയ്യുക, മാറ്റി പുതിയത് ഘടിപ്പിക്കുക

“L”: ല്യൂബ്രിക്കേറ്റ് ചെയ്യുക

“T”: നിർദ്ദിഷ്ട ടോർക്കിൽ ടൈറ്റ് ചെയ്യുക

“O”: റൊട്ടേറ്റ്

*കുറിപ്പ്:*

*ഈ പട്ടികയിൽ 90,000 കി.മീറ്റർ വരെ ഉള്ള സർവീസ് സമയ ക്രമം ഉൾക്കൊള്ളിച്ചിരിക്കുന്നു. 90,000 കി.മീറ്ററിന് ശേഷം അതേ രീതിയിൽ ഉള്ള സർവീസ് അതേ ഇടവേളകളിൽ ചെയ്യുക.*

| ഇടവേള: ഈ ഇടവേള ഓഡോ മീറ്റർ റീഡിംഗ് അല്ലെങ്കിൽ മാസം, ഏത് ആദ്യം വരുന്നു എന്ന് നോക്കി തീരുമാനിക്കണം. | | | സൌജന്യ പരിശോധന | | | | നിശ്ചിത തുകയ്ക്ക് കാലാനുസൃത | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | കി.മീ. (X1000) | 5 | 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 |
| | | മാസങ്ങൾ | 2 | 4 | 8 | 12 | 16 | 20 | 24 | 28 | 32 | 36 |
| **എഞ്ചിൻ** | | | | | | | | | | | | |
| 1-1. | വാട്ടർ പമ്പ് ഡ്രൈവ്, ആൾട്ടർനേറ്റർ (ടെൻഷൻ, തേയ്മാനം) | | - | - | - | - | I | - | - | - | R | - |
| 1-2. | എഞ്ചിൻ കൂളന്റ് (ലെവൽ, ലീക്ക്) | | I | I | R | I | R | I | R | I | R | I |
| 1-3. | എഞ്ചിൻ ഓയിൽ, ഓയിൽ ഫിൽട്ടർ | | - | R | R | R | R | R | R | R | R | R |
| 1-4. | കൂളിംഗ് സിസ്റ്റം ഹോസുകളും കണക്ഷനുകളും (ലീക്ക്, കേടുപാടുകൾ) | | I | I | I | I | I | I | I | I | I | I |
| 1-5. | എഞ്ചിൻ സിലിണ്ടർ ഹെഡ് കവർ ബോൾട്ട് (ലൂസ്, കേടുപാടുകൾ) | | - | T | T | T | T | T | T | T | T | T |
| 1-6. | എഞ്ചിൻ മൌണ്ടിംഗ്, മാനിഫോൾഡ് ഫിക്സിംഗ് (ലൂസ്, കേടുപാടുകൾ) | | I | I | I | I | I | I | I | I | I | I |
| 1-7. | വാൽവ് ക്ലിയറൻസ് | | - | - | - | I | - | - | I | - | - | I |
| 1-8. | എക്സോസ്റ്റ് സിസ്റ്റം (ശബ്ദം, ലീക്ക്, മറ്റു വിധത്തിൽ കേട്) | | I | - | I | - | I | - | I | - | I | I |
| 1-9. | പൊസ്റ്റീവ് ക്രാങ്ക് വെന്റിലേഷന്സിസ്റ്റം | പെട്രോള് ഒപ്പം ബൈ-ഫ്യൂവല് | I | - | I | - | I | - | I | - | I | - |
| 1-10. | എക്സോസ്റ്റ് ഗ്യാസ് റീ സര്ക്കുലേഷനാലു് | | - | I | R | I | R | I | R | I | R | I |
| **ഇന്ധനം** | | | | | | | | | | | | |
| 2-1. | ഇഗ്നീഷനായര് (കേട്, ക്ഷയിക്കല്) | പെട്രോള് ഒപ്പം ബൈ-ഫ്യൂവല് | - | - | I | - | I | - | I | - | I | - |
| 2-2. | സ്പാര്ക്ക് പ്ലഗ് | പെട്രോള് ഒപ്പം ബൈ-ഫ്യൂവല് | - | I | R | I | R | -I | R | I | R | I |
| **ഫ്യൂവല്** | | | | | | | | | | | | |
| 3-1. | എയർ ക്ലീനർ ഫിൽട്ടർ ഘടകം | ടാർ റോഡ് | ഓരോന്നായി വൃത്തിയാക്കുക 5,000 KM. ഓരോ തവണയും മാറ്റി എഴുതുക 40,000 KM. | | | | | | | | | |
| | | ക്ഷീണമുള്ള അവസ്ഥ | ഓരോന്നായി വൃത്തിയാക്കുക 2,500 KM അല്ലെങ്കിൽ ആവശ്യമാണ്. ഓരോ തവണയും മാറ്റി എഴുതുക 40,000 KM. | | | | | | | | | |
| 3-2. | ഫ്യൂവല്ടാങ്ക് കാപ്പ്, ഫ്യൂവല്ലൈനുകള്, കണക്ഷനുകള്(ലീക്ക്, കേടുപാടുകള്) | | I | I | I | I | I | I | I | I | I | I |
| 3-3. | ഫ്യൂവല്ഫില്റ്റര്, വാട്ടര്ഡ്രെയിനിംഗ് | ഡീസല് | I | I | R | I | R | I | R | I | R | I |
| 3-4. | ഫ്യൂവല്ഫില്ട്ടര് (ലീക്ക്) | പെട്രോള് ഒപ്പം ബൈ-ഫ്യൂവല് | I | I | I | I | R | I | I | I | R | I |

| ഇടവേള: ഈ ഇടവേള ഓഡോ മീറ്റർ റീഡിംഗ് അല്ലെങ്കിൽ മാസം, ഏത് ആദ്യം വരുന്നു എന്ന് നോക്കി തീരുമാനിക്കണം. | | | സൗജന്യ പരിശോധന | | | | നിശ്ചിത തുകയ്ക്ക് കാലാനുസൃത മെയിന്റനൻസ് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | കി.മീ. (X1000) | 5 | 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 |
| | | മാസങ്ങൾ | 2 | 4 | 8 | 12 | 16 | 20 | 24 | 28 | 32 | 36 |
| 3-5. | സി എന്ജി ഫ്യൂവല്ലൈന്ജോയിന്റ് (ഗ്യാസ് ലീക്ക്) | ബൈ - ഫ്യൂബല് | I | I | I | I | I | I | I | I | I | I |
| 3-6. | സി എന്ജി ലോ പ്രഷര്ഫില്ട്ടര്കാര്ട്റിഡ്ജ്, O-റിംഗ് സഹിതം | ബൈ - ഫ്യൂബല് | - | - | R | - | R | - | R | - | R | - |
| 3-7. | സി എന്ജി സിലിണ്ടല്ലീക് ടെസ്റ്റിങ്ങും സര്ട്ടിഫിക്കേഷനും | ബൈ - ഫ്യൂബല് | ഗവണ്മെന്റ് അംഗീകൃത ഏജന്സിയുടെ പ്രാഥമിക ടെസ്റ്റിംഗ് ഓരോ മൂന്നു 3 വര്ഷം കൂടുമ്പോഴും | | | | | | | | | |
| 3-8. | സി എന്ജി ഫില്ലര്റിസെപ്റ്റക്കിള്O-റിംഗ് | ബൈ - ഫ്യൂബല് | ഓരോ 4 വര്ഷത്തിലും അല്ലെങ്കില്300,000 കി. മീറ്ററില്ഏതാണോ ആദ്യം അപ്പോള്മാറ്റുക. | | | | | | | | | |
| **ക്ലച്ച്, ട്രാൻസ്മിഷൻ** | | | | | | | | | | | | |
| 4-1. | ക്ലച്ച് പെഡൽ (പ്ലേ) | | I | I | I | I | I | I | I | I | I | I |
| 4-2. | ക്ലച്ച് സ്ലിപ്പിംഗ് (ഇഴയ്ക്കൽ അല്ലെങ്കിൽ അമിതമായ കേട്) | | I | I | I | I | I | I | I | I | I | I |
| 4-3. | ഗിയർ ഷിഫ്റ്റർ കേബിൾ | | I | I | I | I | I | I | I | I | I | I |
| 4-4. | മാനുവൽ ട്രാൻസ്മിഷൻ ഓയിൽ (ലെവൽ, ചോർച്ച) | | 1,60,000 കി. മീറ്ററിൽഅല്ലെങ്കിൽ10 വർഷത്തിൽഏതാണോ ആദ്യം വരുന്നത് അപ്പോൾമാറ്റുക | | | | | | | | | |
| | | | I | I | I | I | I | I | I | I | I | I |
| 4-5. | റിയര്ഡിഫറന്ഷ്യല്ഓയില്(ലെവല്, ലീക്ക്) | | 80,000 കി. മീറ്ററിൽഅല്ലെങ്കിൽ4 വർഷത്തിൽഏതാണോ ആദ്യം വരുന്നത് അപ്പോൾമാറ്റുക. | | | | | | | | | |
| | | | I | I | I | I | I | I | I | I | I | I |
| 4-6. | പ്രൊപ്പല്ലര്ഷാഫ്റ്റ് / യൂണിവേഴ്സല്ജോയിന്റ് (ലൂസ്, കേടുപാടുകള്) | | I | I | I | I | I | I | I | I | I | I |
| **ബ്രേക്ക്** | | | | | | | | | | | | |
| 5-1. | ബ്രേക്ക് ഫ്ലൂയിഡ് (ലെവൽ, ലീക്ക്) | | I | I | R | I | R | I | R | I | R | I |
| 5-2. | ബ്രേക്ക് പെഡൽ (പെഡൽ ഫ്രണ്ട് പാനൽ ക്ലിയറൻസ്) | | I | I | I | I | I | I | I | I | I | I |

| ഇടവേള: ഈ ഇടവേള ഓഡോ മീറ്റർ റീഡിംഗ് അല്ലെങ്കിൽ മാസം, ഏത് ആദ്യം വരുന്നു എന്ന് നോക്കി തീരുമാനിക്കണം. | | സൗജന്യ പരിശോധന | | | | നിശ്ചിത തുകയ്ക്ക് കാലാനുസൃത മെയിന്റനൻസ് | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | കി.മീ. (X1000) | 5 | 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 |
| | മാസങ്ങൾ | 2 | 4 | 8 | 12 | 16 | 20 | 24 | 28 | 32 | 36 |
| 5-3. | പാർക്കിംഗ് ബ്രേക്ക് ലിവറും കേബിളും (പ്ലേ, കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| 5-4. | ബ്രേക്ക് ഡിസ്ക്, പാഡ് (തേയ്മാനം) | I | I | I | I | I | I | I | I | I | I |
| 5-5. | ബ്രേക്ക് ഡ്രം, ഷൂസ് (തേയ്മാനം) | - | I | I | I | I | I | I | I | I | I |
| 5-6. | മാസ്റ്റർ സിലിണ്ടർ, വീൽ സിലിണ്ടർ, കാലിപ്പർ പിസ്റ്റൺ (ഫ്ലൂയിഡ് ലീക്ക്, കേട് വന്ന സീൽ) | I | I | I | I | I | I | I | I | I | I |
| 5-7. | ബ്രേക്ക് ഹോസും പൈപ്പും (ലീക്ക്, കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| **വീൽ** | | | | | | | | | | | |
| 6-1. | ടയറുകൾ (എയർ പ്രഷർ, അസാധാരണ തേയ്മാനം, വിള്ളൽ, റൊട്ടേഷൻ) | I&O | I&O | I&O | I&O | I&O | I&O | I&O | I&O | I&O | I&O |
| 6-2. | വീൽ (കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| 6-3. | ഫ്രണ്ട്/റിയർ വീൽ ബെയറിംഗ് (ലൂസ്, കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| **ഫ്രണ്ട് / റിയർ സസ്പെൻഷൻ** | | | | | | | | | | | |
| 7-1. | ഫ്രണ്ട് സസ്പെൻഷൻ സ്ട്രട്ട്, ഷോക്ക് അബ്സോർബർ (ഓയിൽ ലീക്ക്, കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| 7-2. | ഫ്രണ്ട് സസ്പെൻഷൻ ആം, നക്കിൾ സപ്പോർട്ട്, ടെൻഷൻ റോഡ് (ലൂസ്, കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| 7-3. | റിയർ ലീഫ് സ്പ്രിംഗ് (കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| 7-4. | റിയർ ഷോക്ക് അബ്സോർബർ (ഓയിൽ ലീക്ക്, കേടുപാടുകൾ) | I | I | I | I | I | I | I | I | I | I |
| 7-5. | എല്ലാ ബോൾട്ടും നട്ടും (ലൂസ്) | T | T | T | T | T | T | T | T | T | T |
| **സ്റ്റിയറിംഗ്** | | | | | | | | | | | |
| 8-1. | സ്റ്റിയറിംഗ് വീൽ (പ്ലേ, ലൂസ്) | I | I | I | I | I | I | I | I | I | I |
| 8-2. | സ്റ്റിയറിംഗ് കോളം റോഡ്, ആം (ലൂസ്, കേടുപാടുകൾ, തേയ്മാനം) | I | I | I | I | I | I | I | I | I | I |

| ഇടവേള: ഈ ഇടവേള ഓഡോ മീറ്റർ റീഡിംഗ് അല്ലെങ്കിൽ മാസം, ഏത് ആദ്യം വരുന്നു എന്ന് നോക്കി തീരുമാനിക്കണം. | | | സൗജന്യ പരിശോധന | | | | നിശ്ചിത തുകയ്ക്ക് കാലാനുസൃത മെയിന്റനൻസ് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | കി.മീ. (X1000) | 5 | 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 |
| | | മാസങ്ങൾ | 2 | 4 | 8 | 12 | 16 | 20 | 24 | 28 | 32 | 36 |
| **ഇലക്ട്രിക്കൽ** | | | | | | | | | | | | |
| 9-1. | ബാറ്ററി ഇലക്ട്രോലൈറ്റ് (ലെവൽ, ലീക്ക്) ബാറ്ററി വോൾട്ടേജ് | | I | I | I | I | I | I | I | I | I | I |
| 9-2. | വയറിംഗ് ഹാർനസ്സ് കണക്ഷൻ (ലൂസ്, കേടുപാടുകൾ) | | I | I | I | I | I | I | I | I | I | I |
| 9-3. | ലൈറ്റിംഗ് സിസ്റ്റം (പ്രവർത്തനം, കറകൾ, കേടുപാടുകള്) | | I | I | I | I | I | I | I | I | I | I |
| 9-4. | വൈപ്പർ (പ്രവർത്തനം, കറ, നാശനഷ്ടം) | | I | I | I | I | I | I | I | I | I | I |
| 9-5. | ഹോൺ (പ്രവർത്തനം) | | I | I | I | I | I | I | I | I | I | I |
| 9-6. | ആക്സസറി സോക്കറ്റ് (പ്രവർത്തനം) | | I | I | I | I | I | I | I | I | I | I |
| **ശരീരം** | | | | | | | | | | | | |
| 10-1. | എല്ലാ ചാസ്സി ബോൾട്ടും നട്ടും (ടൈറ്റ് ചെയ്യുക) | | I | T | T | T | T | T | T | T | T | T |
| 10-2. | എല്ലാ ലാച്ച്, ഹിൻജ്, ലോക്ക് (പ്രവർത്തനം) | | I&L | I&L | I&L | I&L | I&L | I&L | I&L | I&L | I&L | I&L |
| 10-3. | കാർഗോ ബെഡ് (പരിശോധിക്കുക) | | I | I | I | I | I | I | I | I | I | I |
| **റോഡ് ടെസ്റ്റ്** | | | | | | | | | | | | |
| 11-1. | ബ്രേക്ക്, ഗിയർ ഷിഫ്റ്റ്, സ്പീഡോ മീറ്റർ പ്രവർത്തനം | | I | I | I | I | I | I | I | I | I | I |
| 11-2. | ബോഡി, ചാസ്സി ശബ്ദം | | I | I | I | I | I | I | I | I | I | I |

## കസ്റ്റമർ ചെയ്യേണ്ട പരിശോധനാ, മെയിന്റനൻസ് പ്രവൃത്തികള്

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ താങ്കൾക്ക് ചെയ്യാൻ കഴിയുന്ന പരിശോധനാ, മെയിന്റനൻസ് പ്രവൃത്തികൾ കാണാം. താങ്കൾ പരിശോധന, ഗ്രീസിംഗ്, ല്യൂബ്രിക്കേഷൻ, മറ്റു സർവീസുകൾ ചെയ്യേണ്ട ആവൃത്തി സമയം ഈ പട്ടികയിൽ കാണാം.

| ആവൃത്തി | ക്ര.നം. | പ്രവർത്തനം | സൂചന |
|---|---|---|---|
| ദിവസേന | 1 | ടയറുകൾ എയർ പ്രഷർ, അസാധാരണ തേയ്മാനം, വിള്ളൽ, കേടുപാടുകൾ പരിശോധിക്കുക (സ്പെയർ വീൽ ഉൾപ്പെടെ). | പേജ് നം. 7 - 21 |
| ആഴ്ച തോറും | 2 | എഞ്ചിൻ ഓയിൽ ലെവൽ പരിശോധിക്കുക. ആവശ്യമെങ്കിൽ മാരുതി സുസുക്കി ജനുവിൻ ഡീസൽ ഓയിൽ ടോപ് അപ്പ് ചെയ്യുക. | പേജ് നം. 7 - 9 |
| | 3 | കൂളന്റ് റിസർവോയറിൽ കൂളന്റ് ലെവൽ പരിശോധിക്കുക. ആവശ്യമെങ്കിൽ മാരുതി സുസുക്കി ജനുവിൻ കൂളന്റ്, ഡിസ്റ്റിൽഡ് വാട്ടർ എന്നിവ 30/70 അനുപാതത്തിൽ ചേർത്ത മിശ്രിതം ടോപ് അപ്പ് ചെയ്യുക. | പേജ് നം. 7 - 13 |
| | 4 | ട്രാൻസ്മിഷൻ ഓയിൽ, ഡിഫറൻഷ്യൽ ഓയിൽ ലെവൽ എന്നിവ പരിശോധിക്കുക | പേജ് നം. 7 - 13 |
| | 5 | ബ്രേക്ക് ഫ്ലൂയിഡ് റിസർവോയറിൽ ബ്രേക്ക് ഫ്ലൂയിഡ് ലെവൽ പരിശോധിക്കുക. ആവശ്യമെങ്കിൽ മാരുതി സുസുക്കി ജനുവിൻ ബ്രേക്ക് ഫ്ലൂയിഡ് ടോപ് അപ്പ് ചെയ്യുക. | പേജ് നം. 7 - 18 |
| | 6 | ഇവയ്ക്കായി വാഹനം പരിശോധിക്കുക<br>• എഞ്ചിൻ ഓയിൽ ലീക്ക്<br>• കൂളന്റ് ലീക്ക്<br>• ബ്രേക്ക് ഫ്ലൂയിഡ് ലീക്ക്<br>• ഫ്രണ്ട് സസ്പെൻഷൻ സ്റ്റ്രട്ട് ലീക്ക്<br>• റിയർ ഷോക്ക് അബ്സോർബർ ലീക്ക്<br>• ട്രാൻസ്മിഷൻ ഓ<br>• ട്രാൻസ്മിഷൻ ഓയിൽലീക്, ഡിഫറൻഷ്യൽ ഓയിൽ ലീക്ക് | പരിശോധനയും മെയിന്റനൻസും സെക്ഷൻ |
| | 7 | ബാറ്ററി ഇലക്ട്രോലൈറ്റ് ലെവൽ, ടെർമിനൽ, ബ്രാക്കറ്റ് എന്നിവ പരിശോധിക്കുക. | പേജ് നം. 7 - 23 |
| | 8 | വീൽ മൗണ്ടിംഗ് നട്ട് പരിശോധിക്കുക. ആവശ്യമെങ്കിൽ ടൈറ്റ് ചെയ്യുക. | പേജ് നം. 8 - 5 |

| | | | |
|---|---|---|---|
| മാസം തോറും | 9 | ഡ്രൈവ് ബെൽറ്റ് കേട്, ദ്രവിക്കൽ എന്നിവയ്ക്കായി പരിശോധിക്കുക. | പേജ് നം. 7 - 8 |
| | 10 | എയർ ഫിൽട്ടർ എലിമെന്റ് ക്ലീൻ ചെയ്യുക. | പേജ് നം. 7 - 14 |
| | 11 | എല്ലാ ലാച്ച്, ഹിൻജ്, ലോക്ക് എന്നിവ മൾട്ടി പർപസ് ഗ്രീസ് കൊണ്ട് ഗ്രീസ് ചെയ്യുക. | പേജ് നം. 7 - 5 |
| | 12 | ഗ്രീസ് ഗൺ ഉപയോഗിച്ച് പ്രൊപ്പല്ലർ ഷാഫ്റ്റ് യൂണിവേർസൽ ജോയിന്റ് ഗ്രീസ് ചെയ്യുക. | പേജ് നം. 7 - 20 |
| | 13 | ഫ്യൂവൽ ഫിൽട്ടർ ഡ്രെയിൻ സ്ക്രൂ ലൂസ് ചെയ്ത് വെള്ളവും അടിഞ്ഞു കൂടിയ അവശിഷ്ടങ്ങളും ഡ്രെയിൻ ചെയ്യുക. | പേജ് നം. 7 - 18 |
| ആവശ്യം ഉണ്ടാകുന്ന മുറയ്ക്ക് | 14 | ക്ലച്ച് പെഡൽ പ്ലേ പരിശോധിക്കുക. | പേജ് നം. 7 - 17 |
| | 15 | എഞ്ചിൻ പ്രവർത്തിക്കുമ്പോൾ ബ്രേക്ക് പ്രയോഗിച്ച് ബ്രേക്ക് പെഡലിൽ നിന്ന് ഫ്ലോർ പാനലിലേക്ക് ഉള്ള അകലം പരിശോധിക്കുക. | പേജ് നം. 7 - 19 |
| | 16 | പാർക്കിംഗ് ബ്രേക്ക് ശരിയായ ക്രമീകരണത്തിനായി പരിശോധിക്കുക. | പേജ് നം. 7 - 20 |

*** വാഹനം ഒരു വശത്തേക്ക് വലിക്കുകയോ സ്പീഡ് കൂടുമ്പോൾ വൈബ്രേഷൻ ഉണ്ടാവുകയോ ചെയ്താൽ വീൽ അലൈൻമെന്റ്, വീൽ ബാലൻസിംഗ് പരിശോധിക്കുക/ ക്രമീകരിക്കുക.**

## ഡ്രൈവ് ബെൽറ്റ്

**⚠ അപായ സൂചന**

**എഞ്ചിൻ പ്രവർത്തിക്കുമ്പോൾ കൈകൾ, മുടി, വസ്ത്രങ്ങൾ, ടൂൾസ് മുതലായവ ചലിക്കുന്ന ഫാൻ, ഡ്രൈവ് ബെൽറ്റ് എന്നിവയ്ക്ക് അടുത്ത് വരാതെ സൂക്ഷിക്കുക.**

ഡ്രൈവ് ബെല്റ്റ് ടെന്ഷന്ശരിയാണെന്ന് ഉറപ്പാക്കുക. ബെല്റ്റ് വളരെ അധികം ലൂസ് ആയാല്, അപര്യാപ്തമായ ബാറ്ററി ചാര്ജിംഗ്, എഞ്ചിന്അമിതമായി ചൂടാവല്, അമിതമായ ബെല്റ്റ് തേയ്മാനം എന്നിവ സംഭവിക്കാം. പുള്ളികള്ക്ക് ഇടയില്തുല്യ അകലത്തിലായി ബെല്റ്റ് വിരല്കൊണ്ട് അമര്ത്തിയാല്അവിടെ ബെല്റ്റ് കേടില്ല എന്ന് ഉറപ്പാക്കാനായി പരിശോധിക്കണം.

ബെല്റ്റ് മാറ്റുകയോ ക്രമീകരിക്കുകയോ ചെയ്യണമെങ്കില്അത് അംഗീകൃത മാരുതി സുസുക്കി കമേര്ഷ്യലര്ക്ക് ഷോപ്പില്ചെയ്യിക്കുക.

### (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)




77PM07001

### (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)

ഡ്രൈവ് ബെൽറ്റ് ടെൻഷൻ ഓട്ടോമാറ്റിക് ആയി അഡ്ജസ്റ്റ് ആവും.

ബെൽറ്റുകൾ കേടായിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പാക്കുക.

ബെൽറ്റ് മാറ്റുകയോ അഡ്ജസ്റ്റ് ചെയ്യുകയോ ആവശ്യമാണെങ്കിൽ അത് മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ ചെയ്യിക്കുക.

## എഞ്ചിൻ ഓയിലും ഫിൽട്ടറും

### വ്യക്തമാക്കിയ എണ്ണ (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)




77PM07002

1) ഉത്തമമായത്

നിങ്ങള്ഉപയോഗിയ്ക്കുന്ന എഞ്ചിന്ഓയില് SG+, SH, SJ, SL, SM , SN ഗുണ നിലവാര വിഭാഗത്തില്പ്പെടുന്നതാണ് എന്നു ഉറപ്പാക്കുക. മേല്കാണിച്ച ചാര്ട്ട് പ്രകാരം ഉചിതമായ ഓയിലിവിസ്കോസിറ്റി തെരഞ്ഞെടുക്കുക. SAE 5W-30 ഓയില്ഉപയോഗിക്കണമെന്ന് ഞങ്ങള്ശകതമായ് ശുപാര്ശ ചെയ്യുന്നു.

### (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)




76MH024

(1) താൽപര്യപ്പെടുന്നത്

താങ്കൾ ഉപയോഗിക്കുന്ന **5W-30** എഞ്ചിൻ ഓയിൽ ACEA A5/B5 ഗുണ നിലവാര വിഭാഗത്തിൽ വരുന്നത് ആണെന്ന് ഉറപ്പാക്കുക. മേൽ കാണിച്ച ചാർട്ട് പ്രകാരം ഉചിതമായ ഓയിൽ വിസ്കോസിറ്റി ഉപയോഗിക്കുക.

### ഓയിൽ ലെവൽ പരിശോധന (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)




77PM07023

### (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)




77PH036

(1) എഞ്ചിൻ ഓയിൽ ഡിപ്പ് സ്റ്റിക്ക്

താങ്കളുടെ വാഹനത്തിന്റെ എഞ്ചിന് ശരിയായ ല്യൂബ്രിക്കേഷൻ ലഭിക്കുവാൻ എഞ്ചിൻ ഓയിൽ എപ്പോഴും ശരിയായ ലെവലിൽ ഉണ്ടായിരിക്കുക എന്നത് വളരെ പ്രധാനമാണ്. വാഹനം നിരപ്പായ സ്ഥലത്ത് നിർത്തി ഓയിൽ ലെവൽ പരിശോധിക്കുക. വാഹനം ചരിഞ്ഞ സ്ഥലത്ത് നിന്നാൽ ഓയിൽ ലെവൽ കാണിക്കുന്നത് തെറ്റായി പോയേക്കാം. ഒന്നുകിൽ എഞ്ചിൻ സ്റ്റാർട്ട് ചെയ്യുന്നതിന് മുൻപ് അല്ലെങ്കിൽ എഞ്ചിൻ നിർത്തി 5 മിനിറ്റ് കഴിഞ്ഞ് ഓയിൽ ലെവൽ പരിശോധിക്കുക.

എളുപ്പത്തിൽ തിരിച്ചറിയാനായി എഞ്ചിൻ ഓയിൽ ഡിപ്പ് സ്റ്റിക്കിന്റെ ഹാൻഡിൽ മഞ്ഞ നിറത്തിൽ ആണുള്ളത്.




52D084

ഡിപ്പ് സ്റ്റിക്ക് പുറത്തേക്ക് വലിച്ചെടുക്കുക. വൃത്തിയുള്ള തുണി കൊണ്ട് തുടയ്ക്കുക. ഡിപ്പ് സ്റ്റിക്ക് എഞ്ചിന് ഉള്ളിലേക്ക് മുഴുവനായി ഇൻസർട്ട് ചെയ്യുക. വീണ്ടും പുറത്തെടുക്കുക. സ്റ്റിക്കിൽ കാണുന്ന ഓയിൽ അപ്പർ, ലോവർ അടയാളങ്ങൾക്ക് ഇടയിൽ ആവണം. ഓയിൽ ലെവൽ കാണിക്കുന്നത് ലോവർ പരിധിക്ക്

അടുത്ത് ആണെങ്കിൽ ആവശ്യത്തിനു ഓയിൽ ചേർത്ത് അപ്പർ പരിധി എത്തിക്കുക.

*നോട്ടീസ്*

ഓയിൽ ലെവൽ പതിവായി ചെക്ക് ചെയ്യാൻ വിട്ടു പോയാൽ എഞ്ചിൻ ഓയിൽ ആവശ്യമായ അളവിൽ ഇല്ലാത്ത കാരണത്താൽ എഞ്ചിന് ഗുരുതരമായ കേട് സംഭവിക്കാൻ ഇടയുണ്ട്.

*നോട്ടീസ്*

പരമാവധി പരിധിക്ക് മുകളിൽ ഓയിൽ ടോപ് അപ്പ് ചെയ്യരുത്. അമിതമായ ഓയിൽ മൂലം ഗുരുതരമായ എഞ്ചിൻ പ്രശ്നങ്ങൾ ഉണ്ടാകും.

## വീണ്ടും നിറയ്ക്കൽ
## (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)

ഉദാഹരണം



77PM07024

## (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)

ഉദാഹരണം



77PH037

ഓയിൽ ഫില്ലർ കാപ്പ് നീക്കം ചെയ്യുക. ഡിപ്പ് സ്റ്റിക്കിലെ അപ്പർ ലിമിറ്റ് അടയാളം വരെ ഓയിൽ എത്തുന്നത് വരെ ഫില്ലർ ദ്വാരം വഴി ഓയിൽ നിറയ്ക്കുക. അമിതമായി നിറയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുക. അമിതമായി ഓയിൽ ഉണ്ടാവുന്നത് ഓയിൽ കുറവ് ആകുന്നതു പോലെ തന്നെ ദോഷകരമാണ്. നിറച്ചു കഴിഞ്ഞാൽ, എഞ്ചിൻ സ്റ്റാർട്ട് ചെയ്ത് അൽപ സമയം ഐഡിൽ ചെയ്യാൻ വിടുക. എഞ്ചിൻ നിർത്തുക. 5 മിനിറ്റ് കാത്ത ശേഷം വീണ്ടും ഓയിൽ ലെവൽ പരിശോധിക്കുക.

### എഞ്ചിൻ ഓയിലും ഫിൽട്ടറും മാറ്റൽ

എഞ്ചിൻ ചൂടായിരിക്കുന്ന സമയത്ത് തന്നെ എഞ്ചിൻ ഓയിൽ ഡ്രെയിൻ ചെയ്യുക.

1) ഓയിൽ ഫില്ലർ കാപ്പ് നീക്കം ചെയ്യുക.
2) ഡ്രെയിൻ പ്ലഗ്ഗിന് താഴെ ഒരു ഡ്രെയിൻ പാൻ വെക്കുക.
3) റെഞ്ച് ഉപയോഗിച്ച് ഡ്രെയിൻ പ്ലഗ് അഴിക്കുക. എഞ്ചിൻ ഓയിൽ ഡ്രെയിൻ ചെയ്യുക.

**⚠ മുന്നറിയിപ്പ്**

ഡ്രെയിൻ പ്ലഗ് ലൂസ് ചെയ്യുമ്പോൾ നിങ്ങളുടെ കൈ പൊള്ളാവുന്ന അത്ര ചൂട് ഉണ്ടാവും. ഡ്രെയിൻ പ്ലഗ് കൈ കൊണ്ട് തൊടാവുന്ന നിലയിലേക്ക് തണുത്ത് വരുന്നത് വരെ കാത്തു നിൽക്കുക.

## (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)

ഉദാഹരണം




77PM07007

### (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)




77PH038

**ഡ്രെയിൻ പ്ലഗ് ടൈറ്റ് ചെയ്യാനുള്ള ടോർക്ക് (1):**
**50 ന്യൂട്ടൺമീറ്റർ (5.1 കിലോഗ്രാം ഫോഴ്സ്-മീറ്റർ, 36.9 പൗണ്ട്-ഫൂട്ട്)**

**⚠ അപായ സൂചന**

**പുതിയതോ ഉപയോഗിച്ചതോ ആയ ഓയിൽ അപായകരമാണ്. കുട്ടികളോ വളർത്തു ജീവികളോ പുതിയതോ ഉപയോഗിച്ചതോ ആയ ഓയിൽ കുടിച്ചാൽ ദോഷകരമാണ്. പുതിയതോ ഉപയോഗിച്ചതോ ആയ ഓയിൽ, ഓയിൽ ഫിൽട്ടർ എന്നിവ കുട്ടികളിൽ നിന്നും വളർത്തു ജീവികളിൽ നിന്നും അകലെ സൂക്ഷിക്കുക.**
**ഉപയോഗിച്ച എഞ്ചിൻ ഓയിലുമായി ആവർത്തിച്ച്, ദീർഘ സമയം സമ്പർക്കം വരുന്നത് ചർമ്മ കാൻസറിന് കാരണമാകും. ഉപയോഗിച്ച എഞ്ചിൻ ഓയിലുമായി അൽപ സമയം സമ്പർക്കം വരുന്നത് ചർമ്മത്തിൽ ചൊറിച്ചിൽ ഉണ്ടാക്കും.**
**ഉപയോഗിച്ച എഞ്ചിൻ ഓയിലുമായി സമ്പർക്കം വരുന്നത് കുറയ്ക്കാൻ. ഓയിൽ മാറ്റുമ്പോൾ, നീണ്ട കൈയുള്ള ഷർട്ട്, ഈർപ്പം പ്രതിരോധിക്കുന്ന ഗ്ലൌസ് (ഡിഷ് വാഷിംഗ് ഗ്ലൌസ് പോലുള്ളവ) ധരിക്കുക. ചർമ്മത്തിൽ ഓയിൽ ആയാൽ സോപ്പും വെള്ളവും കൊണ്ട് നല്ല വണ്ണം കഴുകുക.**
**തുണികളിൽ ഓയിൽ ആയാൽ അവ അലക്കുക. ഉപയോഗിച്ച ഓയിൽ, ഓയിൽ ഫിൽട്ടർ എന്നിവ റീ സൈക്കിൾ ചെയ്യുക അല്ലെങ്കിൽ നശിപ്പിച്ച് കളയുക.**

4) ഡ്രെയിൻ പ്ലഗ്, ഗാസ്കറ്റ് എന്നിവ തിരികെ ഘടിപ്പിക്കുക. റെഞ്ച് ഉപയോഗിച്ച് പ്ലഗ് നിർദ്ദിഷ്ട ടോർക്കിൽ ടൈറ്റ് ചെയ്യുക.

**ഓയിൽ ഫിൽട്ടർ മാറ്റി പുതിയത് ഘടിപ്പിക്കുക.**

1) ഓയിൽ ഫിൽട്ടർ റെഞ്ച് ഉപയോഗിച്ച് ഓയിൽ ഫിൽട്ടർ വിപരീത ഘടികാര ദിശയിൽ തിരിച്ച് നീക്കം ചെയ്യുക.
2) വൃത്തിയുള്ള തുണി കൊണ്ട് എഞ്ചിനിൽ പുതിയ ഫിൽട്ടർ ഇരിക്കേണ്ട സ്ഥലത്തെ മൌണ്ടിംഗ് പ്രതലം തുടയ്ക്കുക.
3) പുതിയ ഓയിൽ ഫിൽട്ടർ റബ്ബർ ഗാസ്കറ്റിന് ചുറ്റും അൽപം എഞ്ചിൻ ഓയിൽ പുരട്ടുക.
4) ഫിൽട്ടർ ഗാസ്കറ്റ് മൌണ്ടിംഗ് പ്രതലത്തിൽ സ്പർശിക്കുന്നത് വരെ ഫിൽട്ടർ കൈ കൊണ്ട് തിരിച്ച് ഘടിപ്പിക്കുക.




77PH017

(1) ലൂസ് ചെയ്യുക
(2) ടൈറ്റ് ചെയ്യുക

### ടൈറ്റ് ചെയ്യൽ (ഫിൽട്ടർ മുകൾ വശത്ത് നിന്നുള്ള കാഴ്ച)

ഉദാഹരണം




54G093

(1) ഓയിൽ ഫിൽട്ടർ
(2) 3/4 ടേൺ

**നോട്ടീസ്**

**ഫിൽട്ടർ ശരിയായി ടൈറ്റ് ചെയ്യാൻ, ഫിൽട്ടർ ഗാസ്കറ്റ് ആദ്യം മൌണ്ടിംഗ് പ്രതലത്തിൽ സ്പർശിക്കുന്ന സ്ഥാനം കൃത്യമായി തിരിച്ചറിയുക പ്രധാനമാണ്.**

5) ഓയിൽ ഫിൽട്ടർ റെഞ്ച് ഉപയോഗിച്ച് ഫില്ട്ടvർ മൌണ്ടിംഗ് പ്രതലത്തിൽ സ്പർശിക്കുന്ന സ്ഥാനത്ത് നിന്ന് നിശ്ചിത എന്നതിലുള്ള ടേൺ (അല്ലെങ്കിൽ നിശ്ചിത ടോർക്ക്) എത്തും വരെ ടൈറ്റ് ചെയ്യുക.

**ഓയിൽ ഫിൽട്ടർ ടൈറ്റ് ചെയ്യാനുള്ള ടോർക്ക്**
**3/4 ടേൺ അല്ലെങ്കിൽ**
**14 ന്യൂട്ടൺമീറ്റർ (1.4 കിലോഗ്രാം ഫോഴ്സ്-മീറ്റർ, 10.3 പൗണ്ട്-ഫൂട്ട്)**

**നോട്ടീസ്**

**ഓയിൽ ലീക്ക് ഒഴിവാക്കാൻ ഓയിൽ ഫിൽട്ടർ ടൈറ്റ് ആയി എന്ന് ഉറപ്പാക്കുക. പക്ഷെ അമിതമായി ടൈറ്റ് ചെയ്യരുത്.**

### ഓയിൽ നിറച്ച ശേഷം ലീക്ക് പരിശോധിക്കുക

1) ഫില്ലർ ദ്വാരം വഴി ഓയിൽ നിറച്ച് ഫില്ലർ കാപ്പ് ഘടിപ്പിക്കുക.
ഓയിൽ ശേഷി ഏകദേശം അറിയാൻ "സ്പെസിഫിക്കേഷൻസ്" സെക്ഷനിൽ "കപ്പാസിറ്റി" എന്ന ഐറ്റം നോക്കുക.
2) എഞ്ചിൻ സ്റ്റാർട്ട് ചെയ്യുക. ഓയിൽ ഫിൽട്ടർ, ഡ്രെയിൻ പ്ലഗ് എന്നിവയിൽ ലീക്ക് ഉണ്ടോ എന്ന് ശ്രദ്ധാപൂർവ്വം നോക്കുക. കുറഞ്ഞത് 5 മിനിറ്റ് നേരം എഞ്ചിൻ വിവിധ സ്പീഡിൽ പ്രവർത്തിപ്പിക്കുക.
3) എഞ്ചിൻ നിർത്തി 5 മിനിറ്റ് കാത്തു നിൽക്കുക. വീണ്ടും ഓയിൽ ലെവൽ പരിശോധിക്കുക. ആവശ്യമെങ്കിൽ കൂടുതൽ ഓയിൽ ഒഴിക്കുക. വീണ്ടും ലീക്ക് പരിശോധിക്കുക.

**നോട്ടീസ്**

- **ഓയിൽ ഫിൽട്ടർ മാറ്റുമ്പോൾ മാരുതി ജനുവിൻ ഫിൽട്ടർ ഉപയോഗിക്കാൻ ശുപാർശ ചെയ്യുന്നു. വിപണിയിൽ ലഭിക്കുന്ന മറ്റു ഫിൽട്ടർ ഘടിപ്പിക്കുകയാണെങ്കിൽ, അത് തുല്യ നിലവാരം ഉള്ളതാണെന്നും നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഉള്ളതാണെന്നും ഉറപ്പാക്കുക.**
- **ഓയിൽ ഫിൽട്ടർ, ഡ്രെയിൻ പ്ലഗ് എന്നിവക്ക് ചുറ്റും ഓയിൽ ലീക്ക് കണ്ടാൽ. തെറ്റായി ഘടിപ്പിച്ചു അല്ലെങ്കിൽ ഗാസ്കറ്റ് കേടാണ് എന്നർത്ഥം. ലീക്ക് കണ്ടാൽ അല്ലെങ്കിൽ ഫിൽട്ടർ ഘടിപ്പിച്ചത് ശരിയായ വിധത്തിൽ അല്ല എന്ന് തോന്നിയാൽ മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ വാഹനം പരിശോധിപ്പിക്കുക.**

## എഞ്ചിൻ കൂളന്റ്

### കൂളന്റ് തെരഞ്ഞെടുക്കൽ

താങ്കളുടെ എഞ്ചിനിൽ നിന്ന് മികച്ച പ്രകടനവും ദീർഘ കാല ഈടു നിൽപ്പും ലഭിക്കാൻ മാരുതി ജനുവിൻ കൂളന്റ് അല്ലെങ്കിൽ തത്തുല്യമായത് ഉപയോഗിക്കുക.

ഈ ടൈപ് കൂളന്റ് ആണ് വാഹനത്തിന് ഏറ്റവും നല്ലത് കാരണം അത്:

- ശരിയായ എഞ്ചിൻ ടെംപറേച്ചർ നിലനിർത്താൻ സഹായിക്കുന്നു.
- തണുത്ത് ഉറഞ്ഞു പോകുന്നതിൽ നിന്നും തിളച്ചു പോകുന്നതിൽ നിന്നും ശരിയായ സംരക്ഷണം നൽകുന്നു.
- ദ്രവിക്കൽ, തുരുമ്പ് എന്നിവയിൽ നിന്ന് ശരിയായ സംരക്ഷണം നൽകുന്നു.

ശരിയായ കൂളന്റ് ഉപയോഗിക്കാതിരുന്നാൽ എഞ്ചിൻ കൂളിംഗ് സിസ്റ്റം കേടാവും. ശരിയായ കൂളന്റ് തെരഞ്ഞെടുക്കാൻ അംഗീകൃത മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സഹായിക്കും.

### *നോട്ടീസ്*

**കൂളിംഗ് സിസ്റ്റം കേടാവുന്നത് ഒഴിവാക്കാൻ :**

- **എപ്പോഴും എത്തിലീൻ ഗ്ലൈക്കോൾ ബേസ് നോൺ സിലിക്കേറ്റ് ടൈപ് കൂളന്റ് ശരിയായ ഗാഡതയിൽ ഡിസ്റ്റിൽഡ് വാട്ടർ കൊണ്ട് നേർപ്പിച്ച് ഉപയോഗിക്കുക.**
- **കൂളന്റ് - ഡിസ്റ്റിൽഡ് വാട്ടർ അനുപാതം 30/70 ആണെന്ന് ഉറപ്പാക്കുക. ഒരിക്കലും അത് 70/30 ഇൽ കൂടുതൽ ആവരുത്. 70/30 കൂളന്റ് - ഡിസ്റ്റിൽഡ് വാട്ടർ അനുപാതത്തിൽ കൂടുതൽ ഗാഢത ആയാൽ അമിതമായി ചൂടാവുന്ന അവസ്ഥ ഉണ്ടാകും.**
- **നേരിട്ട് കൂളന്റ് ഉപയോഗിക്കരുത്. സാധാരണ വെള്ളം ഉപയോഗിക്കരുത്.**
- **അധികമായി ഇൻഹിബിറ്റർ, അഡിറ്റീവ് എന്നിവ ഉപയോഗിക്കരുത്. അവ താങ്കളുടെ കൂളിംഗ് സിസ്റ്റവുമായി പൊരുത്തപ്പെടില്ല.**
- **വ്യത്യസ്ത ഇനം ബേസ് കൂളന്റ് കലർത്തി ഉപയോഗിക്കരുത്. അങ്ങനെ ചെയ്താൽ വേഗത്തിൽ സീൽ തേയ്മാനം സംഭവിക്കും. കൂടാതെ അമിതമായി ചൂടാകാനും എഞ്ചിൻ കേടാകാനും ഇടയുണ്ട്.**

### കൂളന്റ് ലെവൽ പരിശോധന

കൂളന്റ് ലെവൽ റിസർവോയർ ടാങ്കിൽ പരിശോധിക്കുക. റേഡിയേറ്ററിൽ അല്ല. എഞ്ചിൻ തണുത്ത് ഇരിക്കുമ്പോൾ കൂളന്റ് ലെവൽ “ഫുൾ”, “ലോ” അടയാളങ്ങൾക്ക് ഇടയിൽ ആവണം. ആവശ്യമെങ്കിൽ ഹാൻഡ് ലൈറ്റ് ഉപയോഗിക്കുക.

### കൂളന്റ് ചേർക്കൽ

### ⚠ അപായ സൂചന

**എഞ്ചിൻ കൂളന്റ് കുടിക്കുകയോ ശ്വസിക്കുകയോ ചെയ്യുന്നത് ദോഷകരമാണ്. ആന്റി ഫ്രീസ് അല്ലെങ്കിൽ കൂളന്റ് ലായനി കുടിക്കരുത്. കുടിച്ചാൽ,ശർദ്ദി വരുത്താൻ ശ്രമിക്കരുത്. ഉടൻ തന്നെ പോയിസൻ കണ്ട്രോൾ സെന്ററിൽ പോവുക അല്ലെങ്കിൽ ഡോക്ടറെ കാണുക. ധൂമം, ചൂടായ വാതകം എന്നിവ ശ്വസിക്കുന്നത് ഒഴിവാക്കുക. ശ്വസിച്ചാൽ ശുദ്ധ വായു കിട്ടുന്ന സ്ഥലത്തേക്ക് മാറ്റുക. കൂളന്റ് കണ്ണിൽ ആയാൽ, വെള്ളം കൊണ്ട് കണ്ണ് കഴുകുക. വൈദ്യ സഹായം തേടുക. കൈകാര്യം ചെയ്ത ശേഷം നന്നായി കഴുകുക. ലായനി മൃഗങ്ങൾക്ക് വിഷബാധ ഉണ്ടാക്കും. കുട്ടികൾ, മൃഗങ്ങൾ എന്നിവയിൽ നിന്ന് അകറ്റി സൂക്ഷിക്കുക.**

### *നോട്ടീസ്*

- **ഉപയോഗിക്കുന്ന മിശ്രിതത്തിൽ 30% ഗാഡതയിൽ ആന്റി ഫ്രീസ് ഉണ്ടാവണം.**
- **താങ്കളുടെ പ്രദേശത്തെ ഏറ്റവും കുറഞ്ഞ അന്തരീക്ഷ ടെംപറേച്ചർ -35°സെന്റിഗ്രേഡ് (-31°ഫാരൻഹീറ്റ്) അല്ലെങ്കിൽ അതിൽ കുറവ് ആണ് പ്രതീക്ഷിക്കുന്നത് എങ്കിൽ ആന്റി ഫ്രീസ് കണ്ടെയിനറിൽ ഉള്ള നിർദ്ദേശങ്ങൾ പിൻ തുടർന്നു ഗാഢത 60% വരെ ഉയർത്താം.**

### (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)




77PM07010

### (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)




77PH039

കൂളന്റ് ലെവൽ “L” (ലോ) അടയാളത്തിന് താഴെ ആണെങ്കിൽ കൂടുതൽ കൂളന്റ് ചേർക്കണം.

റിസർവോയർ ടാങ്ക് കാപ്പ് നീക്കം ചെയ്യുക. റിസർവോയർ ടാങ്കിൽ ലെവൽ ഉയർന്ന് “F” (ഫുൾ) അടയാളം എത്തുന്നത് വരെ കൂളന്റ് ഒഴിക്കുക. റിസർവോയർ ടാങ്ക് ഒരിക്കലും “F” (ഫുൾ) അടയാളത്തിന് മേലെ നിറയ്ക്കരുത്.

| *നോട്ടീസ്* |
| --- |
| **റിസർവോയർ ടാങ്കിൽ കാപ്പ് വെക്കുമ്പോൾ കാപ്പിൽ ഉള്ള അടയാളവും ടാങ്കിൽ ഉള്ള അടയാളവും ഒരേ ലൈനിൽ വരും വിധം ആക്കുക. ഇത് പിൻ തുടരാതിരുന്നാൽ കൂളന്റ് ലീക്ക് ഉണ്ടാവും.** |

**കൂളന്റ് മാറ്റൽ**

പ്രത്യേക നടപടി ക്രമം ആവശ്യമുള്ള പണി ആകയാൽ കൂളന്റ് മാറ്റൽ ചെയ്യുന്നതിന് വാഹനം അടുത്തുള്ള മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ കൊണ്ട് ചെല്ലാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

## എയർ ക്ലീനര്

എയർ ക്ലീനർ പൊടി പിടിച്ച് അടഞ്ഞാൽ, ഇൻ ടേക്ക് റെസിസ്റ്റൻസ് കൂടുതൽ ആവും. പവർ ഔട്ട് പുട്ട് കുറയുകയും ഇന്ധന ചെലവ് കൂടുകയും ചെയ്യും.

### (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)




77PM07011

### (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)




77PH040

സൈഡ് ക്ലാംപ് അഴിക്കുക. എയർ ക്ലീനർ കേസിൽ നിന്ന് എലിമെന്റ് നീക്കം ചെയ്യുക.




60A183

അത് അഴുക്കു നിറഞ്ഞതായി കണ്ടാൽ, ക്ലീൻ ചെയ്യുക, അല്ലെങ്കിൽ എയർ ക്ലീനർ മാറ്റി പുതിയത് ഘടിപ്പിക്കുക.

## സ്പാര്ക്ക് പ്ലഗ്
### (പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്)




77PM07003

സ്പാര്ക്ക് പ്ലാഗ്ഗില്കാര്ബണ്അടിഞ്ഞു കൂടുന്നത് പതിവായി പരിശോധിക്കണം സ്പാര്ക്ക് പ്ലാഗ്ഗില്കാര്ബണ്അടിഞ്ഞു കൂടിയാല്ശക്തിയുള്ള സ്പാര്ക്ക് ലഭിക്കില്ല. വയര്അല്ലെങ്കില്പിന്കൊണ്ട് കാര്ബണ്നീക്കം ചെയ്ത ശേഷം സ്പാര്ക്ക് പ്ലഗ് ഗ്യാപ്പ് ക്രമീകരിക്കുക.




77PM07004

### സ്പാര്ക്ക് പ്ലഗ് എടുക്കുവാന്

1) റിലീസ് ലിവര്അമര്ത്തിക്കൊണ്ട് കപ്ലരേവര്പെടുത്തുക.
2) ബോള്ട്ട് നീക്കം ചെയ്യുക.
3) സ്പാര്ക്ക് പ്ലഗ് ബൂട്ട് വലിക്കുക.

| *അറിയിപ്പ്* |
| --- |
| **സ്പാര്ക്ക് പ്ലഗ് കേബിളേര്പ്പെടുത്തുമ്പോള്, ബൂട്ട് വലിക്കുക. കേബിളുലിക്കരുത്. കേബിള്പിടിച്ച് വലിച്ചാല്അത് കേടാകും** |




77PM07017

| *അറിയിപ്പ്* |
| --- |
| • **സ്പാര്ക്ക് പ്ലഗ് ഘടിപ്പിക്കുമ്പോള്, ത്രെഡ് കേടാവാതിരിക്കാന്കൈ കൊണ്ട് സ്ക്രൂ ചെയ്യുക. 20.0 - 30.0 Nm (2.0 - 3.0 kg-m, 15.0 - 22.0 lb-ft). യില്ടോര്ക് റെഞ്ച് കൊണ്ട് ടൈറ്റ് ചെയ്യുക.**<br>• **പ്ലഗ് നീക്കം ചെയ്യുമ്പോള്പ്ലഗ് ദ്വാരം വഴി മാലിന്യങ്ങള്എഞ്ചിനില്കടക്കാന്അനുവദിക്കരുത്.** |




77PM07018

### സ്പാര്ക്ക് പ്ലഗ് ഗ്യാപ്പ് "a"

**BOSCH-FR6DC**
**0.8 - 0.9 mm (0.031 - 0.035 in.)**

| *അറിയിപ്പ്* |
| --- |
| **സ്പാര്ക്ക് പ്ലഗ് മാറ്റുമ്പോള്നിങ്ങളുടെ വാഹനത്തിന് നിര്ദ്ദേശിച്ച ബ്രാന്ഡ്, ഇനം ഉപയോഗിക്കുക. നിര്ദ്ദിഷ്ട പ്ലഗ് അറിയുവാന്ഈ പുസ്തകത്തില്"സ്പെസിഫിക്കേഷന്" വിഭാഗം നോക്കുക. നിര്ദ്ദിഷ്ടമല്ലാത്ത ബ്രാന്ഡ് ഉപയോഗിക്കുന്നു എങ്കില്മാരുതി സുസുക്കി കമ്മേര്ഷ്യലര്ക്ക് ഷോപ്പില്ആരായുക.** |

# ഗിയർ ഓയില്

### മാന്വൽ ട്രാൻസ്മിഷൻ ഓയിൽ / ഡിഫറൻഷ്യൽ ഓയിൽ

ഗിയർ ഓയിൽ ചേർക്കുമ്പോൾ, താഴെ കൊടുക്കുന്ന ചാർട്ടിൽ കാണിക്കുന്ന വിധത്തിൽ ഉചിതമായ വിസ്കോസിറ്റി, ഗ്രേഡ് ഉള്ള ഗിയർ ഓയിൽ ഉപയോഗിക്കുക.

**മാന്വൽ ട്രാൻസ്മിഷൻ ഓയിൽ**




68LM728

താങ്കൾ താഴെ പറയുന്നവ ഉപയോഗിക്കണമെന്ന് ഞങ്ങൾ ശക്തമായി ശുപാർശ ചെയ്യുന്നു: “മാരുതി ജനുവിൻ ഗിയർ ഓയിൽ **75W-80**” മാന്വൽ ട്രാൻസ്മിഷൻ ഗിയർ ഓയിൽ.

**റിയർ ഡിഫറൻഷ്യൽ ഓയിൽ**




77PH075

താങ്കൾ താഴെ പറയുന്നവ ഉപയോഗിക്കണമെന്ന് ഞങ്ങൾ ശക്തമായി ശുപാർശ ചെയ്യുന്നു: “ടോട്ടല്ഫിനാഎല്ഫ് ട്രാന്സെല്ഫ് എല്.എല്. **85W-140**” റിയർ ഡിഫറൻഷ്യൽ ഓയിൽ.

### ഗിയർ ഓയിൽ ലെവൽ പരിശോധന

**മാന്വൽ ട്രാൻസ്മിഷൻ**




77PH078

**റിയർ ഡിഫറൻഷ്യൽ**




77PH047

1. ഓയിൽ ഫില്ലർ, ലെവൽ പ്ലഗ് (ഉപയോഗിച്ചത് വീണ്ടും ഉപയോഗിക്കരുത്).
2. ഓയിൽ ഡ്രെയിൻ പ്ലഗ്.

ഗിയർ ഓയിൽ ലെവൽ പരിശോധിക്കാൻ താഴെ പറയുന്ന നടപടി ക്രമം പിൻ തുടരുക.

1) വാഹനം നിരപ്പായ പ്രതലത്തിൽ നിർത്തി പാർക്കിംഗ് ബ്രേക്ക് പ്രയോഗിക്കുക. എന്നിട്ട് എഞ്ചിൻ നിർത്തുക.
2) ഓയിൽ ഫില്ലർ, ലെവൽ പ്ലഗ് (1) എന്നിവ നീക്കം ചെയ്യുക.
3) വിരൽ കൊണ്ട് ദ്വാരത്തിന്റെ ഉൾ വശം പരിശോധിക്കുക. ഓയിൽ ലെവൽ പ്ലഗ് ദ്വാരത്തിന്റെ അടി വശം വരെ എത്തുന്നുണ്ടെങ്കിൽ ഓയിൽ ലെവൽ ശരിയാണ്. അങ്ങനെ ആണെങ്കിൽ പ്ലഗ് തിരികെ ഘടിപ്പിക്കുക.
4) ഓയിൽ ലെവൽ കുറവാണെങ്കിൽ, ഓയിൽ ലെവൽ പ്ലഗ് ദ്വാരത്തിന്റെ (1) അടി വശം എത്തുന്നത് വരെ ഓയിൽ ചേർക്കുക, പ്ലഗ് തിരികെ ഘടിപ്പിക്കുക.

**ഓയിൽ ഫില്ലർ, ലെവൽ പ്ലഗ് എന്നിവയുടെ ടൈറ്റ് ചെയ്യേണ്ട ടോർക്ക് മാന്വൽ ട്രാൻസ്മിഷൻ (1):**
**23 ന്യൂട്ടൺമീറ്റർ (2.3 കിലോഗ്രാം ഫോഴ്സ്-മീറ്റർ, 17.0 പൗണ്ട്-ഫൂട്ട്)**
**റിയർ ഡിഫറൻഷ്യൽ (1):**
**25 ന്യൂട്ടൺമീറ്റർ (2.5 കിലോഗ്രാം ഫോഴ്സ്-മീറ്റർ, 18.5 പൗണ്ട്-ഫൂട്ട്)**

*കുറിപ്പ്:*
*റിയർ ഡിഫറൻഷ്യലിന് എപ്പോഴും പുതിയ ഓയിൽ ഫില്ലർ, ലെവൽ പ്ലഗ് (1) എന്നിവ ഉപയോഗിക്കുക.*

**⚠ മുന്നറിയിപ്പ്**

**വാഹനം ഡ്രൈവ് ചെയ്ത് കഴിഞ്ഞ് ഇരിക്കുമ്പോൾ ഗിയർ ഓയിൽ ടെംപറേച്ചർ നിങ്ങളുടെ ചർമ്മത്തിൽ പൊള്ളൽ ഏൽപ്പിക്കാൻ കഴിയും വിധം ഉയർന്നതായിരിക്കും. ഗിയർ ഓയിൽ ലെവൽ പരിശോധന നടത്തും മുൻപ് ഓയിൽ ഫില്ലർ പ്ലഗ് കൈ കൊണ്ട് തൊടാവുന്ന നിലയിലേക്ക് തണുത്ത് വരാൻ കാത്തു നിൽക്കുക.**

| *നോട്ടീസ്* |
|---|
| **പ്ലഗ് ടൈറ്റ് ചെയ്യുമ്പോൾ ലീക്ക് ഉണ്ടാകാതിരിക്കാൻ പ്ലഗ് ത്രെഡിൽ താഴെ പറയുന്ന സീലിംഗ് കോമ്പൌണ്ട് അല്ലെങ്കിൽ തത്തുല്യമായത് പ്രയോഗിക്കുക.** <br> **മാരുതി സുസുക്കി ബോണ്ട് നം. "1216E" അല്ലെങ്കിൽ "1217G"** |

**ഗിയർ ഓയിൽ മാറ്റൽ**

പ്രത്യേക നടപടി ക്രമം, സാധനങ്ങൾ, ടൂൾസ് എന്നിവ ആവശ്യമുള്ള പണി ആകയാൽ ഈ പണി ചെയ്യുന്നതിന് വാഹനം അടുത്തുള്ള മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ ഏൽപ്പിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

## ക്ലച്ച് പെഡല്

### കേബിൾ കണ്ട്രോൾ ക്ലച്ച്




54G274

**ക്ലച്ച് പെഡൽ പ്ലേ "ഈ":**
**10 - 15 മി.മീ. (0.4 - 0.6 ഇഞ്ചസ്)**

ക്ലച്ച് പെഡൽ പ്ലേ അളക്കാൻ, ക്ലച്ച് പെഡൽ കൈ കൊണ്ട് അമർത്തുക. ചെറിയ തോതിൽ പ്രതിരോധം തോന്നുന്നത് വരെ അത് നീങ്ങിയ ദൂരം അളക്കുക. ക്ലച്ച് പെഡലിൽ ഉണ്ടാകുന്ന പ്ലേ നിർദ്ദിഷ്ട പരിധിക്കുള്ളിൽ ആയിരിക്കണം. പ്ലേ മേൽ പറഞ്ഞതിനേക്കാൾ കൂടുതലോ കുറവോ ആണെങ്കിൽ, അല്ലെങ്കിൽ ക്ലച്ച് പെഡൽ പൂർണ്ണമായി അമർത്തിയാൽ ക്ലച്ച് ഡ്രാഗിംഗ് അനുഭവപ്പെടുന്നുണ്ടെങ്കിൽ, ക്ലച്ച് മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക.

## ഫ്യൂവൽ ഫിൽട്ടർ (ഡീസൽ എഞ്ചിൻ മോഡലുകൾക്ക്)




77PH089

ഫ്യൂവൽ ഫിൽട്ടർ ഒരു വാട്ടർ സെഡിമെന്റർ ആയും പ്രവർത്തിക്കും.

കാലാനുസൃത മെയിന്റനൻസ് സമയക്രമം അനുസരിച്ച് വെള്ളം ഡ്രെയിൻ ചെയ്യുക. വെള്ളം ഡ്രെയിൻ ചെയ്യാൻ.

1) ഫ്യൂവൽ ഫിൽട്ടർ ഡ്രെയിൻ നോസിലിന് താഴെ ഒരു പാൻ അല്ലെങ്കിൽ മതിയായ തരത്തിൽ തുണി വെക്കുക.
2) ഡ്രെയിൻ സ്ക്രൂ (1) ലൂസ് ചെയ്യുക. വെള്ളം ഡ്രെയിൻ ചെയ്തു പോകും.
3) വെള്ളം മാറി ഡീസൽ ഫ്യൂവൽ കാണാൻ തുടങ്ങിയാൽ ഡ്രെയിൻ സ്ക്രൂ ടൈറ്റ് ചെയ്യുക.

   **ഡ്രെയിൻ സ്ക്രൂ ടൈറ്റ് ചെയ്യേണ്ട ടോർക്ക്.**
   **1.0 ന്യൂട്ടൺമീറ്റർ (0.10 കിലോഗ്രാം ഫോഴ്സ്-മീറ്റർ, 0.74 പൗണ്ട്-ഫൂട്ട്)**

## ബ്രേക്ക്

### ബ്രേക്ക് ഫ്ലൂയിഡ്




77PM706

ഇൻസ്ട്രുമെന്റ് പാനലിൽ ഉള്ള റിസർവോയർ നോക്കി ബ്രേക്ക് ഫ്ലൂയിഡ് പരിശോധിക്കുക. ബ്രേക്ക് ഫ്ലൂയിഡ് റിസർവോയർ ലെവൽ പരിശോധിക്കാൻ സ്റ്റിയറിംഗ് വീലിന്റെ വലത് ഭാഗത്ത് ഉള്ള കവർ നീക്കം ചെയ്യുക. ഫ്ലൂയിഡ് ലെവൽ "MAX" (മാക്സ്), "MIN" (മിൻ) വരകൾക്ക് ഇടയിൽ ആണോ എന്ന് പരിശോധിക്കുക. ബ്രേക്ക് ഫ്ലൂയിഡ് ലെവൽ

“MIN” (മിൻ) വരയ്ക്ക് അടുത്താണെങ്കിൽ “MAX” (മാക്സ്) വര വരെ മാരുതി ജനുവിൻ ബ്രേക്ക് ഫ്ലൂയിഡ് നിറയ്ക്കുക.

**⚠ അപായ സൂചന**

**താഴെ പറയുന്ന മാർഗ്ഗരേഖകൾ പിൻ തുടരാതിരുന്നാൽ ഗുരുതരമായ പരിക്ക് പറ്റാനും ബ്രേക്ക് സിസ്റ്റം കേടാവാനും കാരണമാകും.**

- **റിസർവോയറിൽ ഉള്ള ബ്രേക്ക് ഫ്ലൂയിഡ് ഒരു നിശ്ചിത ലെവലിൽ താഴെ പോയാൽ ഇൻസ്ട്രുമെന്റ് പാനലിൽ ഉള്ള ബ്രേക്ക് വാണിംഗ് ലൈറ്റ് ‘ഓൺ’ ആകും. (എഞ്ചിൻ പ്രവർത്തിക്കുന്നുണ്ടാകണം. പാർക്കിംഗ് ബ്രേക്ക് പൂർണ്ണമായി ഡിസ് എൻഗേജ് ആയിരിക്കണം. ലൈറ്റ് ഓൺ ആയാൽ, ഉടൻ തന്നെ മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ ബ്രേക്ക് സിസ്റ്റം പരിശോധിപ്പിക്കുക.**
- **അതി വേഗം ഫ്ലൂയിഡ് കുറഞ്ഞു വരുന്നത് ബ്രേക്ക് സിസ്റ്റത്തിൽ ലീക്ക് സൂചിപ്പിക്കുന്നു. ഇത് ഉടൻ തന്നെ മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക.**
- **മാരുതി ജനുവിൻ ബ്രേക്ക് ഫ്ലൂയിഡ് അല്ലാതെ ഏതെങ്കിലും ബ്രേക്ക് ഫ്ലൂയിഡ് ഉപയോഗിക്കരുത്. തിരിച്ചെടുത്ത ഫ്ലൂയിഡ് അല്ലെങ്കിൽ പഴയതോ തുറന്നതോ ആയ കണ്ടെയിനറിൽ സൂക്ഷിച്ച ഫ്ലൂയിഡ് ഉപയോഗിക്കരുത്. ബ്രേക്ക് ഫ്ലൂയിഡ് റിസർവോയറിൽ അന്യ വസ്തുക്കൾ, മറ്റു ദ്രാവകങ്ങൾ മുതലായ കടക്കാതെ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.**

**⚠ മുന്നറിയിപ്പ്**

**ബ്രേക്ക് ഫ്ലൂയിഡ് നിങ്ങളുടെ കണ്ണുകൾക്ക് ദോഷകരമാണ്. പെയിന്റ് ചെയ്ത പ്രതലങ്ങൾ കേടാക്കും. റിസർവോയർ നിറയ്ക്കുമ്പോൾ ജാഗ്രത പുലർത്തുക.**

**⚠ അപായ സൂചന**

- **ഓവർ ലോഡ് ഉള്ള നിലയിലാണ് വാഹനം ഡ്രൈവ് ചെയ്യുന്നത് എങ്കിൽ ബ്രേക്കിംഗ് ദൂരം കൂടുതൽ ആവും. പെഡലിൽ കൂടുതൽ ഫോർസ് നൽകേണ്ടി വരും.**

**⚠ അപായ സൂചന**

**ബ്രേക്ക് ഫ്ലൂയിഡ് കുടിച്ചാൽ ദോഷകരവും മാരകവും ആണ്. ചർമ്മത്തിലോ കണ്ണിലോ ആയാൽ ദോഷകരമാണ്. കുടിച്ചാൽ, ശർദ്ദി വരുത്താൻ ശ്രമിക്കരുത്. ഉടൻ തന്നെ പോയിസൻ കണ്ട്രോൾ സെന്ററിൽ പോവുക അല്ലെങ്കിൽ ഡോക്ടറെ കാണുക. ബ്രേക്ക് ഫ്ലൂയിഡ് കണ്ണിൽ ആയാൽ, വെള്ളം കൊണ്ട് കണ്ണ് കഴുകുക. വൈദ്യ സഹായം തേടുക. കൈകാര്യം ചെയ്ത ശേഷം നന്നായി കഴുകുക. ലായനി മൃഗങ്ങൾക്ക് വിഷബാധ ഉണ്ടാക്കും. കുട്ടികൾ, മൃഗങ്ങൾ എന്നിവയിൽ നിന്ന് അകറ്റി സൂക്ഷിക്കുക.**

*കുറിപ്പ്:*
*ഡിസ്ക് ബ്രേക്ക് ആണെങ്കിൽ, പാഡ് തേയ്മാനം വരുന്നത് അനുസരിച്ച് ഫ്ലൂയിഡ് ലെവൽ ക്രമേണ കുറഞ്ഞു വരും എന്ന് പ്രതീക്ഷിക്കണം.*

**ബ്രേക്ക് പെഡൽ**

ബ്രേക്ക് പെഡൽ അമർത്തുമ്പോൾ അത് സ്പോൻജ് പോലെ അനുഭവപ്പെടാതെ സാധാരണ ഉയരത്തിൽ എത്തിയാൽ നിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ഇല്ലെങ്കിൽ ബ്രേക്ക് സിസ്റ്റം മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക. ബ്രേക്ക് പെഡൽ നിൽക്കേണ്ട സാധാരണ ഉയരം ഏതെന്നു സംശയം ഉണ്ടെങ്കിൽ താഴെ പറയും വിധം പരിശോധിക്കുക:




54G108S

**പെഡൽ മുതൽ ഫ്രണ്ട് പാനൽ വരെ മിനിമം അകലം “അ”:**
**പെട്രോള് ഒപ്പം ബൈ-ഫ്യൂവല് എഞ്ചിന്മോഡലുകള്ക്ക്: 150 mm (6 in.)**
**180 mm (7.1 in.)**

എഞ്ചിൻ പ്രവർത്തിക്കുമ്പോൾ, ബ്രേക്ക് പെഡൽ ഏകദേശം 30 കിലോഗ്രാം ഫോർസിൽ അമർത്തി ബ്രേക്ക് പെഡൽ മുതൽ ഫ്രണ്ട് പാനൽ വരെ ഉള്ള അകലം അളക്കുക. ആവശ്യമായ കുറഞ്ഞ അകലം ആണ് നിർദ്ദിഷ്ട അകലം. വാഹനത്തിലെ ബ്രേക്ക് സിസ്റ്റം സ്വയം അഡ്ജസ്റ്റ് ചെയ്യുന്നതാകയാൽ, പെഡൽ ക്രമീകരണം ചെയ്യേണ്ട ആവശ്യമില്ല.

മേൽ പറഞ്ഞ വിധം അളന്ന് കിട്ടിയ പെഡൽ മുതൽ ഫ്രണ്ട് പാനൽ വരെ ഉള്ള അകലം ആവശ്യമായ കുറഞ്ഞ അകലത്തെക്കാൾ കുറവായാൽ, വാഹനം മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക.

*കുറിപ്പ്:*
*ബ്രേക്ക് പെഡൽ മുതൽ ഫ്രണ്ട് പാനൽ വരെ ഉള്ള അകലം അളക്കുമ്പോൾ, അതിൽ ഫ്ലോർ മാറ്റ്, പാനലിനു മുൻ വശത്ത് ഉള്ള റബ്ബർ എന്നിവ കണക്കാക്കരുത്.*



77PM07013

**⚠ അപായ സൂചന**

**വാഹനത്തിന്റെ ബ്രേക്ക് സിസ്റ്റത്തിൽ താഴെ പറയുന്ന പ്രശ്നങ്ങളിൽ ഏതെങ്കിലും അനുഭവപ്പെട്ടാൽ ഉടൻ തന്നെ വാഹനം മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക**
- **മോശമായ ബ്രേക്കിംഗ് പ്രവർത്തനം**
- **സമമാല്ലാത്ത്ത ബ്രേക്കിംഗ് (എല്ലാ വീലിലും ബ്രേക്ക് ഒരു പോലെ പ്രവർത്തിക്കുന്നില്ല).**
- **അമിതമായ പെഡൽ സഞ്ചാരം**
- **ബ്രേക്ക് ഡ്രാഗിംഗ്**
- **അമിത ശബ്ദം**
- **പെഡൽ പ്രകമ്പനം (പെഡൽ അമർത്തുമ്പോൾ തുടിപ്പ്).**

## പാർക്കിംഗ് ബ്രേക്ക്



77PM702

റാച്ചറ്റ് ടൂത്ത് മാനദണ്ഡം
**7 - 9 ടീത്തുകൾ, ലിവർ വലിക്കുന്ന ഫോർസ് (1): 200 ന്യൂട്ടൺ (20 കിലോഗ്രാം ഫോഴ്സ്-മീറ്റർ, 44 പൗണ്ട്-ഫൂട്ട്)**

പാർക്കിംഗ് ബ്രേക്ക് പൂർണ്ണമായി എൻഗേജ് ആവുന്നത് വരെ ലിവർ മെല്ലെ മേലോട്ട് വലിക്കുമ്പോൾ റാച്ചറ്റ് ടീത്തിൽ നിന്ന് കേൾക്കുന്ന ക്ലിക്ക് ശബ്ദം എണ്ണി നോക്കിപാർക്കിംഗ് ബ്രേക്ക് ശരിയായ ക്രമീകരണം പരിശോധിക്കുക. നിർദ്ദിഷ്ട റാച്ചറ്റ് ടീത്തുകൾക്ക് ഇടയിൽ പാർക്കിംഗ് ബ്രേക്ക് ലിവർ നിൽക്കണം. റിയർ വീലുകൾ ഭദ്രമായി ലോക്ക് ആവണം. പാർക്കിംഗ് ബ്രേക്ക് ശരിയായി ക്രമീകരിച്ചില്ല അല്ലെങ്കിൽ ലിവർ പൂർണ്ണമായി റിലീസ് ചെയ്ത ശേഷം ബ്രേക്ക് ഡ്രാഗ് ഉണ്ടാവുന്നു എങ്കിൽ പാർക്കിംഗ് ബ്രേക്ക് മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക / ക്രമീകരിക്കുക.

**⚠ അപായ സൂചന**

- **വാഹനം ഓവർ ലോഡ് ആണെങ്കിൽ പാർക്കിംഗ് ബ്രേക്ക് ഫലപ്രദമാകണമെന്നില്ല. വാഹനം പിടിച്ച് നിർത്താൻ കൂടുതലായി ചോക്ക് ഉപയോഗിക്കുക.**

## സ്റ്റിയറിംഗ്



77PH042

**സ്റ്റിയറിംഗ് വീൽ പ്ലേ "ഇ": 0 - 30 മി.മീ. (0.0 - 1.2 ഇഞ്ചസ്)**

മദ്ധ്യ സ്ഥാനത്ത് നിന്ന് സ്റ്റിയറിംഗ് വീൽ മെല്ലെ ഇടത്തോട്ടും വലത്തോട്ടും തിരിച്ച് നേർത്ത പ്രതിരോധം അനുഭവപ്പെടുന്നത് വരെ അത് നീങ്ങിയ അകലം അളന്ന് സ്റ്റിയറിംഗ് വീൽ പ്ലേ പരിശോധിക്കുക. പ്ലേ നിർദ്ദിഷ്ട വാല്യൂകൾക്ക് ഉള്ളിൽമി.മീ. ആയിരിക്കണം.

തുറന്ന സ്ഥലത്ത് മെല്ലെ ഡ്രൈവ് ചെയ്തു കൊണ്ട് സ്റ്റിയറിംഗ് വീൽ ഇടത്തോട്ടും വലത്തോട്ടും മുഴുവനായി തിരിക്കുക. സ്റ്റിയറിംഗ് വീൽ ചിലമ്പൽ ശബ്ദം ഇല്ലാതെ സുഗമമായി തിരിയുന്നുണ്ടോ എന്ന് പരിശോധിക്കുക. ഫ്രീ പ്ലേ നിർദ്ദിഷ്ട വാല്യൂകൾക്ക് പുറത്ത് ആണെങ്കിലോ, മറ്റെന്തെങ്കിലും പ്രശനം ഉള്ളതായി കണ്ടാലോ, മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധന നടത്തണം.

## പ്രൊപ്പല്ലർ ഷാഫ്റ്റ് യൂണിവേർസൽ ജോയിന്റ്

**മുമ്പിൽ**

ഉദാഹരണം




77PM703

**റിയർ**

ഉദാഹരണം




77PM704

പ്രൊപ്പല്ലർ ഷാഫ്റ്റ് യൂണിവേർസൽ ജോയിന്റ് (1) (ഫ്രണ്ട്, റിയർ) സർവീസ് സമയ ക്രമം അനുസരിച്ച് ല്യൂബ്രിക്കേറ്റ് ചെയ്യുക.

പ്രൊപ്പല്ലർ ഷാഫ്റ്റ് യൂണിവേർസൽ ജോയിന്റ് ല്യൂബ്രിക്കേറ്റ് ചെയ്യാൻ ഗ്രീസ് ഗൺ (2) നിർദിഷ്ട ഗ്രീസ് എന്.എല്.ജി.ഐ ഗ്രേഡ് 2 എന്നിവ ഉപയോഗിക്കുക.

## ടയറുകള്

ഉദാഹരണം



77PM705

താങ്കളുടെ വാഹനത്തിന്റെ ഫ്രണ്ട്, റിയർ ടയറുകൾക്ക് ആവശ്യമായ പ്രഷർ മാനദണ്ഡം ടയർ ഇൻഫർമേഷൻ ലേബലിൽ കൊടുത്തിട്ടുണ്ട്. ഫ്രണ്ട്, റിയർ ടയറുകള്ക്ക് നിർദിഷ്ട അളവിൽ പ്രഷർ ഉണ്ടാകണം.

ഈ വാല്യൂ കോമ്പാക്റ്റ് സ്പെയർ ടയർ ഘടിപ്പിച്ചിട്ടുണ്ട് എങ്കിൽ അതിനു ബാധകമല്ല എന്നത് ശ്രദ്ധിക്കുക.

**ടയർ പരിശോധന**

താങ്കളുടെ ടയറുകളിൽ മാസത്തിൽ ഒരിക്കൽ താഴെ പറയുന്ന പരിശോധനകൾ ബടത്തുക.

1) ടയർ പ്രഷർ ഗേജ് ഉപയോഗിച്ച് എയർ പ്രഷർ അളക്കുക. ആവശ്യമെങ്കിൽ പ്രഷർ ക്രമീകരിക്കുക. സ്പെയർ ടയറും പരിശോധിക്കാൻ ഓർമ്മിക്കുക.

**⚠ അപായ സൂചന**

- **ടയർ തണുത്തിരിക്കുമ്പോൾ എയർ പ്രഷർ പരിശോധിക്കുക. അല്ലെങ്കിൽ തെറ്റായ റീഡിംഗ് ലഭിക്കും.**
- **ടയറിൽ മെല്ലെ വായു നിറച്ചു കൊണ്ട് നിർദ്ദിഷ്ട പ്രഷർ എത്തുന്നത് വരെ ഇടയ്ക്കിടെ പ്രഷർ നോക്കുക.**
- **ടയറുകൾ പ്രഷർ കുറവായോ കൂടുതലായോ വായു നിറയ്ക്കരുത്.**
- **ഇൻഫ്ലേഷൻ കുറവായാൽ, കൈകാര്യ സ്വഭാവങ്ങൾ മാറ്റം വരാനും. ടയർ ബീഡിൽ നിന്നും റിം സ്ലിപ് ആവാനും സാദ്ധ്യത ഉണ്ട്. ഇത് ടയർ, റിം എന്നിവ കേടാകാനും അപകടം സംഭവിക്കാനും ഇടയാക്കും.**
- **അമിതമായ ഇൻഫ്ലേഷൻ മൂലം ടയർ പൊട്ടിത്തെറിച്ച് പരിക്ക് പറ്റാൻ ഇടയുണ്ട്. അമിതമായ ഇൻഫ്ലേഷൻ മൂലം അസാധാരണമായ കൈകാര്യ സ്വഭാവങ്ങൾ ഉണ്ടായേക്കാം. ഇത് അപകടങ്ങൾക്ക് കാരണമാകും.**

ഉദാഹരണം




52KM110

(1) ട്രെഡ് തേയ്മാനം ഇൻഡിക്കേറ്റർ
(2) ഇൻഡിക്കേറ്റർ സ്ഥാനം അടയാളം

2) ട്രെഡ് ഗ്രൂവ് ആഴം 1.6 മി.മീ. (0.06 ഇഞ്ചസ്). ഇൽ കൂടുതൽ ഉണ്ടോ എന്ന് പരിശോധിക്കുക. ഇത് പരിശോധിക്കാൻ സഹായകമായി ടയറുകളിൽ ഗ്രൂവിൽ മോൾഡ് ചെയ്ത് ചേർത്ത ട്രെഡ് തേയ്മാനം ഇൻഡിക്കേറ്റർ ഉണ്ട്. ട്രെഡ് പ്രതലത്തിൽ ഇൻഡിക്കേറ്റർ കാണാൻ തുടങ്ങിയാൽ ശേഷിക്കുന്ന ട്രെഡ് ആഴം 1.6 മി.മീ. (0.06 ഇഞ്ചസ്). അല്ലെങ്കിൽ അതിൽ കുറവ് ആണ്.. അതിനാൽ ടയർ മാറ്റണം.
3) അസാധാരണ തേയ്മാനം, വിള്ളൽ, കേടുപാടുകൾ എന്നിവ പരിശോധിക്കുക. അസാധാരണ തേയ്മാനം, വിള്ളൽ, മറ്റു കേടുപാടുകൾ എന്നിവയുള്ള ടയർ മാറ്റണം. ഏതെങ്കിലും ടയറിൽ അസാധാരണ തേയ്മാനം കണ്ടാൽ അത് മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക.

**⚠ മുന്നറിയിപ്പ്**

**തടസ്സങ്ങളിൽ ഇടിക്കുന്നതും ഇടിക്കുന്നതും പാറക്കല്ലിനു മേലെ കൂടി ഓടിക്കുന്നതും ടയർ കേടാക്കുകയും വീൽ വിരിപ്പ് അലൈൻമെന്റ് ബാധിക്കപ്പെടുകയും ചെയ്യും. ടയറുകളും വീൽ അലൈൻമെന്റും കാലാനുസൃതമായി മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ പരിശോധിപ്പിക്കുക.**

4) ലൂസ് ആയ വീൽ നട്ട് പരിശോധിക്കുക.
5) ടയറിൽ ആണി, കല്ല് മറ്റു വസ്തുക്കൾ കയറിയത് പരിശോധിക്കുക.

**⚠ അപായ സൂചന**

- **താങ്കളുടെ വാഹനത്തിൽ എല്ലാ ടയറുകളും ഒരേ ഇനത്തിലും സൈസിലും ഉള്ളവയാണ്. ശരിയായ സ്റ്റിയറിംഗ് പ്രവർത്തനവും കൈകാര്യവും ഉറപ്പാക്കുന്നതിന് ഇത് പ്രധാനമാണ്. വാഹനത്തിലെ നാല് വീലുകളിൽ വിവിധ ഇനത്തിലും സൈസിലുമുള്ള ടയറുകൾ കലർത്തി ഉപയോഗിക്കരുത്. മാരുതി സുസുക്കിയുടെ സ്റ്റാൻഡേർഡ് അല്ലെങ്കിൽ ഓപ്ഷണൽ ഉപകരണം ആയി അംഗീകരിച്ച ഇനത്തിലും സൈസിലുമുള്ള ടയറുകൾ മാത്രം ഉപയോഗിക്കുക.**
- **താങ്കളുടെ വാഹനത്തിലെ ടയറുകളും വീലുകളും മാറ്റി മാർക്കറ്റിൽ ലഭിക്കുന്ന ചില തരം വീൽ, ടയർ സങ്കലനം ഉപയോഗിക്കുന്നത് സ്റ്റിയറിംഗ് പ്രവർത്തനത്തെയും കൈകാര്യത്തെയും സാരമായി ബാധിക്കും.**
- **അതിനാൽ മാരുതി സുസുക്കിയുടെ സ്റ്റാൻഡേർഡ് അല്ലെങ്കിൽ ഓപ്ഷണൽ ഉപകരണം ആയി അംഗീകരിച്ച വീൽ, ടയർ സങ്കലനം മാത്രം ഉപയോഗിക്കുക.**

*നോട്ടീസ്*

**ഒറിജിനൽ ടയർ മാറ്റി വ്യത്യാസമുള്ള സൈഡ് ടയർ ഘടിപ്പിച്ചാൽ തെറ്റായ സ്പീഡോ മീറ്റർ, ഓഡോ മീറ്റർ റീഡിംഗ് ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. ഒറിജിനൽ ടയറിൽ നിന്ന് വ്യത്യസ്തമായ ടയർ വാങ്ങുന്നതിന് മുൻപ് മാരുതി സുസുക്കി കമേർഷ്യൽ ഡീലർ സ്ഥാപനത്തിൽ അന്വേഷിക്കുക.**

### ടയർ റൊട്ടേഷൻ

**ഉദാഹരണം**




80JK7001

ടയറുകൾക്ക് സമമാല്ലാത്ത്ത തേയ്മാനം വരുന്നത് ഒഴിവാക്കാനും അവ കൂടുതൽ കാലം ഈടു നിൽക്കാനും ചിത്രത്തിൽ കാണിച്ച വിധത്തിൽ ടയർ റൊട്ടേഷൻ ചെയ്യുക. ഓരോ 10000 കി.മീറ്ററിലും ടയർ റൊട്ടേഷൻ ചെയ്യണം. റൊട്ടേഷൻ ചെയ്ത ശേഷം ഫ്രണ്ട്, റിയർ ടയറുകളിൽ പ്രഷർ, ടയർ ഇൻഫർമേഷൻ ലേബലിൽ നിർദ്ദേശിച്ച മാനദണ്ഡം അനുസരിച്ച് ക്രമീകരിക്കുക.

### വീൽ ബാലൻസിംഗ്

പരുക്കനല്ലാത്ത നല്ല റോഡിൽ വാഹനത്തിന് അസാധാരണമായ വിറയൽ അനുഭവപ്പെട്ടാൽ മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ വീൽ ബാലൻസിംഗ് ചെയ്യിക്കുക.

### വീൽ അലൈൻമെന്റ്

അസാധാരാണമായ ടയർ തേയ്മാനം, വശത്തേക്ക് വലിക്കൽ എന്നിവ ഉണ്ടെങ്കിൽ മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ വീൽ അലൈൻമെന്റ് ചെയ്യിക്കുക.

## ബാറ്ററി

**⚠ അപായ സൂചന**

- **ബാറ്ററികൾ ജ്വലന ശേഷിയുള്ള ഹൈഡ്രജൻ വാതകം ഉത്പാദിപ്പിക്കുന്നു. ബാറ്ററി തീ ജ്വാല, തീപ്പൊരി മുതലായവയിൽ നിന്ന് അകറ്റി നിർത്തുക. ബാറ്ററിയുടെ സമീപത്ത് ജോലി ചെയ്യുമ്പോൾ പുക വലിക്കരുത്.**
- **ബാറ്ററി മാറ്റുമ്പോളും സർവീസ് ചെയ്യുമ്പോളും നെഗറ്റീവ് കേബിൾ വേർപെടുത്തുക. ലോഹ വസ്തുക്കൾ ബാറ്ററി പോസ്റ്റിലും വാഹന ബോഡിയിലും ഒരേ സമയം സ്പർശിച്ച് ഷോർട്ട് സർക്യൂട്ട് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുക.**
- **വാഹനം ജമ്പ് സ്റ്റാർട്ട് ചെയ്യേണ്ട ആവശ്യം വന്നാൽ, താങ്കൾക്ക് അപകടം സംഭവിക്കാതിരിക്കാനും ബാറ്ററി കേടാവതിരിക്കാനും വേണ്ടി, ഈ മാന്വലിലെ "എമർജൻസി സർവീസ്" സെക്ഷനിലെ ജമ്പ് സ്റ്റാർട്ട് സംബന്ധിച്ച നിർദ്ദേശങ്ങൾ പിൻ തുടരുക.**



54GM701

മെയിന്റനൻസ് ആവശ്യമില്ലാത്ത ബാറ്ററി (കാപ്പ് ഇല്ലാത്ത ഇനം) ആണെങ്കിൽ, വെള്ളം ഒഴിക്കേണ്ട ആവശ്യമില്ല. വാട്ടർ ഫില്ലർ കാപ്പ് ഉള്ള, സാധാരണ ഇനം ബാറ്ററി ആണെങ്കിൽ ബാറ്ററി ലായനി ലെവൽ എപ്പോഴും അപ്പർ ലൈൻ (1) ലോവർ ലൈൻ (2) എന്നിവയ്ക്ക് ഇടയിൽ ആയിരിക്കണം. ബാറ്ററി കേസ്, ബാറ്ററി ടെർമിനൽ, ബാറ്ററി ഹോൾഡ് ഡൌൺ ബ്രാക്കറ്റ് എന്നിവ കേടുപാടുകൾ, ദ്രവിക്കൽ എന്നിവയ്ക്കായി ഇടയ്ക്കിടെ പരിശോധിക്കുക. ബ്രഷ്, വെള്ളത്തിൽ കലർത്തിയ അമോണിയ അല്ലെങ്കിൽ വെള്ളത്തിൽ കലർത്തിയ ബേക്കിംഗ് സോഡാ കൊണ്ട് ദ്രവിക്കൽ നീക്കം ചെയ്യുക. ദ്രവിക്കൽ നീക്കം ചെയ്ത ശേഷം നല്ല വെള്ളം കൊണ്ട് കഴുകുക.

ഒരു മാസത്തിൽ കൂടുതൽ കാലം വാഹനം ഉപയോഗിക്കാതെ നിർത്തുകയാണെങ്കിൽ, ഡിസ് ചാർജ് ആയി പോവാതിരിക്കാൻ ബാറ്ററി നെഗറ്റീവ് ടെർമിനലിൽ നിന്ന് കേബിൾ വേർപെടുത്തുക.

**⚠ അപായ സൂചന**

**ബാറ്ററി ലെവൽ താഴ്ന്ന ലെവൽ ലൈനിനെക്കാൾ (2) കുറവായിരിക്കുമ്പോൾ ബാറ്ററി ഉപയോഗിച്ചാൽ ഹൈഡ്രജൻ വാതകം മൂലം സ്ഫോടനം, താപ ബഹിര്ഗ്ഗ മനം മുതലായവ സംഭവിക്കാൻ ഇടയുണ്ട്. ബാറ്ററി ലെവൽ താഴ്ന്ന ലെവൽ ലൈനിനെക്കാൾ കുറവായിരിക്കുമ്പോൾ ബാറ്ററി ഉപയോഗിക്കരുത്.**

*നോട്ടീസ്*

**ഉയര്ന്ന ലെവൽ ലൈനിനു (1) മുകളിൽ ബാറ്ററി വാട്ടർ നിറച്ചാൽ വാഹനം ഓടിക്കുമ്പോൾ ഉണ്ടാകുന്ന വിറയൽ മൂലം ദ്രാവകം ലീക്ക് ആവുകയോ ബാറ്ററി ചാര്ജ്ി ചെയ്യുന്ന അവസ്ഥ അനുസരിച്ചു ചില കേസുകളിൽ പുറത്തേക്ക് സ്പ്രേ ആവുകയോ ചെയ്യും. ഇത് ബാറ്ററിയുടെ അടുത്തുള്ള പാര്ട്ടു കള്ക്ക് കേടുണ്ടാക്കും. ബാറ്ററി ദ്രാവകം തുളുമ്പിയാൽ ഉടൻ തന്നെ വെള്ളം കൊണ്ട് കഴുകുക. മുകളിലെ ലെവലിന്റെ ലൈനിന് മുകളിൽ ബാറ്ററി ലികിഡ് ചേർക്കരുത് (1).**

*കുറിപ്പ്:*
*ബാറ്ററി പ്രവര്ത്തിന8ക്കുമ്പോൾ ബാറ്ററി ദ്രാവകം ഉപയോഗിക്കപ്പെടും. ഉയര്ന്നോ ലെവൽ (1) താഴ്ന്ന ലെവൽ (2) എന്നിവയുടെ മദ്ധ്യ ഭാഗത്തിന് താഴെയാണ് ബാറ്ററി ദ്സ്രാകമ് കാണുന്നത് എങ്കിൽ അഃ മുകളിലെ ലെവൽ ലൈൻ (1) എത്തുന്നത് വരെ ഡിസ്റ്റില്ഡ് വാട്ടർ നിറയ്ക്കുക.*

## ഫ്യൂസ്

താങ്കളുടെ വാഹനത്തിൽ മൂന്നു തരം ഫ്യൂസുകൾ ഉണ്ട്. അവ താഴെ വിവരിക്കുന്നു.

**ഫ്യൂസബിൽ ലിങ്ക് വയറും മെയിൻ ഫ്യൂസും.**

മെയിൻ ഫ്യൂസ് ബാറ്ററിയിൽ നിന്ന് നേരിട്ട് കറന്റ് എടുക്കുന്നു.

**പ്രൈമറി ഫ്യൂസ്**

ഇവ മെയിൻ ഫ്യൂസിനും തനിയായുള്ള ഫ്യൂസുകൾക്കും ഇടയിൽ ഉള്ളതാണ്. ഇവ ഇലക്ട്രിക്കൽ ലോഡ് ഗ്രൂപ്പുകൾക്ക് വേണ്ടി ഉള്ളതാണ്.

**തനിയായുള്ള ഫ്യൂസുകൾ**

ഈ ഫോയ്യ്സുകൾ പ്രത്യേക ഇലക്ട്രിക്കൽ സർക്യൂട്ടുകൾക്ക് ഉള്ളതാണ്.

ഫ്യൂസ് നീക്കം ചെയ്യാൻ, റിലേ ബോക്സിൽ ഉള്ള ഫ്യൂസ് പുള്ളർ (1) ഉപയോഗിക്കുക.



77PM07012

### എഞ്ചിൻ കമ്പാർട്ട്മെന്റിൽ ഉള്ള ഫ്യൂസുകൾ




77PH076




77PH077

| മെയിൻ ഫ്യൂസ് / പ്രൈമറി ഫ്യൂസ് / റിലേ | | |
|---|---|---|
| ക്രമ നം. | റേറ്റിംഗ് | ഫ്യൂസ് / റിലേ |
| (1) | - | എസ്.ടി (സ്റ്റാർട്ടർ മോട്ടോർ റിലേ) |
| | | സി എന്ജി വാല്വ് റിലേ (ബൈ - ഫ്യൂവല്) |
| (2) | - | ആർ.ഡി.ടി.ആർ. (റേഡിയേറ്റർ ഫാൻ റിലേ) |
| (3) | - | ഗ്ലോ 2 (ഗ്ലോ പ്ലഗ് റിലേ) |
| | | ഫ്യൂവല്പമ്പ് റിലേ (ബൈ - ഫ്യൂവല്) |
| (4) | - | എഫ്/പി (ഫ്യൂവൽ പമ്പ് റിലേ) |
| | | സ്റ്റാർട്ടിംഗ് മോട്ടോര്റിലേ (ബൈ - ഫ്യൂവല്) |
| (5) | 20A | എഫ്/പി (ഫ്യൂവൽ പമ്പ്) |
| | 7.5A | സി എന്ജി വാല്വ് (ബൈ - ഫ്യൂവല്) |
| (6) | 30A | എഫ്ഐ (ഫ്യൂവൽ ഇൻജക്റ്റർ) |
| | 15A | ഫ്യൂവല്ഇഞ്ചക്ഷന് |
| (7) | 30A | എസ്ടി (സ്റ്റാർട്ടർ മോട്ടോർ) |
| (8) | 15A | ഹോൺ/ഹസാർഡ് |
| (9) | 70A | എഐൽടി (ആൾട്ടർനേറ്റർ) |
| (10) | 20A | ഗ്ലോ പ്ലഗ് |
| (11) | 20A | ഗ്ലോ പ്ലഗ് 2 |
| (12) | 40A | ബാറ്ററി |
| (13) | 40A | ഐ.ജി.എൻ (ഇഗ്നീഷൻ സ്വിച്ച്) |
| (14) | 30A | ആർ.ഡി.ടി.ആർ. (റേഡിയേറ്റർ ഫാൻ) |
| (15) | - | ഗ്ലോ പ്ലഗ് റിലേ |
| | | ഫ്യൂവല്ഇഞ്ചക്റ്റര്റിലേ (ബൈ - ഫ്യൂവല്) |
| (16) | - | ബ്ലാങ്ക് |
| (17) | - | ബ്ലാങ്ക് |
| (18) | - | ഫ്യൂവൽ ഇൻജക്റ്റർ മെയിൻ റിലേ |
| (19) | 15A | എഫ്.ഐ.2 (ഫ്യൂവൽ ഇൻജക്റ്റർ 2) |
| (20) | 20A | ഐഎൻജെ ഡിആർവി (ഇൻജക്റ്റർ ഡ്രൈവർ) |
| (21) | 7.5A | സി എന് ജി |

മെയിൻ ഫ്യൂസ്, പ്രൈമറി ഫ്യൂസുകൾ, ചില തനിയായ ഫ്യൂസുകൾ എന്നിവ എഞ്ചിൻ കമ്പാർട്ട്മെന്റിൽ ആണുള്ളത്. മെയിൻ ഫ്യൂസ് അടിച്ച് പോയാൽ യാതൊരു ഇലക്ട്രിക്കൽ ഘടകവും പ്രവർത്തിക്കില്ല. പ്രൈമറി ഫ്യൂസ് അടിച്ച് പോയാൽ, അതുമായി ബന്ധപ്പെട്ട ലോഡ് ഗ്രൂപ്പിലെ യാതൊരു ഇലക്ട്രിക്കൽ ഘടകവും പ്രവർത്തിക്കില്ല. മെയിൻ ഫ്യൂസ്, പ്രൈമറി ഫ്യൂസ് അല്ലെങ്കിൽ തനിയായ ഫ്യൂസ് മാറ്റുമ്പോൾ മാരുതി ജനുവിൻ പാർട്ട് ഉപയോഗിക്കുക.

ഫ്യൂസ് നീക്കം ചെയ്യാൻ, റിലേ ബോക്സിൽ ഉള്ള ഫ്യൂസ് പുള്ളർ (1) ഉപയോഗിക്കുക. ഓരോ ഫ്യൂസിന്റെയും ആമ്പിയർ ഫ്യൂസ് ബോക്സ് കവറിൽ കാണിച്ചിട്ടുണ്ട്.



60G111



77PH048



77PH049

**⚠ അപായ സൂചന**

**മെയിൻ ഫ്യൂസ് അല്ലെങ്കിൽ പ്രൈമറി ഫ്യൂസ് അടിച്ച് പോയാൽ, അംഗീകൃത മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ വാഹനം പരിശോധിപ്പിക്കുക. എപ്പോഴും മാരുതി ജനുവിൻ പാർട്ട് ഉപയോഗിക്കുക. താൽക്കാലിക റിപ്പയർ ആണെങ്കിൽ പോലും വയർ പോലുള്ള പകരം വസ്തുക്കൾ ഉപയോഗിക്കരുത്. അത് വ്യാപകമായ ഇലക്ട്രിക്കൽ കേടുപാടുകൾ /അഗ്നി ബാധ ഉണ്ടാവാൻ കാരണമാകും.**

*കുറിപ്പ്:*
*ഫ്യൂസ് ബോക്സിൽ സ്പെയർ ഫ്യൂസ്, ഫ്യൂസ് പുള്ളർ എന്നിവ എപ്പോഴും ഉണ്ട് എന്ന് ഉറപ്പാക്കുക.*

**ഡാഷ് ബോർഡിന് അടിയിൽ ഉള്ള ഫ്യൂസുകൾ**

| **മെയിൻ ഫ്യൂസ് / പ്രൈമറി ഫ്യൂസ്** | | |
|---|---|---|
| (1) | 10A | ഹെഡ് ലൈറ്റ് (വലത്) |
| (2) | 10A | ഹെഡ് ലൈറ്റ് (ഇടത്) |
| (3) | 10A | ടെയിൽ ലൈറ്റ് |
| (4) | 10A | സ്റ്റോപ് ലൈറ്റ് |
| (5) | 15A | റേഡിയോ/ഡോം |
| (6) | 10A | എസ്ടി എസ്ഐജി |
| (7) | 10A | മീറ്റർ |
| (8) | 10A | ഐജി1 |
| | 15A | ജ്വലനം (പെട്രോള് ഒപ്പം ബൈ-ഫ്യൂവല്) |
| (9) | 10A | ബാക്ക്-അപ്പ് ലൈറ്റ് |
| (10) | 15A | വൈപ്പർ |
| (11) | 15A | ആക്സസ്സറി |

ഫ്യൂസ് ബോക്സ് ഡാഷ് ബോർഡിന് അടിയിൽ ആണുള്ളത്



65D046

**⚠ അപായ സൂചന**

അടിച്ച് പോയ ഫ്യൂസ് മാറ്റുമ്പോൾ ശരിയായ ആമ്പിയർ ഉള്ള ഫ്യൂസ് ഘടിപ്പിക്കുക. അടിച്ച് പോയ ഫ്യൂസിന് പകരം അലുമിനിയം ഫോയിൽ, വയർ തുടങ്ങിയ പകരം വസ്തുക്കൾ ഉപയോഗിക്കരുത്. ഫ്യൂസ് മാറ്റി അല്പ സമയത്തിനുള്ളിൽ പുതിയ ഫ്യൂസ് അടിച്ച് പോയാൽ കാര്യമായ ഇലക്ട്രിക്കൽ പ്രശ്നം ഉണ്ട്. അംഗീകൃത മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ വാഹനം പരിശോധിപ്പിക്കുക.

## ബൾബ് മാറ്റല്

**⚠ മുന്നറിയിപ്പ്**

- ലൈറ്റ് ബൾബ് ഒഫ്ചെയ്ത ഉടനെ കൈ പോല്ലിക്കാവുന്ന ചൂട് ഉണ്ടാവും. ഹാലൊജൻ ഹെഡ് ലൈറ്റ് ബൾബുകളുടെ കാര്യത്തിൽ ഇത് വിശേഷിച്ചും ശരിയാണ്. ബൾബ് പാകത്തിന് തണുത്ത ശേഷം മാറ്റുക.
- ഹെഡ് ലൈറ്റ് ബൾബുകളിൽ ഉയർന്ന പ്രഷറിൽ ഹാലൊജൻ ഗ്യാസ് ഉണ്ടാവും. അവയിൽ അടി തട്ടുകയോ താഴെ വീഴുകയോ ചെയ്താൽ പൊട്ടിത്തെറിക്കാൻ സാദ്ധ്യതയുണ്ട്. അവ സൂക്ഷിച്ച് കൈകാര്യം ചെയ്യുക.

*നോട്ടീസ്*

ലൈറ്റ് ഓൺ ആയിരിക്കുമ്പോൾ നിങ്ങളുടെ ചർമ്മത്തിൽ നിന്നുള്ള എണ്ണ ഹാലൊജൻ ബൾബ് അമിതമായി ചൂടായി പൊട്ടിത്തെറിക്കാൻ ഇടയാക്കും. പുതിയ ബൾബ് വൃത്തിയുള്ള തുണി ഉപയോഗിച്ച് പിടിക്കുക.

*നോട്ടീസ്*

അടിക്കടി ബൾബ് മാറ്റേണ്ടി വരുന്നുണ്ടെങ്കിൽ ഇലക്ട്രിക്കൽ സിസ്റ്റം പരിശോധിക്കേണ്ട ആവശ്യമുണ്ട്. ഇത് അംഗീകൃത മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ ചെയ്യണം.

*കുറിപ്പ്:*
*മഴയത്ത് ഡ്രൈവ് ചെയ്യുമ്പോളോ ഡ്രൈവ് ചെയ്തു കഴിഞ്ഞോ അല്ലെങ്കിൽ കാർ കഴുകിയ ശേഷമോ ബാഹ്യ ഭാഗത്തുള്ള ലൈറ്റുകളുടെ (ഹെഡ് ലൈറ്റ്, റിയർ കോമ്പിനേഷൻ ലൈറ്റ് മുതലായവ) ലെന്സിനമ്മേഹൽ മഞ്ഞു മൂടൽ ഉണ്ടായേക്കാം. ഇത് ലൈറ്റിന്റെന അകത്തും പുറത്തും ഉള്ള താപ നിലയിലെ വ്യത്യാസം മൂലം ഉണ്ടാകുന്ന സാധാരണ പ്രതിഭാസമാണ്. ലെന്സിുമ്മേപൽ താല്ക്കാ ലികമായെ കാണുന്ന മഞ്ഞു മൂടൽ ഒരു പ്രവര്ത്തെന തകരാർ അല്ല. അത് വാഹനം ഡ്രൈവ് ചെയ്യുന്നതിന് യാതൊരു പ്രയാസവും ഉണ്ടാക്കുകയില്ല.*
*അന്തരീക്ഷ സാഹചര്യം വെയിൽ ഉള്ളതാവുകയോ ഹെഡ് ലൈറ്റ് ഓൺ ചെയ്യുകയോ ചെയ്താൽ ഇത് തനിയെ ഇല്ലാതാകും. എങ്കിലും ലൈറ്റിനകത്ത് വെള്ളം കടന്നിട്ടുണ്ടെങ്കിൽ നിങ്ങളുടെ മാരുതി സുസുക്കി അംഗീകൃത വര്ക്ക്ട ഷോപ്പിൽ ബന്ധപ്പെടുക.*

### ഹെഡ് ലൈറ്റ്

**ഉദാഹരണം**



77PH050

1) സ്ക്രൂ (1) നീക്കം ചെയ്യുക. എയർ ഇൻ ലെറ്റ് ബോക്സ് (2) നീക്കം ചെയ്യുക.




77PH051

2) കപ്ലർ (coupler) (3) വേർപെടുത്തുക. സീലിംഗ് റബ്ബർ (4) നീക്കം ചെയ്യുക.




77PH052

3) റീട്ടെയിനിംഗ് സ്പ്രിംഗ് (5) മുന്നോട്ടു അമർത്തി ഹുക്ക് വിടുവിക്കുക. ബൾബ് (6) നീക്കം ചെയ്യുക. നീക്കം ചെയ്തതിന്റെ വിപരീത ക്രമത്തിൽ പുതിയ ബൾബ് ഘടിപ്പിക്കുക.

**ഫ്രണ്ട് ടേൺ സിഗ്നൽ ലൈറ്റ്**

**ഫ്രണ്ട് പൊസിഷൻ ലൈറ്റ്**

പ്രത്യേക നടപടി ക്രമങ്ങൾ ആവശ്യമായതിനാൽ ബൾബ് മാറ്റാൻ അംഗീകൃത മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ കൊണ്ട് പോകണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു.

**റിയർ കോമ്പിനേഷൻ ലൈറ്റ്**




77PH055

1) സ്ക്രൂ (1) നീക്കം ചെയ്യുക. കവർ (2) നീക്കം ചെയ്യുക.




77PH056




76MH0A123

(6) നീക്കം ചെയ്യൽ

(7) ഘടിപ്പിക്കൽ

2) ടേൺ സിഗ്നൽ ലൈറ്റ് (3) ടെയിൽ/ബ്രേക്ക് ലൈറ്റ് (4), റിവേർസ് ലൈറ്റ് (5) എന്നിവയിലെ ബൾബ്, ഹോൾഡറിൽ നിന്ന് നീക്കം ചെയ്യാൻ ബൾബ് ഉള്ളിലേക്ക് അമർത്തി വിപരീത ഘടികാര ദിശയിൽ തിരിക്കുക. പുതിയ ബൾബ് ഘടിപ്പിക്കാൻ, ബൾബ് അമർത്തി ഘടികാര ദിശയിൽ തിരിക്കുക.

**ലൈസൻസ് പ്ലേറ്റ് ലൈറ്റ്**




77PH066

1) സ്ക്രൂ (1) നീക്കം ചെയ്യുക. കവർ (2) നീക്കം ചെയ്യുക.




77PH063

(4) നീക്കം ചെയ്യൽ
(5) ഘടിപ്പിക്കൽ

2) ലൈസന്സ് പ്ലേറ്റ് ലൈറ്റ് (3) ബള്ബ് നീക്കം ചെയ്യാനും തിരികെ ഘടിപ്പിക്കാനും അത് പുറത്തേക്ക് വലിച്ചെടുക്കുകയും അകത്തേക്ക് അമര്ത്തുകയും ചെയ്യുക.

**ഇന്റീരിയർ ലൈറ്റ്**

ചിത്രത്തിൽ കാണിച്ച വിധത്തിൽ മൃദുവായ തുണി കൊണ്ട് പൊതിഞ്ഞ ഒരു ഫ്ലാറ്റ് ബ്ലേഡ് സ്ക്രൂഡ്രൈവർ ഉപയോഗിച്ച് ലെൻസ് നീക്കം ചെയ്യുക. അത് ഘടിപ്പിക്കാൻ തിരികെ അമർത്തുക.




77PH057

## വൈപ്പർ ബ്ലേഡ്




77PM07028

വൈപ്പർ ബ്ലേഡ് എളുപ്പം പൊട്ടുന്ന അവസ്ഥ, അല്ലെങ്കിൽ കേട് അല്ലെങ്കിൽ. പ്രവർത്തിക്കുമ്പോൾ വര വീഴ്ത്തുകയോ ചെയ്താൽ വൈപ്പർ ബ്ലേഡ് മാറ്റുക.

പുതിയ വൈപ്പർ ബ്ലേഡ് ഘടിപ്പിക്കാൻ താഴെ പറയുന്ന നടപടി ക്രമം പിൻ തുടരുക.

| *നോട്ടീസ്* |
| --- |
| **വിൻഡോയിൽ പോറൽ ഉണ്ടാവുകയോ പൊട്ടുകയോ ചെയ്യാതിരിക്കാൻ വൈപ്പർ ബ്ലേഡ് മാറ്റുമ്പോൾ വൈപ്പർ ആം വിൻഡോയിൽ അടിക്കാതെ സൂക്ഷിക്കുക.** |

*കുറിപ്പ്:*
*വാഹനത്തിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് ചില വൈപ്പർ ബ്ലേഡുകൾ ഇവിടെ വിവരിക്കുന്നവയിൽ നിന്ന് വ്യത്യസ്തമായേക്കാം. അങ്ങനെയാണെങ്കിൽ, ശരിയായ മാറ്റി ഘടിപ്പിക്കൾ രീതി അറിയാൻ അംഗീകൃത മാരുതി സുസുക്കി കമേർഷ്യൽ ഡീലർ വർക്ക് ഷോപ്പിൽ അന്വേഷിക്കുക.*

**വിൻഡ് ഷീൽഡ് വൈപ്പറുകൾക്ക്:**




70G119

1) വൈപ്പർ ആം വിൻഡ് ഷീൽഡിൽ നിന്ന് അകലെ പിടിക്കുക.

*കുറിപ്പ്:*
*മുമ്പശത്തെ വൈപ്പര്ആമുകളുണ്ടും ഉയര്ത്തുമ്പോള്ഡ്രൈവര്വശത്തുള്ള വൈപ്പര്ആം ആദ്യം വലിക്കുക. വൈപ്പര്ആമുകള് തിരികെ താഴ്ത്തുമ്പോള്പാസഞ്ചര്വശത്തെ ആം ആദ്യം താഴ്ത്തുക. അല്ലെങ്കില്വൈപ്പര്ആമുകള്പരസ്പരം കൂട്ടിമുട്ടാണ്ഇടയുണ്ട്.*

**ഉദാഹരണം**




**ഉദാഹരണം**




54G130

2) ലോക്ക് (1) വൈപ്പർ ആമിന് (2) നേരെ അമർത്തുക. ചിത്രത്തിൽ കാണിച്ച വിധത്തിൽ ആമിൽ നിന്ന് വൈപ്പർ ഫ്രെയിം നീക്കം ചെയ്യുക.
3) വൈപ്പർ ബ്ലേഡിലെ ലോക്ക് ഭാഗം അൺ ലോക്ക് ചെയ്ത് ചിത്രത്തിൽ കാണിച്ച വിധത്തിൽ പുറത്തേക്ക് സ്ലൈഡ് ചെയ്യുക.

**നീക്കം ചെയ്യൽ**

**ഉദാഹരണം**



60A260

**ഘടിപ്പിക്കൽ**

**ഉദാഹരണം**




54G132

(1) ലോക്ക് ചെയ്ത അറ്റം

**ഉദാഹരണം**




68PH00754

(3) റീട്ടെയിനർ

4) പുതിയ ബ്ലേഡിനൊപ്പം രണ്ട് മെറ്റൽ റീട്ടെയിനർ തന്നിട്ടില്ലെങ്കിൽ പഴി ബ്ലേഡിൽ നിന്ന് എടുത്ത് പുതിയ ബ്ലേഡിൽ ഘടിപ്പിക്കുക.

**ഉദാഹരണം**




60MH071




60MH072

(അ) അപ്പ്
(ആ) ഡൌൺ

*കുറിപ്പ്:*
*മെറ്റൽ റീട്ടെയിനർ (3) ഘടിപ്പിക്കുമ്പോൾ അവയുടെ ദിശ മേൽ കൊടുത്ത ചിത്രത്തിൽ കാണുന്ന വിധത്തിൽ ആണ് എന്ന് ഉറപ്പാക്കുക.*

5) ലോക്ക് ചെയ്ത അറ്റംവൈപ്പർ ആമിന് നേരെ സ്ഥാപിച്ച്, നീക്കം ചെയ്തതിന്റെ വിപരീത ക്രമത്തിൽ പുതിയ ബ്ലേഡ് ഘടിപ്പിക്കുക.
ബ്ലേഡ് എല്ലാ ഹുക്കുകളിലും ശരിയായി നിർത്തി എന്ന് ഉറപ്പാക്കുക. ബ്ലേഡ് സ്ഥാനത്ത് ലോക്ക് ചെയ്യുക.
6) ലോക്ക് ലിവർ ആമിൽ ഭദ്രമായി ലോക്ക് ആയി എന്ന് ഉറപ്പാക്കിക്കൊണ്ട് ഫ്രെയിമിൽ വൈപ്പർ ആം തിരികെ ഘടിപ്പിക്കുക.

## വിൻഡ് ഷീൽഡ് വാഷർ ഫ്ലൂയിഡ് (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ)




77PM07027

ടാങ്കിൽ വാഷർ ഫ്ലൂയിഡ് ഉണ്ടോ എന്ന് കാഴ്ചയിൽ പരിശോധിക്കുക. ആവശ്യമെങ്കിൽ നിറയ്ക്കുക. നല്ല ഗുണ നിലവാരമുള്ള വിൻഡ് ഷീൽഡ് വാഷർ ഫ്ലൂയിഡ് ഉപയോഗിക്കുക, ആവശ്യാനുസരണം വെള്ളം ചേർത്ത് നേർപ്പിക്കുക.

**⚠ അപായ സൂചന**

**വിന്ഡ് ഷീല്ഡ് വാഷര് റിസര്വോയറില് റേഡിയേറ്റര് ആന്റി ഫ്രീസ് ഉപയോഗിക്കരുത്. ഇത് വിന്ഡ് ഷീല്ഡിനു മേല് സ്പ്രേ ചെയ്താല് കാഴ്ച്ചയെ സാരമായി ബാധിക്കും, കൂടാതെ വാഹനത്തിന്റെ പെയിന്റ് കേടാകാനും ഇടയുണ്ട്.**

***നോട്ടീസ്***

**ടാങ്കില് ഫ്ലൂയിഡ് ഇല്ലാതെ വാഷര് മോട്ടോര് പ്രവര്ത്തിപ്പിച്ചാല് കേടാകാന് ഇടയുണ്ട്.**

# എമർജൻസി സർവീസ്


ടയർ മാറ്റുന്ന ഉപകരണം ........ 8-1
ജാക്ക് ഉപയോഗവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ........ 8-2
വീലുകൾ മാറ്റുവാൻ ........ 8-5
ജംപ് സ്റ്റാർട്ടിംങ്ങ് നിർദ്ദേശങ്ങൾ ........ 8-5
കെട്ടിവലിക്കൽ ........ 8-7
സ്റ്റാർട്ടർ പ്രവർത്തിക്കുന്നില്ലെങ്കിൽ ........ 8-7
എഞ്ചിൻ ഫ്ലഡഡ് ആവുകയാണെങ്കിൽ ........ 8-7
എഞ്ചിൻ അമിതമായി ചൂടാവുകയാണെങ്കിൽ ........ 8-8
താഴ്ഭാഗത്തെ ബോഡിയിൽ ഇടിക്കുന്നത് നിമിത്തം ഉണ്ടാകുന്ന കുഴപ്പം ........ 8-8
വാണിംങ്ങ് ട്രയാംഗിൾ ........ 8-9

## ടയർ മാറ്റുന്ന ഉപകരണം




77PH202

(1) ജാക്ക്
(2) വീൽ ബ്രേസ്
(3) ജാക്ക് ഹാൻഡിൽ
(4) സ്പാനർ

ടയർ മാറ്റുന്നതിനുള്ള ഉപകരണങ്ങൾ ഡ്രൈവറുടെ സീറ്റിനുപുറകിൽ അടുക്കിവെച്ചിരിക്കും.

ജാക്ക് നീക്കംചെയ്യുന്നതിന്, അതിന്റെ ഷാഫ്ട് വിപരീത ഘടികാര ദിശയിൽ തിരിച്ച് സ്റ്റോറേജ് ബ്രാക്കറ്റിനു പുറത്തേക്ക് ജാക്ക് വലിക്കുന്നു. ജാക്ക് അടുക്കിവെക്കുന്നതിന്, അത് സ്റ്റോറേജ് ബ്രാക്കറ്റിൽവെച്ച് യഥാസ്ഥാനത്ത് ജാക്ക് സുരക്ഷിതമായി ഇരിക്കുന്നതുവരെ ഷാഫ്ട് ഘടികാരദിശയിൽ തിരിക്കുന്നു.

സ്പെയർ ടയർ ബെഡിനു താഴെ സൂക്ഷിക്കുന്നു. സ്പെയർ ടയർ അഴിക്കുവാൻ:




77PH099

1) സ്പെയർ ടയർ ഘടിപ്പിച്ചിരിക്കുന്ന ഹോൾഡറിന്റെ ഹൂക്ക് നട്ട് (1) ലൂസാക്കുന്നു.
2) സ്പെയർ ടയർ ഹോൾഡറിനെ ഹൂക്കിൽനിന്ന് സ്വതന്ത്രമാക്കി മെല്ലെ താഴ്ത്തുന്നു.
3) സ്പെയർ ടയറിനു നടുവിലുള്ള സ്ക്രൂ അഴിച്ച് ടയർ നീക്കംചെയ്യുന്നു

**⚠ അപായ സൂചന**

**ടയർ മാറ്റുന്ന ഉപകരണങ്ങൾ ഉപയോഗിച്ചശേഷം അവ സുരക്ഷിതമായി അടുക്കിവെക്കണം, അല്ലെങ്കിൽ ഒരു അപകടം ഉണ്ടാകുന്നപക്ഷം അവ നിമിത്തം പരിക്ക് സംഭവിക്കാം**

**⚠ മുന്നറിയിപ്പ്**

**വീലുകൾ മാറ്റുന്നതിനുവേണ്ടി മാത്രമേ ജാക്ക് ഉപയോഗിക്കാൻ പാടുള്ളു. ജാക്ക് ഉപയോഗിക്കാൻ ശ്രമിക്കുന്നതിനു മുമ്പ് അവയുടെ ഉപയോഗത്തെ കുറിച്ച് ഈ വിഭാഗത്തിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വായിക്കേണ്ടതാണ്.**

## ജാക്ക് ഉപയോഗവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

ഉദാഹരണം



77PH054

1) നിരപ്പായ, ദൃഢമായ നിലത്ത് വാഹനം നിർത്തുക.
2) പാർക്കിംങ്ങ് ബ്രേക്ക് ദൃഢമായി ക്രമീകരിച്ച് “R” (റിവേഴ്സ്) ലേക്ക് തിരിക്കുക.

**⚠ അപായ സൂചന**

- **ജാക്ക് ഉപയോഗിച്ച് നിങ്ങൾ വാഹനം ഉയർത്തുമ്പോൾ “R” (റിവേഴ്സ്) ലേക്ക് തിരിച്ചു എന്ന് ഉറപ്പ് വരുത്തണം.**
- **ട്രാൻസ്മിഷൻ “N” (ന്യൂട്രൽ) ൽ ആയിരിക്കെ വാഹനം ജാക്ക് ഉപയോഗിച്ച് ഉയർത്തരുത്. അങ്ങനെയായാൽ, അസ്ഥിരമായ ജാക്ക് അപകടത്തിന് കാരണമായേക്കാം.**

3) നിങ്ങളുടെ വാഹനം ഗതാഗത വീഥിയുടെ ഓരത്താണെങ്കിൽ അപായ മുന്നറിയിപ്പിനുള്ള ഫ്ലാഷർ പ്രവർത്തിപ്പിക്കുക.
4) ഉയർത്തപ്പെടുന്ന വീലിനു കോണോടുകോൺ എതിരെയുള്ള മുമ്പിലെയും പുറകിലെയും വീലിനു തടസ്സം വെക്കുക.
5) ജാക്ക് തെന്നുന്ന സാഹചര്യത്തിൽ സ്പെയർ വീൽ, ചിത്രത്തിൽ കാണിച്ചിട്ടുള്ളത് പോലെ ഉയർത്തപ്പെടുന്ന വീലിന്റെ അരികിൽ വെക്കുക.




ഉദാഹരണം

77PH802

ഉദാഹരണം



54G253

മുമ്പിലെ ജാക്കിംങ്ങ് പോയിന്റ്

ഉദാഹരണം



77PH084

പുറകിലെ ജാക്കിംങ്ങ് പോയിന്റ്

ഉദാഹരണം



77PH106

ഉദാഹരണം



77PS052

6) ലംബാകൃതിയിൽ ജാക്ക് വെച്ച് ജാക്കിന്റെ ഹാൻഡിൽ ഘടികാരദിശയിൽ തിരിക്കുക. ജാക്കിന്റെ ശീർഷത്തിലെ ഗ്രൂവ്, വാഹനത്തിന്റെ അടിഭാഗത്തെ ജാക്കിംങ്ങ് ബാറിനു ചുറ്റും ഘടിപ്പിക്കുന്നതുവരെ ജാക്ക് ഉയർത്തുക. ചിത്രങ്ങൾ കാണുക.
7) നിലത്തുനിന്ന് ടയർ ഉയരുന്നതുവരെ സാവധാനം, സൗമ്യമായി ജാക്ക് ഉയർത്തിക്കൊണ്ടിരിക്കുക. വാഹനം ആവശ്യത്തിലേറെ ഉയർത്തരുത്.

**⚠ അപായ സൂചന**

- **പരന്ന, ദൃഢമായ നിലത്തിൽ വീലുകൾ മാറ്റുന്നതിനു വേണ്ടി മാത്രമേ ജാക്ക് ഉപയോഗിക്കാൻ പാടുള്ളൂ.**
- **ചെരിഞ്ഞ പ്രതലത്തിൽ ജാക്ക് ഉപയോഗിച്ച് ഒരിയ്ക്കലും വാഹനം ഉയർത്തരുത്.**
- **മാറ്റുവാനുള്ള വീലിനരികെ നിർദ്ദിഷ്ട ജാക്കിംങ്ങ് പോയിന്റ് അല്ലാത്തിടത്ത് വെച്ച് ജാക്ക് ഉപയോഗിച്ച് ഒരിയ്ക്കലും വാഹനം ഉയർത്തരുത്.**
- **ജാക്ക് താങ്ങിനിർത്തിയിരിക്കുന്ന വാഹനത്തിനു താഴെ പ്രവേശിക്കരുത്.**
- **വാഹനത്തെ ജാക്ക് താങ്ങിനിർത്തിയിരിക്കുന്ന വേളയിൽ എഞ്ചിൻ പ്രവർത്തിപ്പിക്കുകയോ യാത്രക്കാരെ വാഹനത്തിൽ തങ്ങാൻ അനുവദിക്കുകയോ അരുത്.**

## ഒരു ഗാരേജ് ജാക്ക് ഉപയോഗിച്ച് വാഹനം ഉയർത്താൻ

- താഴെ സൂചിപ്പിച്ച പോയിന്റുകളൊന്നിൽ ഗാരേജ് ജാക്ക് വെക്കുക.
- ഉയർന്നുനിൽക്കുന്ന വാഹനത്തെ എപ്പോഴും താഴെ സൂചിപ്പിച്ചിട്ടുള്ള പോയിന്റുകളിൽ നിൽക്കുന്ന ജാക്ക് ഉപയോഗിച്ച് താങ്ങുക.

**ഗാരേജ് ജാക്കിന്റെ മുൻവശത്തെ ജാക്കിംങ്ങ് പോയിന്റ് (1)**




77PH060

**ഗാരേജ് ജാക്കിന്റെ പിൻവശത്തെ ജാക്കിംങ്ങ് പോയിന്റ് (2)**




77PH101

**ജാക്ക് സ്റ്റാൻഡ് വെക്കേണ്ട സ്ഥലം (3) അല്ലെങ്കിൽ രണ്ട് കോളം ലിഫ്ട്**




77PS055 (2)

***നോട്ടീസ്***

- **എക്സോസ്റ്റ് പൈപ്പിലേക്ക് ഒരിക്കലും ഗാരേജ് ജാക്ക് പ്രയോഗിക്കരുത്.**
- **ജാക്ക് സ്റ്റാൻഡ് അല്ലെങ്കിൽ ടൂ-കോളം ലിഫ്റ്റ് പിൻഭാഗത്തെ വിന്യാസ പോയിന്റിൽ പ്രയോഗിക്കുമ്പോൾ, പാർക്കിംങ്ങ് കേബിളോ ഫ്യുവൽ ടാങ്കിന്റെ ഫ്ലാഞ്ചോ പോലെ പരിസരത്തുള്ള ഭാഗങ്ങളിൽ ഇടകലരാതെ ശ്രദ്ധിക്കുക.**

*കുറിപ്പ്:*

*കൂടുതൽ വിശദാംശങ്ങൾക്ക്, ഒരു അംഗീകൃത മാരുതി സുസുക്കി കമെർഷിയൽ ഡീലറെ ദയവായി സമീപിക്കുക.*

## വീലുകൾ മാറ്റുവാൻ

ഒരു വീൽ മാറ്റുന്നതിന്, താഴെ പറയുന്ന നടപടിക്രമം പിന്തുടരുക:

1) വാഹനത്തിൽ നിന്ന് എല്ലാ യാത്രക്കാരെയും കാർഗോയും നീക്കുക.
2) വാഹനത്തിൽ നിന്ന് ജാക്ക്, ഉപകരണങ്ങൾ, സ്പെയർ വീൽ നീക്കംചെയ്യുക.
3) വീൽ നട്ടുകൾ ലൂസാക്കുക, പക്ഷേ അഴിക്കരുത്.
4) ജാക്ക് ഉപയോഗിച്ച് വാഹനം ഉയർത്തുക.
5) വീൽനട്ടുകളും തുടർന്ന് വീലും അഴിക്കുക.
6) പുതിയ വീൽ സ്ഥാപിക്കുന്നതിനുമുമ്പ്, വൃത്തിയുള്ള ഒരു തുണിക്കഷണം ഉപയോഗിച്ച് വീലിന്റെയും ഹബ്ബിന്റെയും പ്രതലങ്ങളിൽ ഉണ്ടായേക്കാവുന്ന ചളിയോ അഴുക്കോ നീക്കംചെയ്യുക. ഹബ്ബ് വൃത്തിയാക്കുമ്പോൾ സൂക്ഷിക്കണം; ഡ്രൈവിംങ്ങിന്റെ ഫലമായി അത് ചൂട് പിടിച്ചിരിക്കാം.
7) പുതിയ വീൽ സ്ഥാപിച്ച്, നട്ടുകൾ അവയുടെ കോൺ ആകൃതിയിലുള്ള അഗ്രം വീലിന് അഭിമുഖമാകത്തക്കവിധം തിരികെ ഘടിപ്പിക്കുക. ഓരോ നട്ടും കൈകൾകൊണ്ട് സൗമ്യമായി മുറുക്കി വീൽ സുരക്ഷിതമായി ഹബ്ബിൽ ഇരിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.



54G116

**വീൽ നട്ട് മുറുക്കാനുള്ള ടോർക്ക്**
**100 Nm (10.2 kgf-m, 73.8 lbf-ft)**

8) ജാക്ക് താഴ്ത്തി നട്ടുകൾ ഒരു റെഞ്ച് ഉപയോഗിച്ച് പരസ്പരം എതിരായിവരുന്ന രൂപത്തിൽ, ചിത്രത്തിൽ കാണിച്ചിട്ടുള്ളത് പോലെ പൂർണ്ണമായും മുറുക്കുക

**⚠ അപായ സൂചന**

**വീലുകൾ മാറ്റിക്കഴിഞ്ഞാൽ കഴിയുന്നത്ര വേഗത്തിൽ യഥാർത്ഥ വീൽനട്ടുകൾ ഉപയോഗിച്ച് നിർദ്ദിഷ്ട ടോർക്കിൽ മുറുക്കുക. അനുചിതമായ വീൽനട്ടുകൾ അല്ലെങ്കിൽ അല്ലെങ്കിൽ തെറ്റായി മുറുക്കിയ വീൽനട്ടുകൾക്ക് ക്രമേണ അയവ് സംഭവിക്കുകയും അപകടത്തിന് കാരണമാകുകയും ചെയ്തേക്കാം. നിങ്ങളുടെ പക്കൽ ടോർക്ക് റെഞ്ച് ഇല്ലെങ്കിൽ, ഒരു അംഗീകൃത മാരുതി സുസുക്കി കമെർഷ്യൽ ഡീലറെകൊണ്ട് വീൽനട്ടുകളുടെ ടോർക്ക് പരിശോധിപ്പിക്കുക.**

## ജംപ് സ്റ്റാർട്ടിംങ്ങ് നിർദ്ദേശങ്ങൾ

**⚠ അപായ സൂചന**

- **ബാറ്ററി മരവിച്ചതായി കാണപ്പെടുന്ന സാഹചര്യങ്ങളിൽ നിങ്ങളുടെ വാഹനം ജംപ് സ്റ്റാർട്ട് ചെയ്യാൻ ശ്രമിക്കരുത്. ഈ അവസ്ഥയിൽ ജംപ് സ്റ്റാർട്ടിംങ്ങിന് ശ്രമിച്ചാൽ ബാറ്ററികൾ പൊട്ടിത്തെറിക്കുകയോ ഉടയുകയോ ചെയ്തേക്കാം.**
- **ജംപ് ലീഡ് കണക്ഷനുകൾ നിർവ്വഹിക്കുമ്പോൾ നിങ്ങളുടെ കൈകളും ജംപ് ലീഡുകളും കപ്പി, ബെൽറ്റുകൾ, ഫാനുകൾ എന്നിവയിൽനിന്ന് മുക്തമാണെന്ന് ഉറപ്പ് വരുത്തുക.**
- **തീപിടുത്തത്തിന് സഹായകമായ ഹൈഡ്രജൻ വാതകം ബാറ്ററികളിൽ ഉൽപാദിപ്പിക്കുന്നുണ്ട്. തീജ്വാലകളും തീപ്പൊരികളും ബാറ്ററിയിൽനിന്ന് അകലത്തിൽ സൂക്ഷിക്കുക. അല്ലാത്തപക്ഷം ഒരു സ്ഫോടനം സംഭവിച്ചേക്കാം. ഒരിയ്ക്കലും ബാറ്ററിയുടെ സമീപം ജോലിചെയ്യുമ്പോൾ പുക വലിക്കരുത്.**
- **ജംപ് സ്റ്റാർട്ടിംങ്ങിന് നിങ്ങൾ ഉപയോഗിക്കുന്ന ബൂസ്റ്റർ ബാറ്ററി മറ്റൊരു വാഹനത്തിലാണ് സ്ഥാപിച്ചിട്ടുള്ളതെങ്കിൽ, ഇരു വാഹനങ്ങളും പരസ്പരം സ്പർശിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണം.**
- **വ്യക്തമായ കാരണമൊന്നും ഇല്ലാതെ നിങ്ങളുടെ ബാറ്ററി തുടർച്ചയായി ഡിസ്ചാർജ് ആകുകയാണെങ്കിൽ ഒരു അംഗീകൃത മാരുതി സുസുക്കി കമെർഷ്യൽ ഡീലറെകൊണ്ട് നിങ്ങളുടെ വാഹനം പരിശോധിപ്പിക്കുക.**
- **നിങ്ങൾക്ക് ഹാനി സംഭവിക്കുന്നതോ നിങ്ങളുടെ വാഹനത്തിനോ ബാറ്ററിക്കോ കേടുപാട് സംഭവിക്കുന്നതോ ഒഴിവാക്കാൻ താഴെ പറയുന്ന ജംപ് സ്റ്റാർട്ടിംങ്ങ് നിർദ്ദേശങ്ങൾ കൃത്യമായും ക്രമാനുഗതമായും പിന്തുടരുക. നിങ്ങൾ ആശയക്കുഴപ്പത്തിൽ ആണെങ്കിൽ യോഗ്യരായ റോഡ് സർവീസ് വ്യക്തികളെ വിളിക്കുക.**

*നോട്ടീസ്*

**തള്ളിയോ കെട്ടിവലിച്ചോ നിങ്ങളുടെ വാഹനം സ്റ്റാർട്ട് ചെയ്യരുത്. ഇത്തരത്തിൽ സ്റ്റാർട്ട് ചെയ്യുന്ന രീതി, മലിനവാതകങ്ങളെ ഉപദ്രവം കുറഞ്ഞവയാക്കി മാറ്റുന്ന കാറ്റലിറ്റിക് കൺവെർട്ടറിന് സ്ഥായിയായ തകരാറ് വരുത്തിവെക്കും. ദുർബ്ബലമായ അല്ലെങ്കിൽ നിഷ്ക്രിയമായ ബാറ്ററിയുള്ള വാഹനം സ്റ്റാർട്ട് ചെയ്യാനാണ് ജംപ് ലീഡുകൾ ഉപയോഗിക്കുന്നത്.**

## നിങ്ങളുടെ വാഹനം ജംപ് സ്റ്റാർട്ട് ചെയ്യുമ്പോൾ, താഴെ പറയുന്ന നടപടിക്രമം ഉപയോഗിക്കുക:

1) നിങ്ങളുടെ വാഹനം ജംപ് സ്റ്റാർട്ട് ചെയ്യാൻ 12-വോൾട്ട് ബാറ്ററി മാത്രം ഉപയോഗിക്കുക. അനുയോജ്യമായ 12-വോൾട്ട് ബാറ്ററി നിങ്ങളുടെ വാഹനത്തിന് സമീപം സ്ഥാപിച്ച് ഇരു ബാറ്ററികളിലേക്കും ജംപ് ലീഡുകൾ എത്തുന്നു എന്ന് ഉറപ്പാക്കുക. മറ്റൊരു വാഹനത്തിൽ സ്ഥാപിച്ച ബാറ്ററി ഉപയോഗിക്കുമ്പോൾ, **വാഹനങ്ങൾ പരസ്പരം സ്പർശിക്കാതിരിക്കണം.** രണ്ട് വാഹനങ്ങളിലെയും പാർക്കിംങ്ങ് ബ്രേക്കുകൾ പൂർണ്ണമായും ക്രമീകരിക്കുക.
2) സുരക്ഷിതത്വ കാരണങ്ങൾക്ക് ആവശ്യമായവ ഒഴികെ, വാഹനത്തിലെ എല്ലാ സാമഗ്രികളും ഓഫ് ചെയ്യുക (ഉദാ: ഹെഡ്ലൈറ്റുകൾ, അപായസൂചന ലൈറ്റുകൾ).



77PS056

3) ജംപ് ലീഡ് കണക്ഷനുകൾ താഴെ പറഞ്ഞിരിക്കുന്ന പ്രകാരം ക്രമീകരിക്കുക:
   1. ഒന്നാമത്തെ ജംപ് ലീഡിന്റെ ഒരഗ്രം നിഷ്ക്രിയമായ ബാറ്ററിയുടെ (1) പോസിറ്റീവ് (+) ടെർമിനലിലേക്ക് ബന്ധിപ്പിക്കുക.
   2. മറ്റേ അറ്റം ബൂസ്റ്റർ ബാറ്ററിയുടെ (2) പോസിറ്റീവ് (+) ടെർമിനലിലേക്കും ബന്ധിപ്പിക്കുക.
   3. രണ്ടാമത്തെ ജംപ് ലീഡിന്റെ ഒരഗ്രം ബൂസ്റ്റർ ബാറ്ററിയുടെ (2) നെഗറ്റീവ് (-) ടെർമിനലിലേക്ക് ബന്ധിപ്പിക്കുക.
   4. അന്തിമ കണക്ഷൻ നൽകേണ്ടത് പെയിന്റ് ചെയ്യാത്ത, ഘനമുള്ള ലോഹഭാഗത്തിലേക്കാണ് (അതായത്, നിഷ്ക്രിയ ബാറ്ററിയുള്ള (1) വാഹനത്തിന്റെ ഡോർ ലാച്ച് സ്ട്രൈക്കർ(3)).

⚠ **അപായ സൂചന**

**ഡിസ്ചാർജ് ചെയ്യപ്പെട്ട ബാറ്ററിയുടെ നെഗറ്റീവ് (-) ടെർമിനലിലേക്ക് ജംപ് ലീഡ് ഒരിയ്ക്കലും നേരിട്ട് ബന്ധിപ്പിക്കരുത്, ഒരു സ്ഫോടനം ഉണ്ടായേക്കാം.**

4) നിങ്ങൾ ഉപയോഗിക്കുന്ന ബൂസ്റ്റർ ബാറ്ററി മറ്റൊരു വാഹനത്തിൽ ഘടിപ്പിച്ചതാണെങ്കിൽ, ബൂസ്റ്റർ ബാറ്ററിയുള്ള വാഹനത്തിന്റെ എഞ്ചിൻ സ്റ്റാർട്ട് ചെയ്യുക. മിതമായ വേഗതയിൽ എഞ്ചിൻ ഓടിക്കുക.
5) നിഷ്ക്രിയ ബാറ്ററിയുള്ള വാഹനത്തിന്റെ എഞ്ചിൻ സ്റ്റാർട്ട് ചെയ്യുക.
6) ജംപ് ലീഡുകൾ ബന്ധിപ്പിച്ച അതേ ക്രമത്തിനു വിപരീതമായി അവ അഴിക്കുക.

## കെട്ടിവലിക്കൽ

നിങ്ങളുടെ വാഹനം കെട്ടിവലിക്കേണ്ടതുണ്ടെങ്കിൽ, ഒരു പ്രൊഫഷണൽ സേവന കേന്ദ്രത്തിലേക്ക് വിളിക്കുക. കെട്ടിവലിക്കുന്നത് സംബന്ധമായി വിശദമായ നിർദ്ദേശങ്ങൾ നിങ്ങൾക്ക് നൽകാൻ നിങ്ങളുടെ ഡീലർക്ക് കഴിഞ്ഞേക്കും.

| *നോട്ടീസ്* |
|---|
| **കെട്ടിവലിക്കുന്ന വേളയിൽ വാഹനത്തിന് അപകടം സംഭവിക്കുന്നത് ഒഴിവാക്കാൻ സഹായകമാകുന്നതിന് അനുയോജ്യമായ ഉപകരണങ്ങളും ഉചിതമായ നടപടികളും കൈക്കൊള്ളണം.** |

### 2-വീൽ ഡ്രൈവ് (2ഡബ്ല്യുഡി) മാനുവൽ ട്രാൻസ്മിഷൻ

താഴെ പറയുന്ന രീതികളിൽ ഏതെങ്കിലുമൊന്ന് അവലംബിച്ച് മാനുവൽ ട്രാൻസ്മിഷൻ വാഹനങ്ങൾ കെട്ടിവലിക്കാവുന്നതാണ്.

1) മുൻഭാഗത്ത്, മുന്നിലെ വീലുകൾ ഉയർത്തിയും പിന്നിലെ വീലുകൾ നിലത്ത് അമർന്ന രീതിയിലും ഘടിപ്പിക്കുക. കെട്ടിവലിക്കുന്നതിനുമുമ്പ്, ട്രാൻസ്മിഷൻ ന്യൂട്രലിലാണെന്നും പാർക്കിംങ്ങ് ബ്രേക്ക് റിലീസ് ചെയ്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തുക.
2) പിൻഭാഗത്ത്, പിന്നിലെ വീലുകൾ ഉയർത്തുകയും മുന്നിലെ വീലുകൾ നിലത്ത് അമർന്ന രീതിയിലും ഘടിപ്പിക്കുക. സ്റ്റിയറിംങ്ങും ഡ്രൈവ്ട്രെനും പ്രവർത്തനക്ഷമമായ അവസ്ഥയിൽ ആയിരിക്കണം. കെട്ടിവലിക്കുന്നതിനു മുമ്പ്, സ്റ്റിയറിംങ്ങ് വീൽ അൺലോക്ക് ചെയ്ത് (ഇഗ്നീഷൻ കീ "ACC" (ആക്സസ്) അവസ്ഥയിൽ ആയിരിക്കണം), കെട്ടിവലിക്കൽ പ്രക്രിയയ്ക്കുവേണ്ടി രൂപപ്പെടുത്തിയിട്ടുള്ള ഒരു ക്ലാമ്പിംങ്ങ് ഉപകരണം ഉപയോഗിച്ച് സ്റ്റിയറിംങ്ങ് വീൽ സുരക്ഷിതമാക്കണം.

| *നോട്ടീസ്* |
|---|
| **കെട്ടിവലിക്കുന്ന വേളയിൽ മുമ്പിലെ വീലുകളിൽനിന്ന് ഉണ്ടാകുന്ന ആഘാതങ്ങൾ താങ്ങാൻ പര്യാപ്തമായ ശക്തി സ്റ്റിയറിംങ്ങ് കോളത്തിനില്ല. കെട്ടിവലിക്കുന്നതിനുമുമ്പ് എപ്പോഴും സ്റ്റിയറിംങ്ങ് വീൽ അൺലോക്ക് ചെയ്യുക.** |

## സ്റ്റാർട്ടർ പ്രവർത്തിക്കുന്നില്ലെങ്കിൽ

1) ബാറ്ററിയുടെ നില ഉറപ്പാക്കുന്നതിന് ഹെഡ് ലൈറ്റുകൾ ഓൺ ചെയ്ത് ഇഗ്നീഷൻ സ്വിച്ച് "START" (സ്റ്റാർട്ട്) അവസ്ഥയിലേക്ക് തിരിക്കാൻ ശ്രമിക്കുക. ഹെഡ് ലൈറ്റുകൾ വല്ലാതെ മങ്ങുകയോ കെട്ടുപോകുകയോ ചെയ്യുന്നുവെങ്കിൽ, സാധാരണയായി അതിനർത്ഥം ബാറ്ററി നിഷ്ക്രിയമായി അതല്ലെങ്കിൽ ബാറ്ററി ടെർമിനലിലേക്കുള്ള ബന്ധം അപര്യാപ്തമാണ് എന്നാണ്. ബാറ്ററി റീചാർജ് ചെയ്യുക അല്ലെങ്കിൽ ആവശ്യാനുസൃതം ബാറ്ററി ടെർമിനലിലേക്കുള്ള ബന്ധം നേരെയാക്കുക.
2) ഹെഡ് ലൈറ്റുകൾ തെളിഞ്ഞുനിൽക്കുന്നുണ്ടെങ്കിൽ, ഫ്യൂസുകൾ പരിശോധിക്കുക. സ്റ്റാർട്ടറിന്റെ കുഴപ്പത്തിനുള്ള കാരണം അവ്യക്തമാണെങ്കിൽ, ഗൗരവമുള്ള ഒരു വൈദ്യുത പ്രശ്നം ഉണ്ടായിരിക്കാം. നിങ്ങളുടെ അംഗീകൃത മാരുതി സുസുക്കി കമെർഷ്യൽ ഡീലറെകൊണ്ട് വാഹനം പരിശോധിപ്പിക്കുക.

## എഞ്ചിൻ ഫ്ലഡഡ് ആവുകയാണെങ്കിൽ

എഞ്ചിനിൽ ഇന്ധനം ഫ്ലഡ് ചെയ്തിട്ടുണ്ടെങ്കിൽ, സ്റ്റാർട്ടാകാൻ പ്രയാസം ആയിരിക്കും. ഇത് സംഭവിക്കുകയാണെങ്കിൽ, എഞ്ചിൻ മുരളുന്ന അവസ്ഥയിൽ ആക്സിലറേറ്റർ പെഡൽ താഴേക്ക് പരമാവധി അമർത്തിപ്പിടിക്കുക.

- 30 സെക്കൻഡിൽ കൂടുതൽ നേരം സ്റ്റാർട്ടർ മോട്ടോർ പ്രവർത്തിപ്പിക്കരുത്.

## എഞ്ചിൻ അമിതമായി ചൂടാവുകയാണെങ്കിൽ

കഠിനമായ ഡ്രൈവിംങ്ങ് സാഹചര്യങ്ങളിൽ എഞ്ചിൻ തത്ക്കാലത്തേക്ക് അമിതമായി ചൂടാകാറുണ്ട്. ഡ്രൈവിംങ്ങ് വേളയിൽ ഉയർന്ന എഞ്ചിൻ കൂളന്റ് താപനിലയുടെ മുന്നറിയിപ്പ് ലൈറ്റ് പ്രത്യക്ഷപ്പെടുകയാണെങ്കിൽ:

1) സുരക്ഷിതമായ ഒരിടത്തേക്ക് വാഹനം ഒതുക്കി പാർക്ക് ചെയ്യുക.
2) ഉയർന്ന എഞ്ചിൻ കൂളന്റ് താപനിലയുടെ മുന്നറിയിപ്പ് ലൈറ്റ് ഓഫ് ആകുന്നതുവരെ സാധാരണ ഐഡിൽ സ്പീഡിൽ എഞ്ചിൻ ഏതാനും മിനിറ്റുകൾ പ്രവർത്തിപ്പിക്കുക.

**⚠ അപായ സൂചന**

**എഞ്ചിനിൽനിന്ന് ആവി വമിക്കുന്നത് കാണുകയോ ശബ്ദം കേൾക്കുകയോ ചെയ്താൽ സുരക്ഷിതമായ ഒരിടത്ത് വാഹനം നിർത്തി ഉടനെത്തന്നെ എഞ്ചിൻ ഓഫ് ചെയ്ത് തണുക്കാൻ അനുവദിക്കണം. ആവിയുടെ സാന്നിദ്ധ്യമുള്ളപ്പോൾ എഞ്ചിൻ കമ്പാർട്ട്മെന്റ് തുറക്കരുത്. ആവി കാണപ്പെടുകയോ ശബ്ദം കേൾക്കുകയോ ചെയ്യാത്ത അവസരത്തിൽ എഞ്ചിൻ കമ്പാർട്ട്മെന്റ് തുറന്ന് കൂളന്റ് തിളച്ചുകൊണ്ടിരിക്കുകയാണോ എന്ന് നോക്കുക. അങ്ങനെയാണെങ്കിൽ, തിളയ്ക്കൽ അവസാനിക്കുന്നതുവരെ കാത്തിരുന്നശേഷം യാത്ര തുടരുക.**

ഉയർന്ന എഞ്ചിൻ കൂളന്റ് താപനിലയുടെ മുന്നറിയിപ്പ് ലൈറ്റ് ഓഫ് ആകുന്നില്ലെങ്കിൽ:

1) എഞ്ചിൻ ഓഫ് ചെയ്തശേഷം വാട്ടർ പമ്പ് ബെൽറ്റിനും കപ്പികൾക്കും തകരാറുണ്ടോ അല്ലെങ്കിൽ തെന്നുന്നുണ്ടോ എന്ന് പരിശോധിക്കുക. എന്തെങ്കിലും അസ്വാഭാവികത കാണുകയാണെങ്കിൽ, അത് നേരെയാക്കുക.
2) റിസർവോയറിലെ കൂളന്റിന്റെ അളവ് പരിശോധിക്കുക. “ലോ” ലൈനിനു താഴെയാണെന്ന് കണ്ടാൽ, റേഡിയേറ്ററിലോ വാട്ടർ പമ്പിലോ ഹീറ്റർ ഹോസുകളിലോ ലീക്കുകളുണ്ടോ എന്ന് നോക്കുക. അമിതമായ ചൂടാകലിന് കാരണമാകുന്ന എന്തെങ്കിലും ചോർച്ചകൾ കണ്ടെത്തിയാൽ, പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാതെ എഞ്ചിൻ പ്രവർത്തിപ്പിക്കരുത്.
3) ലീക്കൊന്നും കണ്ടെത്തിയില്ലെങ്കിൽ, ആവശ്യമെങ്കിൽ റിസർവോയറിലേക്കും തുടർന്ന് റേഡിയേറ്ററിലേക്കും ശ്രദ്ധയോടെ കൂളന്റ് ഒഴിക്കുക. (“ഇൻസ്പെക്ഷൻ ആന്റ് മെയിന്റനൻസ്” വിഭഗത്തിലെ “എഞ്ചിൻ കൂളന്റ്” പരിശോധിക്കുക).

*കുറിപ്പ്:*
*നിങ്ങളുടെ എഞ്ചിൻ വല്ലാതെ ചൂടാവുകയും എന്ത് ചെയ്യണമെന്ന് നിശ്ചയമില്ലാതിരിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ മാരുതി സുസുക്കി കമെർഷ്യൽ ഡീലറെ ബന്ധപ്പെടുക.*



ഉദാഹരണം

65D350d

**⚠ അപായ സൂചന**

- വെള്ളത്തിന്റെ താപനില കൂടുതലായിരിക്കുമ്പോൾ റേഡിയേറ്റർ ക്യാപ് നീക്കുന്നത് അപകടകരമാണ്, കാരണം തിളയ്ക്കുന്ന ഓയിലും ആവിയും സമ്മർദ്ദഫലമായി പുറത്തേക്ക് തെറിച്ചേക്കാം. കൂളന്റിന്റെ താപനില കുറഞ്ഞശേഷം മാത്രമേ ക്യാപ് നീക്കംചെയ്യാൻ പാടുള്ളു.
- സ്വയം പരിക്കേൽക്കാതിരിക്കാൻ കൈകൾ, ഉപകരണങ്ങൾ, തുണിക്കഷണങ്ങൾ എന്നിവ എഞ്ചിൻ കൂളിംങ്ങ് ഫാനിന്റെ സമീപത്തുനിന്ന് നീക്കിവെക്കണം. ഈ ഇലക്ട്രിക് ഫാനുകൾ മുന്നറിയിപ്പൊന്നും ഇല്ലാതെ തനിയെ ഓൺ ആകാവുന്നതാണ്.

## താഴ്ഭാഗത്തെ ബോഡിയിൽ ഇടിക്കുന്നത് നിമിത്തം ഉണ്ടാകുന്ന കുഴപ്പം

നിങ്ങളുടെ വാഹനത്തിന്റെ താഴ്ഭാഗത്തെ ബോഡി ഇടിക്കുകയാണെങ്കിൽ ഒരു അംഗീകൃത മാരുതി സുസുക്കി കമെർഷ്യൽ ഡീലറോട് പരിശോധിക്കാൻ ആവശ്യപ്പെടുക. അല്ലാത്തപക്ഷം സ്റ്റിയറിംങ്ങ്, സസ്പെൻഷൻ, ഡ്രൈവ് ലൈൻ, ബ്രേക്ക് തുടങ്ങിയവയുടെ തകരാറ് നിങ്ങളുടെ സുരക്ഷിതമായ ഡ്രൈവിംങ്ങിന് പ്രതിബന്ധമായേക്കാം.

## വാണിംങ്ങ് ട്രയാംഗിൾ

ഉദാഹരണം




MHO-07-001

വാഹനം ബ്രേക്ക്ഡൗൺ ആകുകയോ അല്ലെങ്കിൽ അടിയന്തിരമായി നിർത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ, നിങ്ങളുടെ വാഹനം ഗതാഗത തടസ്സം സൃഷ്ടിച്ചേക്കുമെങ്കിൽ വാഹനത്തിനു പുറകിൽ തടസ്സങ്ങളൊന്നും ഇല്ലാതിരിക്കുകയും സമീപിക്കുന്ന വാഹനങ്ങൾക്ക് ഏകദേശം 50-100 മീറ്റർ അകലത്തിൽ വെച്ചുതന്നെ കാണാനാവുന്നതുമായ വിധത്തിൽ വാഹനത്തിലുള്ള വാണിംങ്ങ് ട്രയാംഗിൾ റോഡിൽ സ്ഥാപിക്കുക. ട്രയാംഗിളിലെ റിഫ്ലക്ടിംങ്ങ് ഭാഗം, ആഗതമാകുന്ന വാഹനങ്ങൾക്ക് അഭിമുഖമായാണ് സ്ഥാപിക്കേണ്ടത്. വാണിംങ്ങ് ട്രയാംഗിൾ സ്ഥാപിക്കാൻ വാഹനത്തിൽനിന്ന് ഇറങ്ങുന്നതിനു മുമ്പ് അപകട മുന്നറിയിപ്പിന്റെ ലൈറ്റുകൾ പ്രവർത്തിപ്പിക്കുക.

ഉദാഹരണം




MHO-07-014-1

- അസ്ത്രം 1 കാണിക്കുന്നതുപോലെ ആവരണത്തിൽനിന്ന് വാണിംങ്ങ് ട്രയാംഗിൾ സൂക്ഷിച്ച് പുറത്തെടുക്കുക.
- അസ്ത്രം കാണിക്കുന്നതുപോലെ രണ്ട് റിഫ്ലക്ടർ ആമുകളും തുറന്ന് വലതുഭാഗത്തുള്ള ആമിലെ ക്ലിപ് ഉപയോഗിച്ച് അവ പരസ്പരം ലോക്ക് ചെയ്യുക. അസ്ത്രം 3 കാണിക്കുന്നതുപോലെ താഴ്ഭാഗത്തെ സ്റ്റാൻഡ് ഘടികാരദിശയ്ക്ക് വിപരീതമായി തിരിക്കുക. വാഹനത്തിനു പുറകിൽ നിരപ്പായ പ്രതലത്തിലാണ് വാണിംങ്ങ് ട്രയാംഗിൾ വെക്കേണ്ടത്.
- ആവരണത്തിനകത്തേക്ക് തിരികെ വെക്കുന്നതിന് നേരെ വിപരീത പ്രക്രിയകൾ അനുവർത്തിക്കുക.

**ഉദാഹരണം**




MHO-07-014

## അഗ്നി ശമന ഉപകരണം (ഘടിപ്പിച്ചിട്ടുണ്ടെങ്കില്)

**ഉദാഹരണം**



77PM08009

അഗ്നി ശമന ഉപകരണം സീറ്റുകള്ക്കു പുറകില്സൂക്ഷിച്ചിരിക്കുന്നു. (ഡ്രൈവര്സീറ്റിനും പാസഞ്ചര്സീറ്റിനും ഇടയില്)

**ഉദാഹരണം**




77PM08003

(1) അഗ്നി ശമന ഉപകരണ സിലിണ്ടർ
(2) സീൽ
(3) സുരക്ഷാ പിൻ
(4) ലിവർ
(5) നോസിൽ

### അഗ്നി ശമന ഉപകരണം നീക്കം ചെയ്യലും തിരികെ ഘടിപ്പിക്കലും

#### അഗ്നി ശമന ഉപകരണം നീക്കം ചെയ്യാന്

**ഉദാഹരണം**




77PM08004

അഗ്നി ശമന ഉപകരണത്തിന്റെ ലിവര്(1) അല്പം മുകളിലോട്ട് ഉയര്ത്തുക. അഗ്നി ശമന ഉപകരണത്തെ ക്ലാമ്പില്(2) നിന്നു വേര്പെടുത്താനായി ചിത്രത്തില്കാണിച്ച ദിശയിലചലിക്കുക.

## അഗ്നി ശമന ഉപകരണം തിരികെ ഘടിപ്പിക്കാന്




77PM08005

അഗ്നി ശമന ഉപകരണത്തിന്റെ ബോഡി (1) ക്ലാമ്പിലേക്ക് (3) ഇന്സര്ട്ട് ചെയ്യുക.
ക്ലാമ്പില്നോസില്(2) ശ്രദ്ധാപൂര്വം താഴോട്ടാക്കി വെക്കുക.

*കുറിപ്പ് :*

*അഗ്നി ശമന ഉപകരണത്തിന്റെ നോസില്ക്ലാമ്പില്ശരിയായി ഇരുന്നു എന്ന് ഉറപ്പാക്കുക.*

## പ്രവര്ത്തന നടപടി ക്രമം




77PM08006

1) അഗ്നി ശമന ഉപകരണം (1) കുത്തനെ പിടിക്കുക.
2) സുരക്ഷാ പിന്(3) തിരിച്ച് സീല്(2) പൊട്ടിക്കുക.




77PM08007

3) സുരക്ഷാ പിന്വലിക്കുക (3).
4) ലിവര്(4) അമര്ത്തുക. ദ്രുത ഗതിയില്ഇരു വശത്തേക്കും വീശിക്കൊണ്ട് നോസിലില്(5) നിന്നുള്ള പ്രവാഹം ജ്വാലയുടെ അടുത്തുള്ള അറ്റത്തേക്ക് ചൂണ്ടുക.




77PM08008

5) തീ അണയുന്നത് വരെ ജ്വാലയെ അകലെയുള്ള അറ്റത്തേക്ക് നീക്കുക.

*കുറിപ്പ് :*
*അഗ്നി ശമന ഉപകരണം വാഹനത്തിനകത്ത് ബാഹ്യ വസ്തുക്കള്കാരണമായുണ്ടാകുന്ന ചെറിയ അഗ്നി ബാധകളെ നേരിടാനേണ്ടി മാത്രം ഉദ്ദേശിച്ചുള്ളതാണ്.*

## ചെയ്യേണ്ടതും ചെയ്യരുതാത്തതും




77PM08001

**ചെയ്യേണ്ടത്**

1) പ്രഷര്ഗേജ് യഥാ സമയം പരിശോധിക്കുക. കൂടിയ ചാര്ജിംഗ് പ്രഷര്15 കെജിഎഫ്/ സീഎം2 (പച്ച സോണില്) (2) ആണ്.

2) പ്രഷര്കുറഞ്ഞാല്ഇന്ഡിക്കേറ്റര്സൂചി (1) ചുവപ്പ് സോണിലേക്ക് നീങ്ങും. ഉടന്തന്നെ അഗ്നി ശമന ഉപകരണത്തില്കാണുന്ന നിര്ദ്ദേശങ്ങള്പ്രകാരം അഗ്നി ശമന ഉപകരണ നിര്മ്മാതാവുമായി ബന്ധപ്പെടുക.
3) അഗ്നി ശമന ഉപകരണം നിര്മ്മാതാവിന്റെ സരവീസ് കേന്ദ്രത്തില്മാത്രം സരവീസ് ചെയ്യിക്കുക. അടുത്തുള്ള സരവീസ് കേന്ദ്രം അറിയാന്അഗ്നി ശമന ഉപകരണത്തില്കാണുന്ന വിവരങ്ങള്നോക്കുക.
4) അഗ്നി ശമന ഉപകരണം എപ്പോഴും
5) ഉപയോഗിച്ച് കഴിഞ്ഞാല്ഉടന്തന്നെ അഗ്നി ശമന ഉപകരണം റീഫില്ചെയ്യുക.

**ചെയ്യരുത്താത്തത്**

1) അഗ്നി ശമന ഉപകരണം വെള്ളം ഉപയോഗിച്ച് ക്ലീന്ചെയ്യരുത്. (പൊടി നീക്കം ചെയ്യാനപ്യത്തിയുള്ള തുണി ഉപയോഗിക്കുക)

2) ഉപയോഗിച്ചതോ ചാര്ജ് പോയതോ ആയ അഗ്നി ശമന ഉപകരണത്തെ ആശ്രയിക്കരുത്.

***കുറിപ്പ്:***

- ഓരോ തവണ ഉപയോഗിച്ച് കഴിഞ്ഞാലും റീഫിൽചെയ്യേണ്ടത് ആവശ്യമാണ്.

- കഴിഞ്ഞാൽഅഗ്നി ശമന ഉപകരണം റീഫിൽചെയ്യണം

# ബാഹ്യ രൂപം പരിചരണം

ദ്രവിക്കൽ പ്രതിരോധം ........................................................................... 9-1
വാഹനം വൃത്തിയാക്കൽ ..................................................................... 9-2

# ദ്രവിക്കൽ പ്രതിരോധം

നിങ്ങളുടെ വാഹനം ദ്രവിച്ചു പോകുന്നതിൽനിന്ന് സംരക്ഷിക്കാൻ വിശിഷ്ടമായ പരിചരണം കൈക്കൊള്ളേണ്ടത് വളരെ പ്രധാനമാണ്. ദ്രവിക്കൽ പ്രതിരോധിക്കാൻ നിങ്ങളുടെ വാഹനം എങ്ങനെ പരിപാലിക്കാം എന്ന നിർദ്ദേശങ്ങളാണ് താഴെ പട്ടികയാക്കിയിട്ടുള്ളത്. ദയവായി ഈ നിർദ്ദേശങ്ങൾ സസൂക്ഷ്മം വായിച്ച് പിന്തുടരുക.

## ദ്രവിക്കലിനെ കുറിച്ചുള്ള പ്രധാന വിവരങ്ങൾ

### ദ്രവിക്കുന്നതിനുള്ള സാധാരണ കാരണങ്ങൾ

1) അണ്ടർബോഡി, ഫ്രെയിം എന്നിങ്ങനെ എത്തിപ്പെടാൻ എളുപ്പമല്ലാത്ത വാഹനഭാഗങ്ങളിൽ, റോഡിലെ മഞ്ഞുരുകാൻ ഉപയോഗിക്കുന്ന റോഡ് സാൾട്ട്, അഴുക്ക്, ഈർപ്പം, രാസവസ്തുക്കൾ എന്നിവയുടെ ശേഖരം.
2) ചിപ്പിംങ്ങ്, പോറലുകൾ, ലഘുവായ അപകടങ്ങൾ കാരണമായി പെയിന്റ്ചെയ്ത് പരിപാലിച്ച ലോഹപ്രതലത്തിൽ ഉണ്ടായ എന്തെങ്കിലും തകരാറ്, കല്ലോ ചരലോ നിമിത്തമുണ്ടായ ഉരച്ചിലുകൾ.

### ദ്രവിക്കലിനെ ത്വരിതപ്പെടുത്തുന്ന പരിസ്ഥിതി സവിശേഷതകൾ

1) റോഡ് സാൾട്ട്, പൊടിപടല നിയന്ത്രണ രാസവസ്തുക്കൾ, കടൽക്കാറ്റ്, വ്യവസായ മലിനീകരണം എന്നിവയെല്ലാം ലോഹം ദ്രവിക്കുന്നതിന് ആക്കംകൂട്ടും.
2) ഉയർന്ന ഹ്യുമിഡിറ്റി, ദ്രവിക്കലിന്റെ തോത് വർദ്ധിപ്പിക്കും. പ്രത്യേകിച്ച് അന്തരീക്ഷ താപനിലയുടെ തോത്, ഫ്രീസിംങ്ങ് പോയിന്റിനു തൊട്ടുമുകളിൽ മാത്രമാണെങ്കിൽ.
3) വാഹനത്തിലെ ചിലഭാഗങ്ങളിൽ ഒരുപാട് കാലം ഈർപ്പം അവശേഷിക്കുകയാണെങ്കിൽ ദ്രവിക്കലിന് സാദ്ധ്യതയുണ്ട്, മറ്റു ഭാഗങ്ങൾ തികച്ചും ഉണങ്ങിയിരിക്കു കയാണെങ്കിൽ പോലും.
4) വേഗത്തിൽ ഉണങ്ങാൻ പാകത്തിൽ വായുസഞ്ചാരം ഇല്ലാത്ത വാഹന ഭാഗങ്ങളിൽ ഉയർന്ന ഊഷ്മാവുകൾ ദ്രവിക്കലിന് വേഗംകൂട്ടും.

ഈ വിവരങ്ങൾ നിങ്ങളുടെ വാഹനം (വിശിഷ്യാ വാഹനത്തിന്റെ അടിഭാഗം) കഴിയുന്നത്ര വൃത്തിയായും ഈർപ്പരഹിതമായും സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. പെയിന്റിനോ അല്ലെങ്കിൽ സംരക്ഷണ കോട്ടിംങ്ങുകൾക്കോ എന്തെങ്കിലും പോരായ്മകൾ സംഭവിച്ചാൽ ഉടനെ അറ്റകുറ്റപണികൾ ചെയ്യുക എന്നതിന് തുല്ല്യ പ്രാധാന്യമുണ്ട്.

## ദ്രവിക്കൽ പ്രതിരോധിക്കുവാൻ സഹായകമാകുന്നതെങ്ങനെ

### ഇടയ്ക്കിടെ വാഹനം കഴുകുക

നിങ്ങളുടെ വാഹനത്തിന്റെ പൂർണ്ണത നിലനിർത്തി ദ്രവിക്കൽ തടയാനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം, ഇടയ്ക്കിടെ വാഹനം കഴുകി വൃത്തിയാക്കുക എന്നതാണ്.

ശൈത്യകാലത്ത് ഏറ്റവും കുറഞ്ഞത് ഒരുതവണയെങ്കിലും കൂടാതെ ശൈത്യകാലം കഴിഞ്ഞ ഉടനെയും വാഹനം കഴുകി വൃത്തിയാക്കണം. നിങ്ങളുടെ വാഹനം, പ്രത്യേകിച്ച് അതിന്റെ അടിഭാഗം കഴിയുന്നത്ര വൃത്തിയായും വരണ്ടതായും സൂക്ഷിക്കുക.

ഉപ്പ് വിതറിയ റോഡുകളിലൂടെ നിങ്ങൾ തുടർച്ചയായി വാഹനം ഓടിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ വാഹനം ശൈത്യകാലങ്ങളിൽ മാസത്തിൽ ഒരു തവണ എന്ന തോതിൽ കഴുകണം. കടലിനടുത്താണ് നിങ്ങൾ താമസിക്കുന്നതെങ്കിൽ വർഷം മുഴുവൻ മാസത്തിൽ ഒരുതവണ കഴുകിയിരിക്കണം.

കഴുകലുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക്, “വെഹിക്കിൾ ക്ലീനിംങ്ങ്” വിഭാഗം പരിശോധിക്കുക.

### അന്യപദാർത്ഥങ്ങൾ കുമിഞ്ഞുകൂടുന്നത് തടയുക

പെയിന്റe ചെയ്ത ഭാഗത്ത് ഉപ്പ്, രാസപദാർത്ഥങ്ങൾ, റോഡ് ഓയിൽ അല്ലെങ്കിൽ ടാർ, മരത്തിന്റെ കറ, പക്ഷികളുടെ വിസർജ്ജ്യങ്ങൾ, വ്യവസായ അണുപ്രസരണം എന്നിവ ഇരിക്കുന്നത് നിങ്ങളുടെ വാഹനത്തിന്റെ മിനുക്കുപണികളെ. ഇത്തരത്തിലുള്ള നിക്ഷേപങ്ങൾ കഴിയുന്നത്ര വേഗം നീക്കംചെയ്യണം. ഈ നിക്ഷേപങ്ങൾ കഴുകിക്കളയാൻ ബുദ്ധിമുട്ടാണെങ്കിൽ, ഇതിനായി ഒരു ക്ലീനർ ഉപയോഗിക്കാവുന്നതാണ്. നിങ്ങൾ ഉപയോഗിക്കുന്ന ഏത് ക്ലീനറും പെയിന്റ് ചെയ്ത പ്രതലങ്ങൾക്ക് ദോഷം വരുത്തുകയില്ലെന്നും, നിങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാണെന്നും ഉറപ്പ് വരുത്തുക. ഇത്തരത്തിൽ ഉള്ള സവിശേഷ ക്ലീനറുകൾ ഉപയോഗിക്കുമ്പോൾ ഉൽപാദകരുടെ നിർദ്ദേശങ്ങൾ പിന്തുടരണം.

### മിനുക്ക്പണികളുടെ അപാകത പരിഹരിക്കുക

പെയിന്റ് ചെയ്ത പ്രതലങ്ങൾക്ക് എന്തെങ്കിലും കേടുപാടുകളുണ്ടോ എന്ന് സൂക്ഷ്മമായി പരിശോധിക്കുക. എന്തെങ്കിലും പോറലുകളോ കോറലുകളോ കണ്ടാൽ, ഉടനെത്തന്നെ പരിഹരിച്ച് ദ്രവിക്കലിന്റെ ആരംഭം തടയണം. പോറലുകളും കോറലുകളും പെയിന്റ് ചെയ്യാത്ത ലോഹത്തിലാണ് സംഭവിച്ചിട്ടുള്ളതെങ്കിൽ യോഗ്യരായ ബോഡി നിർമ്മാതാക്കളെകൊണ്ട് പരിഹരിപ്പിക്കുക.

### പാസഞ്ചർ, ലഗ്ഗേജ് കമ്പാർട്ട്മെന്റുകൾ വൃത്തിയായി സൂക്ഷിക്കുക

തറയിലെ ചവിട്ടികൾക്കടിയിൽ ഈർപ്പം, അഴുക്ക്, ചെളി എന്നിവ അടിഞ്ഞ് ദ്രവിക്കലിന് കാരണമായേക്കാം. ഇടയ്ക്കിടെ ഈ ചവിട്ടികളുടെ അടിഭാഗം പരിശോധിച്ച് അവിടം വൃത്തിയുള്ളതാണെന്ന് ഉറപ്പ് വരുത്തുക. റോഡിൽനിന്ന് മാറിയോ, ഈറൻ കാലാവസ്ഥകളിലോ ആണ് വാഹനം ഓടിക്കുന്നതെങ്കിൽ കുറച്ചധികം തവണ പരിശോധിക്കണം. രാസവസ്തുക്കൾ, വളങ്ങൾ, ശുദ്ധീകരണികൾ, ലവണങ്ങൾ തുടങ്ങിയവ സ്വതവേ അത്യന്തം ദ്രവിപ്പിക്കൽ പ്രവണതയുള്ളവയാണ്. ഈ ഉൽപന്നങ്ങൾ അടച്ചുപൂട്ടിയ കണ്ടെയ്നറുകളിൽ കൊണ്ടുപോകണം. തുളുമ്പുകയോ ചോരുകയോ ചെയ്യുന്നുവെങ്കിൽ ഉടനെത്തന്നെ ആ സ്ഥലം തുടച്ച് ഉണക്കണം.

**വരണ്ടതും പര്യാപ്തമായ വായുസഞ്ചാര വുമുള്ളിടത്ത് നിങ്ങളുടെ വാഹനം സൂക്ഷിക്കണം.**

ഈർപ്പമുള്ള, വായുസഞ്ചാരമില്ലാത്തിടത്ത് വാഹനം പാർക്ക് ചെയ്യരുത്. നിങ്ങളുടെ വാഹനം ഇടയ്ക്കിടെ ഗാരേജിൽ വെച്ച് കഴുകുകയോ നനഞ്ഞ കാലാവസ്ഥയിൽ തുടർച്ചയായി ഓടിക്കുകയോ ചെയ്യാറുണ്ടെങ്കിൽ നിങ്ങളുടെ ഗാരേജിൽ ഈർപ്പം ഉണ്ടാകാം. ഗാരേജിലെ അതീവ ഹ്യുമിഡിറ്റി ദ്രവിപ്പിക്കലിന് കാരണമാകുകയോ അത് ത്വരിതപ്പെടുത്തുകയോ ചെയ്തേക്കാം. വേണ്ടത്ര വായുസഞ്ചാരമില്ലെങ്കിൽ ഗാരേജ് ഈർപ്പമല്ലെങ്കിൽപോലും, ഒരു നനഞ്ഞ വാഹനം ദ്രവിച്ചേക്കാം.

**⚠ അപായ സൂചന**

**കാറ്റലിറ്റിക് കൺവെർട്ടർ, എക്സോസ്റ്റ് പൈപ്പുകൾ എന്നിങ്ങനെയുള്ള എക്സോസ്റ്റ് വ്യൂഹങ്ങളിലോ അവയ്ക്ക് ചുറ്റുമോ അണ്ടർകോട്ടിംങ്ങ് അല്ലെങ്കിൽ തുരുമ്പ് പ്രതിരോധ കോട്ടിംങ്ങ് കൂടുതലായി പ്രയോഗിക്കരുത്. അണ്ടർകോട്ടിംങ്ങ് പദാർത്ഥം വല്ലാതെ ചൂടായാൽ തീപിടിച്ചേക്കാം.**

## വാഹനം വൃത്തിയാക്കൽ

ഉദാഹരണം



77PM09001

**⚠ അപായ സൂചന**

**വാഹനത്തിന്റെ ഉൾഭാഗമോ പുറംഭാഗമോ വൃത്തിയാക്കുമ്പോൾ, വാർണിഷ് തിന്നറുകൾ, പെട്രോൾ, ബെൻസീൻ, അല്ലെങ്കിൽ ബ്ലീച്ചുകളോ വീട്ടിൽ ഉപയോഗിക്കുന്ന കടുപ്പമുള്ള ഡിറ്റർജന്റുകളോ പോലെ എളുപ്പത്തിൽ തീപിടിക്കുന്നവ ഉപയോഗിക്കരുത്. വ്യക്തികൾക്ക് പരിക്ക് അല്ലെങ്കിൽ വാഹനത്തിന് കേടുപാട് സംഭവിക്കാൻ ഈ പദാർത്ഥങ്ങൾ കാരണമായേക്കാം.**

## ഇന്റീരിയര്ക്ലീന്ചെയ്യല്

### വൈനൈല്അപ്ഹോല്സ്റ്ററി

സോപ്പും കടുപ്പം കുറഞ്ഞ ഡിറ്റര്ജന്റും ഇളം ചൂട് വെള്ളത്തില്കലക്കി മിശ്രിതം തയ്യാറാക്കുക. സ്പോഞ്ച് അല്ലെങ്കില്മൃദുവായ തുണി കൊണ്ട് ഈ മിശ്രിതം വൈനൈലില്പ്രയോഗിക്കുക. അഴുക്ക് ഇളകാണായെ അല്പ സമയം കുതിര്ത്താനിടുക.
നനവുള്ള, വൃത്തിയുള്ള തുണി കൊണ്ട് അഴുക്കും മിശ്രിതവും തുടച്ചെടുക്കുക. അഴുക്ക് ശേഷിക്കുന്നെങ്കില്ഈ പ്രക്രിയ ആവര്ത്തിക്കുക.

### ഫാബ്രിക് അപ്ഹോല്സ്റ്ററി (ഫ്രണ്ട് പാസഞ്ചര്സീറ്റ് ഒഴികെ)

ലൂസ് ആയി കിടക്കുന്ന പൊടി വാക്വം ക്ലീനര്കൊണ്ട് നീക്കം ചെയ്യുക. കറ പിടിച്ച സ്ഥലങ്ങള്നേര്ത്ത സോപ്പ് ലായനി ഉപയോഗിച്ച് നനവുള്ള, വൃത്തിയുള്ള തുണി കൊണ്ട് തിരുമ്മുക. സോപ്പ് നീക്കം ചെയ്യാനെള്ളം നനച്ച തുണി കൊണ്ട് തുടക്കുക. കരാ പോകുന്നത് വരെ ആവര്ത്തിക്കുക. കടുത്ത കറകള്ക്ക് വിപണിയിലുള്ള ഫാബ്രിക് ക്ലീനര്ഉപയോഗിക്കുക. നിര്മ്മാതാക്കള്നല്കുന്ന നിര്ദ്ദേശങ്ങളും മുന്കരുത്തലുകളും പാലിക്കുക.

**⚠ മുന്നറിയിപ്പ്**

- **ഫ്രണ്ട് പാസഞ്ചര്സീറ്റില്ദ്രാവകങ്ങള്തുളുമ്പരുത്. ഫ്രണ്ട് പാസഞ്ചര്സീറ്റില്ദ്രാവകങ്ങള്തുളുമ്പിയാല്ഉടനെ മൃദുവായ തുണികൊണ്ട് തുടച്ചു കളയുക. സെന്സരില്ദ്രാവകം സ്പര്ശിച്ചാല്സീറ്റ് ബെല്റ്റ് റിമൈന്ഡര്പ്രവര്ത്തനം ബാധിക്കപ്പെടും.**
- **സീറ്റ് അപ്ഹോല്സ്റ്ററിയിലൂടെ തുളച്ച് കയറി സെന്സര്കേടാക്കാവുന്ന വിധത്തിലുള്ള കൂര്ത്ത വസ്തുക്കള്പാസഞ്ചര്സീറ്റിലെക്കരുത്.**

## ഫാബ്രിക് അപ്ഹോല്സ്റ്ററി (ഫ്രണ്ട് പാസഞ്ചര്സീറ്റ്)

ഫാബ്രിക്കിലൂടെ അകത്തു കടന്ന് സെന്സര്കേടാക്കാന്ഇടയുള്ളതിനാല്ദ്രാവകങ്ങള് ഉപയോഗിച്ച് ക്ലീന്ചെയ്യരുത്.

## ലെതര്അപ്ഹോല്സ്റ്ററി

ലൂസ് ആയി കിടക്കുന്ന പൊടി വാകം ക്ലീനര്കൊണ്ട് നീക്കം ചെയ്യുക.നെത്ത സോപ്പ് അല്ലെങ്കില്സാഡില്സോപ്പ് ലായനി ഉപയോഗിച്ച് നനവുള്ള, വൃത്തിയുള്ള തുണി കൊണ്ട് അഴുക്ക് തുടച്ചു കളയുക. സോപ്പ് നീക്കം ചെയ്യാനെവെള്ളം നനച്ച തുണി കൊണ്ട് തുടക്കുക. മൃദുവായ തുണി കൊണ്ട് തുടച്ചു ജലാംശം കളയുക. അഴുക്ക് അല്ലെങ്കില്കറ പോകുന്നത് വരെ ആവര്ത്തിക്കുക. കടുത്ത കറകള്ക്ക് വിപണിയില്ലഭിക്കുന്ന ലെതര്ക്ലീനര്ഉപയോഗിക്കുക. ലെതര്ക്ലീനര്ഉപയോഗിക്കുകയാണെങ്കില്നിര്മ്മാതാക്കള്നല്കുന്ന നിര്ദ്ദേശങ്ങളും മുന്കരുതലുകളും പാലിക്കുക. സോള്വന്റ് ക്ലീനറുകളും അബ്രെസീവ് ക്ലീനറുകളും ഉപയോഗിക്കരുത്.

*കുറിപ്പ് :*

- *ലെതര്അപ്ഹോല്സ്റ്ററി ഭംഗിയായിരിക്കാന്വര്ഷത്തിലരണ്ടു തവണയെങ്കിലും ക്ലീന് ചെയ്യണം.*
- *ലെതര്അപ്ഹോല്സ്റ്ററിയില്നനവ് ഉണ്ടായാല്ഉടന്തന്നെ ടിഷ്യൂ പേപ്പര്അല്ലെങ്കില്മൃദുവായ തുണി കൊണ്ട് തുടച്ചു ഉണക്കണം. ജലാംശം മൂലം ലെതര്കട്ടിയാവാനും ചുരുങ്ങാനും ഇടയുണ്ട്.*
- *വെയില്ഉള്ള ദിവസങ്ങളില്പാര്ക്ക് ചെയ്യുമ്പോള്തണലുള്ള സ്ഥലം തെരഞ്ഞെടുക്കുക അല്ലെങ്കില്സണ്ഷെയ്ഡ് ഉപയോഗിക്കുക. ലെതര്അപ്ഹോല്സ്റ്ററി ദീര്ഘ നേരം നേരിട്ടു വെയില്എല്ക്കാന്ഇടയായാല്നിറം മങ്ങുകയും ചുരുങ്ങുകയും ചെയ്യും.*
- *എല്ലാ പ്രകൃതിദത്ത വസ്തുക്കളും പോലെ ലെതര്അസമമായ ഗ്രേയിന്ആയിരിക്കും കൌഹൈഡ് ആണെങ്കില്സ്വാഭാവികമായി പുള്ളികള്ഉണ്ടാവും. അത് ലെതറിന്റെ പ്രകടനത്തെ ബാധിക്കില്ല.*

### സീറ്റ് ബെൽറ്റുകൾ സീറ്റ് ബെൽറ്റ്

സീറ്റ് ബെൽറ്റുകൾ നേർത്ത സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കുക. ബെൽറ്റുകളിൽ ബ്ലീച്ച് അല്ലെങ്കിൽ ഡൈ ഉപയോഗിക്കരുത്. അവ ബെൽറ്റിലുള്ള തുണിത്തരങ്ങളെ ദുർബ്ബലമാക്കിയേക്കാം.

### വിനൈൽ ഫ്ലോർ മാറ്റുകൾ

വെള്ളമോ നേർത്ത സോപ്പോ ഉപയോഗിച്ച് വിനൈലിൽനിന്ന് സാധാരണ അഴുക്ക് നീക്കംചെയ്യാവുന്നതാണ്. അഴുക്ക് ഇളക്കാൻ ഒരു ബ്രഷ് സഹായകമാകും. അഴുക്ക് ഇളക്കിക്കഴിഞ്ഞാൽ, ചവിട്ടി നന്നായി വെള്ളത്തിൽ തിരുമ്മി തണലത്ത് ഉണക്കുക.

### കാർപെറ്റുകൾ

ഒരു വാകംക്ലീനർ ഉപയോഗിച്ച് സാദ്ധ്യമാകുന്നത്ര അഴുക്കും മണ്ണും കളയുക. നേർത്ത സോപ്പ് ലായനി ഉപയോഗിച്ച് വൃത്തിയുള്ള, നനഞ്ഞ തുണികൊണ്ട് കറയുള്ള ഭാഗത്ത് തുടക്കുക. സോപ്പ് നീക്കംചെയ്യാൻ, വെള്ളംനനച്ച തുണികൊണ്ട് വീണ്ടും തുടക്കുക. കറ ഇളകിപ്പോകുന്നതുവരെ ഇത് ആവർത്തിക്കുക, അല്ലെങ്കിൽ കടുപ്പമുള്ള കറകളാണെങ്കിൽ ഒരു വാണിജ്യ കാർപെറ്റ്ക്ലീനർ ഉപയോഗിക്കുക. ഒരു കാർപെറ്റ്ക്ലീനർ ഉപയോഗിക്കുകയാണെങ്കിൽ, ഉൽപാദകന്റെ നിർദ്ദേശങ്ങളും മുൻകരുതലുകളും പിന്തുടരുക.

### ഇൻസ്ട്രുമെന്റ് പാനലും കൺസോളും

ഇളകിയ അഴുക്ക് ഒരു വാകം ക്ലീനർ ഉപയോഗിച്ച് നീക്കംചെയ്യുക. നനഞ്ഞ തുണി നന്നായി പിഴിഞ്ഞ് അഴുക്ക് മൃദുവായി തുടച്ചുകളയുക. അഴുക്ക് പോകുന്നതുവരെ ഇത് ആവർത്തിക്കുക.

| *നോട്ടീസ്* |
|---|
| സിലിക്കൺ അടങ്ങിയ രാസ ഉൽപന്നങ്ങൾ ഉപയോഗിച്ച് സ്വിച്ചുകൾ പോലുള്ള വൈദ്യുത ഉപകരണങ്ങൾ തുടക്കരുത്. ഉപകരണങ്ങൾ കേടാകാൻ ഇത് കാരണമാകും. |

## പുറംഭാഗം വൃത്തിയാക്കൽ

| *നോട്ടീസ്* |
|---|
| നിങ്ങളുടെ വാഹനം വൃത്തിയുള്ളതും അഴുക്കില്ലാത്തതുമായി സൂക്ഷിക്കേണ്ടത് പ്രധാന കാര്യമാണ്. നിങ്ങളുടെ വാഹനം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ പെയിന്റ് മങ്ങാനും വാഹന ബോഡിയുടെ വിവിധ ഭാഗങ്ങൾ ദ്രവിക്കാനും കാരണമാകും. |

### കഴുകൽ

ഉദാഹരണം



82DY09

**⚠ അപായ സൂചന**

- **എഞ്ചിൻ റൺ ചെയ്തുകൊണ്ട് വാഹനം കഴുകാനും വാക്സ് തേക്കാനും ഒരിയ്ക്കലും ശ്രമിക്കരുത്.**
- **വാഹനബോഡിയുടെ അടിഭാഗവും ഫെൻഡറും വൃത്തിയാക്കുമ്പോൾ, കൂർത്ത അഗ്രങ്ങളുള്ള ഭാഗങ്ങൾ ഉണ്ടാകാം. കൈകൾക്കും മുഴങ്കയ്യിനും മുറിവ് പറ്റാതിരിക്കാൻ കയ്യുറകളും നീളൻകൈ ഷർട്ടും ധരിക്കണം.**
- **നിങ്ങളുടെ വാഹനം കഴുകിയശേഷം, ഡ്രൈവിംങ്ങിനുമുമ്പ് ബ്രേക്കുകൾ ശ്രദ്ധയോടെ പരിശോധിച്ച് അവയുടെ സ്വാഭാവിക കാര്യക്ഷമത ഉറപ്പ് വരുത്തണം.**

വാഹനം കഴുകുമ്പോൾ, വെയിൽ നേരിട്ട് അതിൽ പതിക്കാത്തിടത്ത് പാർക്ക് ചെയ്യുകയും താഴെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുകയുംവേണം:

1) മർദ്ദം ഉപയോഗിച്ച് വെള്ളം ശക്തിയായി പ്രവഹിപ്പിച്ച് അഴുക്കും മാലിന്യങ്ങളും നീക്കംചെയ്തുകൊണ്ട് ബോഡിയുടെ അടിഭാഗവും വീൽഹൗസിംങ്ങുകളും കഴുകുക. ധാരാളം വെള്ളം ഉപയോഗിക്കുക

***നോട്ടീസ്***

**വാഹനം കഴുകുമ്പോൾ:**

- **പ്ലാസ്റ്റിക് ഭാഗങ്ങളിൽ 80° C (176° F) നേക്കാൾ കൂടുതൽ ചൂടുള്ള വെള്ളമോ ആവിയോ നേരിട്ട് പ്രയോഗിക്കുന്നത് ഒഴിവാക്കുക.**
- **എഞ്ചിൻ ഘടകങ്ങൾക്ക് കേടുസംഭവിക്കാതിരിക്കാൻ എഞ്ചിൻ കമ്പാർട്ട്മെന്റിൽ വെള്ളം ശക്തിയായി പ്രവഹിപ്പിക്കാതിരിക്കുക.**

2) ബോഡിയിൽ അമർത്തി തിരുമ്മി അഴുക്ക് ഇളക്കുക. പൈപ്പ് വെള്ളംകൊണ്ട് ബോഡിയുടെ പുറംഭാഗത്തുനിന്ന് അഴുക്കും ചെളിയും നീക്കംചെയ്യുക. മൃദുലമായ ഒരു സ്പോഞ്ചോ ബ്രഷോ നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. പരുക്കൻ വസ്തുക്കൾ ഉപയോഗിച്ച് പെയിന്റിലോ പ്ലാസ്റ്റിക്കിലോ പോറൽ വരുത്താതിരിക്കുക. പലപ്പോഴും ഹെഡ് ലൈറ്റ് കവറുകളോ ലെൻസുകളോ പ്ലാസ്റ്റിക് നിർമ്മിതമായിരിക്കുമെന്ന് ഓർക്കുക.

***നോട്ടീസ്***

**പെയിന്റ് അല്ലെങ്കിൽ പ്ലാസ്റ്റിക് പ്രതലത്തിന് കേട് സംഭവിക്കാതിരിക്കാൻ, വേണ്ടത്ര വെള്ളം ഇല്ലാതെ അഴുക്ക് കളയരുത്. മുകളിൽ പറഞ്ഞ നടപടികൾ പിന്തുടരുന്നുവെന്ന് ഉറപ്പ് വരുത്തുക.**

3) ഒരു സ്പോഞ്ചോ മൃദുലമായ തുണിയോകൊണ്ട് നേർത്ത ഡിറ്റർജന്റ് അല്ലെങ്കിൽ കാർവാഷ് സോപ്പ് ഉപയോഗിച്ച് പുറംഭാഗം മുഴുവൻ കഴുകുക. സ്പോഞ്ച് അല്ലെങ്കിൽ തുണി ഇടയ്ക്കിടെ സോപ്പ് ലായനിയിൽ കുതിർക്കണം.

***നോട്ടീസ്***

**ഒരു വാണിജ്യ കാർവാഷ് ഉൽപന്നം ഉപയോഗിക്കുമ്പോൾ, ഉൽപാദകൻ നിർദ്ദേശിച്ച മുൻകരുതലുകൾ പാലിക്കുക. വീട്ടിൽ ഉപയോഗിക്കുന്ന വീര്യം കൂടിയ ഡിറ്റർജന്റുകളോ സോപ്പുകളോ ഒരിയ്ക്കലും ഉപയോഗിക്കരുത്.**

4) അഴുക്ക് പൂർണ്ണമായും നീക്കംചെയ്തുകഴിഞ്ഞാൽ, പൈപ്പ് വെള്ളത്തിൽ ഡിറ്റർജന്റ് കഴുകുക
5) തിരുമ്മിയശേഷം, നനഞ്ഞ തുകലോ തുണിയോ ഉപയോഗിച്ച് വാഹനത്തിന്റെ ബോഡി തുടച്ച് തണലത്ത് ഉണക്കുക.
6) പെയിന്റ് ചെയ്തിട്ടുള്ള പ്രതലങ്ങൾക്ക് കേട് സംഭവിച്ചിട്ടുണ്ടോ എന്ന് നോക്കുക. എന്തെങ്കിലും കേട് സംഭവിച്ചിട്ടുണ്ടെങ്കിൽ, താഴെ പറഞ്ഞിരിക്കുന്ന നടപടികൾ അനുസരിച്ച് പരിഹരിക്കുക:
   1. കേടുപറ്റിയ സ്ഥലങ്ങൾ വൃത്തിയാക്കി അത് ഉണങ്ങാൻ അനുവദിക്കുക.
   2. പെയിന്റ് ഇളക്കി ഒരു ചെറിയ ബ്രഷ് ഉപയോഗിച്ച് കേടുപറ്റിയ ഭാഗങ്ങളിൽ ടച്ച് അപ് ചെയ്യുക.
   3. പെയിന്റ് പൂർണ്ണമായും ഉണങ്ങാൻ അനുവദിക്കുക.

***നോട്ടീസ്***

**നിങ്ങൾ ഒരു ഓട്ടോമാറ്റിക് കാർവാഷ് ഉപയോഗിക്കുകയാണെങ്കിൽ, വാഹനത്തിലെ സ്പോയിലറുകൾ പോലുള്ള ഭാഗങ്ങൾക്ക് കേട് സംഭവിക്കാതെ നോക്കുക. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, കാർവാഷ് ഓപറേറ്ററുടെ ഉപദേശം തേടുക.**

## വാക്സ് പ്രയോഗിക്കൽ

ഉദാഹരണം



77PM09002

വാഹനം കഴുകിയശേഷം, കൂടുതൽ സംരക്ഷണത്തിനും പെയിന്റിന് മോടി കൂട്ടാനുമായി വാക്സിംങ്ങും പോളിഷിംങ്ങും നല്ലതാണ്.

- മികച്ച ഗുണമേൻമയുള്ള വാക്സുകളും പോളിഷുകളും മാത്രം ഉപയോഗിക്കുക.
- വാക്സുകളും പോളിഷുകളും ഉപയോഗിക്കുമ്പോൾ, ഉൽപാദകർ നിർദ്ദേശിച്ചിട്ടുള്ള മുൻകരുതലുകൾ നിരീക്ഷിക്കുക.

# പൊതു വിവരങ്ങൾ

വാഹനം തിരിച്ചറിയൽ ........ 10-1
ഫാസ്റ്റ്ടാഗ് (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ) ........ 10-1
സി എന്ജി കിറ്റ് നമ്പര്തിരിച്ചറിയല് (ഘടിപ്പിച്ചിട്ടുണ്ടെങ്കില്) ........ 10-2
ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റ് (എച്ച്.അസ്.ആർ.പി) (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ) ........ 10-3

# വാഹനം തിരിച്ചറിയൽ

## ചാസ്സി സീരിയൽ നമ്പർ

ഉദാഹരണം



77PH059

വാഹനം രജിസ്റ്റർ ചെയ്യുന്നതിന് ചാസ്സിയുടെയും അല്ലെങ്കിൽ / അതുകൂടാതെ എഞ്ചിന്റെയും സീരിയൽ നമ്പറുകൾ ഉപയോഗിക്കുന്നു. പ്രത്യേക സേവന വിവരങ്ങൾ ആവശ്യപ്പെടുമ്പോഴോ നിർദ്ദേശിക്കുമ്പോഴോ നിങ്ങളുടെ ഡീലറെ സഹായിക്കാൻ അവ ഉപയോഗിക്കുന്നു. നിങ്ങളുടെ മാരുതി സുസുക്കി കമെർഷ്യൽ ഡീലറെ കണ്ടുമുട്ടാൻ അവസരം ലഭിക്കുമ്പോഴെല്ലാം ഈ നമ്പർ മുഖേന നിങ്ങളുടെ വാഹനത്തെ പരിചയപ്പെടുത്താൻ ഓർക്കുക. ഈ നമ്പർ വായിക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ, ഐഡന്റിഫിക്കേഷൻ പ്ലേറ്റിലും നിങ്ങൾക്ക് ഈ നമ്പർ കാണാവുന്നതാണ്.

## എഞ്ചിൻ സീരിയൽ നമ്പർ

ഉദാഹരണം



54G082

ചിത്രത്തിൽ കാണിച്ചിട്ടുള്ളത് പോലെ എഞ്ചിൻ സീരിയൽ നമ്പർ സിലിണ്ടർ ബ്ലോക്കിൽ മുദ്ര ചെയ്തിട്ടുണ്ട്.

# ഫാസ്റ്റ്ടാഗ് (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ)

റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേസ് മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം, ഇലക്ട്രോണിക് ടോൾ ശേഖരണത്തിന് അല്ലെങ്കിൽ ഇന്ത്യ ഗവൺമെന്റ് നിർവചിക്കുന്ന മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് വേണ്ടി, ഓരോ വാഹനത്തിനും ഫാസ്റ്റ്ടാഗ് (1) നിർബന്ധമാണ്.

ഫാസ്റ്റ്ടാഗിന് എന്തെങ്കിലും തകരാറ് സംഭവിക്കുകയോ അല്ലെങ്കിൽ മുമ്പിലെ വിൻഡ്സ്ക്രീൻ മാറ്റേണ്ടതുണ്ടെങ്കിലോ നിങ്ങളുടെ സമീപസ്ഥനായ അംഗീകൃത മാരുതി സുസുക്കി കമെർഷ്യൽ ഡീലറെ ദയവായി ബന്ധപ്പെടുക.

ഉദാഹരണം




66MM01001

### വാഹനത്തിന്റെ ഉള്ളിൽനിന്ന് കാണുന്നത് പോലെ

ഉദാഹരണം




64MM01002

*കുറിപ്പ്:*
*കാണിച്ചിട്ടുള്ള ചിത്രം സൂചനയ്ക്ക് വേണ്ടി മാത്രം ഉള്ളതാണ്. വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള യഥാർത്ഥ ഡിവൈസിന്റെ ആന്തരിക ഘടന വ്യത്യസ്തമായേക്കാം.*

### വാഹനത്തിന്റെ പുറമെനിന്ന് കാണുന്നത് പോലെ

ഉദാഹരണം




64MM01003

*കുറിപ്പ്:*
*കാണിച്ചിട്ടുള്ള ചിത്രം സൂചനയ്ക്ക് വേണ്ടി മാത്രം ഉള്ളതാണ്. വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള യഥാർത്ഥ ഡിവൈസിന്റെ ആന്തരിക ഘടന വ്യത്യസ്തമായേക്കാം.*

*കുറിപ്പ്:*
- *വിൻഡ് സ്ക്രീനിൽനിന്ന് ടാഗ് നീക്കംചെയ്യാനുള്ള ഏത് ശ്രമവും ടാഗിന് സ്ഥിരമായി കേട് വരുത്തിയേക്കാം.*
- *വിൻഡ്സ്ക്രീനിൽ ടാഗ് ഘടിപ്പിച്ചിട്ടുള്ള ഭാഗം കെമിക്കൽ ക്ലീനറുകൾ ഉപയോഗിച്ച് വൃത്തിയാക്കുന്നത് ടാഗിന് കേട് വരുത്തിയേക്കാം.*
- *ടാഗിനുമേൽ എന്തെങ്കിലും കൂർത്ത വസ്തുക്കൾ ഉപയോഗിക്കുന്നത് ടാഗിന് കേടുവരുത്തും.*

### സി എന്ജി കിറ്റ് നമ്പര് തിരിച്ചറിയല്(ഘടിപ്പിച്ചിട്ടുണ്ടെങ്കില്)

ഉദാഹരണം




77PM10002

സി എന്ജി സിലിണ്ടര്തിരിച്ചറിയല് നമ്പര്, സി എന്ജി കിറ്റ് ഘടിപ്പിച്ച തീയതി എന്നിവ

ചിത്രത്തില്കാണിച്ച വിധത്തില്കാര്ഗോ ബോഡിയിലധലതു വശത്ത് സ്ഥിതി ചെയ്യുന്നു.

## ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റ് (എച്ച്.അസ്.ആർ.പി) (ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ)

റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ നിബന്ധന പ്രകാരം എല്ലാ പുതിയ വാഹനത്തിനും എച്ച്.അസ്.ആർ.പി നിര്ബ്ന്ധമായും ഉണ്ടായിരിക്കണം.

എച്ച്.അസ്.ആർ.പി യിൽ അടങ്ങിയിരിക്കുന്നത്;

- ഫ്രണ്ട്, റിയർ എച്ച്.അസ്.ആർ.പി യിൽ ഓരോ നമ്പർ പ്ലേറ്റ് സ്ഥലത്തും 2 വീതം സ്നാപ്പ് ലോക്കുകൾ ഘടിപ്പിച്ചിരിക്കും.
- ഫ്രണ്ട് വിന്ഡ് ഷീല്ഡില്ഉള്ള ലൈസന്സ് പ്ലേറ്റ്

### മൂന്നാം ലൈസന്സ് പ്ലേറ്റ്




64MM01005

(1) മൂന്നാം ലൈസന്സ് പ്ലേറ്റ്

### മൂന്നാം ലൈസന്സ് പ്ലേറ്റ് - വാഹനത്തിനെ പുറത്തു നിന്നുള്ള കാഴ്ച




64MM01008

(a) എച്ച്.അസ്.ആര്.പി നല്കുന്ന അതോറിറ്റിയുടെ പേര്
(b) വാഹന രജിസ്ട്രേഷന്നമ്പര്
(c) അനന്യമായ ലേസര്നമ്പര് - ഫ്രണ്ട് പ്ലേറ്റ്
(d) അനന്യമായ ലേസര്നമ്പര് - റിയര്പ്ലേറ്റ്
(e) ആദ്യ രജിസ്ട്രേഷന്തിയതി (ഡിഡി-എംഎം-വൈവൈവൈവൈ ഫോര്മാറ്റ്)

*കുറിപ്പ്:*

*കൊടുത്തിരിക്കുന്ന ചിത്രം ഒരു സൂചന മാത്രമാണു. വാഹനത്തില്ഘടിപ്പിക്കുന്ന യഥാര്ത്ഥ ലേബലിന്റെ ഘടന വ്യത്യസ്തമായേക്കാം.*

*കുറിപ്പ്:*

- *മൂന്നാം ലൈസന്സ് പ്ലേറ്റ് വിന്ഡ് ഷീല്ഡില്നിന്നു എടുത്തു മാറ്റാന്ശ്രമിച്ചാല്അത് ലേബല്നാശമായെപ്പോകാന്ഇടയാക്കും.*
- *വിന്ഡ് ഷീല്ഡില്ലേബല്ഘടിപ്പിച്ച ഭാഗം രാസ വസ്തുക്കള്ഉപയോഗിച്ച് ക്ലീന്ചെയ്യുന്നത് ലേബലിന് ദോഷകരമാണ്.*
- *ലേബലിന്മേല്മൂര്ച്ചയുള്ള വസ്തുക്കള്ഉപയോഗിക്കുന്നത് ലേബല്കേടു വരാന്ഇടയാക്കും.*
- *മൂന്നാം ലൈസന്സ് പ്ലേറ്റ് മാറ്റി വെക്കേണ്ട ആവശ്യം വന്നാല്അംഗീകൃത അധികാരിയെ സമീപിക്കുക.*

### മൂന്നാം ലൈസന്സ് പ്ലേറ്റ് - വാഹനത്തിനെ അകത്തു നിന്നുള്ള കാഴച്ച




64MM01009

*കുറിപ്പ്:*

*കൊടുത്തിരിക്കുന്ന ചിത്രം സൂചന മാത്രമാണു.*

*കുറിപ്പ്:*

*മൂന്നാം ലൈസന്സ് പ്ലേറ്റ് (പുറകു വശം) നിറം റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ നിശ്ചയിച്ച എച്ച്.അസ്.ആര്.പി നിന്ബന്ധന അനുസരിച്ചാണ്.*

# വിവരണങ്ങൾ

*കുറിപ്പ്:*
*അറിയിപ്പ് ഇല്ലാതെ വിവരണങ്ങളിൽ മാറ്റം വരുത്തിയേക്കാം.*

പെട്രോള്: പെട്രോള്എഞ്ചിന്മോഡല്
ബൈ-ഫ്യൂവല് : ബൈ - ഫ്യൂവല് (പെട്രോള്+ സി എന്ജി) എഞ്ചിന്മോഡല്

ഡീസൽ: ഡീസൽ എഞ്ചിൻ മാതൃക

| ഇനം: തലങ്ങൾ | യൂണിറ്റ്: മില്ലി മീറ്റർ | |
|---|---|---|
| മൊത്തം ദൈർഘ്യം | | 3800 |
| മൊത്തം വീതി | | 1562 |
| മൊത്തം ഉയരം | | 1883 |
| വീൽബേസ് | | 2110 |
| ട്രാക്ക് | മുന്നിൽ | 1345 |
| | പിന്നിൽ | 1330 |

| ഇനം: പിണ്ഡം (ഭാരം) | യൂണിറ്റ്: കിലോഗ്രാം | |
|---|---|---|
| സജ്ജമായ വാഹനത്തിന്റെ പിണ്ഡം (ഭാരം) | പെട്രോള് | 860 |
| | ബൈ-ഫ്യൂവല് | 975 |
| | ഡീസൽ | 860 |
| വാഹനത്തിന്റെ മൊത്തത്തിലുള്ള പിണ്ഡം നിർണ്ണയിക്കൽ | | 1600 |
| അനുവദനീയമായ പരമാവധി ആക്സിൽ ഭാരം | മുമ്പിൽ | 900 |
| | പിന്നിൽ | 1020 |

| ഇനം: എഞ്ചിൻ | പിന്നിൽ | പെട്രോള് ആൻഡ് ബൈ-ഫ്യൂവല് |
|---|---|---|
| തരം | E08A (DOHC) | G12B (DOHC) |
| സിലിണ്ടറുകളുടെ എണ്ണം | 2 | 4 |
| ബോർ | 77.0 mm | 71mm |
| സ്ട്രോക്ക് | 85.1 mm | 75.5mm |
| പിസ്റ്റൺ ഡിസ്പ്ലേസ്മെന്റ് | 793 cm3 | 1196 cm3 |
| കംപ്രഷൻ അനുപാതം | 15.1 ± 0.4: 1 | 9.9:1 |

| ഇനം: ഇലക്ട്രിക്കൽ | | |
|---|---|---|
| | പെട്രോള് | BOSCH-FR6DC |
| | ബൈ-ഫ്യൂവല് | |
| ബാറ്ററി | | 12V 38B20R |
| ഫ്യൂസുകൾ | | “ഇൻസ്പെക്ഷൻ ആൻഡ് മെയിന്റനൻസ്” വിഭാഗം നോക്കുക. |

| ഇനം: ലൈറ്റുകൾ | | വാട്ടേജ് | ബൾബ് നമ്പർ |
|---|---|---|---|
| ഹെഡ് ലൈറ്റ് | | 12V 60/55W | H4 |
| പൊസിഷൻ ലൈറ്റ് | | 12V 5W | W5W |
| ടേൺ സിഗ്നൽ ലൈറ്റ് | മുന്നിൽ | 12V 21W | PY21W |
| | പിന്നിൽ | 12V 21W | P21W |
| ബ്രേക്ക്/ടെയിൽ ലൈറ്റ് | | 12V 21/5W | P21/5W |
| റിവേർസിംങ്ങ് ലൈറ്റ് | | 12V 21W | P21W |
| ലൈസൻസ് പ്ലേറ്റ് ലൈറ്റ് | | 12V 5W | W5W |
| ഇന്റീരിയർ ലൈറ്റ് | | 12V 5W | C5W |

| **ഇനം: വീലുകളും ടയറുകളും** | |
|---|---|
| ടയർ വലുപ്പം, ഫ്രണ്ട്, പിൻഭാഗവും സ്പെയറും | 155R13 LT 8PR 90/89Q* |
| റിം വലിപ്പം | 13X4J |
| ടയർ പ്രഷറുകൾ | നിർദ്ദിഷ്ട ടയർ പ്രഷറിന്, ഡ്രൈവറുടെ ഡോർ ലോക്ക് പില്ലറിലുള്ള ടയർ ഇൻഫർമേഷൻ ലേബൽ നോക്കുക. |

* നിർദ്ദിഷ്ട ലോഡ് സൂചക നിരക്കിലും വേഗത ചിഹ്നത്തിലും ഒരു ടയർ തയ്യാറാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, ഉയർന്ന ലോഡ് സൂചകത്തിലും വേഗത ചിഹ്നത്തിലുമുള്ള ടയർ തയ്യാറാക്കുക.

| ഇനം: മാതൃകാപരമായ ഇന്ധന / ലൂബ്രിക്കന്റുകളും കപ്പാസിറ്റികളും (ഏകദേശം) | | | | |
|---|---|---|---|---|
| ഇന്ധനംഇന്ധനം | പെട്രോള് | | “ഫ്യൂവല്റെക്കമണ്ടേഷന്” വിഭാഗം കാണുക | 30 L# |
| | ബൈ-ഫ്യൂവല് | പെട്രോള് | | 5 L# |
| | | സി എന്ജി | | 35 L × 2 tanks# |
| | ഡീസൽ | | | 30 L# |
| എഞ്ചിൻ ഓയിൽ | പെട്രോള് | | വിഭജനം SG+, SH, SJ, SL, SM or SN<br>വിസ്കോസിറ്റി SAE 5W-30 | 5.2 L (ഓയില്ഫില്റ്ററിന്ഒപ്പം മാറ്റുക) |
| | ബൈ-ഫ്യൂവല് | | | |
| | ഡീസൽ | | സിന്തറ്റിക് ഓയിൽ, ഗുണമേൻമ: ACEA A5/B5<br>വ്യാപ്തി: SAE 5W-30 | 3.4 L (ഓയിൽ ഫിൽറ്റർ ഉപയോഗിച്ച് മാറ്റിവെക്കൽ) |
| എഞ്ചിൻ കൂളന്റ് | | | “ഇൻസ്പെക്ഷൻ ആൻഡ് മെയിന്ററനൻസ്” വിഭാഗം നോക്കുക. | 3.5 L (റിസർവോയർ ടാങ്കിലേത് ഉൾപ്പെടെ) |
| മാന്വൽ ട്രാൻസ്മിഷൻ ഓയിൽ | പെട്രോള് | | “എം.ജി.ജി.ഓ 75W-80” | 1.4 L |
| | ഡീസൽ | | | 1.3 L |
| റിയർ ഡിഫ്രൻഷ്യൽ ഓയിൽ | | | “ടോട്ടല്ഫിനാഎല്ഫ് ട്രാന്സെല്ഫ് എല്.എല്. 85W-140” | 1.6 L |
| ബ്രേക്ക് ഫ്ലൂയിഡ് | | | മാരുതി ജെനുവിൻ ബ്രേക്ക് ഫ്ലൂയിഡ് | “ഇൻസ്പെക്ഷൻ ആൻഡ് മെയിന്ററനൻസ്” വിഭാഗത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ശരിയായ ഓയിൽ ലെവലിൽ ഓയിൽ റീഫിൽ ചെയ്യുക. |

# വാഹനത്തിൽ നിറയ്ക്കാൻ ശുപാർശ ചെയ്ത ഇന്ധന അളവിനേക്കാൾ അൽപം കൂടുതൽ ശേഷി ഇന്ധന ടാങ്കിന് ഉണ്ടാകും. ഇങ്ങനെ അധിക സ്ഥലം വിടുന്നത് സുരക്ഷക്ക് വേണ്ടിയും ശാസ്ത്രീയ കാരണങ്ങളാലും ആണ്.

# ബോഡി ഫാബ്രിക്കേഷൻ ചെയ്യാനുള്ള നിർദ്ദേശങ്ങൾ (ചാസ്സി വേരിയന്റിന്)

**(പെട്രോള് എഞ്ചിന്മോഡലുകള്ക്ക്)**
കാബ് ചാസ്ശിയില്ബോഡി നിര്മ്മിക്കുന്നത് താഴെ പറയുന്ന ശുപാര്ശകളും അതിര്ത്തി നിന്ബന്ധനകളും പിന്തുടര്ന്ന് കൊണ്ടാകണം:

(അ) **അളവുകള്:** നിര്മ്മാതാവ് നല്കുന്ന കാബ്-ചാസ്സിയില്ഘടിപ്പിക്കുന്ന ലോഡ് ബോഡി / ആപ്ലിക്കേഷന്താഴെ ചിത്രത്തില്കാണിച്ച വിധത്തില്മിനിമം മാക്സിമം എന്വെലപ് പരിധിയില്ഒതുങ്ങുന്ന വിധത്തില്രൂപകല്പന ചെയ്യണം.




77PM12003

(ആ) **ഭാരവും അതിന്റെ വിതരണവും :** പൂര്ത്തിയാക്കിയ വാഹനത്തിന്റെ കുറഞ്ഞ കെര്ബ് വെയ്റ്റ് 860 കിലോ, കൂടോയ കെര്ബ് വെയ്റ്റ് 1140 കിലോ എന്നത് പരിഗണിച്ചു കൊണ്ട് വേണം ലോഡ് ബോഡി / ആപ്ലിക്കേഷന് നിര്മ്മിക്കാന്. ഫ്രണ്ട് ആക്സില്, റിയര്ആക്സില്കെര്ബ് വെയ്റ്റ് അനുപാതം 1.46 ഇല്കൂടുതല്ആവരുത്. CMVR റൂൾ122 പ്രകാരം ആവശ്യമായ അൺലാഡൻവെയ്റ്റ്, പേ ലോഡ് എന്നിവ വ്യക്തമാക്കുന്ന ബോഡി നിർമ്മാതാവിന്റെ പ്ലേറ്റ് സ്ഥാപിക്കണം.

(ഇ) **ബോഡി എക്സ്റ്റീരിയര് :** ഒരു കൂട്ടിമുട്ടല്ഉണ്ടായാല്ബോഡി വര്ക്ക് മേല്ഇടിക്കുകയോ ഉരസുകയോ ചെയ്താല്ഗുരുതരമായ പരിക്ക് ഉണ്ടാകുന്ന വിധത്തിലുള്ള കൂര്ത്ത ആറ്റങ്ങള്ഇല്ലാത്ത വിധത്തില്ആയിരിക്കണം ലോഡ് ബോഡി / ആപ്ലിക്കേഷന് നിര്മ്മിക്കുന്നത്. ഇത് പൂര്ത്തിയായ് വാഹനം നിശ്ചലമായ അവസ്ഥയിലും ചലന അവസ്ഥയിലും ബാധകമാണ്. ബാഹ്യ ആട്ടങ്ങളിലും തള്ളി നില്ക്കുന്ന ഭാഗങ്ങളിലും കുറഞ്ഞത് 2.5 മീ.മീ വ്യാസാര്ദ്ധത്തിലവളവ് ഉറപ്പാക്കണം എന്നു ശുപാര്ശ ചെയ്യുന്നു. ബോഡി CMVR റൂള്124 (1) - 11 നിര്വചിക്കുന്ന മാനദണ്ഡങ്ങള്പാലിക്കണം.

(ഈ) **ലൈറ്റിംഗ്, സിഗ്നലിംഗ് ഉപകരണങ്ങള്:** കാബില്ഇണക്കി ചേര്ത്ത ഹെഡ് ലാമ്പ് അസംബ്ലി, റിയര്കോമ്പിനേഷന്ലാമ്പുകള്അടങ്ങിയ താല്ക്കാലിക പാനല്, രജിസ്ട്രേഷന്പ്ലേറ്റ് ലാമ്പുകള്എന്നിവ സഹിതമാണ് കാബ്-ചാസ്സി ലഭിക്കുക. ഹെഡ് ലാമ്പ് അസംബ്ലിയുടെ സ്ഥാനത്തില്യാതൊരു മാറ്റവും വരുത്തരുത്. റിയര് കോമ്പിനേഷന് ലാമ്പുകള്, രജിസ്ട്രേഷന് പ്ലേറ്റ് ലാമ്പുകള് , പാര്ക്കിംഗ് സെന്സറുകള് (ഇവ വാഹനത്തോടൊപ്പം ഗ്ലോവ് ബോക്സില് ഉണ്ടായിരിക്കും) എന്നിവ ലോഡ് ബോഡിയില് / ആപ്പ്ളിക്കേഷനില് താഴെ കൊടുത്തിരിക്കുന്ന ചിത്രത്തില് കാണുന്ന വിധത്തില് നിര്ദ്ദിഷ്ട സ്ഥാനത്ത് ഘടിപ്പിക്കണം.




77PM12004

(ഉ) **റിഫ്ലക്റ്റീവ് ടേപ്പ് :** ബോഡി നിര്മ്മാതാവ് വാഹനത്തിന്റെ പുറകു വശത്ത് ബോഡിയുടെ വീതിയില്(20 സെ.മീ യില്കുറയത്ത് വീതിയില്) ചുവപ്പ് റിഫ്ലക്റ്റീവ് ടേപ്പ് ഒട്ടിക്കണം. CMVR റൂള്104 മാനദണ്ഡങ്ങള്പാലിക്കണം.

(ഊ) **ഫോം 22 പാർട്ട് II :** ബോഡി നിര്മ്മാതാവ് **CMVR** റൂള് 47 പ്രകാരം ഫോം 22 A പാര്ട്ട് II നല്കണം.

(ഋ) ബോഡി നിര്മ്മാതാവ് ബോഡി നിര്മ്മിക്കുന്ന സമയത്ത് ഇലക്ട്രിക്കലയറിംഗ്. ഇലക്ട്രിക്കല്ഉപകരണങ്ങള്, ബ്രേക്ക് കണക്ഷന്, ബ്രേക്ക് പൈപ്പുകള്, ഇന്ധന കണക്ഷന്, എക്സോസ്റ്റ് സിസ്റ്റം, ചസ്സി ഘടകങ്ങള്യാതൊരു മാറ്റവും വരുത്തരുത്.

**ബാദ്ധ്യതാ നിരാകരണം :** ബാദ്ധ്യതാ നിരാകരണം. സൂപ്പര്ക്യാരി ചാസ്സി വേരിയന്റില്ബോഡി നിര്മ്മിക്കുമ്പോള് വാഹന ഉടമ / ബോഡി നിര്മ്മാതാവ് സമയാസമയങ്ങളില്ബാധകമായ CMVR നിബന്ധനകള്, സംസ്ഥാന മോട്ടോർവാഹന നിയമങ്ങള്എന്നിവ പാലിക്കണം. വാഹന നിര്മ്മാതാവിന്റെ ശുപാര്ശകളും നിലവിലുള്ള നിയമങ്ങളും പാലിക്കാതെ ലോഡ് ബോഡി / ആപ്ലിക്കേഷന് നിര്മ്മിക്കുന്നത് മൂലം ഉണ്ടാകുന്ന നിയമ ലംഘന പ്രശ്നങ്ങള്ക്ക് വാഹന നിര്മ്മാതാവിന് യാതൊരു ബാദ്ധ്യതയും ഇല്ല.

**⚠ മുന്നറിയിപ്പ്**

**ഡെക്ക് /ബോഡി ഫാബ്രിക്കേഷന്ചെയ്യാതെ നിങ്ങളുടെ സൂപ്പര്കാരി വാഹനം ഉപയോഗിക്കരുത്.**

## (ഡീസൽ എഞ്ചിൻ മോഡലിന്)

കാബ് ചാസ്ശിയില്ബോഡി നിര്മ്മിക്കുന്നത് താഴെ പറയുന്ന ശുപാര്ശകളും അതിര്ത്തി നിന്ബന്ധനകളും പിന്തുടര്ന്ന് കൊണ്ടാകണം:

(അ) അളവുകള്: നിര്മ്മാതാവ് നല്കുന്ന കാബ്-ചാസ്സിയില്ഘടിപ്പിക്കുന്ന ലോഡ് ബോഡി / ആപ്ലിക്കേഷന്താഴെ ചിത്രത്തില്കാണിച്ച വിധത്തില്മിനിമം മാക്സിമം എന്വെലപ് പരിധിയില്ഒതുങ്ങുന്ന വിധത്തില്രൂപകല്പന ചെയ്യണം.

**ഉദാഹരണം**




77PM12001

(ആ) **ഭാരവും അതിന്റെ വിതരണവും :** പൂര്ത്തിയാക്കിയ വാഹനത്തിന്റെ കുറഞ്ഞ കെര്ബ് വെയ്റ്റ് 860 കിലോ, കൂടോയ കെര്ബ് വെയ്റ്റ് 930 കിലോ എന്നത് പരിഗണിച്ചു കൊണ്ട് വേണം ലോഡ് ബോഡി / ആപ്ലിക്കേഷന് നിര്മ്മിക്കാന്. ഫ്രണ്ട് ആക്സില്, റിയര്ആക്സില്കെര്ബ് വെയ്റ്റ് അനുപാതം 1.386 ഇല്കൂടുതല്ആവരുത്. CMVR റൂൾ122 പ്രകാരം ആവശ്യമായ അൺലാഡൻവെയ്റ്റ്, പേ ലോഡ് എന്നിവ വ്യക്തമാക്കുന്ന ബോഡി നിർമ്മാതാവിന്റെ പ്ലേറ്റ് സ്ഥാപിക്കണം.

(ഇ) **ബോഡി എക്സ്റ്റീരിയര് :** ഒരു കൂട്ടിമുട്ടല്ഉണ്ടായാല്ബോഡി വര്ക്ക് മേല്ഇടിക്കുകയോ ഉരസുകയോ ചെയ്താല്ഗുരുതരമായ പരിക്ക് ഉണ്ടാകുന്ന വിധത്തിലുള്ള കൂര്ത്ത ആറ്റങ്ങള്ഇല്ലാത്ത വിധത്തില്ആയിരിക്കണം ലോഡ് ബോഡി / ആപ്ലിക്കേഷന് നിര്മ്മിക്കുന്നത്. ഇത് പൂര്ത്തിയായ് വാഹനം നിശ്ചലമായ അവസ്ഥയിലും ചലന അവസ്ഥയിലും ബാധകമാണ്. ബാഹ്യ ആട്ടങ്ങളിലും തള്ളി നില്ക്കുന്ന ഭാഗങ്ങളിലും കുറഞ്ഞത് 2.5 മീ.മീ വ്യാസാര്ദ്ധത്തിലലളവ് ഉറപ്പാക്കണം എന്നു ശുപാര്ശ ചെയ്യുന്നു. ബോഡി CMVR റൂള്124(1) - 11 നിരവചിക്കുന്ന മാനദണ്ഡങ്ങള്പാലിക്കണം.

(ഈ) **ലൈറ്റിംഗ്, സിഗ്നലിംഗ് ഉപകരണങ്ങള്:** കാബില്ഇണക്കി ചേര്ത്ത ഹെഡ് ലാമ്പ് അസംബ്ലി,റിയര്കോമ്പിനേഷന്ലാമ്പുകള്അടങ്ങിയ താല്ക്കാലിക പാനല്, രജിസ്ട്രേഷന്പ്ലേറ്റ് ലാമ്പുകള്എന്നിവ സഹിതമാണ് കാബ്-ചാസ്സി ലഭിക്കുക. ഹെഡ് ലാമ്പ് അസംബ്ലിയുടെ സ്ഥാനത്തില്യാതൊരു മാറ്റവും വരുത്തരുത്. റിയര്കോമ്പിനേഷന്ലാമ്പുകള്, രജിസ്ട്രേഷന്പ്ലേറ്റ് ലാമ്പുകള് എന്നിവ താഴെ ചിത്രത്തില്പറയുന്ന സ്ഥാനങ്ങള്(ഉയരം, വീതി) അനുസരിച്ച് ലോഡ് ബോഡി / ആപ്ലിക്കേഷനില്ഘടിപ്പിക്കണം.

**ഉദാഹരണം**




77PM12002

(ഉ) **റിഫ്ലക്റ്റീവ് ടേപ്പ് :** ബോഡി നിര്മ്മാതാവ് വാഹനത്തിന്റെ പുറകു വശത്ത് ബോഡിയുടെ വീതിയില്(20 സെ.മീ യില്കുറയത്ത് വീതിയില്) ചുവപ്പ് റിഫ്ലക്റ്റീവ് ടേപ്പ് ഒട്ടിക്കണം. CMVR റൂള്104 മാനദണ്ഡങ്ങള്പാലിക്കണം.

(ഊ) **ഫോം 22 പാർട്ട് II :** ബോഡി നിര്മ്മാതാവ് **CMVR** റൂള് 47 പ്രകാരം ഫോം 22 A പാര്ട്ട് II നല്കണം.

(ഋ) ബോഡി നിര്മ്മാതാവ് ബോഡി നിര്മ്മിക്കുന്ന സമയത്ത് ഇലക്ട്രിക്കലവയറിംഗ്. ഇലക്ട്രിക്കല്ഉപകരണങ്ങള്, ബ്രേക്ക് കണക്ഷന്, ബ്രേക്ക് പൈപ്പുകള്, ഇന്ധന കണക്ഷന്, എക്സോസ്റ്റ് സിസ്റ്റം, ചസ്സി ഘടകങ്ങള്യാതൊരു മാറ്റവും വരുത്തരുത്.

**ബാദ്ധ്യതാ നിരാകരണം :** ബാദ്ധ്യതാ നിരാകരണം. സൂപ്പര്ക്യാരി ചാസ്സി വേരിയന്റില്ബോഡി നിര്മ്മിക്കുമ്പോള് വാഹന ഉടമ / ബോഡി നിര്മ്മാതാവ് സമയാസമയങ്ങളില്ബാധകമായ CMVR നിബന്ധനകള്, സംസ്ഥാന മോട്ടോര്വാഹന നിയമങ്ങള്എന്നിവ പാലിക്കണം.
വാഹന നിര്മ്മാതാവിന്റെ ശുപാര്ശകളും നിലവിലുള്ള നിയമങ്ങളും പാലിക്കാതെ ലോഡ് ബോഡി / ആപ്ലിക്കേഷന് നിര്മ്മിക്കുന്നത് മൂലം ഉണ്ടാകുന്ന നിയമ ലംഘന പ്രശ്നങ്ങള്ക്ക് വാഹന നിര്മ്മാതാവിന് യാതൊരു ബാദ്ധ്യതയും ഇല്ല.

**⚠ മുന്നറിയിപ്പ്**

**ഡെക്ക് /ബോഡി ഫാബ്രിക്കേഷന്ചെയ്യാതെ നിങ്ങളുടെ സൂപ്പര്കാരി വാഹനം ഉപയോഗിക്കരുത്.**